
ഭാഗം
4



അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല
സർഗ്ഗസൃഷ്ടികൾക്കൊരിടം

## കോവിഡ് 19

# കഥകൾ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള ലോക്ഡൗൺ പശ്ചാത്തലത്തിൽ
വീടുകൾക്കുള്ളിൽ അവധിക്കാലം ചെലവഴിച്ച കുട്ടികളുടെ സർഗ്ഗാത്മക രചനകൾ



കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല സർഗ്ഗസൃഷ്ടികൾക്കൊരിടം

# കോവിഡ് 19 കഥകൾ

## ഭാഗം 4

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

പ്രസിദ്ധീകരണം
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

മേയ് 2020

*Pubilished by :* **State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scert@kerala.gov.in
Phone : 0471 - 2341883, Fax : 0471 - 2341869

*Technical Support :* **Kerala Infrastructure and Technology for Education (KITE)**
Poojappura, Thiruvananthapuram 695012, Kerala

**Cover:** N. T. Rajeev, GHSS, Thariode, Wayanad

**Layout:** Dileep R. S, Mahadevan C. and Sudheer A.
**Printed at** SCERT Press
CC - By - SA - 3.0 license
Department of Education, Government of Kerala




**പിണറായി വിജയൻ**
**മുഖ്യമന്ത്രി**


**കേരള സർക്കാർ**


**സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം-695 001**


നം.401/പ്രസ്/സി.എം.ഒ/2020. 　　　　　　　　മെയ് 07, 2020.

## സന്ദേശം

'അക്ഷരവൃക്ഷം' രചനകളുടെ മൂന്നും നാലും ഭാഗങ്ങൾ പ്രസിദ്ധീകരിക്കുകയാണല്ലോ. കൊറോണ എന്ന മാരകവൈറസ് ലോകമാകെ പടരുന്ന ഘട്ടത്തിൽ അവധിക്കാലത്തിന്റെ ആഹ്ലാദകരമായ യാത്രകളും ഒത്തുചേരലും പാട്ടും കളിയുമൊക്കെ ഒഴിവാക്കി കുട്ടികൾ വീട്ടിലിരുന്നു തയാറാക്കിയ രചനകളാണ് ഈ ലക്കങ്ങളിലുള്ളത്. പലവിധ പ്രതിസന്ധികളെ അഭിമുഖീകരിച്ചും അവയെ അതിജീവിച്ചുമാണ് മാനവരാശി ഇതുവരെയെത്തിയത്. മനുഷ്യൻ ഇതുവരെ നേടിയ അറിവും അനുഭവവും സാങ്കേതികവിദ്യകളും കൈമുതലാക്കി നമുക്ക് ഇനിയും ഏറെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. നാം എത്ര അകലെയിരുന്നാലും അടുത്തു കാണാനും ആശയങ്ങൾ പങ്കുവയ്ക്കാനും അറിവുകൾ നേടാനും പുത്തൻ സാങ്കേതിക വിദ്യയിലൂടെ അവസരമുണ്ട്. നമ്മുടെ കുട്ടികൾ ഭാവനകൾക്ക് ചിറകു നൽകി കഥകളും കവിതകളും ലേഖനങ്ങളും തയാറാക്കി സ്കൂൾ വിക്കിയിൽ അപ്‌ലോഡു ചെയ്തു. അവയിൽ പ്രസിദ്ധീകരണ യോഗ്യമായവ കണ്ടെത്തി എസ്.സി.ഇ.ആർ.ടി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയാണ്. പുതിയ തിരിച്ചറിവുകൾ നേടാനുള്ള അവസരമാക്കി ഈ ആപത്തുകാലത്തെയും മാറ്റാൻ ഇതിലൂടെ കഴിയുന്നു. മറ്റു നാടുകളിലെ നമ്മുടെ കൂട്ടുകാർക്കു കൂടി അനുകരിക്കാവുന്ന മാതൃകയാണിത്.

ഇപ്പോൾ നാം നേടുന്ന ഈ മികവുകൾ നമ്മുടെ അധ്യയന പ്രവർത്തനങ്ങളിലേക്കും വ്യാപിപ്പിക്കേണ്ട കാലമാണ് മുന്നിലുള്ളത്. അതിനാവശ്യമായ മുന്നൊരുക്കങ്ങൾ വേണം. അടുത്തിരുന്നു പഠിച്ചതുപോലെ അകന്നിരുന്നും പഠിക്കാൻ നാം നിർബന്ധിതരായിരിക്കയാണ്. നിങ്ങളിൽ ചിലർ എഴുതിയതുപോലെ കൈകൾ കോർത്ത് മുന്നേറുന്നതിനുപകരം ആശയങ്ങൾകൊണ്ട് കരളുകൾ കോർത്ത് മുന്നേറാം. വിജയാശംസകൾ.

**പിണറായി വിജയൻ**


ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in



ആദിഫ് മുനീർ
ക്ലാസ് 5, ജിഎച്ച്എസ്എസ്, തരിയോട്, വയനാട്



# ആമുഖം

ആമുഖം

മധ്യവേനലവധിക്കാലം കുട്ടികൾക്ക് കളിച്ചു തിമിർക്കാനുള്ളതാണ്. പക്ഷെ, ലോക്ഡൗൺ കാരണം കൂട്ടിലിട്ട കിളികളെപ്പോലെയായിരിക്കയാണല്ലോ നമ്മുടെ കുട്ടികൾ. വിരസതയിൽ നിന്ന് അവരെ രക്ഷിക്കാനും സർഗാത്മക പ്രവർത്തനങ്ങൾ വഴി മാനസികോല്ലാസവും ചിന്താപരമായ വളർച്ചയും അവരിലുണ്ടാക്കാനും പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ **'അക്ഷരവൃക്ഷം'** പദ്ധതി ഏറെ ജനശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. കോവിഡുമായി ബന്ധപ്പെട്ട ചിന്തകളും ഭാവനകളും കോർത്തിണക്കി കുട്ടികൾ കഥയും കവിതയും ലേഖനവുമൊക്കെയാക്കി എഴുതി. പതിനായിരക്കണക്കിന് കുട്ടികളാണിതിൽ പങ്കാളികളായത്. സ്കൂൾ വിക്കിയെ ഈ രചനകൾ സമൃദ്ധമാക്കി. ഇതിൽ നിന്നും വിദഗ്ദ്ധ സമിതി തെരഞ്ഞെടുത്ത് എസ്.സി.ഇ.ആർ.ടി പ്രസിദ്ധീകരിച്ച രചനകൾ പുസ്തകമായി ഇറങ്ങുകയും പൊതുസമൂഹത്തിന്റെ പ്രശംസ പിടിച്ചുപറ്റുകയും ചെയ്തു. ഇതിന്റെ മൂന്നും നാലും ഭാഗമാണിപ്പോൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്. നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ മികവിനുള്ള സാക്ഷ്യപത്രം കൂടിയാണീ രചനകൾ. ലോക്ഡൗൺ കാലത്തിന്റെ എല്ലാ പരിമിതികളെയും മറികടന്ന് ഇങ്ങനെയൊരു സംരംഭം വൻ വിജയകരമാക്കിയ പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ജീവനക്കാരെയും അഭിനന്ദിക്കുന്നു.

എഴുത്തുകാരായ കൊച്ചു കൂട്ടുകാർക്കും അഭിനന്ദനങ്ങൾ.

**പ്രൊഫ.സി. രവീന്ദ്രനാഥ്**
പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**ജീവൻബാബു.കെ. ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ


**കെ.അൻവർസാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

**എ. ഷാജഹാൻ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ സെക്രട്ടറി

**ഡോ.ജെ.പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

**ഡോ.എ.പി. കുട്ടിക്കൃഷ്ണൻ**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ

# പൂമ്പാറ്റ



പുതിയൊരു വീടെടുക്കുമ്പോൾ, മുറ്റത്തൊരു വൃത്തിയുള്ള പൂന്തോട്ടവും, അതിലെപ്പോഴും പറന്നുകളിക്കാൻ പൂമ്പാറ്റകളും വേണമെന്ന് മകൾക്ക് നിർബന്ധമുണ്ടായിരുന്നു.

"എല്ലാംകൂടി എത്രയാവും?" ഞാൻ വീടുപണിക്കാരനോട് ചോദിച്ചു. "പത്ത് നാല്പത് ലക്ഷം..." അയാൾ പറഞ്ഞു. "ചെറിയൊരു വീടാണ് ഞാനുദ്ദേശിക്കുന്നത്.'' ''ആയിരിക്കാം, പക്ഷേ പൂന്തോട്ടവും പൂമ്പാറ്റകളുമൊക്കെയാവുമ്പോൾ വലിയ വിലയാവും." "പൂമ്പാറ്റകളെ വേണ്ടെന്നു വെച്ചാലോ?" "ചെലവ് പാതി കുറയും." "പൂന്തോട്ടവും...?" ''പിന്നെയും പാതി.'' ''അപ്പോൾ പത്തുലക്ഷം മതിയാവും?'' "ഏറെക്കുറേ..."

വീടുപണിക്കാരൻ പറഞ്ഞ കാര്യം ഞാൻ മകളോട് വിശദീകരിച്ചു. അപ്പോൾ അവൾ പറഞ്ഞു, ''എനിക്കും സമ്മതമാണച്ഛാ. അച്ഛനുമമ്മയ്ക്കും ജീവിക്കാൻ അത്തരമൊരു വീട് മതിയാവും." "അച്ഛനുമമ്മയ്ക്കും...!" "എന്നെ വേണ്ടെന്നല്ലേ അച്ഛൻ പറഞ്ഞത്..." "ഞാനങ്ങനെ പറഞ്ഞോ?" "പൂമ്പാറ്റകളെ വേണ്ടെന്നുവെച്ചാൽ ചെലവ് കുറയുമെന്ന് അച്ഛൻ പറഞ്ഞതോ?"

ചിറകുകൾ പോലെ പിടയ്ക്കുന്ന അവളുടെ കൺപീലികളിലേക്കു നോക്കി ഏറെനേരം ഞാനങ്ങനെ ഇരുന്നു. ഒടുവിൽ ഒരു സ്വകാര്യം പോലെ ഞാനവളോട് ചോദിച്ചു, "അപ്പോൾ പൂക്കൾക്കു മീതെ പറന്നുകളിക്കുന്ന ആ പൂമ്പാറ്റ.... അത് നീയായിരുന്നോ?" അവൾക്ക് ചിരിയടക്കാൻ വയ്യാതായി.

**ആതിര എംവി**
7 ബി
മൂത്തേടത് ഹയർ സെക്കന്ററി സ്കൂൾ തളിപ്പറമ്പ
തളിപ്പറമ്പ് നോർത്ത് ഉപജില്ല, കണ്ണൂർ

# വീണ്ടുമൊരു ശീതകാലം കൂടി

ശീതകാലപ്രഭാവം അതിന്റെ മൂർധന്യത്തിൽ എത്തിയിരിക്കുകയാണ് പഞ്ഞിക്കെട്ടുകൾ പോലുള്ള ഹിമകണങ്ങൾ ചെടികൾക്കും മരങ്ങൾക്കും മുല്ലപ്പൂവിന്റെ നിറം പകർന്നു നല്കിയിരുന്നു. ഈ മഞ്ഞിൽ അവ തണുത്തുവിറയ്ക്കുന്നുണ്ടാവുമോ ആവോ? ജനാലയുടെ നീണ്ട അഴികളിലൂടെ പുറത്തേക്ക് നോക്കി ഇരിക്കുകയായിരുന്നു ജൂലിയാന. ഇതുപോലെ മഞ്ഞു പൊഴിഞ്ഞ കഴിഞ്ഞവർഷം അവളുടെ ഓർമ്മയിൽ ഓടിയെത്തി. മനുഷ്യൻ ഈയാംപാറ്റകളെ പോലെ മരിച്ചു വീണുകൊണ്ടിരിക്കുന്ന വെനീസ്!

“ദേ നിന്നെ കാണാൻ ആരോ വന്നിട്ടുണ്ട്”. അമ്മയുടെ വിളിയാണ്. ജനാല അടച്ചശേഷം ജൂലിയാന സ്വീകരണ മുറിയിലേക്ക് പോയി.

“ഹലോ മിസ്സ് ജൂലിയാന”.

“ഹായ്. എനിക്ക് നിങ്ങളെ തിരിച്ചറിയാനാവുന്നില്ല”.

“ഇതുപോലൊരു മഞ്ഞുകാലത്ത് നമ്മൾ തമ്മിൽ കണ്ടിട്ടുണ്ട്”.

മറന്നുപോയ ഏതോ ഒരു രൂപം ഓർത്തെടുക്കാൻ ശ്രമിക്കുന്നത് പോലെ ജൂലിയാന നെറ്റി തടവി

“നിങ്ങൾ ക്ഷമിക്കണം. ഐ കാന്റ് റെക്കഗ്നൈസ് യൂ”.

“ഇനിയും നിങ്ങളെ ബുദ്ധിമുട്ടിക്കാൻ ഞാനാഗ്രഹിക്കുന്നില്ല .ഞാൻ അന്ന. ഇന്നത്തെ എൻറെ ജീവിതം നിങ്ങളുടെ ദാനമാണ്”.

മഞ്ഞുകാലത്തെ തണുപ്പിനെ കീഴ്പ്പെടുത്തുന്ന ഒരു കനൽ ജൂലിയാനയുടെ മനസ്സിൽ വീണു. ജൂലിയാനയുടെ മനസ്സ് ഏറെ പുറകോട്ട് സഞ്ചരിച്ചു. ഏറെ...

കൊറോണ വൈറസ് എന്ന മഹാവ്യാധി ലോകത്തെ വിറപ്പിച്ച സമയം. പാതി ചത്തവരും മുഴുവൻ ചത്തവരുമായ മനുഷ്യരുടെ ഒരു കൂമ്പാരം... ജീവ ഭയത്തോടെ അല്ലാതെ ജോലി ചെയ്യാൻ സാധിക്കുമായിരുന്നില്ല. ജീവിക്കാൻ കൊതിക്കുന്ന അനേകം മനുഷ്യരെ കൺമുൻപിൽ കണ്ടു. ഇതിനിടയിലാണ് താൻ അന്നയെ കണ്ടുമുട്ടുന്നത്. ഒരു കൂട്ടുകാരിയിൽ നിന്നും ആയിരുന്നു അവർക്ക് രോഗം പകർന്നത്. ഇതറിയാതെ വീട്ടിൽ ഉള്ളവരുമായി അടുത്ത് ഇടപഴകി രോഗം ബാധിച്ച് ലോകത്തിൽ അവൾക്ക് സ്വന്തം എന്ന് പറയാൻ ഉണ്ടായിരുന്ന സഹോദരൻ മരിച്ചു. പിന്നാലെ ഇന്നലെ അമ്മയും...



താനാണ് അവരുടെ മരണത്തിന് കാരണമെന്ന് ചിന്ത അവളെ അലട്ടി. കടുത്ത വിഷാദരോഗത്തിന് അടിമയായി. ഒടുക്കം ജീവിതം അവസാനിപ്പിക്കാൻ തീരുമാനിച്ചു. മരുന്നു നൽകാൻ ചെന്നപ്പോൾ താൻ കണ്ടത് ഞരമ്പ് മുറിച്ച് ബോധരഹിതയായി കിടക്കുന്ന അന്നയെ ആയിരുന്നു.

ദീർഘനേരത്തെ പരിശ്രമത്തിനൊടുവിൽ അന്നയുടെ ജീവൻ രക്ഷിച്ചു.

"നിങ്ങൾ എന്തിനാണ് എന്നെ രക്ഷിച്ചത്? എനിക്കിനി ജീവിക്കേണ്ട".

"നിങ്ങൾക്കിനി ജീവിക്കേണ്ടായിരിക്കാം. എന്നാൽ നിങ്ങളെ ആവശ്യമുള്ള ഒരുപാട് പേർ ചുറ്റിനും ഉണ്ട്. അവർക്ക് നിങ്ങളെ ആവശ്യമുണ്ട്. നിങ്ങൾ ജീവിക്കണം അവർക്ക് വേണ്ടി നിങ്ങളുടെ നാടിനുവേണ്ടി നിങ്ങളുടെ രാജ്യത്തിനുവേണ്ടി".

ജൂലിയ ദീർഘമായി നിശ്വസിച്ചു.

അന്ന പറഞ്ഞു: "അന്ന് നിങ്ങൾ പറഞ്ഞ വാക്കിന്റെ ബലത്തിൽ, അന്ന് നിങ്ങൾ നൽകിയ ആത്മവിശ്വാസത്തിന്റെ ബലത്തിലാണ്, ഞാൻ രോഗത്തെ അതിജീവിച്ചത്. നിങ്ങൾ തന്ന ആത്മവിശ്വാസവും നിങ്ങളുടെ നിസ്വാർത്ഥമായ പ്രവർത്തനവും ആണ് ഏറ്റവും വലിയ രോഗപ്രതിരോധ മാർഗം". ജീവിതത്തിൽ ഇതുവരെ ഇത്ര അധികം സന്തോഷം അനുഭവപ്പെട്ടിട്ടില്ല. ഡോക്ടർ ആയതിൽ ജൂലിയാനയുടെ അഭിമാനം ഉച്ചകോടിയിൽ എത്തി. കുറച്ച് സമയം ഇരുവരും മൗനത്തിൽ ആയി. ഘടികാരത്തെ, സൂചിയുടെ ചലനത്തെവരെയും ആ മൗനം ഉച്ചത്തിലാക്കി. "ക്ഷമിക്കണം ഞാൻ എന്തൊക്കെയോ ഓർത്ത് ഇരുന്നുപോയി നിങ്ങൾക്കുള്ള ചായ ഞാനിപ്പോൾ എടുക്കാം". ജൂലിയാന തിടുക്കത്തിൽ അടുക്കളയിലേക്ക് പോയി. ചായ ചൂടാക്കി കൊണ്ട് ജൂലിയാന ചോദിച്ചു.

"ഇപ്പോൾ നിങ്ങൾ എന്ത് ചെയ്യുകയാണ്?"

"വൈറസ് ബാധയേറ്റ മരിച്ചവരുടെ കുടുംബങ്ങൾക്ക് സഹായം എത്തിച്ചു കൊടുക്കുന്ന ഒരു പൊതുപ്രവർത്തകയാണ്."

ആ നിമിഷം ജൂലിയാനയുടെ കണ്ണുകൾ ഈറനണിഞ്ഞു. അന്ന ഓടിച്ചെന്ന് ജൂലിയാനയെ ആശ്ലേഷിച്ചു.

ആ മുറിയിൽ അസാധാരണമായ ഒരു പ്രകാശം നിറഞ്ഞു. ആ മുറിയിലേക്ക് കടന്നുവന്ന തണുത്ത കാറ്റിന് മറ്റുള്ളവർക്ക് വേണ്ടി പ്രവർത്തിക്കുകയും മരണമടയുകയും ചെയ്ത ഓരോ ആരോഗ്യപ്രവർത്തകന്റെയും ഗന്ധ മുണ്ടായിരുന്നു...

**എലേന എലിസബത്ത് റ്റോണി**
10 എ, സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്.പാലാ
പാലാ ഉപജില്ല, കോട്ടയം

# ഇനി ഞാനെന്തു ചെയ്യും?

എന്തൊരു ചൂടാണിവിടെ? എന്തൊരു നാടാണിത്? ഓ... ഞാൻ മറന്നു. എന്റെ പേര് കൊറോണ. ഈ ഭൂമിയിലേക്ക് 2019-ൽ വന്ന കോവിഡെന്ന പുതിയൊരു വൈറസാണ് ഞാൻ. വന്നയുടൻ ഞാൻ ചൈനയിൽ മുഴുവൻ പരന്നു. ചൈനക്കാർ എന്നെ തുരത്താൻ നോക്കിയപ്പോൾ ഞാൻ വിമാനത്തിൽ കയറി ഇങ്ങോട്ടേക്ക് വെച്ച് പിടിച്ചു. അതും ഇവിടെ ഈ ദൈവത്തിന്റെ സ്വന്തം നാട്ടിലേക്ക്. വിമാനത്തിൽ നിന്നിറങ്ങി നേരെ നടക്കാൻ തുടങ്ങി. നോക്കുന്നിടത്തൊക്കെ പല തരം പോസ്റ്ററുകൾ. എല്ലാത്തിലും ബ്രെയ്ക്ക് ദ ചെയിൻ എന്നെഴുതിയിട്ടുണ്ട്. എനിക്കതിന്റെ അർത്ഥം മനസ്സിലായില്ല. പിന്നീട് രണ്ടു പേർ അതിനെക്കുറിച്ച് സംസാരിക്കുന്നത് കേട്ടപ്പോഴാണ് അതെന്നെ തുരത്താനുള്ള ഒരുതരം പദ്ധതിയാണെന്ന് മനസിലായത്.



എന്റെ ആദ്യ പ്ലാൻ ഏതെങ്കിലും ഒരു മനുഷ്യനിൽ പടർന്ന് കയറണം എന്നുള്ളതായിരുന്നു. എന്നാലേ എനിക്ക് നിലനിൽപ്പുള്ളൂ. അങ്ങനെ ഒരു വഴിപോക്കനിൽ ഞാൻ കയറാൻ നോക്കിയതാ. എന്നാൽ നാടുനീളെ ഒരുക്കി വെച്ചിട്ടുള്ള കൈ കഴുകൽ സെന്ററുകളിൽ ഒന്നിൽ കയറി ഹാന്റ് വാഷുകൊണ്ട് അയാളെന്നെ കഴുകി തുരത്തിക്കളഞ്ഞു. നിരാശനായ ഞാൻ ഒരു എ.ടി.എമ്മിനരികിലെത്തി. അവിടെ രണ്ട് സാനിറ്റൈസറുകൾ രണ്ട് സൈഡിലായി വെച്ചിരിക്കുന്നു. പണമെടുക്കാൻ വരുന്നവരൊക്കെ അതിൽ ഞെക്കി കൈകൾ തലോടിക്കൊണ്ടാണ് വരവ്. അതിന്റെ മണം തന്നെ എനിക്ക് വെറുപ്പാണ്. അവിടെ നിന്ന് രക്ഷപ്പെട്ട ഞാൻ ഒരു പച്ചക്കറി ക്കടയിലാണെത്തിയത്.കടക്കാരന്റെ കൈയിലെത്തിയാൽ രക്ഷപ്പെട്ടു. നാട്ടിലെ മുഴുവൻ ജനങ്ങളിലേക്കും പടരാലോ... എന്നാൽ മാസ്ക്കണിഞ്ഞ കടക്കാരൻ ഓരോ മിനുട്ട് കൂടുമ്പോഴും കൈ കഴുകുന്നു. കൊറോണക്കാലം തുടങ്ങിയ ശേഷം അയാളുപയോഗിക്കുന്ന പന്ത്രണ്ടാമത്തെ സോപ്പാണത്രേ ഇത്.... ഇവിടെയും എനിക്കൊരു രക്ഷയുമില്ലല്ലോ? അപ്പോഴാണെനിക്കോർമ്മ വന്നത്. അടുത്തുള്ള റേഷൻ കടയിൽ എനിക്ക് പറ്റിയ നാലഞ്ചാളെങ്കിലും കാണും. അവിടെയെത്തിയപ്പോളല്ലേ രസം. റേഷൻകടക്കാരൻ കടയിലിരുന്ന് ഉറക്കം തൂങ്ങുന്നു. കാര്യമറിഞ്ഞപ്പോൾ എന്റെ സങ്കടം ഇരട്ടിയായി.

നാട്ടിലെ നാലഞ്ചാളുകൾ ചേർന്ന് രണ്ടു മൂന്ന് ദിവസം കൊണ്ട് റേഷൻ സാധനങ്ങളൊക്കെ ഓരോരുത്തരുടേയും വീട്ടിലെത്തിച്ചു പോലും. സാമൂഹിക അകലം പാലിച്ച് കേരളത്തിലെ സന്നദ്ധസേനയിലെ അംഗങ്ങൾ വീണ്ടും എന്നെ തോൽപിച്ചു.

ഇനി ഒരേ ഒരു വഴി ഏതെങ്കിലും വീട്ടിലേക്ക് വലിഞ്ഞ് കയറണം എന്നതാണ്.അങ്ങനെ ഞാനൊരു വീട്ടിലെത്തി. ആറു മണിയായതിനാൽ എല്ലാവരും ടീവിയിൽ മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനം കാണുകയാണ്. ഞാൻ ജനങ്ങളിലേക്കെത്താതിരിക്കാനുള്ള കരുതലുകളെ കുറിച്ചാണ് മുഖ്യമന്ത്രി പറയുന്നത്. വീട്ടിലെ വളർത്തുമൃഗങ്ങൾ മുതൽ കാട്ടിലെ കുരങ്ങൻമാരെ വരെ പരിചരിക്കുമെന്നും അതിഥി തൊഴിലാളികൾ മുതൽ അനാഥർ വരെയുള്ളവർക്ക് ഭക്ഷണം നൽകുമെന്നും അദ്ദേഹം പറയുന്നുണ്ട്. ജാതിക്കും മതങ്ങൾക്കും രാഷ്ട്രീയത്തിനുമപ്പുറം ജനങ്ങളെല്ലാം പരസ്പരം സഹായിക്കുന്നു. ഇതെന്തൊരു നാട്! ഇതെന്തൊരു ജനങ്ങൾ! എന്നെ പേടിച്ചും പോലീസിന്റെ ഡ്രോൺ വരുന്നതു കൊണ്ടും കുട്ടികളും യുവാക്കളുമൊന്നും ഒത്തുകൂടുന്നില്ല. വയലിലെ കളിയില്ല, പുഴയിലെ കുളിയില്ല. ഇനി ഞാനെന്തു ചെയ്യും?

ഇറ്റലിയിൽ നിന്ന് വന്ന എന്റെ ചില കൂട്ടുകാർ ഇവിടെയുള്ള രണ്ട് പ്രായമായവരുടെ ശരീരത്തിൽ കഷ്ടപ്പെട്ട് കയറിയതായിരുന്നു. കേരളത്തിലെ മിടുക്കൻമാരായ ആരോഗ്യപ്രവർത്തകർ പുല്ല് പോലെയല്ലേ അവരെ രക്ഷിച്ചെടുത്തത്. ഇവിടെ വന്നിട്ടിത്ര നാളായിട്ടും എനിക്ക് ചുരുക്കം ചിലരെ മാത്രമേ കൊല്ലാൻ കിട്ടിയിട്ടുള്ളൂ... അതുകൊണ്ടീ കേരള നാട്ടിൽ നിന്നിട്ട് ഇനി കാര്യമില്ലെന്ന് തോന്നുന്നു. ഒറ്റക്കിരുന്ന് ചാവുന്നതിനേക്കാൾ നല്ലത് ഇവിടുന്ന് സ്ഥലം വിടുന്നതാ... പക്ഷെ എവിടേക്ക് പോകാൻ  സകല യാത്രകളും ഇവർ നിർത്തിയില്ലേ.? ഞാനിവിടെ കിടന്ന് ചാകും... അല്ലെങ്കിൽ ഇവരെന്നെ പിടിച്ചുകെട്ടും തീർച്ച!

**ധ്യാൻ നന്ദ് ടി**
ക്ലാസ് 4, വിജ്ഞാനോദയം എൽ .പി.സ്കൂൾ
പാനൂർ ഉപജില്ല, കണ്ണൂർ



# അടച്ചിടലിൽ തുറന്ന ലോകം

അമ്മുക്കുട്ടി വലിയ സങ്കടത്തിലാണ്. സ്കൂളും ഓഫീസുമെല്ലാം പൂട്ടിയിരിക്കുകയാണ്. പക്ഷെ അവധിക്കാലം ആകുന്നതേയുള്ളൂ. പിന്നെയെന്താണ് കാര്യം? ലോകം മുഴുവനും, മനുഷ്യർക്ക് കാണാൻ പോലും കഴിയാത്ത കുഞ്ഞു വൈറസായ കൊറോണ പരത്തുന്ന കോവിഡ് 19 കാരണം അടഞ്ഞുകിടക്കുകയാണ്! വീട്ടിൽ നിന്നും പുറത്തിറങ്ങരുതെന്നല്ലേ എല്ലാവരും പറയുന്നത്. അതുകൊണ്ടിപ്പോൾ കഷ്ടമായി. എല്ലാവരും വീട്ടിൽ ഉണ്ട്, അമ്മ, അച്ഛൻ, അമ്മമ്മ, അനിയത്തി, അനിയൻ, അമ്മാവൻ, അമ്മായി... എല്ലാവരും ഉണ്ട്.

അമ്മയും അമ്മമ്മയും അമ്മായിയും മാങ്ങ, തേങ്ങ, ചക്ക തുടങ്ങിയ ഭക്ഷ്യയോഗ്യമായ എല്ലാ സാധനങ്ങളും കൊണ്ട് രുചികരമായ വിഭവങ്ങൾ ആവശ്യത്തിന് മാത്രം ഉണ്ടാക്കുന്നു. അച്ഛനും അമ്മാവനും അവർക്കു വേണ്ട സാധനങ്ങൾ ഒക്കെ മാവിലും പ്ലാവിലും കയറിയും വല്ലപ്പോഴും കടയിൽ പോയും എത്തിച്ചു നൽകുന്നു.

കുട്ടികൾക്കു മാത്രം വല്ലാത്ത വിഷമം ആയിപ്പോയി. എത്ര നേരമെന്നു വച്ചാണ് ടിവി കണ്ടും മൊബൈൽഫോൺ നോക്കിയും പുസ്തകങ്ങൾ വായിച്ചും സമയം കളയുക. അവസാനം കുട്ടികൾ എല്ലാം തീരുമാനിച്ചു. പ്രതിഷേധിക്കണം! വീട്ടിലിങ്ങനെ കുത്തിയിരിക്കുന്നതിനെതിരെ പ്രതിഷേധിക്കണം. അവർ നേരെ വരാന്തയിലേക്ക് ചെന്നു.

അവിടെ നോക്കുമ്പോഴുണ്ട് അച്ഛനമ്മമാരും അമ്മമ്മയും കൊച്ചുവർത്തമാനം പറഞ്ഞിരിക്കുന്നു.

കുട്ടികൾ അവരോട് കാര്യം പറഞ്ഞു. “എത്ര നാളാണ് ഇങ്ങനെ വീട്ടിൽ വെറുതെ കഴിയുക. ഞങ്ങൾക്ക് ഇന്ന് പുറത്തേക്ക് പോകണം. പുറത്തു പോയേ തീരൂ.”

അച്ഛൻ ഉടൻ പറഞ്ഞു: “അതിനെന്താ ഇപ്പോൾതന്നെ പൊയ്ക്കോളൂ. ഈ വീട്ടിൽ ഇരുന്നിട്ടല്ലേ ബോറടിക്കുന്നത്. ആ പറമ്പിലേക്ക് പൊയ്ക്കോളൂ.”

അതൊരു നല്ല ആശയമായി കുട്ടികൾക്ക് തോന്നി. അവർ വീടിന്റെ പറമ്പിലേക്ക് പാഞ്ഞു.

കുട്ടികൾ അത്ഭുതപ്പെട്ടു. ഇങ്ങനെ ഒരു ലോകം വീടിന്റെ പരിസരത്തുതന്നെ ഉണ്ടായിരുന്നോ? എന്നിട്ടാണോ ഇത്രയും നാൾ വീട്ടിൽ കുത്തിയിരുന്നത്! പറമ്പിലേക്ക് കയറിയപ്പോഴുണ്ട് തൊട്ടടുത്തു നിൽക്കുന്ന പൂത്ത കണിക്കൊന്ന മരത്തിൽ ഒരു കുയിൽ! അമ്മുക്കുട്ടിയും അനിയത്തിയും അറിയാതെ ചെന്ന് പിടിക്കാൻ നോക്കുമ്പോഴാണ് അനിയൻ ഓടിവന്ന് അതിനെ പേടിപ്പിച്ചു പറത്തി വിട്ടത്. പുളിമരത്തിൽ കുറെ നാൾ മുൻപ് കെട്ടിയ ഊഞ്ഞാൽ കണ്ടപ്പോൾ തന്നെ ആദ്യം അത് കിട്ടാനായി അമ്മുക്കുട്ടി ഓടിയത് വെറുതെ ആയി. ഓട്ടത്തിലും ചാട്ടത്തിലും എല്ലാം മിടുക്കിയായ അനിയത്തി ഊഞ്ഞാലിൽ കയറിയിരുന്നാടാൻ തുടങ്ങി.

അപ്പോൾ കാണുന്നു പറമ്പിലെ വലിയ കുളം! തവളകളും ചെറുമീനുകളും നീർക്കോലി പാമ്പുകളും സുഖമായി വസിക്കുന്ന കുളത്തിലേക്ക് അനിയൻ ചാടാനൊരുങ്ങി. ഉടൻ തന്നെ കുളത്തിലെ അന്തേവാസിയായ തവള കുഞ്ഞ് അവനു നേരെ ചാടിയതോടെ ആ പദ്ധതി ഉപേക്ഷിച്ചു. പറമ്പിന്റെ അതിരിലുള്ള മാവിൽ പഴുത്തതും പഴുക്കാത്തതുമായ നിരവധി മാങ്ങകൾ കണ്ടപ്പോൾ അവർക്ക് വായിൽ വെള്ളമൂറി.

പണ്ടേ പേടിത്തൊണ്ടനായ അനിയനോട് മാവിൽ കയറാൻ പറഞ്ഞപ്പോഴേക്കും പുള്ളി സ്ഥലം കാലിയാക്കി. അമ്മുക്കുട്ടി ഇത്തിരി ഉരുണ്ടിട്ടാണെങ്കിലും കണ്ട മരത്തിലും മതിലിലും കയറി നല്ല മുൻപരിചയം ഉള്ളതുകൊണ്ട് അവൾ തന്നെ മാവിൽ കയറി നല്ല പഴുത്ത മാങ്ങകൾ പറിച്ച് അനിയനും അനിയത്തിക്കും ഇട്ടുകൊടുത്തു. ഒരെണ്ണം അനിയന്റെ തലയ്ക്ക് തന്നെ എറിഞ്ഞു. മാവിൽ കയറാൻ പറഞ്ഞപ്പോൾ മടി കാണിച്ചവൻ മാമ്പഴം വീണപ്പോൾ ഓടി വന്നെടുക്കുന്നു. മാങ്ങയും കൊണ്ട് വീട്ടിലെത്തിയപ്പോഴുണ്ട് പണ്ടേ ചിത്രങ്ങൾ വരയ്ക്കാൻ മിടുക്കുള്ള അമ്മ വീടിന്റെ ചുമരിൽ ആകെ ചിത്രങ്ങൾ വരച്ചിരിക്കുന്നു. ഇത്തിരി മുമ്പേ വിളിച്ചിരുന്നെങ്കിൽ ഞാനും വന്നു കുറച്ചുകൂടി നന്നാക്കിയേനെ എന്ന് അനിയൻ.

അപ്പോൾ അമ്മുക്കുട്ടി ആണ് അത് ആദ്യം കണ്ടത്. വരാന്തയിലെ തൂക്കുവിളക്കിൽ വന്നു കൂട് കൂട്ടിയിരിക്കുന്നു രണ്ട് ഇരട്ടത്തലച്ചികൾ. അനിയത്തി അരമതിലിൽ കയറി നോക്കുമ്പോഴുണ്ട് രണ്ടല്ല മൂന്ന് പേരുണ്ട്. ഒരു കുഞ്ഞിക്കിളിയും കൂടിയുണ്ട് അവിടെ.

എല്ലാവരും കൂടി മാവിൽ നിന്ന് പറിച്ച മാങ്ങ രുചിയോടെ തിന്നു കൊണ്ടിരിക്കുമ്പോൾ അമ്മുക്കുട്ടി ആലോചിച്ചു. ഈ പറമ്പും കിളികളും ശബ്ദവുമെല്ലാം ഇതിനുമുമ്പും ഇവിടെയൊക്കെ തന്നെ ഉണ്ടായിരുന്നു. എന്നാൽ അതൊന്നും കാണാൻ ആർക്കും സമയം ഉണ്ടായിരുന്നില്ല. ഇന്ന് എല്ലാവർക്കും വേണ്ടുവോളം സമയം ഉണ്ട്. കോവിഡ് ഭീഷണിയുടെ കാലത്ത് ആണെങ്കിലും നമ്മുടെ വീട്ടുപരിസരത്തെ പ്രകൃതി ആസ്വദിക്കാനും വീട്ടിൽ ഉള്ളവരോട് വിശേഷം പറയാനും രുചികരമായ, വീട്ടു വളപ്പിൽ തന്നെ ഉണ്ടാവുന്ന ഭക്ഷ്യവസ്തുക്കൾ കഴിക്കുവാനും എല്ലാം കഴിയുന്ന മനോഹരമായ ഒരു കാലമായി നമുക്കിതിനെ മാറ്റിക്കൂടേ. സാമൂഹിക അകലം പാലിച്ച് കൊറോണ എന്ന മഹാമാരിയെ ഇവിടെനിന്നും ഓടിക്കാനുമാകും.

**മേധാ സ്വാതി ജെ**
8 എ, സമൂഹം എച്ച്.എസ്.എൻ പറവൂർ
വടക്കൻ പറവൂർ ഉപജില്ല, എറണാകുളം

# അനാഥനായ ബാലൻ

ഇറ്റലിയിൽ വർഷങ്ങൾക്കുമുമ്പ് ടൂറിൻ എന്ന പട്ടണത്തിൽ പീറ്റർ എന്നൊരു ബാലനുണ്ടായിരുന്നു. ചെറുപ്പത്തിൽ തന്നെ അമ്മ മരിച്ചുപോയി. അച്ഛൻ കുറച്ചു വർഷങ്ങൾക്ക് ശേഷം പീറ്ററിന് ഒരമ്മയുടെ സ്നേഹം കിട്ടാൻ വേണ്ടി വേറെ ഒരു വിവാഹം ചെയ്തു. അച്ഛൻ ഉദ്ദേശിച്ചതിന് മറിച്ചായിരുന്നു സംഭവം. പീറ്ററിന്റെ രണ്ടാനമ്മയ്ക്ക് രണ്ട് പെൺമക്കളുണ്ടായിരുന്നു. അച്ഛൻ രാവിലെ ജോലിക്കുപോകുന്നതുവരെ രണ്ടാനമ്മ മൂന്ന് പേരെയും നല്ലതുപോലെ ലാളിക്കുമായിരുന്നു. രാവിലെ ഉണരുമ്പോൾ ചായയോടൊപ്പം കഴിക്കാൻ വല്ലതും കൊടുക്കുമ്പോൾ പീറ്ററിനാണ് കൂടുതൽ കൊടുക്കുന്നത്. എന്നാൽ അച്ഛൻ ജോലിക്ക് പോയതിനുശേഷം രണ്ടാനമ്മ പീറ്ററിന് കൊടുത്തതെല്ലാം എടുത്ത് തന്റെ മക്കൾക്ക് കൊടുക്കും. ഇത്കണ്ട് അവർ ചിരിച്ച് ആസ്വദിക്കും. പീറ്റർ ഇത് കണ്ട് വിഷമിക്കും. കൂടാതെ പാത്രം കഴുകാനും കിണറ്റിൽനിന്ന് വെള്ളം കോരികൊണ്ടുവരാനും ചെടിക്ക് വെള്ളം ഒഴിക്കാനും പീറ്ററിനോട് പറയും. മറ്റുള്ളവർ മുറിയിലിരുന്ന് കളിക്കുകയും ചെയ്യും. ഉച്ചഭക്ഷണം കഴിക്കാനൻ ഇരിക്കുമ്പോൾ ഒരു റൊട്ടിക്കഷണമോ വല്ലോം കൊടുക്കും. ബാക്കിയെല്ലാം മറ്റുള്ളവർക്കും കൊടുക്കും. അച്ഛൻ വരുമ്പോൾ ഒടുക്കത്തെ ലാളനയും. ഇങ്ങനെ കുറേ നാൾ കഴിഞ്ഞുപോയി. ഒരു ദിവസം അച്ഛൻ വീട്ടിലുള്ള ദിവസം രണ്ടാനമ്മ പറഞ്ഞു "എന്റെ ലാളനകാരണം അവൻ മഹാ അഹങ്കാരിയായി മാറി. ഇനി എന്റെ മക്കളുടെ കൂടെ ഇവനെ കിടത്താൻ കഴിയില്ല". ഇത് അച്ഛനും ശരിവച്ചു. പിറ്റേന്ന് മുതൽ പീറ്ററിന്റെ ചായ്പിൽ പായ വിരിച്ചായിരുന്നു കിടപ്പ്. പിന്നെയും കുറേനാൾ കഴിഞ്ഞ് രണ്ടാനമ്മ അച്ഛനോട് പറഞ്ഞു "അവനിപ്പോൾ ഭയങ്കര ദേഷ്യമാണ്. ഇനി അവനെ ഈ വീട്ടിൽ താമസിപ്പിക്കാൻ കഴിയില്ല. അവനെ പറഞ്ഞുവിടണം". ആദ്യമൊക്കെ അച്ഛന് മടി തോന്നിയെങ്കിലും പിന്നീട് അച്ഛൻ അതിന് വഴങ്ങേണ്ടിവന്നു. പിറ്റേദിവസം പീറ്ററിന്റെ അച്ഛന് അവധിയായിരുന്നു. അച്ഛൻ പീറ്ററിനേയും കൂട്ടി കാട്ടിൽ വിറക് ശേഖരിക്കുവാൻ പോകുകയാണെന്നും പറഞ്ഞ് കൊണ്ടുപോയി. "ഹോ! ക്ഷീണിച്ചു. ഇനി കുറച്ച് നേരം ഒന്ന് മയങ്ങാം". അച്ഛൻ ഉറങ്ങുകയാണെന്ന് നടിച്ചു. പീറ്റർ ഉറങ്ങിയെന്ന് ഉറപ്പിച്ചതിനുശേഷം അവന്റെയടുത്ത് അച്ഛൻ അഞ്ച് യൂറോയുടെ നാണയം വെച്ചിട്ട് ഓടി പോയി. പീറ്റർ എഴുന്നേറ്റ് നോക്കിയപ്പോൾ അച്ഛനെ കാണുന്നില്ല. അവൻ ചതിക്കപ്പെട്ടെന്ന് അവന് മനസ്സിലായി. അവൻ അവിടെയിരുന്ന അഞ്ച് യൂറോയും കൊണ്ട് മുന്നോട്ടുനടന്നു. കുറച്ച് ദൂരം ചെന്നപ്പോൾ അവൻ ഒരു വലിയ പട്ടണം കണ്ടു. മിലാൻ എന്നായിരുന്നു ആ പട്ടണത്തിന്റെ പേര്. അവൻ ആ പട്ടണത്തിൽ രണ്ട് ദിവസം തങ്ങാൻ തീരുമാനിച്ചു. ഭക്ഷണം വാങ്ങിക്കാൻ അവന്റെ കയ്യിലുള്ള പണം തികയുമായിരുന്നില്ല. അതുകൊണ്ട് അവൻ രണ്ട് യുറോയ്ക്ക് ഒരു കാപ്പി കുടിച്ചു. അങ്ങനെ രാത്രിയായി. പീറ്റർ കിടക്കാൻ ഒരു സ്ഥലം അന്വേഷിച്ച് നടന്നപ്പോൾ


അവനൊരു കടയുടെ വരാന്തയാണ് കണ്ടത്. ആ വരാന്തയിൽ അവൻ കിടക്കാൻ തീരുമാനിച്ചു. രാത്രിയിൽ ആകാശത്തേക്ക് നോക്കി അവൻ സ്വന്തം അമ്മയെ അലോചിച്ച് ഉറങ്ങി. നേരം പുലർന്നു. എങ്ങോട്ട് പോകണമെന്നറിയാതെ പീറ്റർ വരാന്തയിൽതന്നെ വിഷമിച്ച് ഇരുന്നു. അവൻ യാത്രാക്ഷീണം കൊണ്ട് വീണ്ടും മയങ്ങി. അവൻ കിടന്ന കടയുടെ ഉടമ കട തുറക്കാൻ വന്നപ്പോൾ പീറ്ററിനെ അയാൾ  കണ്ടു. അയാളുടെ പേര് മൾഡീനി എന്നായിരുന്നു. അദ്ദേഹം ഒരു ധനികനായ  കച്ചവടക്കാരനായിരുന്നു. മൾഡീനി പീറ്ററിനെ വിളിച്ചുണർത്തി എവിടെനിന്ന് വന്നതാണെന്ന് ചോദിച്ചു. അവൻ പറഞ്ഞു “ഞാൻ ടൂറിനിൽ നിന്ന് വന്നതാണ്. എന്റെ രണ്ടാനമ്മയും അച്ഛനും കൂടി എന്നെ പുറത്താക്കി. എനിക്കിപ്പോൾ ആരും ഇല്ല”. മൾഡീനി അവനെ ആശ്വസിപ്പിച്ചു “സാരമില്ല ഞാൻ നിന്നെ എന്റെ വീട്ടിലേക്ക് കൊണ്ടുപോകാം”. അങ്ങനെ അവർ വീട്ടിൽചെന്നു. വീട് കണ്ടപ്പോൾ പീറ്റർ അമ്പരുന്നു. ഒരു വലിയ ബംഗ്ലാവ്. വീട്ടിനകത്ത് കയറി ഇരുന്നു. അവന് സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞു. അവർ അവന് വയർ നിറയെ ഭക്ഷണം കൊടുത്തു. ഒരു നിമിഷം അവൻ അവന്റെ അമ്മയെ ഓർത്തു സങ്കടപ്പെട്ടു. മൾഡീനി അവനെ അടുത്തുള്ള സ്കൂളിൽ ചേർത്തു. പീറ്റർ പഠിക്കാൻ ബഹുമിടുക്കനായിരുന്നു. കുറച്ചുദിവസങ്ങൾകൊണ്ട് അവൻ ആ സ്കൂളിലെ എറ്റവും മിടുക്കനായ കുട്ടിയായി മാറി. ഇതു കണ്ട് മൾഡീനി സന്തോഷിച്ചു. ഒരു ദരിദ്രനായ കുട്ടി ഇത്ര മിടുക്കനാണെന്ന് അവൻ കരുതിയില്ല. അവനെ നല്ല ഒരു ഉദ്യോഗസ്ഥൻ ആക്കാൻ മൾഡീനി തീരുമാനിച്ചു. പീറ്റർ നല്ലതുപോലെ പഠിച്ചു. വർഷങ്ങൾക്ക് ശേഷം, ലോകമാകെ കൊറോണ എന്ന മഹാമാരി പടർന്നുപിടിക്കുന്നു കാലം. ഇറ്റലിയിലും അതിന്റെ ഭീകരത അനുഭവപ്പെട്ട് തുടങ്ങി. ഇറ്റലിയിലെ ഒരു വലിയ ആശുപത്രിയിലെ ഡോക്ടറായി മാറി പീറ്റർ. കൊറോണ ബാധിച്ച രോഗികളെ ചികിത്സിച്ച് വരുകയായിരുന്നു. അടുത്തത് ഒരു വൃദ്ധനായിരുന്നു. പീറ്റർ അയാളുടെ മുഖത്തേക്ക് നോക്കി. നല്ല പരിചയമുള്ള മുഖം.ആ വൃദ്ധന്റെയടുത്ത് ചോദിച്ചു, “താങ്ങൾക്ക് കുടുംബം ഇല്ലേ?” വൃദ്ധൻ പറഞ്ഞു “ഞാൻ വീട്ടിൽ ജോലിയില്ലാതെ ഇരിക്കുന്നത് കണ്ട എന്റെ രണ്ടാം ഭാര്യയും മക്കളും എന്നെ പുറത്താക്കി. ഞാൻ പണ്ട് എന്റെ മകനെ ഉപേക്ഷിച്ചിരുന്നു. അതിന്റെ ശിക്ഷയായി ദൈവം എനിക്ക് തന്നതാണ് ഈ രോഗം” ഇത്രയും കേട്ടതും പീറ്ററിന്റെ കണ്ണ് നിറഞ്ഞു. അവൻ ഉറക്കെ വിളിച്ചു “അച്ഛാ...!” പീറ്റർ കാര്യങ്ങളെല്ലാം പറഞ്ഞുകൊടുത്തു. പീറ്റർ അവന്റെ അച്ഛന്റെ രോഗം ഭേദമാക്കി. പിന്നീട് അവൻ പുതിയ വീട് വെച്ച് അവർ അവിടെ സുഖമായി കഴിയുന്നു.

**അഹമ്മദ് സെയാൻ ബിൻ നെജീബ്**
5 എ
എം.എസ്.എം.എച്ച്.എസ്സ്.എസ്സ്. ചാത്തിനാംകുളം
കൊല്ലം ഉപജില്ല, കൊല്ലം

# മഹാമാരി

നല്ല മഴയുള്ള ആ രാത്രിയിൽ വെള്ളപുതപ്പിച്ച മൃതദേഹവുമായി എത്തിയ ആ വാഹനം വിജനമായ ശവപ്പറമ്പിൽ നിറുത്തി. ഒട്ടും സമയം കളയാതെ പത്തടിയോളം താഴ്ചയുള്ള കുഴിയിലേയ്ക്ക് അയാളെ പതുക്കെ കിടത്തി. ഒരു ദീർഘനിശ്വാസത്തോടെ കുഴിമൂടി അവർ തിരിഞ്ഞു നടന്നു. അയാൾക്ക് വേണ്ടി കരയാൻ പോലും ആരുമില്ലായിരുന്നു.അനേകം ശരീരങ്ങൾ അവരേയും കാത്ത് ഇനിയും ഇരിക്കുന്നുണ്ടാവും .

ഇനി ആരംഭത്തിലേയ്ക്ക്...



രണ്ട് മാസത്തോളമായി ഡോ.ടോം ജോസഫ് വീട്ടിലേക്കു പോയിട്ട്. കോവിഡ് മഹാമാരിയെത്തുടർന്ന് അയാൾ ആശുപത്രിയിൽ രോഗികളെ ശുശ്രൂഷിക്കുന്ന തിരക്കിലായിരുന്നു. രോഗികൾ കൂടിയതോടുകൂടി അയാൾക്ക് വീട്ടിലേക്ക് ഫോൺ ചെയ്യാൻപോലും പറ്റാത്ത അവസ്ഥയിലായി. രോഗഭീതിയും ശരീരാവരണവും അയാളെ ശാരീരികമായും തളർത്തി.

വീട്ടിലെ അവസ്ഥയും ഇതുപോലെ തന്നെയായിരുന്നു. വയ്യാത്ത അച്ഛൻ, അമ്മ മൂന്നും അഞ്ചും വയസു മാത്രം പ്രായമുള്ള കുഞ്ഞുങ്ങളും ഭാര്യയും ചേർന്നതായിരുന്നു അയാളുടെ കുടുംബം. മരണസംഖ്യ ഉയർന്നു കൊണ്ടേയിരുന്നു വീട്ടിലിരുന്ന് മകന് ഒന്നും വരുത്തരുതേയെന്നു പ്രാർത്ഥിക്കുന്ന അച്ഛനും അമ്മയും. പപ്പയെവിടെ എന്ന മക്കളുടെ ചോദ്യത്തിനു മുൻപിൽ പകച്ചു നില്ക്കുന്ന ഭാര്യ മരിയയും. നാഥനില്ലാത്ത ഭവനം .

ഒരു മാസമായി, ഡോ. ടോം ജോസഫിനു രോഗലക്ഷണം അനുഭവപ്പെട്ടു തുടങ്ങി. എങ്കിലും കർമനിരതനായി ജോലി തുടർന്നു അദ്ദേഹം .അയച്ച സാമ്പിളുകളിൽ ഒന്നു ഡോക്ടറുടേതായിരുന്നു. പോസിറ്റീവ്... അയാൾ ആകെ അസ്വസ്ഥനായി. പക്ഷെ തളർന്നില്ല. ഡോക്ടറുടെ മനസ്സിലൂടെ ആയിരക്കണക്കിനു ചിത്രങ്ങൾ കടന്നുപോയി. വീട്ടിലേക്കൊന്നു വിളിക്കണമെന്നുണ്ട്. പക്ഷെ അവരോടെങ്ങനെ പറയും. മൂന്നു നാലു തവണ ഫോണെടുത്തെങ്കിലും അയാൾക്കു വിളിക്കാനായില്ല.

അവസാനം സകലശക്തിയും സംഭരിച്ച് അയാൾ ഭാര്യയെ വിളിച്ചു. കാര്യങ്ങൾ വിശദമായി പറഞ്ഞു. മറുതലയ്ക്കൽ ഒരു പൊട്ടിക്കരച്ചിൽ

മാത്രമായിരുന്നു മറുപടി.എത്രയാണെങ്കിലും ഭയക്കാത്തവരായി ആരുമില്ലല്ലോ. "എനിക്കു നിങ്ങളെ എല്ലാവരേയും കാണണം." അയാൾ പറഞ്ഞു. പറഞ്ഞതെല്ലാം നിശബ്ദയായി കേട്ട് മരിയ നിന്നു. ഉച്ചക്കുശേഷം മുഖത്ത് മാസ്കും കയ്യിൽ ഗ്ലൌസുമണിഞ്ഞു ഒരു രൂപം ഗേറ്റിൽ പ്രത്യക്ഷപ്പെട്ടു, ജോസഫ് പഴയ ഡോക്ടറുടെ ഒരു ഛായയുമില്ല അയാൾക്ക് വീട്ടുകാരെല്ലാം വരാന്തയിലിറങ്ങി നിന്നു. പപ്പാ... മക്കൾ രണ്ടുപേരും ഗേറ്റിലേയ്ക്കു ഓടാനൊരുങ്ങി.മരിയ അവരെ പിടിച്ചുനിറുത്തി. അവർ കുതറി മാറി. പപ്പാ കയറിവാ.. മക്കൾ ഉറക്കെ നിലവിളിച്ചു. കണ്ണീരുതുടച്ചു കൊണ്ടയാൾ ഭാര്യയോടുപറഞ്ഞു എന്റെ കുറവറിയിക്കാതെ നീ മക്കളെ നോക്കണം. അപ്പനേയും അമ്മയേയും നിന്നെ ഏൽപ്പിക്കുന്നു. ശബ്ദമിടറിക്കൊണ്ടയാൾ പറഞ്ഞു. തിരിഞ്ഞു നടക്കുമ്പോൾ മക്കൾ തന്നെ വിളിച്ചു കരയുന്നതയാൾ കേട്ടു. അയാൾ നടത്തത്തിനു വേഗം കൂട്ടി. മരവിച്ച മനസ്സുമായി ഐസൊലേഷൻ വാർഡിന്റെ നിശബ്ദതയിലേയ്ക്ക് അയാൾ നടന്നു. ഓടിക്കളിക്കുന്ന തന്റെ പൊന്നോമനകളുടെ മുഖം അയാളുടെ മനസ്സുനീറ്റി. എങ്കിലും അയാൾ ധൈര്യം കൈവിട്ടില്ല. ദിനരാത്രങ്ങൾ കൊഴിഞ്ഞു പൊയ്ക്കൊണ്ടിരുന്നു. എല്ലാവരും പ്രതീക്ഷ കൈവെടിഞ്ഞു തുടങ്ങി. ശ്വാസതടസ്സം കൂടിയ ഒരുരാത്രിയിൽ വെള്ളത്തിനായി അയാൾ നേഴ്സിനെ വിളിച്ചു. അവർ വായിലേയ്ക്ക് ഇറ്റിച്ച നീരിറക്കാനാവാതെ അയാൾ നിലവിളിച്ചു. ഡോ.ടോം ജോസഫ് തീരെ അവശനായിക്കഴിഞ്ഞിരുന്നു. ശ്വാസതടസ്സം ഏറിക്കൊണ്ടിരുന്നു. മറ്റ് ഡോക്ടേഴ്സ് എല്ലാം തങ്ങൾക്കു കഴിയും വിധം അയാളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു. എന്നാൽ അയാളുടെ മനസ്സിൽ ഗേറ്റുകൾക്കപ്പുറം നിന്നു തന്നെ ഉറ്റു നോക്കുന്ന നാലു കുഞ്ഞിക്കണ്ണുകളായിരുന്നു. പതിയെ ആ കണ്ണുകൾ എന്നെന്നേക്കുമായി അടഞ്ഞു. അപ്പോൾ അവിടെ നിന്നിരുന്നവരുടെ എല്ലാം ഉള്ളിൽ ഒരേ ചിന്തയായിരുന്നു.

ഇല്ല ഡോ. ടോം ജോസഫ് നിങ്ങൾ മരിക്കുകയില്ല... എന്നും പ്രകാശം പരത്തുന്ന ഒരു വെള്ളി നക്ഷത്രമായി ഞങ്ങളുടെ ഉള്ളിൽ നിങ്ങളുണ്ടാവും.

**കാവ്യ മനു**
9 എ
ബഥനി ആശ്രമം ഹൈസ്കൂൾ ചെറുകുളഞ്ഞി
പത്തനംതിട്ട ഉപജില്ല, പത്തനംതിട്ട

# കുട്ടിക്കുരുവിക്കും തന്നാലായത്

വിജനമായ ഒരു വലിയ നഗരം ശാന്തമായ അന്തരീക്ഷത്തിലൂടെ സാവധാനം തെന്നിനീങ്ങുന്ന മന്ദമാരുതൻ. ഇളംകാറ്റ് തങ്ങളെ തഴുകുമ്പോൾ ആടി രസിക്കാനായി മാത്രം മനുഷ്യർ ബാക്കിയാക്കിയ ഒന്നു രണ്ടു മരങ്ങൾ. ആകാശം തന്റെ കറുത്ത കുപ്പായം മാറ്റി നീല അണിയുവാനുള്ള വ്യഗ്രതയിലാണ്. ആ ആകാശത്തിലേക്ക് തലയുയർത്തിനിൽക്കുന്ന നിശ്ചലങ്ങളായ കോൺക്രീറ്റ് കാടുകൾ. എന്നാൽ ഇന്ന് ആ പ്രദേശത്തിന്റെ ചിത്രം തികച്ചും വ്യത്യസ്തമാണ്. വിരൽ ഇടാൻ പോലും സ്ഥലം ഇല്ലാതിരുന്ന ആ നഗരത്തിലെ തെരുവീഥിയിൽ ഇന്ന് വളരെ വിരളമായി മാത്രം മനുഷ്യരെ കാണാം.

തന്റെ വീടിന്റെ ജനാലയിലൂടെ ഈ നഗരത്തിന് വല്ല അനക്കവും വരുന്നുണ്ടോ എന്ന് നോക്കി സമയം ചിലവഴിക്കുകയാണ് ടോണികുട്ടൻ. തന്റെ ആ നിഷ്കളങ്കമായ നേത്രങ്ങളിൽ എന്തോ ഒരു സങ്കടം അലയടിക്കുന്നുണ്ടായിരുന്നു. "ഒരു നിസ്സാര വൈറസിന് ഇന്ന് ലോകത്തെ മുഴുവൻ കൈപ്പിടിയിൽ ആക്കുവാൻ സാധിച്ചു", അച്ഛൻ തന്റെ അമ്മയോട് പറയുന്നത് ടോണി കേട്ടു. ഇപ്പോൾ ഇത് ആ വീട്ടിലെ സ്ഥിരം വാചകം ആയതിനാൽ അവൻ അതത്ര കാര്യമാക്കിയില്ല. പക്ഷേ ടോണിക്ക് ഒരു സംശയം ഉണ്ടായി. അവൻ അച്ഛനോട് ചോദിച്ചു, "അച്ഛാ ഈ വൈറസ് എന്നു പറഞ്ഞാൽ എന്താ?" വൈറസ് ഒരു വളരെ കുഞ്ഞു സൂക്ഷ്മജീവിയാണ് മോനെ, അച്ഛൻ പറഞ്ഞുകൊടുത്തു. അപ്പോ നമ്മുടെ കുക്കുവിനെ പോലെയാണല്ലേ, തൊട്ടിലിൽ കിടന്നുറങ്ങുന്ന തന്റെ കുഞ്ഞനുജനെ ചൂണ്ടി ടോണി ചോദിച്ചു. ടോണി കുട്ടന്റെ നിഷ്കളങ്കതയുടെ മുൻപിൽ നിസ്സഹായനായ തന്റെ അച്ഛൻ ടോണിയെ ബോധവാനാക്കുന്ന ശ്രമം ഉപേക്ഷിച്ച് തന്റെ ആ മാസത്തിലെ വരവ് ചെലവ് കണക്കുകൾ വിലയിരുത്തുവാനുള്ള ജോലിയിൽ ഏർപ്പെട്ടു.

ഈ സമയം ടോണി തന്റെ വീൽചെയർ അടുക്കളയിലേക്ക് നീക്കി, അമ്മയോട് പറഞ്ഞു, അമ്മേ നമുക്ക് പുറത്തു പോയാൽ എന്താ? പുറത്തിറങ്ങേണ്ട മോനെ നിന്നെ വൈറസ് പിടിക്കും, ടോണി ഇല്ലേ പിന്നെ അമ്മ എന്നാ ചെയ്യും, അമ്മ പറഞ്ഞു നിർത്തി. അമ്മയുടെ ഈ വാചകം കേട്ടത് ടോണിയുടെ നിഷ്കളങ്കമായ കണ്ണുകളിൽ തീക്ഷ്ണതയുടെ ഒരു വലിയനാളം പൊങ്ങിവന്നു. അമ്മ പേടിക്കേണ്ട, വൈറസ് വന്നാ ഞാൻ ഇടിച്ച് ശരിയാക്കും. കേവലമൊരു നാലുവയസ്സുകാരനിൽ പോലും ഉണ്ടായ രോഗപ്രതിരോധത്തിന്റെ തീക്ഷ്ണത കണ്ട് അമ്മ അമ്പരന്നു. ഇതൊന്നുമറിയാതെ തൊട്ടിലിൽ കിടന്നുറങ്ങുന്ന തന്റെ അനുജനോടും എന്തൊക്കെയോ പറഞ്ഞ് ടോണി ഇങ്ങനെ സമയം ചിലവഴിച്ചു.

ഇങ്ങനെ ദിവസങ്ങൾ കടന്നുപോയി, അല്ല തള്ളിനീക്കി. എന്നാൽ രോഗാവസ്ഥയും രോഗപ്രതിരോധവും ഒന്നുകൂടി ശക്തിയാർജ്ജിച്ചു. എല്ലാ രോഗത്തിനും മരുന്ന് മാത്രമല്ല പ്രതിവിധി, മറിച്ച് മാനസിക ആരോഗ്യത്തിനും, അനുസരണത്തിനും ഒരുപാട് രോഗങ്ങളെ ഭേദമാക്കാൻ സാധിക്കും എന്നകാര്യം വിസ്മരിച്ചുകൊണ്ട് അഹങ്കാരത്തിന്റെയും അനുസരണക്കേടിന്റെയും ചിറകിലേറി മുന്നറിയിപ്പുകളെ അവഗണിച്ച് അപകടത്തിലേക്ക് കൂപ്പുകുത്തുന്ന ഒരു കൂട്ടം ജനതയും ഉണ്ടായിരുന്നു ആ നാട്ടിൽ. എന്നാൽ ദിവസവും രാത്രി കിടക്കുന്നതിനു മുൻപ് ടോണി തനിക്ക് അറിയാവുന്ന പോലെ ദൈവത്തോട് പ്രാർത്ഥിക്കും. തനിക്ക് രണ്ടുകാലുകളും ദൈവം തന്നില്ല എന്നതും മറന്ന് അവൻ രോഗബാധിതർക്ക് വേണ്ടി പ്രാർത്ഥിക്കുന്നത് അവന്റെ അമ്മ എന്നും ശ്രദ്ധിക്കാറുണ്ടായിരുന്നു. ഈ ലോകത്തെ മുഴുവൻ രക്ഷിക്കണമേ എന്ന് ടോണി ആവർത്തിച്ചു പറയുന്നുണ്ടായിരുന്നു, തന്റെ കുരുന്നിന്റെ ഈ നിസ്വാർത്ഥ സ്നേഹം കണ്ട് ആ അമ്മയുടെ കണ്ണുകൾ ഈറനണിഞ്ഞു. “അമ്മ എന്തിനാ കരയുന്നത്, ഈ കുഴപ്പങ്ങൾ ഒക്കെ പെട്ടെന്ന് മാറും, അല്ലേ അമ്മേ?” മൗനം മറുപടി ആക്കിയ ചോദ്യമായിരുന്നു അത്. ഈ സമയത്ത് ടോണിയുടെ മുറിയിൽ അലക്ഷ്യമായി കിടന്ന തന്റെ ഡ്രോയിംഗ്ബുക്ക് അമ്മയുടെ ശ്രദ്ധയിൽപ്പെട്ടു. അത് തുറന്നു നോക്കിയപ്പോൾ അതിൽ ടോണി വരച്ച ഒരു ചിത്രം കണ്ടു അമ്മ ആശ്ചര്യ ഭരിതയായി. തനിക്ക് അറിയാവുന്നതുപോലെ ടോണി ചിത്രത്തിലൂടെ ഒരു ലോകത്തെ തന്നെ സൃഷ്ടിച്ചിരുന്നു. ഒരു കാട്ടിൽ മുഴുവൻ ആളി പടരുന്ന കാട്ടുതീ, അതിന് സമീപമായി എന്നാൽ അല്പം അകലം പാലിച്ചുകൊണ്ട് ഒരു തുള്ളി വെള്ളവുമായി നിൽക്കുന്ന ഒരു കുഞ്ഞു കുരുവി. ലോകത്തിൽ ഇന്ന് അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുന്ന വൈറസിനെ, അല്പം അകലം പാലിച്ചുകൊണ്ട് ചെറുക്കുവാൻ ശ്രമിക്കുന്ന ഒരു കൊച്ചുകുഞ്ഞിന്റെ ആശയം തന്റെ പിതാവ് സമൂഹമാധ്യമങ്ങളിലൂടെ അനേകരിൽ എത്തിച്ചു. ഒരു നാലു വയസ്സുകാരന്റെ ഈ മഹത്തായ ആശയം അനേകം പേർ ഏറ്റെടുത്തു. അത് ഉറങ്ങി കിടന്ന ഒരു കോടി ജനഹൃദയങ്ങളുടെ അകക്കണ്ണുകൾ തുറപ്പിച്ചു. ഒരു കുട്ടിക്കുരുവിക്ക് പോലും തന്നാലായത് ചെയ്യാം എന്ന് അവൻ ആ ചിത്രത്തിലൂടെ ലോകത്തിലേക്ക് വിളിച്ചറിയിക്കുക ഉണ്ടായി. സാമൂഹിക അകലം പാലിച്ചു കൊണ്ടും മാനസിക ഐക്യം നിലനിർത്തി കൊണ്ടും ഈ വൈറസിനെ അകറ്റി നിർത്താം എന്ന ഒരു പ്രതീക്ഷയുടെ നാളം നേത്രങ്ങളിൽ തെളിഞ്ഞ അമ്മ ടോണിയെ വാരിപ്പുണർന്നു.

**ആൻ ടാനിയ കെ ഷാജി**
9 എ , ഫാ.ജി.കെ.എം. ഹൈസ്കൂൾ കണിയാരം
മാനന്തവാടി ഉപജില്ല, വയനാട്

# യോഗാനന്തരം

ഇടിവെട്ടും പോലെയാണ് രാജാവിന്റെ ഉത്തരവ് എല്ലാ മൃഗങ്ങൾക്കും ലഭിച്ചത്. എല്ലാവരും ഇന്ന് നടക്കുന്ന അടിയന്തിരയോഗത്തിൽ പങ്കെടുക്കണം. വളരെ അത്യാവശ്യകാര്യങ്ങളുണ്ടെങ്കിൽ മാത്രമേ രാജാവ് അടിയന്തിരയോഗം വിളിക്കാറുള്ളൂ. ഉത്തരവ് അനുസരിച്ച് എല്ലാവരും കൃത്യസമയത്തുതന്നെ യോഗത്തിന് എത്തിച്ചേർന്നു. മുഖവുരകൂടാതെ തന്നെ രാജാവ് കാര്യം വിവരിച്ചുതുടങ്ങി. "ഇന്ന് ഈ യോഗം വിളിക്കാൻ കാരണം വളരെ പ്രധാനപ്പെട്ട ഒരു കാര്യം നിങ്ങളെ അറിയിക്കാനാണ്. നമ്മുടെ ശത്രുക്കളായ ഇരുകാലിമൃഗങ്ങൾക്ക് എന്തോ മാരകമായതു സംഭവിച്ചിരിക്കുന്നു. ആരും പുറത്തിറങ്ങുന്നില്ല. അന്വേഷണത്തിൽ അറിഞ്ഞത് മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ക്രൂരത സഹിക്കാനാവാതെ ഏതോ വൈറസ് അവർക്ക് പണികൊടുത്തു എന്നാണ്. ഏതായാലും അവർ പേടിച്ചിരിക്കുകയാണ്. വാഹനങ്ങളോ ആഘോഷങ്ങളോ യാത്രകളോ ഒന്നുമില്ല. നമ്മൾ അവർ മൂലം ഇത്രയും നാൾ അനുഭവിച്ചത് ഇപ്പോൾ നമ്മുടെ കുഞ്ഞൻ വൈറസ് മൂലം അവർ അനുഭവിക്കുകയാണ്. പ്രിയപ്പെട്ടവരേ, ഇത് നമുക്ക് അവന്റെ നാട് കാണാനുള്ള സുവർണ്ണാവസരമാണ്. ഇത് നഷ്ടപ്പെടുത്തരുത്. ആരും നിങ്ങളെ ശല്യപ്പെടുത്തില്ല. ഇനി ഇങ്ങനെ ഒരു അവസരം ഉണ്ടായിയെന്നും വരില്ല." രാജാവ് വാചാലനായി. തുടർന്ന് വികാരത്തോടെ ഉറക്കെ പറഞ്ഞു. "ഇന്ന് ഈ നാട് നമ്മുടേതാണ്. ചോദിക്കാനും ഓടിക്കാനും കൊല്ലാനും ആരുമില്ല." രാജാവിന്റെ ഈ വാക്കുകൾ കേട്ട് മൃഗങ്ങൾ കൈയടിച്ച് ആർപ്പുവിളിച്ചു. വീടിനു പുറത്തേക്കിറങ്ങിയ ഞാൻ കണ്ടത് പുലിയും കാട്ടാനയും കുറുക്കനും കൂടി എന്റെ നേരെ വരുന്നതാണ്. ഞാൻ അലറിവിളിച്ച് ഞെട്ടി എഴുന്നേറ്റു. ഇത് സ്വപ്നമായിരുന്നോ. എനിക്കു വിശ്വസിക്കാനായില്ല...

**ഹൃദ്യ പ്രദീപ്**
6 ബി
പി.എസ്.എച്ച്.എസ്. പള്ളിപ്പുറം
ചേർത്തല ഉപജില്ല, ആലപ്പുഴ

# ഒരു കൊറോണ കാലം

മുത്തശ്ശി സന്ധ്യാദീപം കൊളുത്തി നാമം ജപിക്കുകയാണ്. ഇന്നലെ അമ്മ പറഞ്ഞിരുന്നു മറ്റന്നാൾ അച്ഛൻ വരുമെന്ന്. ആ ദിവസവും കാത്തിരിക്കുകയായിരുന്നു ഞാൻ. അച്ഛന്റെ രണ്ട് സഹോദരങ്ങളും അവരുടെ കുടുംബവും ഉണ്ടായിരുന്നു വീട്ടിൽ. രാത്രിയായപ്പോൾ അടുത്തടുത്ത എല്ലാ വീടുകളിലെയും ലൈറ്റ് അണഞ്ഞപ്പോൾ എന്റെ വീട്ടിലെ ലൈറ്റ് മാത്രം അണഞ്ഞില്ല. ആ ഇരുട്ടിൽ എന്റെ വീട് മാത്രം പ്രകാശപൂരിതമായി നിന്നു. നേരം വെളുത്തു. അങ്കിവാലന്റെ കൂവൽ കേട്ടാണ് ഞാൻ എഴുന്നേറ്റത്. എന്റെ വീട്ടിലെ കോഴിയാണ് അങ്കിവാലൻ. നല്ല തലയെടുപ്പുള്ള പൂവൻകോഴിയാണ്. ചുവപ്പും കറുപ്പും നിറങ്ങൾ ഇടകലർന്ന തൂവലാൽ അങ്കവാലൊക്കെ നീട്ടി ഒരുക്കി കടും മുളകു നിറത്തിലുള്ള തലപ്പൂവ് നിവർത്തിപ്പിടിച്ച് റോസാപ്പൂ പോലുള്ള നീണ്ട താട കുലുക്കി അവൻ നടക്കും. ഏഴരവെളുപ്പിന് മുമ്പേ അവൻ ഉണർന്നു കൊക്കരക്കോ എന്ന് നീട്ടികൂവും. അച്ഛനിഷ്ടപ്പെട്ട ഉണ്ണിയപ്പവും അരിമുറുക്കും മുത്തശ്ശി എണ്ണയിൽ വറുത്തെടുത്തു. അമ്മ കറികളുണ്ടാക്കി. അച്ഛൻ വരുന്നതും കാത്ത് ഞാൻ ഉമ്മറത്തിണ്ണയിൽ ഇരുന്നു. കുറെ നേരം കഴിഞ്ഞിട്ടും അച്ഛൻ വന്നില്ല. അമ്മയോട് ചോദിക്കാൻ അകത്തു കയറിയപ്പോൾ എല്ലാവരും വിഷമിച്ചിരിക്കുന്നതു കണ്ടു. അടുത്ത വീട്ടിലെ കുട്ടിയും എന്റെ സുഹൃത്തുമായ അപ്പു എനിക്കെല്ലാം പറഞ്ഞു തന്നു. അപ്പോഴാണ് കൊറോണ എന്ന ഭീകരനെക്കുറിച്ച് ഞാൻ അറിയുന്നത്. ഈ ഭീകരൻ ലോകം മുഴുവൻ പടരുകയാണ് എന്നും ഇതിന് മരുന്ന് കണ്ടുപിടിച്ചിട്ടില്ലെന്നും എനിക്ക് മനസിലായി. എന്റെ അച്ഛന് വീട്ടിൽ വരാൻ പറ്റാത്തതും കൊറോണ കാരണമാണ്. അതു കൊണ്ടു തന്നെ നാട്ടിൽ എത്തിയ ഉടനെ തന്നെ അച്ഛനെ ഐസോലേഷൻ വാർഡിലേക്ക് മാറ്റിയതായും അപ്പു എന്നോട് പറഞ്ഞു.

എനിക്ക് കരച്ചിൽ വന്നു. ഞാൻ കരഞ്ഞുകൊണ്ട് അമ്മയുടെ അടുത്തേക്ക് ചെന്നു. അവിടം ആകെ നിശബ്ദത നിറഞ്ഞുനിന്നു. അമ്മയും മുത്തശ്ശിയും എന്നെ ആശ്വസിപ്പിച്ചു. മുത്തച്ഛൻ എന്നെ അടുക്കലേക്ക് വിളിച്ചിട്ട് എന്നോട് പറഞ്ഞു അച്ഛൻ നമുക്ക് വേണ്ടിയാണ് ഐസോലേഷനിൽ പോയതെന്നും വീട്ടിൽ വന്നാൽ നമുക്കെല്ലാം കൊറോണ വരുമെന്നും പറഞ്ഞു. കുറച്ചു ദിവസം കഴിഞ്ഞാൽ അച്ഛൻ വരുമെന്നു പറഞ്ഞപ്പോൾ എന്റെ സങ്കടങ്ങളെല്ലാം മാറി. അപ്പുവിനോടൊപ്പം ഞാൻ പടം വരച്ചു കളിച്ചു. അച്ഛനെ കാണണം എന്ന് ഞാൻ ഒരിക്കൽ വാശി പിടിച്ചപ്പോൾ അച്ഛന് വിഷമമാവുമെന്ന് അമ്മ പറഞ്ഞു. പിന്നീട് വല്ലപ്പോഴുമൊക്കെ എനിക്ക് വിളിച്ചു തരാറുണ്ടായിരുന്നു. മുത്തച്ഛന്റെ ഓരോ വാക്കും എനിക്ക് ആശ്വാസകരമായിരുന്നു.അച്ഛന്റെ

രണ്ടാമത്തെ സഹോദരൻ ഭയങ്കര ദേഷ്യക്കാരനാണെങ്കിലും ഈ സമയത്തു ദേഷ്യം എല്ലാം മാറ്റി ഞങ്ങൾക്ക് ഊഞ്ഞാൽ കെട്ടി തരികയും വിവിധ കളികളിൽ ഏർപ്പെടുത്തുകയും ചെയ്തു. ഇത് എന്നെ കൂടുതൽ ഉത്സാഹവതിയാക്കി. പറമ്പിൽ അടുത്തടുത്തുള്ള രണ്ടു മാവിലായിരുന്നു മൂത്തച്ചൻ ഊഞ്ഞാൽ കെട്ടി തന്നത്. മുത്തശ്ശി പണ്ട് കളിച്ചിരുന്ന കളികളെല്ലാം ഞങ്ങളും കളിച്ചു. തലപ്പന്തു കളി, കുട്ടിയും കോലും തുടങ്ങിയവയായിരുന്നു അതൊക്കെ.

ഇതിനിടയിൽ മൂത്തച്ചന്റെ ഭാര്യ എല്ലാവരോടും കൊറോണ വരാതിരിക്കാൻ ഉള്ള മുൻകരുതലുകൾ പറഞ്ഞു തന്നു. ഞങ്ങൾ അത് പാലിക്കുകയും ചെയ്തു.

മുത്തശ്ശി തൊടിയിലെ ചെടികളുപയോഗിച്ചു കറികളുണ്ടാക്കി. നല്ല രുചിയുണ്ടായിരുന്നു. മുരിങ്ങയിലയും ഇരുമ്പൻ പുളിയൊക്കെ ഉണ്ടായിരുന്നു മാസ്ക് ധരിക്കാതെ അനാവശ്യമായി പുറത്തിറങ്ങിയ കുട്ടേട്ടനെ പോലീസ് രണ്ടാഴ്ച മെഡിക്കൽ കോളേജിൽ നീരീക്ഷണത്തിൽ ആക്കി.

മൂത്തച്ചൻ വീടിനു തൊട്ടടുത്തുള്ള വയൽ കാണാൻ പോകാം എന്ന് പറഞ്ഞപ്പോൾ എല്ലാവർക്കും ചെറിയ ഭയമുണ്ടായിരുന്നു. പെട്ടെന്ന് ഇടിയുടെ ശബ്ദം കേട്ടു. പുറത്തു നല്ല മഴക്കാറുണ്ടായിരുന്നു. കുളിരു പുതപ്പുമായി മഴ മണ്ണിലേക്ക് വന്നു. മഴ പെയ്യുമ്പോൾ മണ്ണിനു ഒരു പുതുമണമുണ്ട്. ഞാൻ കൗതുകത്തോടെ പുറത്തേക്കു നോക്കി നിന്നു.മഴ തോർന്നപ്പോൾ ഞങ്ങൾ വയൽ ലക്ഷ്യം വെച്ചു നടന്നു. വയലിൽ പോകും വഴി ഒരു പശുക്കിടാവിനെയും അതിന്റെ അമ്മ പശുവിനെയും കണ്ടു. പശുക്കിടാവ് ഞങ്ങളുടെ ചുറ്റും തുള്ളിച്ചാടി. നല്ല രസമായിരുന്നു അത് നോക്കി നിൽക്കാൻ.

വയലിൽ എത്തി. ദൂരെ നിന്നു നോക്കുമ്പോൾ പച്ച പരവതാനി വിരിച്ചതു പോലെ എനിക്ക് തോന്നി. ഒരു ഭാഗത്തു നെല്ലും മറുഭാഗത്തു വാഴയും കിഴങ്ങും പച്ചക്കറിയും കൃഷി ചെയ്തിരിക്കുന്നു. വയൽ വരമ്പിലൂടെ നടക്കുമ്പോൾ ഒരു ഞണ്ടിനെ കണ്ടു. ദൂരേക്ക് നോക്കുമ്പോൾ ഒരു കുളം കണ്ടു. കുളത്തിൽ നിന്നും മീൻ പിടിക്കാൻ ഞങ്ങൾ ശ്രമിച്ചു. പക്ഷേ മീനൊന്നും കിട്ടിയില്ല. നല്ല തെളിഞ്ഞ തണുപ്പുള്ള വെള്ളമായിരുന്നു. മീനൊന്നും കിട്ടാതെ നിരാശപ്പെട്ടു നിൽക്കുമ്പോഴായിരുന്നു ഒരു കാർ ഞങ്ങളുടെ അടുത്തക്ക് വരുന്നത് കണ്ടത്. കാറിൽ നിന്ന് ഒരാളിറങ്ങി. ഞാൻ ശ്രദ്ധിച്ചു നോക്കി. അതു എന്റെ അച്ഛനായിരുന്നു. അച്ഛാ... ഞാൻ ഉറക്കെ വിളിച്ചു.

**ഋതുവർണ എ**
ക്ലാസ് 7, പാട്യം വെസ്റ്റ് യു.പി
കൂത്തുപറമ്പ് ഉപജില്ല, കണ്ണൂർ

# മിന്നുവിന്റെ അച്ഛൻ

മിന്നു വളരെ സന്തോഷത്തിലാണ്. അതിരാവിലെ എഴുന്നേറ്റ് അവൾ വീട്ടിലൂടെ തുള്ളിച്ചാടി നടക്കുകയാണ്. വീടിന് മുൻവശത്തു നിന്നും നോക്കിയപ്പോൾ പാടത്ത് പണിയെടുക്കുന്ന അമ്മൂമ്മയെയും അപ്പൂപ്പനേയും അവൾ കണ്ടു. അവൾ പാടത്തേക്കു നടന്നു. കണ്ണിന് കുളിർമയേകുന്ന ഒരുപാട് കാഴ്ചകൾ അവൾ കണ്ടു. പല വർണ്ണങ്ങൾ കൊണ്ട് ശോഭിച്ചിരിക്കുന്ന പൂക്കളുടെ ചുറ്റും പാറിപ്പറക്കുന്ന പൂമ്പാറ്റകളും, തുമ്പികളും, ധാരാളം പച്ചക്കറികളും പിന്നെ മുറ്റത്ത് കൂടി ഓടിക്കളിക്കുന്ന കോഴിക്കുഞ്ഞുങ്ങളും. ഹായ്! കാണാൻ എന്തു രസമാണ്. അവൾ പറഞ്ഞു. പെട്ടെന്നൊരു ഫോൺകോൾ വന്നു. അവൾ ഓടിപ്പോയി ഫോണെടുത്തു. അതവളുടെ മാമനായിരുന്നു. അദ്ദേഹം പറഞ്ഞു "മോളേ പത്തുമണിക്കല്ലേ ഫ്ളൈറ്റ് എല്ലാവരോടും വേഗം ഒരുങ്ങാൻ പറഞ്ഞോളൂ". അവൾ പറഞ്ഞു "ശരി മാമ" എന്നിട്ടവൾ ഓടിചെന്ന് വീട്ടുകാരോട് ഈ കാര്യം പറഞ്ഞു. അവർ എല്ലാ തയ്യാറെടുപ്പും കഴിഞ്ഞ് മാമനൊപ്പം എയർപ്പോർട്ടിലേക്ക് പോയി.

കൈ നിറയെ തനിക്കുള്ള കുപ്പായവും മിഠായിയും കളിപ്പാട്ടവുമായി വരുന്ന അച്ഛന്റെ ചിത്രമായിരുന്നു മിന്നുവിന്റെ മനസ്സിൽ. എയർപ്പോർട്ടിൽനിന്നും പരിശോധനയെല്ലാം കഴിഞ്ഞ് അച്ഛൻ പുറത്തേക്ക് വന്നു. മിന്നു ആഹ്ലാദത്തോടെ അച്ഛന്റെ അടുത്തേക്ക് ഓടി. അച്ഛൻ അവളെ വാരിപ്പുണർന്ന് ഉമ്മവെച്ചു. കാറിൽ തിരിച്ച് വീട്ടിലേക്ക് വരുമ്പോൾ ഒരു ഹോട്ടലിൽ കയറി അവർ ഭക്ഷണവും കഴിച്ചു. വീട്ടിലത്തിയപ്പോഴാണ് അവർ ആ വാർത്ത കേട്ടത്. അന്യദേശത്ത് നിന്നും വന്ന ആളുകൾക്ക് കൊറോണ എന്ന മഹാമാരി പിടിപെടാൻ സാധ്യത കൂടതലാണ്. അതുകൊണ്ട് തന്നെ അവർ 14 ദിവസം നിരീക്ഷണത്തിൽ കഴിയേണ്ടി വരും. ഇതുകേട്ട് എല്ലാവരും ഭയന്നു. അച്ഛൻ എല്ലാവരേയും സമാധാനിപ്പിച്ചു. നിങ്ങളാരും ഭയപ്പെടേണ്ടതില്ല എനിക്കൊരു അസുഖവുമില്ല ആകെ എനിക്ക് രണ്ടു മാസത്തെ ലീവേ ഉള്ളൂ. ആ സമയം എനിക്ക് കുടുംബത്തോടൊപ്പം സുഖമായി കഴിയണം. മിന്നു അച്ഛൻ കൊണ്ടുവന്ന ചോക്ലേറ്റും,കളിപ്പാട്ടങ്ങളും,കുപ്പായവുമെല്ലാം

സന്തോഷത്തോടെ സ്വീകരിച്ചു. ഒരാഴ്ച പിന്നിട്ടപ്പോൾ മിന്നുവിന്റെ അച്ഛന് ചുമയും തലവേദനയും ഉണ്ടായി, രോഗം കൂടിയതോടെ അവർ ആശുപത്രിയിൽ കാണിച്ചു. സ്രവപരിശോധനയിൽ റിസൽട്ട് പോസറ്റീവ് ആവുകയും കൊറോണ സ്ഥിരീകരിക്കുകയും ചെയ്തു. മിന്നുവിനേയും കുടുംബാംഗങ്ങളേയും നീരീക്ഷണത്തിലാക്കി. പെട്ടെന്നാണ് മറ്റൊരു വാർത്ത അവർ അറിഞ്ഞത്. വിദേശത്ത് നിന്ന് വന്ന ഒരാളുടെ കുടുംബത്തിലെ അഞ്ചുപേർക്ക് കൊറോണ സ്ഥിരീകരിച്ചു എന്ന്. മിന്നുവിന് പേടിയായി. അവൾ അച്ഛനോടൊത്ത് ഭക്ഷണം കഴിച്ചതും പുഴയിൽ പോയി കുളിച്ചതും കളിച്ചതും ഒക്കെ ഓർത്തു.

പരിശോധനയിൽ മിന്നുവിന്റെ കുടുംബക്കാരുടെ ഫലം നെഗറ്റീവായിരുന്നു, അതവളെ ആശ്വസിപ്പിച്ചു. ദിവസങ്ങൾക്കകം ആവളുടെ അച്ഛന്റെ അസുഖവും പൂർണ്ണമായി മാറി. ആശുപത്രിയിൽ നിന്നും അച്ഛൻ വീട്ടിലേക്ക് വന്നു. എല്ലാവർക്കും സന്തോഷമായി. വീട്ടിലെത്തിയ അച്ഛൻ ആശുപത്രിയിൽ തന്നെ പരിചരിച്ച ആരോഗ്യപ്രവർത്തകരെ കുറിച്ച് വാചാലനായി. രോഗിക്ക് ആത്മധൈര്യം പകരാൻ അവർ നടത്തുന്ന ശ്രമങ്ങൾ അച്ഛൻ ഞങ്ങൾക്ക് വിശദീകരിച്ചു. ഈ അവസരത്തിൽ വൈറസ് ബാധയിൽ നിന്ന് സമൂഹത്തെ രക്ഷിക്കാനായി തീവ്രശ്രമം നടത്തുന്ന ആരോഗ്യപ്രവർത്തകരെ അവൾ നന്ദിയോടെ സ്മരിച്ചു.

**അഭിഷ്ണ.പി.കെ**
7 ബി
പാനൂർ വെസ്റ്റ് യു.പി.സ്കൂൾ
പാനൂർ ഉപജില്ല, കണ്ണൂർ

# ഇരുട്ട്

“ഹലോ... അച്ഛാ... അച്ഛൻ എന്താ മോളൂട്ടിയുടെ പിറന്നാളിന് വരാഞ്ഞേ... ഞാൻ പറഞ്ഞ പാവയും കൊണ്ട് വരും എന്ന് പറഞ്ഞിട്ട്”. തന്റെ അച്ഛന്റെ സ്ഥിതി എന്തെന്നറിയാതെ ആ കുരുന്നു മനം ഉത്തരം കിട്ടാതെയാവുന്ന ചോദ്യങ്ങൾ ചോദിച്ചു അയാളെ കുഴക്കി കൊണ്ടിരുന്നു. “മോളെ... അച്ഛനിവിടെ തിരക്കിലായി പോയി, അച്ഛനുടനെ വരും. ഫോൺ അമ്മയ്ക്ക് കൊടുക്ക്. അയാളുടെ സ്വരം ഇടറി. മോളൂട്ടിയുടെ കയ്യിൽ നിന്നും ഫോൺ വാങ്ങിയതിനുശേഷം മിനി ആരും കാണാത്തിടത്തു പോയി. നിറകണ്ണുകളോടെ അവൾ മിണ്ടാൻ തുടങ്ങി. “എനിക്കിവിടെ കുഴപ്പമൊന്നും ഇല്ലെടീ... നീ മോളെ പറഞ്ഞു മനസ്സിലാക്കണം. അവളുടെ പിറന്നാളിനു ഞാൻ വലിയ പ്രതീക്ഷ കൊടുത്തുപോയി. എല്ലാം ശരിയാകുമായിരിക്കും. നീയെന്താ ഒന്നും മിണ്ടാത്തത്.” അവൾ കണ്ണുകൾ തുടച്ച് മറുപടി പറയാൻ തുടങ്ങി. “ഏട്ടാ... എന്നെക്കൊണ്ട് കഴിയുന്നില്ല. ഇതിപ്പോ എത്രയാന്ന് വെച്ചാ... ഇങ്ങനെ ഉരുകി കഴിയേണ്ടത്.” അവൾ വീണ്ടും കരയാൻ തുടങ്ങി. “ഇല്ലെടീ കുഴപ്പമൊന്നും ഇല്ല. എനിക്കൊന്നും ഇല്ലല്ലോ... പിന്നെന്താ.” അയാൾ തന്റെ ഭാര്യയെ ആവുംവിധം ആശ്വസിപ്പിക്കാൻ നോക്കി. “ഇപ്പോ ടിവി ഒന്നും തുറക്കാൻ തന്നെ കഴിയുന്നില്ല. എനിക്കൊന്നും കാണാനും കേൾക്കാനുമുള്ള കരുത്തില്ല. എന്നാ നീ നീ ഫോൺ വെച്ചോ. എനിക്കൽപ്പം ജോലിയുണ്ട്. പിന്നെ വിളിക്കാം”. “ഉം ശരി”.

അയാൾ ഫോൺ ചാർജ് ചെയ്തതിനുശേഷം ഡ്രസ്സുകൾ അലക്കിയിടാനായി പോയി. പത്ത് പേർ ഒരുമിച്ച് താമസിക്കുന്ന റൂമാണ്. ആരെങ്കിലും ഒരാൾ രോഗിയായാൽ അത് എല്ലാവരെയും... വേണ്ട അങ്ങനെയൊന്നും ചിന്തിക്കേണ്ട എന്നയാൾ തന്റെ മനസ്സിനെ ദൃഢമാക്കി. തുണികൾ ഓരോന്നായി അലക്കാൻ തുടങ്ങി.

(ഇവിടെ..നാട്ടിൽ) മിനി തന്റെ മുടിയൊക്കെ ഒതുക്കി കെട്ടി. കുങ്കുമവും ചാർത്തി മുറിവിട്ടിറങ്ങാൻ നോക്കുകയായിരുന്നു. അപ്പോഴാണ് ചുന്ദരിക്കുട്ടി തന്നെയും ഒരുക്കണമെന്ന വാശിയിൽ കടന്നുവന്നത് കിടക്കയിൽ നിർത്തി അവളുടെ മുടി ഒതുക്കി ചീകി കൊടുത്തു. അറിയാതെ മോളൂട്ടിയുടെ പൊട്ടു മാഞ്ഞുപോയി.തന്റെ അമ്മയുടെ സിന്ദൂരവും അവൾ ആ ദേഷ്യത്തിൽ മാച്ചുകളഞ്ഞു. പക്ഷേ മിനിക്ക് അതൊരു കുട്ടിക്കളിയായി തോന്നിയില്ല. അവളുടെ ഉള്ളിലെന്തോ നീറലുപോലെ. “യു.എ.ഇ.യിൽ പത്ത് പേർക്ക് കോവിഡ് 19 സ്ഥിരീകരിച്ചു”. മോളേ ടിവിയുടെ സൗണ്ട് അല്പം കുറയ്ക്ക്. അവൾ ചെവി പൊത്തിപിടിച്ചുകൊണ്ട് പറഞ്ഞു.

**ആർച്ച**
9 ബി, പി.ആർ. എം. എച്ച് . എസ് കൊളവല്ലൂർ
പാനൂർ ഉപജില്ല, കണ്ണൂർ

# HEALTH KEEPS WITCHES AWAY

Many, many years ago everyone was strong and healthy. They ate a varied diet, fruits, vegetables, and fish. Everyone took daily exercise and played. Both adults and children were full of joy and good moods.

But the dark witches were not happy. They only wanted to do harm and make problems for people. The worst of all of these witches was Virus. She was evil, and come up with the nastiest ideas. She suggested that all the witches combine their energies to invent a thing which would take away people's desire to live happily. So, one night, all the witches gathered down and invented a nasty thing which they called corona which was trapped in a green liquid inside a small glass bottle, which lay lost in the swamp.

One day a little boy found the bottle. He opened the bottle and poured the green liquid in his hand. The evil, microscopic corona took advantage of this situation.In a few days, he started feeling ill, and before long he had no desire to do anything. The evil thing had worked! And the worst thing of all was that it learned to jump from one person to another. They managed to turn the influence of the potion into the most contagious of diseases: the disease of wasting your life. The spread of corona increased.

It was a long while before, with the help of his microscope, Doctors discovered that the little witches were causing all this disease. There was no vaccine or cough mixture to get rid of them, but the good doctor discovered that the witches could not stand in hygienic condition. It turned out that the best cure was to make everyone healthy and hygiene.From then on, the best remedy was not pills or injections, but just a little bit of effort to eat some fruit, vegetables, and fish, and to do some exercise and be hygienic. By following these hygienic condition like washing hands and maintaining social distancing the black witches were vanished.

**അഫ്സൽ എസ് എം**
9 എ
പി.എസ്.എൻ.എം. ഗവ. ഹയർസെക്കന്ററി സ്കൂൾ, പേരൂർക്കട
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# അനുഭവകഥ

ഞാൻ പരീക്ഷയ്ക്ക് പഠിച്ചു തയ്യാറാകുന്ന സമയത്താണ് നമ്മുടെ സംസ്ഥാനം മൊത്തം ലോക്ഡൗൺ പ്രഖ്യാപിക്കുന്നത്. പഠിക്കാൻ ഇഷ്ടമാണെങ്കിലും ഞാൻ സന്തോഷിച്ചു. ഈ ലോക്ഡൗൺ കാലയളവിൽ ശബ്ദമലിനീകരണം ഇല്ല, എല്ലാ ഇടത്തും നിശ്ശബ്ദത. നമ്മുടെ വീടുകളിലുള്ള ചക്ക, മാങ്ങ, പച്ചക്കറികൾ തുടങ്ങി എല്ലാ സാധനങ്ങളും അടുത്തുള്ളവർക്ക് കൊടുത്ത് പരസ്പരം സഹായിക്കാൻ കഴിഞ്ഞു. മുത്തശ്ശി പറയുന്നത് പോലെ, പഴയകാലത്തെ സ്നേഹത്തിലേക്കും സൗഹൃദത്തിലേക്കും നമുക്ക് മാറാൻ കഴിഞ്ഞു. പാവപ്പെട്ടവൻ, പണക്കാരൻ എന്നീ വ്യത്യാസമില്ലാതെ എല്ലാവരും സമന്മാരായി. പണക്കാരന് ആർഭാടത്തിൽ വസ്ത്രങ്ങളും ഭക്ഷണങ്ങളും മറ്റുപലതും വാങ്ങിക്കൂട്ടാൻ കഴിയാത്ത അവസ്ഥയായി, അവർ പാവപ്പെട്ടവന്റെ വിഷമങ്ങൾ മനസ്സിലാക്കുന്നു. എന്റെ വീട്ടിലും ഒന്നിനും പരാതിയില്ല. ഉള്ളതിൽ എല്ലാവരും സംതൃപ്തിപ്പെട്ടു കഴിയുന്നു. ചെറിയ ചെറിയ അസുഖത്തിന് വരെ ഡോക്ടറെ കണ്ടിരുന്ന നമ്മൾ ഇന്ന് സ്വയം മരുന്ന് തയ്യാറാക്കി കൊടുക്കാൻ ശ്രമിക്കുന്നു. നമ്മൾക്ക് വേണ്ട പച്ചക്കറികളും സാധനങ്ങളും എല്ലാം നമ്മൾ കൃഷിചെയ്യാൻ തുടങ്ങി. ചെലവു ചുരുക്കാനും ഇന്ന് നമ്മൾ പഠിച്ചുകഴിഞ്ഞു. അങ്ങനെ പാഠപുസ്തകത്തിനപ്പുറം നാം ജീവിതത്തിൽനിന്നു പഠിച്ചു.

**അർച്ചന പി.പി.**
4 ഡി
ജി.യു.പി. സ്കൂൾ അരിയല്ലൂർ
പരപ്പനങ്ങാടി ഉപജില്ല, മലപ്പുറം

# എന്റെ ഗ്രാമം

പാതിമയക്കത്തിന്റെ ആലസ്യത്തിലായിരുന്നു നിള. ജനലഴികളിലൂടെ സൂര്യകിരണങ്ങൾ അവളെ തൊട്ടുണർത്തി. ഇന്നലെ രാത്രി ഒട്ടും ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല. വളരെ ദുസ്സഹമായ ചൂടായിരുന്നു. ഫാൻ അമിതവേഗത്തിൽ കറങ്ങിയിട്ടും ചൂടുകാറ്റാണ് അതിൽനിന്നും പുറപ്പെടുന്നതെന്ന് അവൾക്കു തോന്നി. അമ്മയുടെ മുറിയിൽനിന്നും കുഞ്ഞുവാവയുടെ കരച്ചിൽ കേട്ടു. അമ്മ എത്ര പണിപ്പെട്ടിട്ടും വാവയുടെ കരച്ചിൽ നിറുത്താൻ കഴിഞ്ഞിരുന്നില്ല. അപ്പൂപ്പന്റെ മുറിയിൽനിന്നും ഞരങ്ങലും മൂളലും കേൾക്കാമായിരുന്നു. നിള തന്റെ ശരീരത്തിലൂടെ ഇറ്റിറ്റു വീഴുന്ന വിയർപ്പുതുള്ളികൾ തുടച്ചുനീക്കി. വാവയുടെ കരച്ചിലിന്റെ ശക്തി കൂടി വന്നു. അപ്പൂപ്പൻ തന്റെ ഊന്നുവടിയുമായി പതിയെ നടന്ന് വാതിൽ തുറന്ന് മുറ്റത്തേക്കിറങ്ങി. “ജനാലയെല്ലാം ഒന്നു തുറന്നിട് കുട്ട്യേ. ഇത്തിരി കാറ്റ് അകത്തേക്ക് കയറട്ടെ”. അപ്പൂപ്പന്റെ വാക്കുകൾ കേട്ട് നിള ജനലുകളെല്ലാം തുറന്നിട്ടു. അപ്പൂപ്പന്റെ കൂടെ അവളും മുറ്റത്തേക്കിറങ്ങി. ഒരു കുളിർമ്മയുള്ള കാറ്റ് വീശിയിരുന്നെങ്കിലെന്ന് അവൾ ആഗ്രഹിച്ചു.

തന്റെ കൊച്ചു ഗ്രാമത്തിൽ നിന്നും പട്ടണത്തിലെ കോൺക്രീറ്റു കൊണ്ടു തീർത്ത ഇരുനില വീട്ടിലേക്കു വന്നിട്ട് ഒരു മാസമേ ആയിരുന്നുള്ളൂ. ഇവിടത്തെ വീർപ്പു മുട്ടുന്ന അന്തരീക്ഷത്തെ അവൾക്ക് ഉൾക്കൊള്ളാൻ സാധിച്ചില്ല. ഈ പട്ടണത്തിൽ ഭൗതീകസാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പരക്കം പാച്ചിലിൽ മാലിന്യക്കൂമ്പാരങ്ങൾ ഉയരുകയും പ്രകൃതിയെ നശിപ്പിക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക്കിന്റെ അമിതമായ ഉപയോഗവും ഹോട്ടലുകളിൽ നിന്നും അറവുശാലകളിൽ നിന്നും വ്യവസായസ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ ധാരാളം രോഗങ്ങൾ ഉണ്ടാക്കുകയും അന്തരീക്ഷ മലിനീകരണത്തിനു കാരണമായിത്തീരുകയും ഇതുമൂലം കാലാവസ്ഥ വ്യതിയാനം ഉണ്ടാകുകയും ചെയ്യുന്നു. ഇതെല്ലാം അതിജീവിക്കേണ്ടത് ആധുനിക തലമുറയുടെ ആവശ്യമാണെന്ന് അവൾ ഒരു നെടുവീർപ്പോടെ ഓർത്തു. അവൾ തന്റെ അപ്പൂപ്പനോടു് ചേർന്നിരുന്നു കൊണ്ട് പറഞ്ഞു. നമുക്ക് നമ്മുടെ ഗ്രാമത്തിലെ ചെറിയ വീടു മതിയായിരുന്നു. അവിടത്തെ മണ്ണിനോടും പ്രകൃതിയോടും എന്ത് ആത്മബന്ധമാണ് ഉണ്ടായിരുന്നത്. വേനലും മഴയും വസന്തവും മഞ്ഞുമെല്ലാം ഉണ്ടായിരുന്ന നമ്മുടെ കൊച്ചുഗ്രാമം അല്ലേ അപ്പൂപ്പാ? എന്നു പറഞ്ഞു കൊണ്ട് അവൾ തന്റെ പ്രകൃതിരമണീയമായ ഗ്രാമത്തെപ്പറ്റിയോർത്തു. വീടിന്റെ പിന്നിലുണ്ടായിരുന്ന പുഞ്ചപ്പാടങ്ങൾ അവളുടെ മനസ്സിൽ ഓടിയെത്തി. സ്വർണ്ണമണികൾ അണിഞ്ഞു നിൽക്കുന്ന

നെൽക്കതിരുകളും അതിനെ തഴുകി വരുന്ന ഇളംകാറ്റും പച്ചപിടിച്ചു ഊർജ്ജസ്വലമായി നിൽക്കുന്ന പുൽമേടുകളും പാടവരമ്പും നാട്ടുവഴികളും പലതരം പക്ഷികളുടെ കിളിക്കൊഞ്ചലുകളും വീടിന്റെ മുന്നിലൂടെ ശാന്തമായി ഒഴുകുന്ന പുഴയും അതിൽ നീന്തിക്കളിക്കുന്ന കൂട്ടുകാരെയും ഓർത്തു. കുലച്ചു നിൽക്കുന്ന വാഴകളും മാവിൽ നിറയെ തേൻപോലെ മധുരമുള്ള മാമ്പഴങ്ങളും കൊതിയോടെ ഓർത്തു. വീട്ടുവളപ്പിൽ തന്നെ എത്ര ചങ്ങാതിക്കൂട്ടമാണ് തനിക്ക് ഉണ്ടായിരുന്നത്. ഉപ്പനും മരംകൊത്തിയും മഞ്ഞക്കിളികളും കാക്കകളും. തത്തമ്മയോടും കൊച്ചു കൊച്ചു വർത്തമാനങ്ങളും വിശേഷങ്ങളും പങ്കു വച്ചിരുന്നു. വീട്ടിൽ വേലിയായി കെട്ടിയിരുന്ന ചെമ്പരത്തിക്കാടുകളിൽ നിന്നും പറന്നു വരുന്ന പൂമ്പാറ്റകളും മുത്തശ്ശിമാവിന്റെ കൊമ്പത്ത് ഓടിക്കളിക്കുന്ന അണ്ണാറക്കണ്ണനും കൂവുമ്പോൾ തിരികെ തന്നോടൊപ്പം കൂവുന്ന കുയിലുകളും അവളുടെ മനസ്സിലേക്കു തെളിഞ്ഞു വന്നു. മുറ്റത്ത് ഔഷധഗന്ധമുള്ള പനിക്കൂർക്കയും തുമ്പയും കുറുന്തോട്ടിയും  പിന്നെ പേര, അരയാൽ, പ്ലാവ് , ചെമ്പകം അങ്ങനെ എത്രയെത്ര വൃക്ഷമിത്രങ്ങൾ. വഞ്ചിപ്പാട്ടിന്റെ താളമുയരുന്ന ജലോത്സവവും ചൂണ്ടയിട്ടു മീൻ പിടിക്കുന്ന കുട്ടിക്കൂട്ടങ്ങൾ, മുത്തശ്ശി മാവിന്റെ ചുവട്ടിൽ കഞ്ഞിയും കൂട്ടാനും കളിക്കുമ്പോൾ ചെറു കാറ്റടിച്ചു താഴെ വീഴുന്ന ചൊന മാറാത്ത മാങ്ങ തിന്നുമ്പോൾ ഉണ്ടാകുന്ന രുചിയും ഇപ്പോഴും തന്റെ നാവിൻതുമ്പിലുള്ളതായി നിളയ്ക്കു തോന്നി. അപ്പൂപ്പൻ നല്ലൊരു കൃഷിക്കാരനായിരുന്നു. തൊടിയിൽ നിറയെ ചീര, വെണ്ട, പയർ, വഴുതന, മത്തൻ എന്നിങ്ങനെ ധാരാളം പച്ചക്കറികൾ വീട്ടിലുണ്ടായിരുന്നു. അപ്പൂപ്പൻ വളമായി ചാണകവും പിണ്ണാക്കും ചാരവുമാണ് ചെടികൾക്ക് കൊടുത്തിരുന്നത്. ഒരിക്കലും കീടനാശിനികൾ ഉപയോഗിച്ചിരുന്നില്ല. ഞാൻ ചെടികൾക്ക് വെള്ളം ഒഴിക്കാനും ചെടികൾ നടാൻ സഹായിക്കുകയും ചെയ്തിരുന്നു. അതിന് പൂവുണ്ടാകുന്നതും കായാകുന്നതുമെക്കെ സന്തോഷത്തോടെയാണ് നോക്കി കണ്ടിരുന്നത്. മഴക്കാലത്ത് വീട്ടുമുറ്റത്തും പറമ്പിലുമൊക്കെ വെള്ളം നിറയുമ്പോൾ കടലാസുകൊണ്ട് വഞ്ചിയുണ്ടാക്കി കളിച്ചതും അവളുടെ മനസ്സിലൊരു ചിത്രം പോലെ തെളിഞ്ഞുനിന്നു. തന്റെ ഓടിട്ട കൊച്ചു വീട് ഗ്രാമീണ വിശുദ്ധി നിറഞ്ഞു ആ ഗ്രാമം പ്രകൃതിയോട് ഇണങ്ങി ജീവിച്ച തന്റെ ദിനങ്ങളെയോർത്ത് നല്ല നിമിഷങ്ങളെയോർത്ത് ഇനിയൊരിക്കലും അതൊന്നും തിരിച്ചു വരില്ലല്ലോ എന്നോർത്ത് അവൾ തേങ്ങി. ആ തേങ്ങൽ കേട്ടിട്ടാണോ പുറത്തു നിന്ന് ഒരു തണുത്ത കാറ്റ് അവളെ തഴുകി ആശ്വസിപ്പിച്ചു.

**കൃപ മരിയ സാബു**
8 ബി, ബി.ബി.എം.എച്ച്.എസ്.വൈശ്യംഭാഗം
മങ്കൊമ്പ് ഉപജില്ല, ആലപ്പുഴ

# വിഷുപ്പക്ഷി

"ഒന്ന്, രണ്ട്, മൂന്ന്" വളരെ പതുക്കെയാണവ!ൾ അത് പറഞ്ഞത്.പക്ഷെ പിന്നീട് ഒന്നുകൂടി സ്വയം കുടഞ്ഞുകൊണ്ട് നിർത്താതെ ഒറ്റശ്വാസത്തിൽ മൊഴിഞ്ഞു, "നാല്, അഞ്ച് , ആറ്, ... പത്ത്, പതിനൊന്ന്" അടുക്കളയുടെ ചൂടിൽ വെന്തുരുകി കുക്കർ കരഞ്ഞു. കറിക്ക് ഉപ്പ് ഇടണം തേങ്ങാ ചെരവണം പാത്രങ്ങൾ കഴുകണം തുടങ്ങി, വിവിധ നിറത്തിലും ഭാവത്തിലും അടുക്കളയുടെ രാജ്ഞി ചെലച്ചുക്കൊണ്ടിരുന്നു.അപ്പോഴും മേടത്തിലെ സൂര്യൻ അസ്തമിക്കാറായിട്ടില്ല. "പോയ് കണിക്കൊന്ന പറിച്ചുക്കൊണ്ടുവാ ന്റെ ലക്ഷ്മീദേവീ..." ഉമ്മറത്ത് നിന്ന് അമ്മ വിളിച്ചു പറഞ്ഞു.അല്പം കടുപ്പിച്ചുള്ള ചൂട് പിന്നീട് സമ്മർദ്ദം കൂട്ടുകയായിരുന്നു. "അവളിവിടെ കിടന്ന് എണ്ണിക്കളിക്കുവാ. പോയ് പറിക്കെടീ..."

മെല്ലെ, തെളിഞ്ഞ മാനത്ത് കാർമേഘങ്ങൾ അടഞ്ഞുകൂടിയിരിക്കുന്നതുപോലെ നേരിയ ഇരുട്ട് പടർന്നു. പൊടിപടലങ്ങളുടെ കുത്തൊഴിക്കിൽപ്പെടാതെ ചാരുകസേരയിൽ നിവർന്നിരുന്ന് താടിയിൽ തടവിക്കൊണ്ട് മുത്തശ്ശൻ ഭാവാഭിനയം കാണിച്ചു. വെളുത്ത രോമങ്ങളിലെ കറുത്തപൊട്ടുകൾ എന്തിന്റെ സൂചകമായിരുന്നുവെന്ന് അറിയില്ല.

ഇളംകാറ്റിന്റെ തഴുകൽ നന്നേ രസിപ്പിച്ചു.ലക്ഷ്മിയുടെ മുഖത്ത് വിയർപ്പുത്തുള്ളികൾ ചാടിക്കളിച്ചു. എവിടെയോ എന്തോ കരിയുന്ന മണം. വിങ്ങലിന്റെ മഞ്ഞപ്പ്. ആകെ ഒരു അവ്യക്തത. നെറ്റിയിൽ പ്രത്യക്ഷമായി കാണപ്പെട്ട വട്ടപ്പൊട്ട് ഭംഗിയെ ഉതകിക്കൊണ്ട് വരച്ചതായിരിക്കണം.

"പീലി മോളെ, ഇതുവരെ പറിച്ചില്ലേ പോയിപ്പറിക്ക്." അമ്മ വീണ്ടും ശബ്ദമുയർത്തി. "ലക്ഷ്മി" എന്ന പേര് ആരും അധികം ഉപയോഗിച്ചിട്ടില്ലായിരുന്നു. എന്നോ ഒരു ദിവസം കാൽതെറ്റി വീണപ്പോൾ അറിയാതെ മിഴികൾ ചൊരിഞ്ഞ മഴ കണ്ടിട്ടാവണം പീലി എന്ന പേര് വാമൊഴിയിലൂടെ വീണത്. ഭഗവാൻ ശ്രീകൃഷ്ണന്റെ മയിൽപീലിയുടെ അംശം തന്നിലുണ്ടെന്ന തോന്നൽ അവളെ എന്നും ആഹ്ലാദിപ്പിച്ചു. വരയ്ക്കാനോ പാടാനോ ആടാനോ അറിയാത്തൊരു കുട്ടി എന്ന് എല്ലാവർക്കും അറിയാമായിരുന്നിട്ടും കൂടി "കളിയാക്കൽ" എന്ന പ്രക്രിയയ്ക്ക് അത് നല്ലവണ്ണം കലങ്ങിതെളിഞ്ഞ ഒരു വസ്തുതയായിരുന്നു. പക്ഷെ, എന്തും ആസ്വദിക്കാൻ അവൾക്കറിയാമായിരുന്നു...

ഇതിന്റെയെല്ലാം തുടക്കം എന്നിലൂടെയാണ്.നാളത്തെ വിഷുവിന് വേണ്ടി മാത്രം കാത്തിരിക്കുന്ന എന്നിലൂടെ. ജീവനിൽ തിരിതെളിയിച്ച് വിഷുവിന് ഞാൻ പൂത്തിരികത്തിക്കും. ഇതുവരെ എന്ത് തന്നെ സംഭവിച്ചാലും വർഷിക്കാൻ പോകുന്ന മഴയുടെ തണുപ്പത്തിരുന്ന് കുളിരാടാനാണെനിക്കിഷ്ടം. മണ്ണിന്റെ ഗന്ധത്തിലൂടെ വളരാനും. "പീലീ..." അമ്മയുടെ സ്വരം വീണ്ടും മുഴങ്ങി. മുറ്റത്ത്

പൂത്ത് നിന്ന എന്നെ നോക്കി പീലി മന്ത്രിച്ചു, ''നീ തന്നെ പറ, എത്ര തിരക്കുപിടിച്ചാണ് നാളത്തെ വിഷു ആഘോഷിക്കാൻ നിന്നെ കൊണ്ടുപ്പോകുന്നത്?'' ശരിയാണ് സന്തോഷത്തോടെയാണ് എന്നെ കൊണ്ടുപ്പോകുന്നത്. കർഷകരെ വിത്തും കൈക്കോട്ടുമെടുക്കാനുള്ള സമയം ഓർമ്മപ്പെടുത്തുന്ന വിഷുപ്പക്ഷികൾ... അതേ പക്ഷികൾ പാടിനടക്കുന്ന മണ്ണിൽ തന്നെയാണോ ഇന്ന് ഞാൻ നിലകൊള്ളുന്നത്? പ്രകൃതി എന്തിന് മൂകയാവുന്നു? പീലിയുടെ നേർക്ക് ഞാൻ നോക്കിനിന്നു. ചുണ്ടുകൾ വീണ്ടും അനങ്ങി, "പക്ഷെ ഇവിടുത്തെ പ്രശ്നങ്ങൾ നിന്നെയറിയിക്കാതെയെങ്ങനാ?വൈറസുകൾ പെരുകുവല്ലേ... മരണങ്ങളുടെ കണക്കുകൾ എണ്ണി എണ്ണിയാ പറയുന്നത്. ഇപ്പോ അതാണ് താരം. പക്ഷെ നമ്മൾ വിട്ടുകൊടുത്തിട്ടില്ല കേട്ടോ. കുറച്ച് ആശ്വാസമുണ്ടിപ്പോൾ. കണ്ണിന് കാണാത്ത ഇവയൊക്കെ ഇങ്ങനെ പെരുകിയാൽ മനുഷ്യർക്ക് ജീവിക്കാൻ പറ്റുമോ?" അവളുടെ കണ്ണിൽനിന്ന് ഒരു തുള്ളി വെള്ളം ഉരുണ്ട് ചുണ്ടുകളെ സ്പർശിച്ച് താഴേക്ക് ഒഴുകിപ്പോയി. തൊണ്ടയിടറി, വിഷുപ്പക്ഷികൾ കരയുകയാണോ? പീലിയുടെ വാക്കുകളിൽ സന്തോഷം നിറയാത്തത് ഒട്ടും അതിശയകരമായി എനിക്ക് തോന്നിയില്ല. കണ്ണുകൾ തുറന്നത് ഇങ്ങനെയൊരു അവസ്ഥയിലാണെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. നേരിയ വിങ്ങൽപ്പാടുകൾ എന്നിലും സ്പർശിച്ചു.സൂര്യൻ ഉജ്ജ്വലിക്കുന്നു. പക്ഷികൾ കരഞ്ഞപേക്ഷിക്കുന്നു."വിളക്കുകൾ കൊളുത്തുക" എന്നായിരുന്നു അവളുടെ വാക്കുകൾ. ഓർമ്മപോലൊരു ദിവസം വേണമെങ്കിൽ സന്തോഷം നിറഞ്ഞതായിരിക്കണം. എന്റെ മഞ്ഞപ്പിലേക്ക് ഞാൻ തന്നെ സൂക്ഷിച്ചു നോക്കി.ശരിയാണ്. ആർക്കുംആരെയും ഒന്നിനും നിർബന്ധിക്കാനാവില്ല. വീണ്ടുമൊരു വിഷു വരും. അമ്മ മുരളിച്ച ശബ്ദത്തോട് കൂടി ചോദ്യം ഉന്നയിച്ചു. "പറിച്ചോ?" ഉടനടി എന്റെ മാറിലേക്ക് ചാരി നിന്ന് പൂക്കൾ പറിച്ചുക്കൊണ്ട് അവൾ ആശ്വാസകരമായൊരു ഉത്തരം നൽകി; പറിച്ചു. "ഭഗവാന്റെ അനുഗ്രഹം എനിക്ക് മേൽ വർഷിച്ചു. ഭീതിയുടെ ചിഹ്നം മറ്റെല്ലാവർക്കും ഉണ്ടായിരുന്നിട്ടും കൂടി പീലിയുടെ വാക്കുകൾ ആരെയും ആശ്വസിപ്പിക്കുന്നതായിരുന്നു. കണ്ണിന് കാണാത്ത എത്രയോ കാര്യങ്ങൾ നമ്മെ വേട്ടയാടിയിട്ടുണ്ട്. അവിടെ നാം പാലിച്ചതെന്തോ അത് തന്നെ ഇവിടെയും തുടരും. മനസ്സുകളുടെ അകലം; നമ്മൾ പാലിക്കുന്നത് നമ്മുടെ വേർപാടുകളുടെ സൂചകമായാണ്. ഒന്നും അനശ്വരമല്ല. വൈറസുകളാണ് നമ്മെ വേട്ടയാടുന്നത്. "നാളേക്ക് വാടുന്ന പൂക്കളിൽ പ്പോലും മൃദുമന്ദാരം പടർന്നീടാം അല്ലെങ്കിൽ പൊടിഞ്ഞുപ്പൊടിഞ്ഞ് കരിഞ്ഞുണങ്ങീടാം..." നിറഞ്ഞ അന്ധകാരത്തിലും തിളങ്ങി ജ്വലിക്കാൻ ഓരോ വിഷുപക്ഷിയും കൈനീട്ടും... "ന്റെ കണിക്കൊന്നേ നിന്നെ സമ്മതിക്കണം ഈ ഉറുമ്പുകളെയെല്ലാം നീ എങ്ങനെയാ സഹിച്ചത്?"

**അനുശ്രാ സാവിത്രി വി**
9 ഡി , ബി.ഇ.എം. എച്ച്. എസ്. കാസർഗോഡ്
കാസർഗോഡ് ഉപജില്ല, കാസർഗോഡ്

# നഗരജീവിതം നരകം

അയാൾ എഴുതി തുടങ്ങി: ഇതൊരു ഹിന്ദുവിന്റെ കഥയല്ല, ക്രിസ്ത്യന്റെയോ മുസൽമാന്റെയോ അല്ല. മാനവരാശിയുടെ തന്നെ അടിസ്ഥാനമായ പ്രകൃതി മാതാവിന്റെ രോദനമാണ്... നഗരത്തിലെ ചൂടുകാറ്റ് അയാളുടെ മുടിയിഴകളെ തഴുകി. ഉറക്കം കണ്ണുകളിൽ കൂട് കെട്ടുമ്പോഴുംമനസ്സു നിറയെ പിറന്നനാടും അവിടുത്തെ ഓർമ്മകളും ആയിരുന്നു. ഇന്നുവരെ തന്റെ സ്വന്തം ഇഷ്ടങ്ങൾക്ക് അയാൾ വില കൊടുത്തിട്ടില്ല. അച്ഛന്റെ തീരുമാനങ്ങളായിരുന്നു എല്ലാം. ഒരു ജേണലിസ്റ്റ് ആവുന്നതും ഈ നഗരത്തിൽ എത്തുന്നതും എല്ലാം അങ്ങനെ തന്നെയാണ്. ഒന്നും എതിർക്കാതിരുന്നത് അവരുടെ സന്തോഷത്തെ ഓർത്തിട്ടാണ്. തുറന്നിട്ട ജനാലയിലൂടെ കാറ്റ് പടർന്നിട്ടും മുറിയുടെ ഒരു മൂലയിൽ ഇരിക്കുന്ന മയിൽപ്പീലികൾ വീർപ്പുമുട്ടുന്നുണ്ടായിരുന്നു. രാവിലെ ഓഫീസിൽ എത്തിയപ്പോൾ തൊട്ടടുത്ത ക്യാബിനിലെ അർജുൻ ആണ് പറഞ്ഞത് മാനേജർ വിളിക്കുന്നുണ്ടെന്ന്. കാരണം അറിയാമായിരുന്നതുകൊണ്ട് തന്നെ അയാൾ പോകാൻ മടിച്ചു. ഉറക്കച്ചടവിൽ മുങ്ങിയതുപോലുള്ള അയാളുടെ നടത്തത്തെ അർജുൻ ആശ്ചര്യത്തോടെ നോക്കി നിന്നു. പ്രതീക്ഷിച്ചതു പോലെ തന്നെ ഒരു എഡിറ്റോറിയൽ എഴുതാനാണ് അദ്ദേഹം വിളിപ്പിച്ചത്. ഇതിപ്പോ മൂന്നാംതവണയാണ് ഇങ്ങനെ ഒരു ദൗത്യം തന്നെ ഏൽപ്പിക്കുന്നത്. ഇത്തവണ വിഷയം പരിസ്ഥിതി പ്രശ്നങ്ങളാണ്. ഫ്ളാറ്റ് ജീവിതത്തിലെ സുഖലോലുപതയിൽ കഴിയുന്ന താൻ അതിനെപ്പറ്റി എന്ത് എഴുതാനാണ്! അല്ലെങ്കിലേ എഴുത്ത് തന്റെ മാർഗ്ഗമല്ല. ചിന്തകളുടെ മൂടുപടം തീർത്ത മനസ്സുമായി അയാൾ ആ ദിവസം കഴിച്ചുകൂട്ടി. രാത്രിയുടെ ഏകാന്തതയെ കീറിമുറിച്ചു കൊണ്ട് വന്ന തിരക്കിട്ട് ഓടുന്ന വാഹനങ്ങളുടെ ഇരമ്പൽ അയാളെ അസ്വസ്ഥനാക്കി. കുറേ നേരമായി കൈയിലിരുന്ന് പേനയും കടലാസും മുഷിയുന്നു. അല്പം ശ്വാസം പോലും കിട്ടാതെ മയിൽപീലിതണ്ടുകൾ വീർപ്പുമുട്ടുന്നു. എന്തെഴുതണമെന്നോ എങ്ങനെയെഴുതണമെന്നോ അറിയില്ല... ഇത്തവണ കൂടി എഴുതിയില്ലെങ്കിൽ ഇനി ഈ ജോലി ഉണ്ടാവുമോ എന്ന് തന്നെ അറിയില്ല. സ്വയം ആശ്വസിപ്പിക്കാൻ എന്ന വിധത്തിൽ ഒരു നിമിഷം അയാൾ മിഴികൾ അടച്ചു. പിന്നെ ജനാലകൾ തുറന്ന്, തിരിഞ്ഞുനോക്കാൻ പോലുമാകാതെ മുന്നോട്ടുകുതിക്കുന്ന നഗരത്തെ നോക്കി നിന്നു. പിന്നെ മുറിയിലേക്ക് അതിക്രമിച്ചുകയറിയ പൊടിക്കാറ്റിലുലയുന്ന മയിൽപ്പീലികളെ നോക്കി. അവയുടെ ഇമകൾ എന്തോ പറയാൻ വെമ്പുന്നതായി അയാൾക്ക് തോന്നി. ഉറക്കത്തിന്റെ മായാലോകത്തേക്ക് തെന്നിവീണു കൊണ്ടിരിക്കുന്ന പേനയും കടലാസും എടുത്തു ഒന്ന് കുടഞ്ഞ് അയാൾ എഴുതി തുടങ്ങി: ഇതൊരു ഹിന്ദുവിന്റെ കഥയല്ല, ക്രിസ്ത്യാനിയുടെയോ മുസൽമാന്റെയോ അല്ല. മാനവരാശിയുടെ തന്നെ അടിസ്ഥാനമായ പ്രകൃതിമാതാവിന്റെ രോദനമാണ്

**ശ്രീലേഖ കൃഷ്ണൻകുട്ടി**
ബി.ജി.എച്ച്.എസ്. ഞാറല്ലൂർ, കോലഞ്ചേരി ഉപജില്ല, എറണാകുളം

# എന്റെ ഗ്രാമം

സമർത്ഥനായ ചിത്രകാരന്റെ പെയിന്റിംഗ് പോലെ മനോഹരമായ സായാഹ്നം. വെറുതെ പുഴക്കരയിലേക്ക് നടന്നു. പുഴക്കരയിലെ കടവിന്റെ സമീപത്തുള്ള ബദാം വൃക്ഷത്തിന്റെ ചുവട്ടിൽ ഇരുന്നു. പകൽ വിട പറഞ്ഞ് രാത്രിക്ക് സ്വാഗതമേകാൻ നിമിഷങ്ങൾ മാത്രം... ഇരുട്ടും മുൻപ് വീടണയുവാൻ വെമ്പുന്ന ചെറുതും വലുതുമായ പക്ഷികൾ... കൂട്ടമായും ഒറ്റയ്ക്കും കൂടണയുന്ന പക്ഷികൾ... പുഴയെയും വയലുകളെയും തഴുകിത്തലോടി വന്ന മന്ദമാരുതനാൽ അറിയാതെ ഞാൻ ഒന്നു മയങ്ങിപ്പോയി...

പെട്ടന്നതാ മനോഹരമായ പാടത്തെ വെള്ളത്തിലേക്ക് ഒരുകൂട്ടം ദേശാടനപക്ഷികൾ പറന്നിറങ്ങി. തങ്ങളുടെ വാസസ്ഥലത്ത് വന്ന പുതിയ അതിഥികളെ കണ്ടു അവിടുത്തെ ജീവികൾക്ക് വളരെ സന്തോഷമായി. മീനുകൾ സന്തോഷത്താൽ അങ്ങോട്ടുമിങ്ങോട്ടും ഓടിക്കളിച്ചു. മാക്രി കുഞ്ഞുങ്ങൾ തങ്ങൾക്ക് ലഭിച്ച കഴിവിന് ഒത്തവണ്ണം പാട്ടുകൾ പാടി. ആമ്പൽ പൂവുകൾ ഇളം കാറ്റിലാടി സ്വാഗതമോതി. തീറ്റ കഴിഞ്ഞ് വിശ്രമിക്കുന്നതിനായി തന്റെ ചില്ലകളിൽ സ്ഥലം ഒരുക്കി തേന്മാവ്. എത്ര സന്തോഷത്തോടെയുള്ള സായാഹ്നം... വിശ്രമത്തിനുശേഷം കിളികൾ വീണ്ടും പാടത്തേക്കിറങ്ങി. സന്തോഷത്താൽ മതിമറന്ന് നിൽക്കുന്ന ആമ്പൽപൂവുകളെയും മറ്റു ജീവജാലങ്ങളെയും തഴുകിക്കൊണ്ട് അതുവഴി വന്ന കുഞ്ഞിക്കാറ്റ് അവരോടായി മെല്ലെ പറഞ്ഞു. അല്ലയോ കൂട്ടുകാരെ, നിങ്ങളുടെ ഈ സന്തോഷം താൽക്കാലികമാണ്. നേരം വെളുക്കുമ്പോൾ കിളികൾ അവരുടെ കൂടുകളിലേക്ക് മടങ്ങിപ്പോകും. കുഞ്ഞി കാറ്റിനോട് അല്പമായ ദേഷ്യം തോന്നിയത് അല്ലാതെ ആരും ഒന്നും മിണ്ടിയില്ല. സമയം മുന്നോട്ട് ഓടിക്കൊണ്ടിരുന്നു. പെട്ടന്നുള്ള ചിറകടി ശബ്ദം കേട്ടുകൊണ്ടാണ് എല്ലാവരും ശ്രദ്ധിച്ചത്... അപ്പോഴതാ ദേശാടനപക്ഷികൾ ആകാശത്തേക്ക് ഉയർന്നു കഴിഞ്ഞിരുന്നു. എന്റെ അരികിലൂടെ വന്ന ബോട്ടിന്റെ ഹോണടി ശബ്ദം കേട്ട് ഞാൻ മയക്കത്തിൽ നിന്നും ഞെട്ടിയുണർന്നു. നേരം വൈകി ഇരുട്ട് വീണു തുടങ്ങിയിരുന്നു.


വയലുകളും പുഴകളും കുന്നുകളും ഇല്ലാത്ത വികസനത്തിന്റെ പേരിൽ തകർത്തുകളഞ്ഞ എന്റെ ഗ്രാമത്തെ കുറിച്ച് ഓർത്ത് കണ്ണുകൾ തുടച്ചുകൊണ്ട് ഞാൻ വീട്ടിലേക്ക് നടന്നു.

**ഫേബ സുനിൽ**
9 എ
ബേക്കർ മെമ്മോറിയൽ ഗേൾസ്,എച്ച്.എസ്സ്,എസ്സ്
കോട്ടയം ഈസ്റ്റ് ഉപജില്ല, കോട്ടയം

# തിരിച്ചറിവ്

ഇന്ന് എനിക്ക് അത്ര സുഖകരമായ ഒരു ദിവസം അല്ല. കുറെ നാളുകളായി ഞാൻ തടങ്കലിൽ ആയിരുന്നു. എന്നാൽ കഴിഞ്ഞ കുറച്ചു ആഴ്ചകളായി എന്റെ ജീവിതത്തിന്റെ ഏറ്റവും നല്ല ദിവസങ്ങളിലൂടെ ആയിരുന്നു ഞാൻ സഞ്ചരിച്ചു പോന്നത്. പർവ്വതങ്ങളും കുന്നുകളും താഴ് വരകളും പുഴകളും താണ്ടി ഞാൻ ലോകത്തിന്റെ നാനാ ഭാഗങ്ങളിലൂടെ ഉലാത്തുകയയിരുന്നു. ചില ഇടങ്ങളിൽ ആളുകൾ എന്നെ നന്നായി സ്വീകരിച്ചു. അവരുടെ അലമുറകളാൽ ഞാൻ സന്തോഷ പുളകിതനായി. മനോഹരമായ കെട്ടിടങ്ങളും വാഹനങ്ങളും നിറഞ്ഞ പാതകൾ എന്നെ ഹരം കൊള്ളിച്ചു. നിമിഷങ്ങൾക്കുള്ളിൽ ഞാൻ ജനങ്ങൾക്ക് വിശ്രമം കൊടുത്തു. അന്തരീക്ഷ മലിനീകരണം ഞാൻ ഏറ്റവും അധികം കുറച്ചു. ചില ഭവനങ്ങളിൽ ഞാൻ മൂലം സന്തോഷം അലയടിച്ചു.

എത്ര തിരക്കിട്ട ജീവിതമാണ് ഓരോരുത്തരും നയിക്കുന്നത് എന്നത് എന്നെ വളരെ അധികം അതിശയിപ്പിച്ചു. എത്ര പെട്ടന്ന് ആണ് ഞാൻ സാമൂഹിക മാദ്ധ്യമങ്ങളിൽ ഇടം പിടിച്ചത് എന്നോർത്തു ഞാൻ അത്ഭുതപ്പെട്ടു പോയി. വമ്പൻ രാഷ്ട്രങ്ങൾ ഉപയോഗിക്കുന്ന ജെറ്റ് വിമാനങ്ങൾക്ക് പോലും അത്രയും വേഗത കാണില്ല എന്ന വസ്തുത എന്നെ അതിശയിപ്പിച്ചു. ഇങ്ങനെ സന്തോഷിച്ച് ഇരുന്ന സമയത്താണ് ഞാൻ മാമലകൾക്ക് അപ്പുറത്തുള്ള മലയാള നാട്ടിലേക്ക് ഒരു യാത്ര പോകാം എന്ന് ഓർത്തത്. അങ്ങനെ ഞാൻ ഫെബ്രുവരി അവസാന വാരം ഇങ്ങോട്ടേക്ക് യാത്ര തിരിച്ചു. ഒരു പക്ഷെ ഞാൻ അന്ന് അറിഞ്ഞിരുന്നില്ല മടങ്ങി വരവ് ഇല്ലാത്ത ഒരു യാത്രയ്ക്കാണ് ഞാൻ തയാറാകുന്നത് എന്ന്. അങ്ങനെ ഞാൻ മലയാളക്കരയിൽ കാലുകുത്തി. എന്നെ കണ്ടിട്ട് ആൾക്കാർ ആദ്യമൊക്കെ സമാധാനപരമായ നിലപാട് ആണ് സ്വീകരിച്ചത്. എന്നാൽ ഉഗ്ര വിഷമുള്ളവനായ ഞാൻ വളരെ പെട്ടെന്ന് തന്നെ ഒറ്റപ്പെടലിന്റെ വേദന അറിയുവാൻ തുടങ്ങി. ആളുകൾ എന്നെ കണ്ട് പുറത്തിറങ്ങാത്ത സാഹചര്യം ആയി. പേടിയല്ല മറിച്ച് ഒരുതരം അവഗണനയിൽ ഞാൻ മുങ്ങി താഴാൻ തുടങ്ങി. ഇവിടുത്തെ ആളുകൾ എത്ര മാത്രം! പ്രതിരോധിക്കുന്നവർ ആണ് എന്നുള്ളത് എന്നെ വളരെ അധികം



തളർത്തി. എന്നെ കാണുമ്പോൾ ചിലർ മുഖം മറയ്ക്കുവാൻ തുടങ്ങി. അപ്പോൾ ഞാൻ വിചാരിച്ചു പ്രായമായവരും കൊച്ചു കുട്ടികളും എന്റെ വിഷമത്തിൽ പങ്ക് ചേരും എന്ന്, എന്നാൽ അവർ എന്നെ കാണാൻ കൂട്ടാക്കിയില്ല. എന്റെ നേരെ വെള്ളം കോരി ഒഴിച്ച് എന്നെ അപമാനിക്കാൻ ശ്രമിച്ചവരുടെ എണ്ണവും കുറവല്ല. പൊടുന്നനെ എനിക്ക് എന്നിലുള്ള വിശ്വാസം കുറഞ്ഞു തുടങ്ങി. ഞാൻ ഈ ലോകത്തോട് പ്രത്യേകിച്ച് മലയാള നാടിനോട് വിടപറയുകയാണ്. ഇവിടുത്തെ കരളുറപ്പുള്ള മനുഷ്യരെ പൊരുതിതോൽപിക്കുവാൻ ആവുമെന്ന് എനിക്ക് തോന്നുന്നില്ല. വളരെ അധികം ദുഖത്തോടെ ഒരു പക്ഷെ ഒരിക്കലും ഇനി തിരിച്ച് വരില്ല എന്ന ദൃഢബോധ്യത്തോടെ ഞാൻ ഇന്ന് എന്റെ ജീവിതത്തിന് തിരശ്ശീല ഇടുകയാണ്. എല്ലാവരും സുഖമായി ഉറങ്ങുക!

എന്ന് സ്വന്തം,

(ഒപ്പ്)

കൊറോണ വൈറസ്.

**അന്ന റോസ് ജിജോയ്**
6 ബി, ബേക്കർ മെമ്മോറിയൽ ഗേൾസ്,എച്ച്.എസ്സ്,എസ്സ്
കോട്ടയം ഈസ്റ്റ് ഉപജില്ല, കോട്ടയം

# ഒരു കൊറോണക്കഥ

''ലോക്ഡൗണായി എല്ലാവരും വീട്ടിലിരിക്കുകയല്ലേ? ഒന്നു നാടുചുറ്റിയാല്ലോ?'' ഇതും ചിന്തിച്ച് കൊണ്ട് കൊറോണ നാട്ടിലേക്ക് ഇറങ്ങി. ആദ്യം കണ്ട വീട്ടിലേക്ക് കൊറോണ ജനാല വഴി എത്തി നോക്കി. ഭക്ഷണത്തിനു മുമ്പ് സോപ്പിട്ട് കൈ കഴുകുന്ന കുട്ടികൾ; വീടും പരിസരവും വൃത്തിയാക്കുവാൻ മുൻകൈ എടുക്കുന്ന ഗൃഹനാഥൻ; അടുക്കളയിൽ സൂക്ഷ്മശുചിത്വം പാലിക്കുവാനായി പ്രവർത്തനിരതയായ അമ്മ. "ഞാൻ വന്നതുകൊണ്ട് എന്തായാലും ഇത്തിരി വൃത്തിയും വെടിപ്പും വന്നിട്ടുണ്ട്." ഇതും പറഞ്ഞുകൊണ്ട് കൊറോണ അടുത്ത വീട്ടിലേക്ക് ന ടന്നു.

"ഇനിയും കുറച്ച് ദിവസത്തേക്ക് കളിക്കുവാനായി പുറത്തിറങ്ങണ്ട! രോഗം പടരാതിരിക്കുവാൻ നമുക്ക് സാധിക്കുന്നതെല്ലാം ചെയ്യണം! സാമൂഹ്യ അകലം പാലിക്കലാണ് ഏറ്റവും നല്ല പ്രതിരോധം." സാമൂഹ്യ അകലം പാലിക്കുന്നതിന്റെ അവശ്യകത മക്കളോട് വിശദീകരിക്കുകയായിരുന്നു അമ്മ. "നമ്മുടെ മൂത്ത മോന്റെ കാര്യം! എത്ര പറഞ്ഞാലും അവൻ കേൾക്കില്ല." എല്ലാവരുടെയും ശ്രദ്ധ വിദേശത്തു നിന്ന് മടങ്ങിയെത്തി ക്വാറന്റയിൻ കാലം മുഴുവൻ ഏകനായി ചിലവഴിച്ച മാതൃകാപൗരനായ ആ പിതാവിലേക്ക് തിരിഞ്ഞു; "എന്താ കാര്യം?" കാര്യവ്യക്തതയ്ക്കു വേണ്ടി അമ്മ ആരാഞ്ഞു. "നമ്മുടെ ഫാമിലി ഗ്രൂപ്പിൽ, ചായയിൽ മഞ്ഞൾപൊടി ചേർത്ത് കുടിച്ചാൽ കൊറോണ വരില്ല എന്ന് നമ്മുടെ മോൻ പോസ്റ്റ് ചെയ്തിരിക്കുന്നു'', ''അതിനെന്താ രോഗം വരാതി രിക്കുവാനല്ലേ ചേട്ടൻ അങ്ങനെ പറഞ്ഞത്?'' കുട്ടികൾ സംശയം പ്രകടിപ്പിച്ചു. "മക്കളേ, കൊറോണ വൈറസിന് ഇതുവരെയും ഒരു മരുന്നും കണ്ടുപിടിച്ചിട്ടില്ല. ഇത്തരം വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നതുകൊണ്ട് ജനങ്ങളുടെ ഇടയിൽ ആശങ്ക പടരുവാൻ കാരണമാവും. എന്തായാലും ഞാൻ അവനെ വിളിച്ച് ഇത് ഡിലീറ്റ് ചെയ്യാൻ പറയാം." "പക്ഷേ മക്കളെ സാമൂഹ്യ അകലം പാലിച്ചും വ്യാജവാർത്തകൾ പ്രചരിപ്പിക്കാതെയും ഇരുന്നാൽ അതാണ് ഏറ്റവും വലിയ പ്രതിരോധം.'' മക്കളെ തലോടിക്കൊണ്ട് അമ്മ പറഞ്ഞു.

കൊറോണയ്ക്ക് എന്തോ, താൻ ഒരു വില്ലനാണെന്ന് തോന്നി! അവൻ വിഷമിച്ചുകൊണ്ട് ഒരു കാട്ടിലേക്ക് നടന്നു.



കൊറോണ അവിടെ പ്രവേശിച്ചതും വൃക്ഷലതാദികൾ ആദരവോടെ മന്ദമാരുതനിൽ നൃത്തം ചെയ്തു. പറവകളും, അണ്ണാറക്കണ്ണന്മാരും, മുയലുകളും, മാൻപേടകളും, കളകളമൊഴുകുന്ന നദികളും, നീലാകാശവും അവരുടെ രീതിയിൽ നന്ദി പ്രകടിപ്പിച്ചു. "വിഷവാതകങ്ങൾ നിറഞ്ഞിരുന്ന ഞാനിപ്പോൾ ശുദ്ധനായി കൊണ്ടിരിക്കുന്നു" കാറ്റ് നന്ദിയോടെ പറഞ്ഞു. "മാലിന്യകൂമ്പാരമായിരുന്ന ഞാനിപ്പോൾ വജ്രശോഭയോടെ വീണ്ടുമൊഴുകുന്നു" നദി നന്ദി കരേറ്റി. "ഞങ്ങൾ ഇന്ന് സ്വതന്ത്രരാണ്. കാരണം ഞങ്ങളെ ദ്രോഹിക്കുവാനായി മനുഷ്യർക്ക് ആവുന്നില്ല." വൃക്ഷങ്ങളും ജീവജാലങ്ങളും പറഞ്ഞു. "നീ ഇപ്പോൾ പോകേണ്ട കൊറോണ. മനുഷ്യർ അല്പം കൂടി മാറുവാനുണ്ട്." എങ്ങു നിന്നോ കേട്ട ആ അശരീരി കൊറോണയെ അഹ്ലാദപൂരിതനാക്കി.

**ഹെവൻലി കോശി ടോം**
9 എ
മാർത്തോമ്മാ എച്ച് എസ്എസ്പത്തനംതിട്ട
പത്തനംതിട്ട ഉപജില്ല, പത്തനംതിട്ട

# ജീവന്റെ വായൂ

അന്തരീക്ഷത്തിൽ മുഴുവനായും പറന്നു നടക്കുന്ന എന്നെ നിങ്ങൾക്ക് വളരെ അത്യാവശ്യമാണ്. ജീവൻ നിലനിർത്താൻ ഓരോ മനുഷ്യനും ജീവജാലങ്ങൾക്കും ഞാൻ വളരെ അത്യാവശ്യമാണ്. എന്നെ മനസിലായില്ലേ ഞാനാണ "വായു".

ഏറെക്കാലമായി ഞാൻ മാലിന്യത്താൽ ശ്വാസം മുട്ടുന്നു... മുനുഷ്യൻ എന്നെ പലരീതിയിൽ ചൂഷണം ചെയ്യുന്നു. ഞാനില്ലാതെ അവർക്കു ജീവിക്കാൻ കഴിയില്ല എന്ന് ഓർമ്മിക്കുകപോലും ചെയ്യാതെ. വാഹനങ്ങളിൽ നിന്നുള്ള പുക, ഫാക്ടറിയിൽ നിന്നുള്ള പുക അങ്ങനെ പല തരത്തിലുള്ള മാലിന്യം കൊണ്ട് ഞാൻ ശ്വാസംമുട്ടുകയായിരുന്നു . ചിലയിടങ്ങളിൽ എന്റെ ശുദ്ധമായ രൂപം ലഭിക്കാതെ മനുഷ്യർ പരക്കം പാഞ്ഞു എന്നിട്ടും എന്നെ രക്ഷിക്കാൻ അവർ ശ്രമിച്ചില്ല. എന്റെ യഥാർഥ രൂപം, മണം എന്നിവയെല്ലാം കുറച്ചു ദിവസങ്ങളായി എല്ലാം മാറി മറിയുന്നു. എന്നെ എന്റെ പുതിയ ജീവിതത്തിലേക്ക് കൊണ്ടുവരാൻ മുനുഷ്യൻ തീരുമാനിച്ചോ? അറിയില്ല. എന്നാൽ ഇന്ന് എന്നിലേക്ക് തള്ളുന്ന മാലിന്യത്തിന്റ അളവ് കുറഞ്ഞിരിക്കുന്നു. ഫാക്ടറികൾ മാലിന്യം തള്ളുന്നില്ല. നിരത്തുകളിൽ പുക പടർത്തുന്ന വാഹനങ്ങൾ കാണുന്നില്ല. ആദ്യമെത്താനുള്ള മുനുഷ്യന്റ പരക്കംപാച്ചിൽ അവസാനിച്ചോ? ഒന്നും തന്നെ അറിയില്ല എന്നാൽ ഒന്നുമാത്രം അറിയാം ഞാൻ ഇന്ന് ശ്വസിക്കുന്നു തടസമില്ലാതെ എത്രനാളേയ്ക്ക് എന്ന് മാത്രം അറിയാതെ.

**രേവതി പവിത്രൻ**
ക്ലാസ് 4, മുതുകുട എൽ.പി സ്കൂൾ
തളിപ്പറമ്പ് നോർത്ത് ഉപജില്ല, കണ്ണൂർ


# ചൈനയിലെ രാക്ഷസി

2019 ഡിസംബർ മാസം ഒരു രാക്ഷസി ചൈനയിലെ ജനങ്ങളെ ആകെ പേടിപ്പിച്ചു. ഒരുപാടു പേരെ കൊന്നു തിന്നു. ചൈനക്കാർ പോകുന്ന സ്ഥലത്തെല്ലാം രാക്ഷസിയും പോയി. ലോകത്തെയാകെ വിറപ്പിച്ചു. എല്ലാവരും പേടിച്ചുവിറച്ചു പോയി. ചൈനക്കാരുടെ കൂടെ നമ്മുടെ കൊച്ചു കേരളത്തിലും ആ രാക്ഷസി എത്തി. നമ്മൾ മലയാളികൾ ആ രാക്ഷസിയെ പൂട്ടി. കൈ കഴുകിയും, വീടുകളിൽനിന്നും പുറത്തിറങ്ങാതെയും ആരോഗ്യപ്രവർത്തകർ പറയുന്നത് കേട്ടും, ഒറ്റക്കെട്ടായി നിന്നു നമ്മൾ ജയിച്ചു

**നക്ഷത്ര എസ്**
ക്ലാസ് 2 , മുള്ളൂൽ എൽ.പി.
തളിപ്പറമ്പ് നോർത്ത് ഉപജില്ല, കണ്ണൂർ

# ലോക്ഡൗൺ

നമിത വീടിനുപുറത്തേക്കിറങ്ങി. പ്രഭാതത്തിന്റെ കുളിർമയിൽ അവൾ തന്റെ വീടിന്റെ ഭംഗി നോക്കി കണ്ടു. ചെറിയ വീടാണ്, പക്ഷേ അവൾക്കും അമ്മ ഷീലക്കും അച്ഛൻ പ്രമോദിനും അതൊരു സ്വർഗ്ഗമായിരുന്നു. പല്ലുതേയ്ക്കുന്നതിനിടയിൽഅവൾ പഴയകാലം ഓർത്തു. രണ്ട് പ്രളയം . ആദ്യത്തേതിൽ അവളുടെ വീട് നഷ്ടപ്പെട്ടു. രണ്ടാമത്തേതിൽ വാടകവീടും. പിന്നെ പഞ്ചായത്തിന്റേയും സുമനസ്സുകളായ നാട്ടുകാരുടെയും ശ്രമഫലമായാണ് ഈ വീട് അവർക്കുകിട്ടിയത്. അങ്ങനെയിരിക്കെ ഒരു ദിവസം ഒരു ചെറിയ ജോലി തരപ്പെട്ട് അവളുടെ അച്ഛൻ ഗൾഫിലേക്കു പോയി. ഒരു മാസംകൂടി കഴിഞ്ഞാൽ വെക്കേഷനാകും. കൈ നിറയെ കാശുമായി അച്ഛൻ വരും. വെക്കേഷനടിച്ചുപൊളിക്കണം. ഇതൊക്കെയായിരുന്നു അവളുടെ സ്വപ്നം. പെട്ടെന്നൊരു ദിവസം സ്കൂളുകൾ അടച്ചു. പരീക്ഷകൾ മാറ്റിവച്ചു. കടകമ്പോളങ്ങൾ പൂട്ടി. ലോക്ഡൗണാണത്രേ! ആർക്കും പുറത്തിറങ്ങാൻ കഴിയുന്നില്ല. ലോകത്തിന്റെ നാനാഭാഗത്തും മരണം വിതച്ച കൊറോണ നമ്മുടെ നാട്ടിലും എത്തിയിരിക്കുന്നു. ടിവിയിലും പത്രമാധ്യമങ്ങളിലും എല്ലാംകൊറോണയെപ്പറ്റിയുള്ള വാർത്തകൾ നിറഞ്ഞു. അപ്പോഴാണ് ഗൾഫിൽനിന്നും അച്ഛൻ വിളിക്കുന്നത്. അച്ഛനു പനിയും ചുമയും ശ്വാസമുട്ടലുമൊക്കെയാണ്. അച്ഛൻ ഹോസ്പിറ്റലിൽ അഡ്മിറ്റാണെന്ന്. അവളും അമ്മയും അച്ഛനു വേണ്ടി പ്രാർത്ഥിച്ചു. കൊറോണ ഗൾഫിലും ഭീതി പടർത്തി തുടങ്ങിയിരിക്കുന്നു. പതിനായിരക്കണക്കിനു ആളുകൾക്ക് അസുഖം ബാധിച്ചു. ആയിരക്കണക്കിനു ആളുകൾ മരിക്കുന്നു. ലക്ഷക്കണക്കിനു ആളുകളെ ഐസൊലേറ്റ് ചെയ്യുന്നു. മരണപ്പെടുന്നവരെ അവിടെത്തന്നെ അടക്കം ചെയ്യുന്നു. രണ്ടാഴ്ചയായി അച്ഛന്റെ വിവരമൊന്നുമില്ല. അച്ഛനെ വിളിക്കാനുള്ള എല്ലാ ശ്രമവും പരാജയപ്പെട്ടു. അവൾ വല്ലാതെ പരിഭ്രമിച്ചു. ഒരു ഫോൺകോളിനായി അവർ പ്രാർത്ഥനകളോടെ കാത്തിരുന്നു. ടിവി കണ്ടുകൊണ്ടിരുന്ന നമിത പെട്ടെന്ന് തുള്ളിച്ചാടി. അമ്മേ ഓടി വാ... അച്ഛൻ ടിവിയിൽ. ആണോ മോളേ എന്നു പറഞ്ഞുകൊണ്ട് നമിതയുടെ അമ്മ ഓടി വന്നു. അച്ഛൻ ചാനലുകാരോട് സംസാരിക്കുന്നു. നല്ലവരായ കുറച്ചു മലയാളി നേഴ്സുമാരുടെയും



ഡോക്ടർമാരുടെയും സ്നേഹത്തിന്റെയും പരിചരണത്തിന്റെയും സഹായത്തോടെയാണ് ഞാൻ ജീവിതത്തിലേക്ക് തിരിച്ചുവന്നത്. അവസാന നിമിഷം വരെ ഞാൻ മരിക്കുമെന്ന ചിന്തയിലായിരുന്നു. പക്ഷേ എന്റെ ചിന്തകളെയെല്ലാം മറികടന്ന് അവരെന്നെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തി. കുറച്ചുകഴിഞ്ഞപ്പോൾ പ്രമോദിന്റെ ഫോൺ വന്നു. ലോക്ഡൗൺ കഴിഞ്ഞാൽ ഉടൻ തന്നെ താൻ വരുമെന്ന് അയാൾ നമിതയെ അറിയിച്ചു. അച്ഛൻ പെട്ടെന്ന് വന്നാൽ മതിയെന്ന് പറഞ്ഞുകൊണ്ട് അവൾ ഫോൺ വെച്ചു. നമിതയ്ക്കും അവളുടെ അമ്മയ്ക്കും സന്തോഷമായി. വീണ്ടും പുതിയ സ്വപ്നങ്ങളുമായി അവളുറങ്ങി.

**ഉത്തര വി ആർ**
5 എ
ഗവൺമെന്റ് യു പി എസ് ഇളമാട്
വെളിയം ഉപജില്ല, കൊല്ലം

# മുത്തശ്ശിയുടെ പരിസ്ഥിതി



പുൽകൊടിയും പൂവും പൂമ്പാറ്റയും സ്വർണമൽസ്യവും കിളികളുടെ അതിമനോഹരമായ ശബ്ദത്തിനിടയിൽ ഒരു മുത്തശ്ശിയും കുറച്ചു കുട്ടികളും. മുത്തശ്ശിയോട് കുട്ടികൾ ചോദിക്കുന്നു. 'മുത്തശ്ശിയുടെ സങ്കല്പത്തിലുള്ള പ്രകൃതി എന്താണ്? "അല്ല മുത്തശ്ശി പ്രകൃതി എന്താ ഇപ്പോൾ ഇങ്ങനെ?" മുത്തശ്ശി ചിരിച്ചുകൊണ്ട് പറഞ്ഞു. "അതിന്റെ എല്ലാം പിന്നിൽ ഒരു കഥയുണ്ട്". "എന്താ മുത്തശ്ശി ആ കഥ?" "പണ്ട്... പണ്ട് നമ്മുടെ കേരളത്തിൽ കഠിനാധ്വാനികളായ കർഷകർ ഉണ്ടായിരുന്നു. അവർ തനതായ രീതിയിൽ പ്രകൃതിയെയും കൃഷിയെയും നോക്കിക്കണ്ടു. അമ്മ എന്ന വാക്കിന്റെ മഹത്വം തിരിച്ചറിയുന്ന അവർ ഭൂമിയെയും അമ്മയായി കണ്ടിരുന്നു. കഠിനാധ്വാനത്തിന്റെ ഫലം അവരുടെ ജീവിതത്തെ തന്നെ മാറ്റിമറിച്ചു. അവരുടെ ഒരു ദിവസത്തെ വിളവ് തന്നെ ഒരു വലിയ സമ്പാദ്യമായിരുന്നു. മരങ്ങളെ കാട്ടുകള്ളന്മാരിൽ നിന്നും രക്ഷിക്കാൻ അവർ ഒരു പ്രസ്ഥാനം രൂപീകരിച്ചു. സൂഫി എന്നാണ് ആ പ്രസ്ഥാനത്തിന്റെ നാമം. ഇപ്പോൾ അത് നിലകൊള്ളുന്നില്ല. കർഷകരുടെ കഠിനാധ്വാനം ഇല്ലാത്തതുകൊണ്ട് തന്നെ ഇന്ന് പ്രകൃതിചൂഷണത്തിന് ഇരയായി കൊണ്ടിരിക്കുകയാണ്. രാസപദാർഥങ്ങൾ അടങ്ങിയ ഭക്ഷണം, കീടനാശിനി അടിച്ച പച്ചക്കറികൾ, ഇതെല്ലാമാണ് ഇന്ന് നമ്മൾ ഭക്ഷിക്കുന്നത്. കൃഷിയെ മാറ്റിനിർത്തി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ് ഇന്നത്തെ സമൂഹം. പണം കൊടുത്തു വിഷം വാങ്ങി കഴിച്ചു ജീവിക്കുകയാണ്. രോഗങ്ങളും കൂടെയുണ്ട്. നിപ്പ, കൊറോണ, കാൻസർ തുടങ്ങിയ മാറാരോഗങ്ങൾ. തോടുകൾ നികത്തുന്നതും വയലുകൾ നികത്തുന്നതും എല്ലാം ചൂഷണം ആണെന്ന് മനുഷ്യർക്ക് അറിയാം. എങ്കിലും അവർ അതുതന്നെ തുടരുന്നു. പ്രകൃതിയെ പ്രധാനമായും ചൂഷണം ചെയ്യുന്ന വായുമലിനീകരണം ആണ്. വാഹനങ്ങളിൽ നിന്നുള്ള പുക എത്ര ഹാനികരമാണ് എന്നു അറിയാമോ?" ഇതെല്ലാം പറഞ്ഞുകൊണ്ട് മുത്തശ്ശി കുട്ടികളോടായി വീണ്ടും പറഞ്ഞു. "കുട്ടികളെ നിങ്ങളെങ്കിലും പ്രകൃതിയെ സംരക്ഷിക്കണം, മരങ്ങൾ മുറിക്കരുത്, കാടുകളുടെയും മൃഗങ്ങളുടെയും സംരക്ഷണം നിങ്ങൾ ഏറ്റെടുക്കണം, കുട്ടികളെ അപ്പോൾ ഞാൻ പോട്ടെ". മുത്തശ്ശി മുത്തശ്ശിയുടെ വീട്ടിൽ പോകുന്നു.

**ഫാത്തിമ. എൻ**
6 ബി , യു.പി.എസ്സ് മങ്കാട്
ചടയമംഗലം ഉപജില്ല, കൊല്ലം

# THE STRANGER

Hey guys.. Let me introduce you. I am born at Wuhan, China. I am a dreadly virus. I spread within no time. Scientists christened me 'Novel Corona'. I have taken the lives of thousands in Wuhan. And from there I started my journey across the globe. Shhh.... let me tell you a secret.."I have already taken the lives of more than 60,000 people in the world." But the sad thing is the scientists have suggested various measures to keep me away. Oh... god I don't know whether I will survive or not. Oh.. god you really know what my aim is don't you! I WANT TO DESTROY THE WHOLE WORLD! But I am very fortunate to have some covidiots in every nook and corner of the globe. Do you want to know what the reason is! These covidiots make things easy for me. They never stay at home. They take part in various social and religious gatherings and make things easy for me. I travel from one person to person and I started growing in leaps and bounds. But... I hate these health workers. They are making things worse for me. To add spice to this, both the central and state governments have announced a LOCKDOWN for 21 days. Huh! Now my growth will slow down. It will not be that much easy for me to grow......WHAT TO DO? Now, the folks around the world have taken a mission to drive me away. All have started measures to wipe me away. OH....... they have started using soaps and hand sanitizers. These people have started wearing masks too... OH... see they all are keeping a distance with each other. I think I won't have existence here. I need to live...

BREAK THE CHAIN CAMPAIGN HAS BROKEN ALL MY CHAINS... BYE ALL...


**പ്രജോദ് പ്രദീപ്**
ക്ലാസ് 9
രാജാ രവിവർമ്മ ബോയ്സ്.വി.എച്ച്.എസ്.എസ് , കിളിമാനൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# എത്ര നാൾ

മാളു ഉറക്കച്ചടവിൽ കണ്ണും തിരുമ്മി പുറത്തേക്ക് വന്നപ്പോൾ അച്ഛൻ വരാന്തയിൽ ഇരിപ്പുണ്ട് ആരോടോ ഫോൺ ചെയ്യുന്ന തിരക്കിലാണ്. സാധാരണ രാത്രിയിലും ഞായറാഴ്ചകളിലും മാത്രമാണ് മാളു അച്ഛനെ കാണുന്നത്, എത്ര ഇരുട്ടിയാലും അച്ഛൻ വന്നിട്ടേ അവൾ ഉറങ്ങാറുള്ളൂ എന്നാലല്ലേ അച്ഛൻ കൊണ്ടുവരുന്ന പലഹാരപ്പൊതിയിലെ സ്വാദ് അറിയാൻപറ്റു. അച്ഛൻ ഇന്ന് എന്തായിരിക്കും പണിക്ക് പോകാത്തത്, അങ്ങനെ പലവിധ ചിന്തകളുമായി അടുക്കളയിൽ ചെന്നപ്പോൾ അവിടെ അമ്മയാണ് ഉള്ളത് അതും അവൾക്ക് പരിചയമുള്ള കാഴ്ച അല്ല, സാധാരണ അമ്മൂമ്മയാണ് അടുക്കളയിൽ കാണാറ്, അമ്മ പണിക്കു പോകാനൊരുങ്ങുന്ന തിരക്ക് കേട്ടാവും അവൾ എഴുന്നേൽക്കുന്നതു തന്നെ. പിന്നെ അടുക്കളയിൽ ആഹാരം ഉണ്ടാക്കുന്നതും അവളെ അംഗൻവാടിയിൽ വിടുന്നതും അങ്ങനെ വൈകുന്നേരം അമ്മ വരുന്നതുവരെയുള്ള എല്ലാ ജോലിയും അമ്മൂമ്മയ്ക്കാണ്. അമ്മയോട് അമ്മൂമ്മയെ അന്വേഷിച്ച് അവൾ പുറത്തേക്കിറങ്ങി ആ സമയം അമ്മൂമ്മ അയൽവീട്ടിലെ അമ്മൂമ്മയോട് സംസാരിച്ചുകൊണ്ട് നിൽപ്പുണ്ട് എന്തായാലും അവൾക്കു സന്തോഷമായി ഇന്ന് എല്ലാവരും വീട്ടിലുണ്ടല്ലോ. ഉച്ച ഊണ് സമയത്ത്; പുറത്തേക്ക് ഇറങ്ങിയാൽ എന്തോ അസുഖം വരുമെന്നൊക്കെയുള്ള കാര്യങ്ങൾ അച്ഛനും അമ്മയും തമ്മിൽ സംസാരിക്കുന്നതൊക്കെ അവൾ കേട്ടു.അതിനുശേഷം അച്ഛൻ ഒപ്പം കളിച്ചു. എല്ലാം കൊണ്ടും സന്തോഷം ഉള്ള ദിവസം ആയിരുന്നു അത്. അങ്ങനെ രണ്ടു മൂന്നു ദിവസങ്ങൾ കഴിഞ്ഞുപോയി. ഇപ്പോൾ എല്ലാവരും വീട്ടിൽതന്നെ ഉണ്ട്. ആരും പണിക്കൊന്നും പോകുന്നില്ല. അച്ഛൻ രാത്രിയിൽ കൊണ്ടു വന്നിരുന്ന പലഹാരങ്ങളുടെ രുചി ഓർത്ത് അവൾക്ക് കൊതിയായി. ആ കാര്യം അമ്മയോട് പറഞ്ഞപ്പോൾ അമ്മയ്ക്ക് സങ്കടം വന്നു. അവളെ ചേർത്ത് പിടിച്ചു. ഇപ്പോൾ ഉച്ചയ്ക്ക് മാത്രം എന്തെങ്കിലുമൊക്കെ ഉണ്ടാകും. അതിന്റെ ബാക്കി അവളും അമ്മൂമ്മയും രാത്രി കഴിക്കും. ആദ്യമൊക്കെ അവളോട് കളിക്കുമായിരുന്ന അച്ഛൻ ഇപ്പോൾ എപ്പോളും കിടപ്പാണ്. ഒരു സന്തോഷം ഇല്ല. അങ്ങനെ ഒരു ദിവസം രാത്രി മാളു വിശന്നു കരയാൻ തുടങ്ങി...ആഹാരം ഇല്ലാതെ... ഇനി എത്ര നാൾ ഇങ്ങനെ... എന്ന് പറഞ്ഞു അച്ഛനും അമ്മയും അവളെ ചേർത്തുപിടിച്ചു...

**സ്നിതി രാജ് എസ്.എ.**
7 എ, ലൂർദ് മൗണ്ട് എച്ച്.എസ്. വട്ടപ്പാറ
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# ഒരു അവധിക്കാല സുഹൃത്ത്



ഇന്ന് ചെടി നനയ്ക്കാൻ ഇറങ്ങി. റോസാച്ചെടിയിലെ പൂക്കൾ ആകെ വാടിയിരുന്നു. രണ്ടു ദിവസമായി അമ്മ നനയ്ക്കാൻ പറയുന്നു. ഞാൻ മടിപിടിച്ചിരുന്നു. മൊബൈലും ടീവിയും മടുത്തു തുടങ്ങി. അതാണ് പുറത്തേക്ക് ഇറങ്ങാൻ തോന്നിച്ചത്. വിരസമായി വെള്ളം ചീറ്റിച്ചു, നനച്ചു എന്നു വരുത്തി. രണ്ടാം ദിവസം അവരെ ഞാൻ കുളിപ്പിച്ചു, വെള്ളം ചീറ്റി അടിച്ചതിന്റെ പേരിൽ ആകാം ഫയർഫോഴ്സ്കാർ വെള്ളമടിച്ചു സമരക്കാർ വീണപോലെ രണ്ടു റോസാച്ചെടി തല കുമ്പിട്ടു കിടപ്പായി. അതിനു ഞാൻ ശരിക്കും വഴക്ക് കേട്ടു. മൂന്നാം ദിനം, ഭാഗ്യം വീണവർ എണീറ്റിട്ടുണ്ട് . ഇനിയും ഇങ്ങനെ ചെയ്യല്ലേ എന്ന ദീനത പൂമൊട്ടുകളിൽ കണ്ട പോലെ. ഇന്നെനിക്ക് അവരെ കണ്ടപ്പോൾ സങ്കടം വന്നു. വേണ്ടിയിരുന്നില്ല, പോട്ടെ... ഇനി ഞാൻ ചെയ്യില്ല. നാലാം ദിനം. ഞാനും റോസാച്ചെടികളും തമ്മിൽ അങ്ങ് കൂട്ടായി. പൂക്കൾ തന്ന് അവർ എന്നെ എന്നും വരവേറ്റു. തണുത്ത വെള്ളം വീഴുമ്പോൾ അവരതിൽ ആസ്വദിച്ചു കുളിക്കുന്നതു പോലെ എനിക്ക് തോന്നി. അഞ്ചാം ദിനം. മമ്മിക്ക് തിരക്ക് കുറഞ്ഞു, മോളിന്ന് നനക്കേണ്ട എന്ന് പറഞ്ഞു. “അതെന്താ എനിക്ക് നനച്ചാൽ, ഇനി എന്നും ഞാൻ നനച്ചോളാം”. പത്ര പാരായണം നിറുത്തി കസേരയിൽ ഇരുന്ന അച്ഛൻ എന്തോ അത്ഭുതം കണ്ടത് പോലെ എന്നെ നോക്കി (എന്തിനോ എന്തോ). ഞാൻ ഇപ്പോൾ അത് ആസ്വദിച്ചു തുടങ്ങി “കുറച്ചു റോസാച്ചെടി കൂടി നടണം” ഞാൻ അത് പറഞ്ഞപ്പോൾ അച്ഛന്റെ മുഖത്ത് വീണ്ടും അതെ അത്ഭുതഭാവം... എന്താണോ... എന്തോ...

**അന്നു സെബാസ്റ്റ്യൻ**
6 ബി
വയത്തൂർ യു പി സ്ക്കൂൾ ഉളിക്കൽ
ഇരിക്കൂർ ഉപജില്ല, കണ്ണൂർ

# അപ്പുവിന്റെ സംശയങ്ങൾ

തേങ്ങ ചിരകുന്നത് കേട്ടാണ് അപ്പു ഉണർന്നത്. അമ്മയുടെ അടുത്തേക്ക് നടന്നിട്ട് അവൻ ചോദിച്ചു: "അമ്മേ, എന്തിനാ ഈ തേങ്ങ ചിരകുന്നത്?" "നിനക്ക് പുട്ട് ഇഷ്ടമല്ലേ? പുട്ടിനു വേണ്ടിയാണ് തേങ്ങ ചിരണ്ടുന്നത്." അമ്മ പറഞ്ഞു. കുറച്ചു നേരം അവൻ അതെടുത്ത് തിന്നുകൊണ്ടിരുന്നു. അപ്പുറത്തേക്ക് ചെന്നപ്പോൾ വല്യച്ഛൻ തേങ്ങ പൊതിക്കുന്നത് കണ്ടു. അവൻ ഓടി അമ്മയുടെ അടുത്തേക്ക് ചെന്ന് ചോദിച്ചു: "വല്യച്ഛന്റെ വീട്ടിലും പുട്ടാണോ അമ്മേ ഇന്ന്? അവർ തേങ്ങ പൊതിക്കുന്നത് കണ്ടു.'' ''അവിടെ തോരനോ കൂട്ടാനോ വല്ലതും വയ്ക്കാനായിരിക്കും തേങ്ങ പൊതിക്കുന്നത്, ചമ്മന്തി ഉണ്ടാക്കാനും തേങ്ങ വേണ്ടേ?" അമ്മ പറഞ്ഞു.

അവൻ ഓടി മുറ്റത്തുചെന്നു. അവിടെ ലക്ഷ്മി അമ്മൂമ്മ മുറ്റമടിക്കുന്നത് കണ്ടു. " "ലക്ഷ്മി അമ്മൂമ്മേ, ഈ ചൂലിന്റെ ഈർക്കിൽ എവിടുന്നാ കിട്ടുന്നത്?" അവൻ ചോദിച്ചു. "അത് നിനക്കറിയില്ലേ, തെങ്ങിന്റെ ഓല കീറിയാണ് ചൂലുണ്ടാകുന്നത്." അമ്മൂമ്മ പറഞ്ഞു. പെട്ടെന്ന് അവനൊരു വിളികേട്ടു. ചെന്നു നോക്കിയപ്പോൾ തേപ്പുകാരനാണ്. "അപ്പൂ, അമ്മയോട് രണ്ട് ചിരട്ട തരാൻ പറയൂ" തേപ്പുകാരൻ പറഞ്ഞു. അപ്പു അടുക്കളയിലേക്ക് ഓടി. "അമ്മേ ദേ ആ തേപ്പുകാരൻ ചിരട്ട ചോദിക്കുന്നു. എന്തിനാ അയാൾക്ക് ചിരട്ട?" അപ്പു ചോദിച്ചു. "ചിരട്ട കത്തിച്ച് തേപ്പുപെട്ടിയിലിട്ടാണ് തേക്കുന്നത്." അപ്പു വേഗം ചിരട്ട എടുത്ത് തേപ്പുകാരന് കൊടുത്തു.

"നീ കളിച്ചു ചിരിച്ചു നടക്കുകയാണോ? കുളിച്ച് ഭക്ഷണം കഴിക്കുന്നില്ലേ?" മുത്തശ്ശി ചോദിച്ചു. "കുളിക്കാം മുത്തശ്ശി.." അപ്പു പറഞ്ഞു. "ആദ്യം വെളിച്ചെണ്ണ പുരട്ടണ്ടേ?" മുത്തശ്ശി ചോദിച്ചു. "ഈ വെളിച്ചെണ്ണ എവിടുന്നാ കിട്ടുന്നത് മുത്തശ്ശി?" അപ്പു ചോദിച്ചു. "തേങ്ങ വെയിലത്ത് വെച്ച് ഉണക്കി കൊപ്രയാക്കി അതാട്ടിയാണ് വെളിച്ചെണ്ണ ഉണ്ടാക്കുന്നത്. അപ്പൂ, നാളേയല്ലെ അമ്പലത്തിൽ നിന്ന് പറ വരുന്നത്? കണ്ണപ്പനെ വിളിച്ച് ചൊട്ടയും കുരുത്തോലയും എടുപ്പിക്കണം. എന്നിട്ട് നമ്മുക്കിവിടെല്ലാം അലങ്കരിക്കണ്ടേ?" മുത്തശ്ശി പറഞ്ഞു. "ഈ തെങ്ങു കൊണ്ട് എന്തെല്ലാം ഉപയോഗങ്ങളാണ്!" അപ്പു ചോദിച്ചു. "പിന്നേ? നമ്മുടെ കൽപവൃക്ഷം അല്ലേ തെങ്ങ്. തെങ്ങ് കൊണ്ട് നമുക്ക് ധാരാളം ഉപയോഗങ്ങളുണ്ട്. തെങ്ങിന്റെ തടി ഉപയോഗിച്ചാണ് നമ്മൾ മേശയും കസേരയും ഒക്കെ ഉണ്ടാക്കുന്നത്. തെങ്ങിന്റെ ഓലയും മടലും നമ്മൾ വിറകായിട്ട് ഉപയോഗിക്കും. കരിക്കിൻ വെള്ളം ക്ഷീണം മാറാൻ നല്ലതാണ്." മുത്തശ്ശി പറഞ്ഞു. സ്കൂളിൽ പോയി മാഷിനോട് ഒന്നുകൂടി വിശദമായി ചോദിച്ചറിയണം. അപ്പു വിചാരിച്ചു. അപ്പു വേഗം ബാഗുമെടുത്ത് ഓടി.

**കല്യാണി മഹാദേവൻ**
7 സി, വി.എച്ച്.എസ്.എസ്. പനങ്ങാട്
എറണാകുളം ഉപജില്ല, എറണാകുളം

# ടൈംടേബിൾ

“രണ്ടാളും കൂടി എന്താ ഒരു ഗൂഢാലോചന?” അച്ഛന്റെ ചോദ്യം കേട്ട് അനുവും അഖിലും തലതിരിച്ചു നോക്കി. അമ്മയും ഒപ്പമുണ്ട്. “ഞങ്ങൾ ഒരു ടൈം ടേബിൾ ഉണ്ടാക്കുകയാണച്ഛാ”, ഏഴാം ക്ലാസ്സുകാരി അനുപറഞ്ഞു. “ടൈംടേബിളോ അതും സ്കൂൾ അടച്ചപ്പോൾ” രാഘവൻ അതിശയത്തോടെ ചോദിച്ചു. “അവധിക്കാലം എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്യണമെന്നാണച്ഛാ ടീച്ചർ പറഞ്ഞത്”, നാലാം ക്ലാസ്സുകാരൻ അഖിൽ പറഞ്ഞു. “ഓ! എന്തേലും ചെയ്യ്.” ജാനു താല്പര്യമില്ലാതെ പറഞ്ഞു.

“അമ്മ പറഞ്ഞൊഴിയാൻ നോക്കേണ്ട. ഞങ്ങൾ ഉണ്ടാക്കിയ ടൈംടേബിൾ നിങ്ങൾക്കും കൂടിയുള്ളതാണ്.” “എന്താടീ, ഞങ്ങൾ ഇനി പഠിക്കാൻ പോവ്വാണോ?” ജാനുവിന് അനുവിന്റെ വാക്കുകൾ രസിച്ച മട്ടില്ല. “നീ പറ മോളേ, ഞങ്ങൾ എന്താ ചെയ്യേണ്ടത്?” അനുവിനും അഖിലിനും സന്തോഷായി. അമ്മയുടെ കാര്യം ഇനി സാരമില്ല. “നീ ടൈം ടേബിൾ വായിക്കെടാ” അനു അനുജനെ പ്രോത്സാഹിപ്പിച്ചു. രാവിലെ 9.00 മുതൽ 9.30 വരെ, നിരീക്ഷണം 10.00, ശേഖരണം 11.00. അഭിമുഖം വൈകുന്നേരം 3.00, പ്രവർത്തനം 5.00. ഒരാഴ്ചത്തെ ടൈം ടേബിളാണിത്. അനുപറഞ്ഞു.

രാഘവനും ജാനുവും പരസ്പരം നോക്കി. ഒന്നും മനസ്സിലാവുന്നില്ലല്ലോ... “ലോക്ഡൗണിൽ ഫീൽഡ് ട്രിപ്പോ?” രാഘവനൊരു സംശയം. “ചേച്ചി ഒരു വിശദീകരണം കൊടുത്തേര് പാവങ്ങൾക്കൊന്നും മനസ്സിലായില്ല. കണ്ണുമിഴിച്ചുള്ള നില്പു കണ്ടില്ലേ?” കിട്ടിയ അവസരം അഖിലും മുതലാക്കി. പഠിത്തക്കാര്യം പറഞ്ഞ് എപ്പോഴും തങ്ങളോട് വഴക്കടിക്കുന്നതല്ലേ. “അച്ഛാ, ഫീൽഡ് ട്രിപ്പ് നമ്മുടെ പറമ്പിലേക്കാ. വളപ്പിലുള്ള ചെടികളെ നിരീക്ഷിക്കണം. ഏതെല്ലാം പച്ചക്കറികൾ നടാൻ കഴിയുമെന്നും അവ എവിടെയൊക്കെയെന്നും രേഖപ്പെടുത്തണം.” “ശേഖരണമോ?” അമ്മ ഇടയിൽക്കയറി. “പറയാം... പറമ്പിൽ നടുവാനുള്ള വിത്തുകളും തണ്ടുകളുമൊക്കെ ശേഖരിക്കലാണ്.” അഖിലിനും രസം കയറി. അതു മാത്രം പോരാ. ചാണകം, എല്ലുപൊടി, കുമ്മായം, വേപ്പിൻ പിണ്ണാക്ക് ഇവ ശേഖരിക്കണം. “അഭിമുഖം എന്നൊക്കെ പറഞ്ഞല്ലോ, അതെന്താ?”

അമ്മ വിടുന്ന മട്ടില്ല. "മുത്തശ്ശനോട് ചോദിച്ച് നമുക്ക് കുറച്ച് കൃഷി അറിവുകൾ പഠിക്കണം. സ്കൂളിൽനിന്നും പഠിച്ചവ ഞങ്ങളും പറയാം. നിങ്ങൾക്കറിയാവുന്നവ നിങ്ങളും പറയണം" അനുപറഞ്ഞു.

"ശരി... ശരി... എനിക്കിപ്പോൾ നന്നായി മനസ്സിലായിമോളേ" രാഘവൻ പറഞ്ഞു. "എങ്കിൽ 3 മണി മുതലുള്ള പ്രവർത്തനം എന്താന്ന് അച്ഛൻ പറയൂ'' അഖിൽ വിടുന്ന മട്ടില്ല. ''ഞാൻ പറയാടാ, പറമ്പിൽ നിലമൊരുക്കി തടമെടുത്ത് വിത്തും തൈകളുമൊക്കെ നടുന്ന കാര്യല്ലേ?" അമ്മയുടെ ഉത്തരം കേട്ട് എല്ലാരും അതിശയിച്ചു. അനുവും അഖിലും സന്തോഷം കൊണ്ട് തുള്ളിച്ചാടി. "ഫീൽഡ് ട്രിപ്പ് ആരംഭിച്ചാലോ?" അനുവിന്റെ ചോദ്യം കേട്ട അഖിൽ അകത്തേക്കോടിപ്പോയി ഒരു സ്റ്റീൽ പാത്രവും സ്പൂണുമായി വന്നു. "ഇതെന്തിനാടാ" അനുവിന് ഒന്നും മനസ്സിലായില്ല. "ബെല്ലടിക്കേണ്ടേ ചേച്ചീ?" അഖിൽ നീട്ടി ബെല്ലടിച്ചു. പൊട്ടിച്ചിരിച്ചുകൊണ്ട് എല്ലാവരും ഫീൽഡ് ട്രിപ്പിനിറങ്ങി.

**എബിൻ ലൈജു**
4 എ
വെള്ളാട് ജി.യു.പി. സ്കൂൾ
തളിപ്പറമ്പ് നോർത്ത് ഉപജില്ല, കണ്ണൂർ



# ഞാൻ കണ്ട കാഴ്ച

മുറ്റത്ത് പറന്നെത്തിയ സുന്ദരൻ മയിൽ. ഞാൻ ഏറെ നേരം നോക്കിയിരുന്നു. അമ്മ ഇന്നലെ ചക്കിക്ക് വിതറിയ അരിമണികൾ അവൻ ഓരോരോന്നോരോന്നായി കൊത്തിപ്പെറുക്കുന്നു. മോനേ... ഓടി വാ, ഞാൻ ആ വിളി കേൾക്കാത്ത ഭാവത്തിൽ നിന്നു. ഞാനൊന്നനങ്ങിയാൽ സുന്ദരൻ പറന്നുപോകും. വീണ്ടും അമ്മയുടെ ഒച്ച. ണിം... ണിം... മീൻകാരൻ മുറ്റത്തെത്തി. സൈക്കിളിന്റെ ബെൽ കേട്ട് അവൻ പറന്ന് മരച്ചീനി തോട്ടത്തിലെത്തി. എന്താ അമ്മേ... ഞാൻ ഓടി അമ്മയുടെ അരികിലെത്തി. നീ എവിടെയായിരുന്നു. ഒരു പറ്റം കുരങ്ങന്മാർ ആ മാവിൻ ചില്ലയിൽ തൂങ്ങുന്ന കാഴ്ച കാണാനാ ഞാൻ വിളിച്ചത്. ചേച്ചി, ഇന്ന് മീൻ വേണ്ടേ?

**നിവേദ്. ജി**
ക്ലാസ് 4, ശ്രേയ എൽ.പി.എസ്സ്., ഈട്ടിമൂട്
പാലോട് ഉപജില്ല
തിരുവനന്തപുരം





# അമ്മുവിന്റെ അവധിക്കാലം



അമ്മുവിന്റെ സ്കൂൾ അടച്ചപ്പോൾ അവൾ അവളുടെ അമ്മവീട്ടിൽ പോയി. അവിടെ അവൾക്ക് കഥകൾ പറഞ്ഞു കൊടുക്കുവാൻ ഒരു മുത്തശ്ശി ഉണ്ടായിരുന്നു. ഒരു ദിവസം അവളും മുത്തശ്ശിയും കൂടി ക്ഷേത്രത്തിൽ പോയി. വയലും മരങ്ങളും നിറഞ്ഞ വഴിയിലൂടെ വേണം ക്ഷേത്രത്തിൽ പോകുവാൻ.പോകുന്ന വഴിയിൽ കുറച്ച് ആളുകൾ മരം മുറിക്കുന്നത് കണ്ടു. അപ്പോൾ അവളുടെ മുത്തശ്ശി അമ്മുവിനോട് പറഞ്ഞു. മരം മുറിച്ചാൽ പരിസ്ഥിതിക്ക് ദോഷം ആണ്. തണൽ നഷ്ടപ്പെടും, മഴ കുറയും, മണ്ണൊലിപ്പ് കൂടും, പക്ഷികളുടെയും മൃഗങ്ങളുടെയും വാസസ്ഥലം നഷ്ടപ്പെടും. അതുകൊണ്ട് നാം വനം സംരക്ഷിക്കണം. വയലുകൾ സംരക്ഷിക്കണം. വയലുകളിൽ ജലം കെട്ടിക്കിടക്കുന്നത് മൂലം ഭൂമിയിൽ ജലസമ്പത്ത് കൂടുന്നു. അവർ റോഡിൽ എത്തിയപ്പോൾ ധാരാളം വാഹനങ്ങൾ പോകുന്നുണ്ടായിരുന്നു. അവയിൽ നിന്നും വരുന്ന പുകയും ശബ്ദവും അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുന്നു. കുന്നിടിക്കുന്നതും മണൽ വാരുന്നതും എല്ലാം പരിസ്ഥിതിക്ക് ദോഷകരമാണ്. പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും വലിച്ചെറിയാതെ നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കണം. മനുഷ്യനുൾപ്പെടെ എല്ലാ ജീവജാലങ്ങൾക്കും ഈ ഭൂമിയിൽ വസിക്കാൻ തുല്ല്യ അവകാശമാണ്. ഇതെല്ലാം കേട്ടപ്പോൾ അവൾക്ക് ചുറ്റുപാടിനെ കുറിച്ചുള്ള നല്ല അറിവുകൾ കിട്ടി. അമ്മു അവൾക്ക് പറ്റുന്നവിധം പരിസ്ഥിതിയെ സംരക്ഷിക്കുമെന്ന് മനസ്സിൽ തീരുമാനിച്ചു. അങ്ങനെ സന്തോഷത്തോടെ അവർ ക്ഷേത്രത്തിൽ നിന്നും മടങ്ങി.

**കീർത്തന കൃഷ്ണദാസ്**
4 ബി
സെന്റ് അഗസ്റ്റിൻസ് എൽ പി എസ് പഴങ്ങനാട്
കോലഞ്ചേരി ഉപജില്ല, എറണാകുളം

# അറിവ്

ഒരിക്കൽ ഒരു പിതാവ് മകനുമായി ദീർഘയാത്രയ്ക്കായി ഒരുങ്ങി. കൈയിൽ ഒരു വടിമാത്രം എടുത്ത് നടക്കുവാനാരംഭിച്ചു. പിതാവ് മുന്നിലും മകൻ പിന്നിലും. അത്യാവശ്യം മാത്രം സംസാരം. എന്നാലും അവൻ സന്തോഷവാനാണ്. അവന് കുസൃതിയോ ശാഠ്യങ്ങളോ ഒന്നും തന്നെയില്ല. പ്രക്രതിയിലെ എല്ലാ വസ്തുക്കളും വളരെ ശ്രദ്ധാപൂർവ്വം വീക്ഷിച്ചു. വഴിയിൽ വളരെയധികം തടസ്സങ്ങൾ ഉണ്ടെങ്കിലും അതൊന്നും അവർ ശ്രദ്ധിച്ചതേയില്ല. അവർക്ക് ദാഹമനുഭവപ്പെട്ടപ്പോൾ വടി മണ്ണിൽ കുത്തി വെള്ളം കണ്ടെത്തുന്നു. വിശന്നപ്പോൾ മുന്നിൽ കണ്ട മൃഗത്തിനെ കൊന്നു ഭക്ഷിക്കുന്നു. ആവശ്യത്തിൽ കൂടുതൽ പ്രകൃതിയിൽ നിന്നും ഒന്നും തന്നെ അവർ എടുത്തിരുന്നില്ല. യാത്രയിൽ വന്യമൃഗങ്ങൾ ഇവരെ കാണുന്നു. പക്ഷെ അത്യാവശ്യ സന്ദർഭങ്ങളിലല്ലാതെ അവർ ഒരിടത്തും ഓടിയൊളിക്കുന്നില്ല. യാത്രക്കിടയിൽ ചില സുഹൃത്തുക്കളെ കാണുന്നു. അവർ തങ്ങളുടെ സ്വത്തിൽ നിന്നും പണമല്ല സാധനങ്ങൾ കൈമാറുന്നു. അവിടെയും പരിമിതമായ സംസാരം. യാത്രയുടെ അവസാനത്തിൽ പിതാവ് തനിക്ക് ലഭിച്ച വസ്തുക്കളിൽ ഏറ്റവും നല്ലത് മകനെ ഏൽപ്പിച്ച് അവനെ ഒറ്റക്ക് യാത്രയാക്കുന്നു. ഒരിക്കലും മകനെ ഓർത്ത് അദ്ദേഹം വിലപിക്കുകയോ ഭയക്കുകയോ ചെയ്തില്ല. കാരണം ആ പിതാവ് തന്റെ മകന് ആവശ്യമായതെല്ലാം നൽകിക്കഴിഞ്ഞതുകൊണ്ടു തന്നെ. പ്രകൃതി തന്നെയാണ് നമ്മുടെ പാഠപുസ്തകം അതിലെ വായനക്കാർ മാത്രമാണ് നമ്മളോരോരുത്തരും. വളരാം നേരോടെ.

**ആദർശ്**
4 എ
സെന്റ് അലോഷ്യസ് എൽ.പി.എസ്. ചിറയിൻകീഴ്
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# രോഗപ്രതിരോധം

വീടിന്റെ അരികെയുള്ള ഒരു മാവിൻ ചുവട്ടിൽ വാവക്കുട്ടൻ അച്ഛനെ കാത്തുനിന്നു. അവനു വളരെ സന്തോഷം നിറഞ്ഞ നിമിഷങ്ങളാണ് കടന്നുപോകുന്നത്. പിറന്നാളിനു അച്ഛൻ തനിക്കു എന്തു സമ്മാനമാണ് തരിക എന്ന ഒറ്റ ചിന്തയുള്ളൂ അവന്. "ഓരോ പിറന്നാളിനും ഞാൻ പ്രതീക്ഷിക്കാത്ത സമ്മാനമാണ് അച്ഛൻ എനിക്ക് തരിക". നേരം ഏറെ കഴിഞ്ഞു അച്ഛൻ വന്നില്ല. അവൻ ഓടി അമ്മയുടെ അരികിൽ എത്തി. "അമ്മേ നേരം ഏറെ കഴിഞ്ഞു അച്ഛൻ എന്താ വരാത്തത്". അവൻ കരയാൻ തുടങ്ങി. അമ്മ അവനെ സമാധാനിപ്പിച്ചു. രാത്രി ഒൻപതു മണി കഴിഞ്ഞു അച്ഛൻ വന്നില്ല. അമ്മയ്ക്കും ഒരു സമാധാനമില്ല. പെട്ടന്ന് ഒരു ഫോൺകാൾ വന്നു. വാവക്കുട്ടന് സന്തോഷമായി. കുറച്ചുനിമിഷങ്ങൾ കഴിഞ്ഞു. അമ്മ വാവകുട്ടനെ വിളിച്ചു. "സമയം ഇത്രയായി മോനെ അമ്മ ഉറക്കട്ടെ". അവൻ അതിനൊന്നും സമ്മതിച്ചില്ല. അവൻ കരയാൻ തുടങ്ങി. അച്ഛൻ എന്താ വരാത്തെ... "ആരാ അമ്മേ വിളിച്ചത്". ആരോഗ്യവകുപ്പിൽ നിന്നാ മോനെ, നമ്മുടെ അച്ഛനെ അവർ നിരീക്ഷണത്തിൽ ഇട്ടിരിക്കുകയാണ്. അവൻ ഒന്നു ഞെട്ടി "അത് എന്തിനാ അമ്മേ". അച്ഛൻ വരുന്ന വഴിക്ക് നഗരത്തിന്റെ അരികെ ഇരുന്നു ഛർദിച്ചവശനായ ഒരു അപ്പൂപ്പനെ കണ്ടു. ആരും ഇല്ലാത്ത ഒരു പാവം. അച്ഛൻ അയാളെ ഹോസ്പിറ്റലിൽ ആക്കി. അപ്പോഴാണ് ഡോക്ടർ പറയുന്നത് മടങ്ങിപോകാൻ കഴിയില്ല എന്ന്. ആ അപ്പൂപ്പന്... കൊവിഡ് 19 എന്ന ഒരു തരം രോഗമാണ്. ഒരു വൈറസ് ആയതിനാൽ പകരാൻ സാധ്യതയുണ്ട്. അച്ഛൻ അതുകൊണ്ടു പതിനാലു ദിവസം ഹോസ്പിറ്റലിൽ ആയിരിക്കും. അമ്മ അവനെ സമാധാനിപ്പിച്ചു, "നീ വിഷമിക്കേണ്ട". "അമ്മേ അച്ഛനെ കെട്ടിപിടിക്കാതെ ഞാൻ ഇതുവരെ ഉറങ്ങിയിട്ടില്ല''. മോനെ അച്ഛനിൽനിന്നും ആർക്കും വൈറസ് പകരാൻ പാടില്ല. ഒരു പക്ഷെ ഈ രോഗം ഉണ്ട് എങ്കിൽ! എല്ലാം നല്ലതിനാണ്. അവൻ കുറച്ചു സന്തോഷവനായി. എങ്കിലും നിറഞ്ഞ കണ്ണോടെ... മിസ്സ് യൂ അച്ഛാ!

**ക്രിസ് ഏയ്ജെൽ**
3 എ
സെന്റ് ആന്റണീസ് യുപി എസ് പേരാമ്പ്ര
ചാലക്കുടി ഉപജില്ല, തൃശ്ശൂർ



# കാളിനികാക്കയുടെ വീട്

ദൂരെ വർണ്ണക്കാട് എന്ന കാടുണ്ടായിരുന്നു. അത് വളരെ മനോഹരമായിരുന്നു. പക്ഷികളും മൃഗങ്ങളുമെല്ലാം അവിടെ സന്തോഷത്തോടെ കഴിഞ്ഞിരുന്നു. മാളുമുയലും, ചിന്നുതത്തയും, സുന്ദരിമയിലും അവിടെയാണ് താമസിച്ചിരുന്നത്. അവർ വലിയ കൂട്ടുകാരായിരുന്നു. കാളിനി എന്നൊരു കറുത്തകാക്ക തൊട്ടടുത്ത മരത്തിലുണ്ടായിരിന്നെങ്കിലും അവളെ ആരും കൂട്ടിയില്ല. എല്ലാവരും സുന്ദരിയല്ലെന്ന് പറഞ്ഞ് കളിയാക്കിക്കൊണ്ടിരുന്നു. കാണാൻ സുന്ദരിയല്ലെങ്കിലും എപ്പോഴും കുളിച്ച്, വീടും പരിസരവും വൃത്തിയാക്കി സൂക്ഷിച്ചിരുന്നു. അങ്ങനെയിരിക്കെ വർണ്ണക്കാട്ടിലെങ്ങും ഒരു പകർച്ചവ്യധി പടർന്നുപിടിച്ചു. മൃഗങ്ങളെല്ലാം ചത്തൊടുങ്ങി. മാളുവിനും ചിന്നുവിനും സുന്ദരിക്കും രോഗം വന്നു. കാളിന്ദിക്ക് മാത്രം രോഗം വന്നില്ല. അവൾ അതിശയിച്ചു. എപ്പോഴും കുളിക്കുകയും, പരിസരം വൃത്തിയായി സൂക്ഷിക്കുകയും ചെയ്തതിനാലാണ് തനിക്ക് മാത്രം രോഗം വരാതിരുന്നത് എന്ന് അവൾക്ക് മനസ്സിലായി. അവൾ മാളുമുയലിനോടും ചിന്നുതത്തയോടും സുന്ദരിമയിലിനോടും കുളിച്ച് വൃത്തിയായിരിക്കാൻ പറഞ്ഞു. കാളിനിക്കാക്ക അവരെ സഹായിച്ചു. പിന്നീട് അവർ കൂട്ടുകാരായി.

**ജോവാനി ബിബിൻ**
1 ബി
സെന്റ് ആന്റണീസ് എൽ പി എസ് കിഴക്കമ്പലം
കോലഞ്ചേരി ഉപജില്ല, എറണാകുളം

# മീനുവിന്റെ സൂത്രം

ആവണി കാട്ടിലായിരുന്നുമീനുമുയലിന്റെയും ചെമ്പൻ കുറുക്കന്റെയും താമസം. രണ്ടുപേരും കീരിയും പാമ്പും പോലെയാണ് കാട്ടിൽ കഴിയുന്നത്. ചെമ്പൻ കുറുക്കന് മീനുമുയലിനെ എങ്ങനെയും കശാപ്പു ചെയ്യണം. അവന്റെ ഇറച്ചി കഴിക്കാൻ ചെമ്പൻ തക്കം പാർത്തിരുന്നു. പക്ഷെ എപ്പോഴും അവന്റെ കൂടെ കൂട്ടുകാർ കാണും. ഒരു ദിവസം ചെമ്പന് മീനുവിനെ ഒറ്റയ്ക്ക് കിട്ടി. മീനു തിരികെ ഓടാൻ തുടങ്ങിയപ്പോൾ മുന്നിൽ ചെമ്പൻ കണ്ണും തുറിച്ചു നാവും നീട്ടിനില്കുന്നു. എങ്ങനെയും രക്ഷപ്പെട്ടേ മതിയാകൂ. അവനൊരു സൂത്രം തോന്നി. ഉറക്കെ വിളിച്ചു പറയാൻ തുടങ്ങി. എന്റടുത്തു ആരും വരല്ലേ. എനിക്ക് പകരുന്ന പനിയാ. നമ്മൾ സാമൂഹ്യ അകലം പാലിക്കണം. ഇത് കേട്ട ചെമ്പൻകുറുക്കൻനിന്റെ സൂത്രം എന്നോട് വേണ്ട എന്ന് പറഞ്ഞു. അയ്യോ ചെമ്പാ നീ ഒന്ന് കേൾക്ക്. ഞാൻ പറയുന്നത് വെറുതെ അല്ല എന്റെ കൂട്ടുകാർ പോലും എന്നോടൊപ്പമില്ല. ഈ രോഗത്തിന്റ തീവ്രത അവർക്ക് മനസിലായി. പിന്നെ അറിഞ്ഞുകൊണ്ട് നീ എന്തിനാ അപകടത്തിൽ ചാടുന്നത്. നിനക്ക് ജീവിക്കണ്ടായെങ്കിൽ നീ എന്നെ ഭക്ഷിച്ചോ. മീനു ചെമ്പന്റെ അടുത്തേക്ക് ചേർന്ന് നിന്നു. ഇത് കേട്ട ചെമ്പൻ ഒറ്റയോട്ടം. മീനുമുയലിന് ചിരി അടക്കാൻ സാധിച്ചില്ല.

**മുഹമ്മദ് ഷഹബാസ്**
4 എ
സെൻറ് ആൻസ് എൽ.പിഎസ്. പേട്ട
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# ഒരു വേനലവധിക്കാലം

അന്ന് ഒരു ചൊവ്വാഴ്ച ആയിരുന്നു. പതിവുപോലെ മനു സ്കൂളിൽ പോയി. ഉച്ചവരെ സാധാരണ ക്ലാസ് ആയിരുന്നു. ഉച്ചഭക്ഷണത്തിന് ശേഷം ക്ളാസിലെത്തിയ ടീച്ചർ പറഞ്ഞു. "നമ്മുടെ ഈ വർഷത്തെ ക്ളാസ്സുകൾ ഇന്ന് അവസാനിക്കുകയാണ്. കോവിഡ്-19 എന്ന രോഗം നാട്ടിലാകെ പടർന്നു പിടിക്കുന്നതിനാൽ സ്കൂളുകൾ നേരത്തെ അടയ്ക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു''. ഇതുകേട്ട മനുവിന് വളരെയധികം സന്തോഷമായി. പെട്ടെന്ന് തന്നെ വേനലവധിക്ക് നാട്ടിൽ പോകാമല്ലോ. കഴിഞ്ഞ അവധിക്കാലത്ത് നാട്ടിലെ കൂട്ടുകാരോടൊത്ത് കളിച്ചു നടന്നതും, മാവിൽ കയറി മാമ്പഴം പറിച്ചു തിന്നതും ,പുഴയിൽ നീന്തി കുളിച്ചതും, വല്യച്ഛന്റെ വീട്ടിലെ ആട്ടിൻ കുട്ടികളോടൊത്ത് ഓടിക്കളിച്ചതും അവൻ സന്തോഷത്തോടെ ഓർത്തു. അച്ഛന് പട്ടണത്തിലേക്ക് സ്ഥലം മാറ്റം കിട്ടിയതിനുശേഷം വർഷത്തിൽ ഒരു തവണമാത്രമേ നാട്ടിൽ പോകാൻ പറ്റാറുള്ളൂ. അന്ന് പതിവിലും കൂടുതൽ സന്തോഷത്തോടെയാണ് മനു സ്കൂളിൽ നിന്നും വീട്ടിലെത്തിയത്. നാട്ടിൽ പോകാനുള്ള ദിവസത്തിനായി ഓരോ ദിവസവും അവൻ അക്ഷമയോടെ തള്ളി നീക്കി. അങ്ങനെയിരിക്കെ ഒരു ദിവസം അവനെ ഞെട്ടിച്ചുകൊണ്ട് ആ വാർത്ത ടെലിവിഷനിൽ പ്രത്യക്ഷപ്പെട്ടു. "എല്ലാ ആളുകളും 21 ദിവസം വീടുകളിൽ തന്നെ കഴിയണം. രാജ്യത്തെ എല്ലാ തീവണ്ടികളും ഇനി ഒരറിയിപ്പുവരെ സർവീസ് നിർത്തി വെച്ചിരിക്കുന്നു." ഈ വേനലവധിക്ക് ഇനി നാട്ടിൽ പോകാൻ സാധിക്കില്ല എന്ന് അവൻ സങ്കടത്തോടെ മനസ്സിലാക്കി. വീടിന്റെ മതിൽകെട്ടിന് പുറത്തിറങ്ങാൻ പറ്റാതെ ദിവസങ്ങൾ തള്ളി നീക്കുമ്പോളാണ് മനു അക്കാര്യം ശ്രദ്ധിച്ചത്. വീടിന്റെ പരിസരത്ത് എപ്പോഴും വരാറുള്ള അമ്മപ്പൂച്ചയും കുഞ്ഞുങ്ങളും സന്തോഷത്തോടെ തുള്ളിക്കളിച്ചു നടക്കുന്നു. ആഞ്ഞിലിമരത്തിൽ പതിവായി കാണാറുള്ള അണ്ണാറക്കണ്ണൻമാരുടെ ഓട്ടത്തിനും കുറവില്ല. മാവിന്റെ കൊമ്പിൽ കൂടുകൂട്ടിയ മൈനയും കുഞ്ഞുങ്ങളും പറന്നുകളിക്കുന്നു. പാട്ട് പാടുന്ന കുയിലമ്മയും അവിടെത്തന്നെയുണ്ട്. ഇവർക്കൊന്നും ഒരുകുഴപ്പവും ഇല്ലല്ലോ. അന്ന് വൈകുന്നേരം അവൻ അച്ഛനോട് ചോദിച്ചു. "അച്ഛാ നമുക്ക് വീടിന് പുറത്തിറങ്ങാൻ പറ്റുന്നില്ല. എന്നാൽ പക്ഷികൾക്കും മൃഗങ്ങൾക്കും ഒരു കുഴപ്പവും ഇല്ലല്ലോ; അതെന്താണ് ഇങ്ങനെ?" "നമ്മൾ വിതച്ചത് നമ്മൾ കൊയ്യുകയാണ്" അച്ഛൻ പറഞ്ഞു. അച്ഛൻ പറഞ്ഞതിന്റെ

അർത്ഥം എന്താണെന്ന് എത്ര ആലോചിച്ചിട്ടും അവന് മനസ്സിലായില്ല.അവൻ വീണ്ടും ചോദിച്ചു. “അച്ഛാ, അച്ഛൻ പറഞ്ഞതിന്റെ അർത്ഥം എനിക്ക് മനസ്സിലായില്ല.” “ഞാൻ മനസ്സിലാക്കിത്തരാം അച്ഛൻ പറഞ്ഞു. “അമിതമായ ലാഭക്കൊതിയോടെ പ്രകൃതിവിഭവങ്ങളെ മനുഷ്യൻ പരിധിയില്ലാതെ ചൂഷണം ചെയ്തു. വലിയ തോതിലുള്ള വനനശീകരണം കാലാവസ്ഥയിൽ മാറ്റങ്ങൾ ഉണ്ടാക്കി. അമിതമായ ഖനനങ്ങൾ മണ്ണിടിച്ചിലും വെള്ളപ്പൊക്കവും ഉണ്ടാകാൻ കാരണമായി. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ ഉപയോഗം ജനങ്ങളുടെ ആരോഗ്യത്തിന് ദോഷകരമായി. വ്യവസായ മാലിന്യങ്ങളും, അഴുക്കുചാൽ മാലിന്യങ്ങളും പ്ളാസ്റ്റിക്മാലിന്യങ്ങളും ജല സ്രോതസ്സുകളിൽ നിക്ഷേപിച്ചതുവഴി നിരവധി മാറാരോഗങ്ങൾക്ക് കാരണമായി. വാഹനങ്ങളുടെ പുക, വ്യവസായശാലകളിൽ നിന്നുള്ള വാതകങ്ങൾ, പ്ളാസ്റ്റിക് പോലുള്ള വസ്തുക്കൾ കത്തിച്ച പുക എന്നിവ നഗരങ്ങളിൽ ഗുരുതരമായ പ്രശ്നങ്ങൾക്ക് കാരണമായി. ഇത്തരത്തിൽ നമ്മൾ പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർത്തതിന്റെ ഫലമാണ് ഇത്തരം ഭീകരരോഗങ്ങൾ ഉണ്ടായത്. മനുഷ്യൻ പ്രകൃതിയോട് ചെയ്ത അന്യായങ്ങൾക്കുള്ള തിരിച്ചടിയാണ് ഇതെല്ലാം എന്നാണ് ഞാൻ ഉദ്ദേശിച്ചത്.” അച്ഛൻ പറഞ്ഞതിൽനിന്നും മനു വളരെയധികം കാര്യങ്ങൾ മനസ്സിലാക്കി. അന്നുരാത്രി അവൻ ഒരു തീരുമാനമെടുത്തു. “പ്രകൃതിയെ മലിനമാക്കുന്ന കാര്യങ്ങളൊന്നും ഇനി ഞാൻ ചെയ്യില്ല. പ്ളാസ്റ്റിക് കത്തിക്കുകയോ മാലിന്യങ്ങൾ വലിച്ചെറിയുകയോ ഇല്ല. ഭക്ഷണം പാഴാക്കില്ല. എന്റെ കൂട്ടുകാരെയും ഞാൻ ഇത് മനസ്സിലാക്കി കൊടുക്കും. ഇനി നാട്ടിൽ പോകുമ്പോൾ വീട്ടുപറമ്പിൽ കുറച്ച് വൃക്ഷത്തൈകളും ഞാൻ നട്ടുപിടിപ്പിക്കും''. രാത്രിഭക്ഷണം കഴിച്ചുകൊണ്ട് അമ്മയുടെ അടുത്തിരിക്കുമ്പോൾ ടെലിവിഷനിൽ വാർത്ത കണ്ടുകൊണ്ടിരുന്ന അച്ഛൻ ഉച്ചത്തിൽ പറയുന്നത് അവൻ കേട്ടു “രോഗം നിയന്ത്രണവിധേയമായ സാഹചര്യത്തിൽ അടുത്ത മാസം പകുതിയോടെ തീവണ്ടികൾ ഓടിത്തുടങ്ങും”. തീവണ്ടിസർവീസുകൾ തുടങ്ങിയാൽ ബാക്കിയുള്ള അവധിക്കാലം നാട്ടിൽ ചിലവഴിക്കാമല്ലോ എന്ന സന്തോഷത്തിൽ മനു രാത്രി സുഖമായി ഉറങ്ങി.

**ആന്റോ ഡോമനിക്ക് ജോൺസൺ**
4 സി
സെന്റ് ഗൊരേറ്റീസ് എൽ.പി.സ്കൂൾ , നാലാഞ്ചിറ
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# കൊച്ചു സാനിയ

സാനിയ നമ്മളെപ്പോലെ ഒരു കൊച്ചുകുട്ടിയാണ്. അവൾക്ക് റോഡിൽ കച്ചവടക്കാർ വിൽക്കാനായി വച്ചിരിക്കുന്ന പലഹാരങ്ങളും, നിറമുള്ള വെള്ളവുമൊക്കെ കുടിക്കാൻ വലിയ കൊതിയാണ്. പക്ഷേ അവളുടെ അമ്മ അതിന് അവളെ അനുവദിച്ചിരുന്നില്ല. അതിൽ അവൾക്ക് വലിയ വിഷമമായിരുന്നു. അവൾ പലപ്പോഴും അമ്മയോട് അതിനു വേണ്ടി പിണങ്ങുകയും ചെയ്യുമായിരുന്നു. ഒരു ദിവസം അമ്മ കൊച്ചു സാനിയയെ പച്ചക്കറി വാങ്ങാനായി തൊട്ടടുത്ത കടയിൽപറഞ്ഞയച്ചു. പച്ചക്കറികളും, പഴങ്ങളും കഴിക്കുന്നത് അവൾക്ക് ഒട്ടും ഇഷ്ടമല്ല. അമ്മ കാണാതെ അതെല്ലാം കളയുകയാണ് പതിവ്. പച്ചക്കറിവാങ്ങി മടങ്ങി വരുന്ന സമയം ഐസ്ക്രീം കച്ചവടക്കാരന്റെ സൈക്കിളിന്റെ മണി ശബ്ദം അവൾ കേട്ടു. പച്ചക്കറി വാങ്ങിയതിന്റെ ബാക്കി ചില്ലറഅവളുടെ കൈയിലുണ്ടായിരുന്നു. അമ്മ അടുത്തില്ലല്ലോ അവൾ ഐസ്ക്രീം വാങ്ങി കുടിച്ചു.നല്ല തണുപ്പ്. അവൾ വീട്ടിലെത്തി പച്ചക്കറികൾഅമ്മയെ ഏൽപ്പിച്ചു. ബാക്കി ചില്ലറ ഓടിയപ്പോൾ കളഞ്ഞുപോയി എന്നൊരു കള്ളവും പറഞ്ഞു. രാത്രിഭക്ഷണം കഴിച്ച് അവൾ ഉറങ്ങാൻ കിടന്നു. പക്ഷേ വയറിനാകെ ഒരു വേദന കിടക്കാൻ പോലും പറ്റുന്നില്ല. ചെറിയ പനിയും ഉണ്ട്. അമ്മ അവളെയും കൊണ്ട് തൊട്ടടുത്തു താമസിക്കുന്ന ഡോക്ടറിന്റെ വീട്ടിലേക്ക് പോയി .ഡോക്ടർ സാനിയയെ പരിശോധിച്ചു. ഭക്ഷണത്തിൽ നിന്നുണ്ടായ ചെറിയ ഒരു പ്രശ്നമാണിത് പേടിക്കേണ്ട കാര്യമില്ല എന്നു പറഞ്ഞു. അവൾക്ക് മരുന്നു കുറിച്ചുനൽകി. വീട്ടിലെത്തിയ സാനിയ അമ്മയോട് നടന്ന കാര്യങ്ങൾ മുഴുവൻ പറഞ്ഞു. അമ്മ പറഞ്ഞു മോളേ, നിനക്കിപ്പോൾ മനസിലായല്ലോ തുറന്നുവച്ചിരിക്കുന്ന ആഹാരസാധനങ്ങൾ എന്തുകൊണ്ടാണ് അമ്മ വാങ്ങിത്തരാത്തതെന്ന്. ഈ സാധനങ്ങൾ വൃത്തിയോടു കൂടിയാണോ ഉണ്ടാക്കുന്നത് എന്ന് നമുക്കറിഞ്ഞുകൂട. വൃത്തിഹീനമായ സാഹചര്യത്തിൽ ഉണ്ടാക്കുന്ന ഭക്ഷണം കഴിച്ചാൽ നമുക്ക് പലതരം രോഗങ്ങൾ വരും. രോഗപ്രതിരോധശേഷി കിട്ടണമെങ്കിൽ നമ്മൾഭക്ഷണത്തിൽ പഴങ്ങളും, പച്ചക്കറികളും, ഇലക്കറികളുമെല്ലാം ഉൾപ്പെടുത്തണം. കൊച്ചു സാനിയ അവളുടെ തെറ്റു മനസിലാക്കി. ഇനി മുതൽ അമ്മ പറയുന്നത് അനുസരിക്കുന്ന നല്ല കുട്ടിയായി മാറുമെന്ന് അവൾ അമ്മയ്ക്ക് ഉറപ്പു കൊടുത്തു. കൊച്ചു സാനിയ മിടുക്കിയായി.

**എമിലി ഷാജി**
3 സി, സെയിന്റ് ഗൊരേറ്റിസ് എൽ.പി.എസ്
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# കല്ലിന്റെ കഥ

കൂട്ടുകാരേ, ഞാൻ എന്റെ ജീവിതകഥ നിങ്ങളോടു പറയാം. വെറുമൊരു കെട്ടുകഥയല്ല, ജീവിതാനുഭവം തന്നെയാണിത്. പറഞ്ഞാലും പറഞ്ഞാലും തീരാത്ത നിരവധി അനുഭവങ്ങൾ എനിക്കുണ്ട്. മനോഹരമായ കുന്നിൻചരിവിൽ വലിയൊരുപാറക്കൂട്ടത്തിന്റെ ഭാഗമായിരുന്നു ഞാൻ. പച്ചപ്പാർന്ന കുന്നിൻചരിവ്. എങ്ങും താരും തളിരും. പൂക്കാലവും മഴക്കാലവും വേനൽക്കാലവും മഞ്ഞുകാലവുമൊക്കെ എന്റെ മുന്നിലൂടെ കടന്നുപോയി. വർണച്ചിറകുള്ള ചിത്രശലഭങ്ങൾ. മേയുന്ന കാലിക്കിടാങ്ങൾ. അടിവാരത്തു വിശാലമായ പാടശേഖരം. അവിടെനിന്നുയരുന്ന ഞാറ്റുപാട്ടുകളും തേക്കുപാട്ടുകളും. അങ്ങനെ പ്രകൃതിയുടെ മടിത്തട്ടിൽ ശാന്തമായ ജീവിതം. പൊന്നോണക്കാലമായിരുന്നു എനിക്കു പ്രിയപ്പെട്ടത്. അധികമായികിട്ടിയ ആ വസന്തകാലം താഴ്‌വര ശരിക്കും ആഘോഷിക്കും. എവിടെയും പൂമരങ്ങൾ മാത്രം. കാക്കപ്പൂവും മുക്കുറ്റിയും തുടങ്ങി പേരറിയാവുന്നതും അല്ലാത്തതുമായ ധാരാളം പൂക്കൾ. തേനുണ്ണാനെത്തുന്ന വണ്ടുകൾ, ശലഭങ്ങൾ,കിളികൾ... അത്തം മുതലുള്ള ദിവസങ്ങളിൽ മറ്റൊരു വിശേഷം കൂടിയുണ്ട്. കിഴക്കുവെള്ളകീറുംമുൻപേ പൂവട്ടിയും കഴുത്തിലിട്ട് കുട്ടികളെത്തും പൂവിറുക്കാൻ, പൂക്കളമൊരുക്കാൻ. അവർ പാടിയിരുന്ന പൂപ്പൊലിപ്പാട്ടുകൾ ഇന്നും എന്റെ ഓർമയിലുണ്ട്. ഇന്ന് ഈ സൗഭാഗ്യങ്ങളെല്ലാം നഷ്ടപ്പെട്ടു കഴിഞ്ഞു.മനുഷ്യന്റെ അത്യാർത്തികാരണം ആ കുന്നുതന്നെ ഇല്ലാതായി. ഒരു കുന്നില്ലാതാകുമ്പോൾ ലോകത്തിന്റെ ജൈവസന്തുലിതാവസ്ഥ താളംതെറ്റുകയാണെന്ന തിരിച്ചറിവ് അവർക്കില്ലാതെപോയി. താഴ്‌വരയിലെ മണ്ണ് യന്ത്രസഹായത്തോടെ വലിയ വാഹനങ്ങളിൽ നീക്കംചെയ്യാൻതുടങ്ങി ആദ്യം. ക്രമേണ കുന്നുംപാറക്കെട്ടും ഇടിച്ചുനിരത്തി. പാടശേഖരം മണ്ണിട്ടു നികത്തി. അവിടെ ഫ്ളാറ്റുകളും വില്ലകളും നിർമിക്കുന്നതിനായിരുന്നു ഇതെല്ലാം. ആകാശംമുട്ടുന്ന ഫ്ളാറ്റുസമുച്ചയം ഉയർന്നു. അതൊരു കോൺക്രീറ്റ് കാടായാണ് എനിക്കുതോന്നിയത്. അതിന്റെ അടിത്തറ ബലപ്പെടുത്തിയ ഒരു കരിങ്കൽക്കഷണമായി ഞാനിവിടെയുണ്ട് നഷ്ടപ്പെട്ടുപോയ നിറങ്ങളെയും ഗന്ധങ്ങളേയും പൂക്കളെയും ആകാശത്തേയുമോർത്ത് വിഷമിച്ച്.

**അദ്വൈത്. ആർ**
5 ബി, സെന്റ് ജോസഫ്സ് യുപിഎസ് പേരയം
പാലോട് ഉപജില്ല, തിരുവനന്തപുരം



# പ്രകൃതിയുടെ മടിത്തട്ടിൽ

കൂട്ടുകാരേ ഒരിടത്തു രാജു എന്നൊരു കുട്ടി ഉണ്ടായിരുന്നു. അവന്റെ വീടിനു ചുറ്റും ഒരുപാട് മരങ്ങളും ചെടികളും ഒക്കെ ഉണ്ടായിരുന്നു. ആ കൂട്ടത്തിൽ ഒരു വലിയ ആപ്പിൾ മരവും. ധാരാളം പക്ഷികൾ ആ മരത്തിൽ കൂടു കൂട്ടിയിരുന്നു. ആപ്പിൾ മരം രാജുവിന് ഒരുപാട് ഇഷ്ടമായിരുന്നു കാരണം മരം രാജുവിന് ധാരാളം ആപ്പിൾ കഴിക്കുവാൻ കൊടുക്കുമായിരുന്നു. ആ മരത്തിൽ കൂടുകൂട്ടിയ കിളികളും തേനീച്ചയും അണ്ണാനും ചിത്രശലഭവും തത്തമ്മയും ഒക്കെ രാജുവിന്റെ കൂട്ടുകാർ ആയിരുന്നു, ആപ്പിൾ കഴിച്ചും തേൻ കുടിച്ചും ഒരുമിച്ചു കളിച്ചും ഒക്കെ കാലം കടന്നു പോയ്ക്കൊണ്ടേ ഇരുന്നു. വർഷങ്ങൾ കുറെക്കഴിഞ്ഞു. രാജു വളർന്നു വലുതായി ആപ്പിൾ മരം വയസായി കായ്ക്കാതെയും ആയി. ഇനി ഈ മരം കൊണ്ട് ഉപയോഗം ഒന്നുമില്ല മുറിച്ചു വിൽക്കാം കുറെ പൈസ കിട്ടും രാജു വിചാരിച്ചു. രാജു മരം മുറിക്കാൻ കോടാലിയുമായി എത്തി, ഇത് കണ്ട ചിത്രശലഭവും അണ്ണാനും തത്തമ്മയും ഒക്കെ രാജുവിന് ചുറ്റും കൂടി "ആപ്പിൾ മരം മുറിക്കരുതേ മുറിച്ചാൽ ഞങ്ങൾക്ക് താമസസ്ഥലം നഷ്ടമാകും" എന്ന് രാജുവിനോട് അപേക്ഷിച്ചു, പക്ഷെ രാജു അതൊന്നും കേട്ടില്ല മുറിക്കാൻ തുടങ്ങി, മരം കുലുങ്ങിയപ്പോൾ തേനീച്ച കൂടിൽനിന്നും തേൻ തുള്ളിതുള്ളിയായി രാജുവിന്റെ മുഖത്ത് ഇറ്റിറ്റു വീണു, അവൻ അത് നുണഞ്ഞു നോക്കി ഹായ് എന്തൊരു മധുരം കുറച്ചു സമയത്തേക്ക് രാജു കുട്ടികാലത്തെ ഓർമകളിലേക്ക് പോയി. ആപ്പിൾ മരവും തനിക്കൊപ്പം കളിച്ച ചിത്രശലഭത്തെയും തത്തമ്മയെയും ഒക്കെ ഓർത്തു അവനു അവന്റെ തെറ്റ് മനസിലായി. അവൻ ആപ്പിൾ മരത്തോട് മാപ്പ് പറഞ്ഞു. ഇത് കണ്ടുനിന്ന കൂട്ടുകാർക്ക് ഒക്കെ സന്തോഷമായി.

**നിള വിപിൻ. എ**
1 എ, സെന്റ് ജോസഫ്സ് യുപിഎസ് പേരയം
പാലോട് ഉപജില്ല, തിരുവനന്തപുരം

# ശുചിത്വത്തെക്കുറിച്ച് ഒരു കഥ

ഒരിക്കൽ അപ്പു എന്നൊരു കുട്ടി ഉണ്ടായിരുന്നു. അവൻ നാലാം ക്ലാസിൽ പഠിക്കുമ്പോൾ ഒരു ദിവസം ക്ലാസിൽ വരാൻ താമസിച്ചു. എല്ലാ കുട്ടികളും വന്നു ക്ലാസ് തുടങ്ങിയപ്പോൾ അദ്ധ്യാപകൻ അപ്പുവിനെ അന്വേഷിച്ചു. അവൻ നന്നായി പഠിക്കുന്ന നല്ല അനുസരണയും ഉള്ള കുട്ടിയായിരുന്നു.

അന്ന് അവൻ ക്ലാസിൽ താമസിച്ച് വന്നപ്പോൾ അദ്ധ്യാപകൻ അവനോട് ചോദിച്ചു, "നീ എന്താണ്വൈകിയത്", അപ്പോൾ അവൻ പറഞ്ഞു "ഞാൻ വരുന്ന വഴിയിൽ ഒക്കെയും പ്ലാസ്റ്റിക്കും മറ്റ് വേസ്റ്റുകളും നിറഞ്ഞു കിടക്കുന്നത് കണ്ടു, ഇത് ഓരോ ദിവസം കഴിയുംതോറും കൂടി വരുന്നത് കണ്ട് ഞാൻ തീരുമാനിച്ചു ഈ വേസ്റ്റ് ഒക്കെ വൃത്തിയാക്കണം എന്ന്. നാം നമ്മുടെ വീടുംപരിസരവും നമ്മുടെ ശരീരവും മാത്രമല്ല നമ്മുടെ ചുറ്റുപാടും കൂടി വൃത്തിയാക്കണം അതുകൊണ്ടാണ് സർ ഞാൻ ക്ലാസിലെത്താൻ വൈകിയത് എന്നോട് ക്ഷമിക്കണം സർ."

"നിന്നെ പോലെ എല്ലാവരും ചിന്തിച്ചെങ്കിൽ നമ്മുടെ നാടും പരിസരവും എത്ര വൃത്തിയായിരിക്കും" സർ അവനെ അഭിനന്ദിച്ചു.

**ദിയ. എസ്.ബിജു**
2 ബി
സെന്റ് ജോസഫ്സ് യുപിഎസ് പേരയം
പാലോട് ഉപജില്ല, തിരുവനന്തപുരം

# കാകൻ പഠിപ്പിച്ച പാഠം

ഒരിക്കൽ രാമുകാക്കയും കൂട്ടരും തീറ്റതേടി നടക്കുന്നതിനിടയിൽ ഒരു വീടിന്റെ മുറ്റത്തെത്തി. എന്നാൽ ആ വീട്ടിലെ ആളുകൾ അവരെ ഓടിച്ചു. കാക്കകൾ തങ്ങളുടെ രാജാവായ കാകനോടു സങ്കടം പറഞ്ഞു. സമരം ചെയ്യാമെന്ന് രാജാവ് തീരുമാനിച്ചു.

ഒരു കാക്കയും ഇനി തീറ്റതേടി മനുഷ്യരുടെ മുറ്റത്ത് പോകണ്ട, പകരം റോഡിലൊക്കെ കിടക്കുന്ന ചപ്പുചവറുകൾ അവരുടെ മുറ്റത്ത് കൊണ്ടിടുക. അവർ തന്നെയല്ലേ കണ്ടതെല്ലാം വലിച്ചെറിഞ്ഞ് വഴികൾ വൃത്തികേടാക്കുന്നത്. നമ്മൾ അത് വൃത്തിയാക്കുക മാത്രമാണ് ചെയ്യുന്നത്.

പിന്നീട് എല്ലാ വീടുകളിൽ നിന്നും വഴിയിൽ കൊണ്ടിടുന്ന ചവറുകൾ കാക്കകൾ ഓരോ വീടിന്റെ മുന്നിലും കൊണ്ടിട്ടു. എല്ലാത്തരം അവശിഷ്ടങ്ങളും ഉണ്ടായിരുന്നു അതിൽ. മുറ്റത്ത് വിരിച്ചിട്ടിരുന്ന തുണികളിലെല്ലാം അത് ചാടി. ഇങ്ങനെ കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആളുകൾ മടുത്തു. ഇതിനെന്ത് പോംവഴിയെന്നവർ ആലോചിച്ചു. നമ്മുടെ മുറ്റങ്ങളിൽ കുഴിയുണ്ടാക്കി ഇവ അതിലിടാം. മനുഷ്യരുടെ നേതാവു പറഞ്ഞു. എല്ലാവരും സമ്മതിച്ചു. അങ്ങനെ എല്ലാവീടുകളിലും മനുഷ്യർ കുഴികുഴിച്ച് അവശിഷ്ടങ്ങൾ ഇട്ടു.

കാക്കകൾക്ക് പറന്നു നടക്കാതെ കുഴിയിൽ നിന്ന് തീറ്റ കിട്ടി. കാക്കകളുടെ രാജാവ് കാകൻ പറഞ്ഞു. അങ്ങനെ നമ്മൾ മനുഷ്യരെ ഒരു പാഠം പഠിപ്പിച്ചു. നമുക്ക് ഇഷ്ടംപോലെ ആഹാരം കഴിക്കാം അവരുടെ പരിസരവും വഴികളും വൃത്തിയായി. അതു മാത്രമല്ല രോഗങ്ങൾ അവർക്കു മാത്രമല്ല നമുക്കും ഇല്ലാതായി.


**അന്ന മരിയ പോളി**
3 എ
സെന്റ് ജോസഫ്സ് യു പി എസ് നെല്ലിമറ്റം
കോതമംഗലം ഉപജില്ല, എറണാകുളം

# കൊറോണയുടെ വികൃതികൾ

ആഹ്ലാദകരമായ നിമിഷങ്ങൾ.. സ്വച്ഛസുന്ദരമായ ഗ്രാമം ഏതൊരാളെയും നോക്കിയാൽ സന്തോഷത്തിന്റെ തെളിവുകളായ മുല്ലപ്പൂപ്പോലെയുള്ള പല്ലുകൾ കാണാം. കിളികളുടെ ശബ്ദങ്ങൾ... ചെറുതണുപ്പ്... എല്ലാവരും സ്വന്തം കിടക്കയെയും പുതപ്പിനെയും വിട്ട് പുതിയ ദിവസത്തിന്റെ മധുരിമ ആസ്വദിക്കുന്നതിനുള്ള ഒരുക്കത്തിലാണ്.

രാമേട്ടൻ പത്രമെടുത്ത് വായിക്കാൻ തുടങ്ങി "കേരളത്തിൽ ആദ്യത്തെ കൊറോണ സ്ഥിരീകരിച്ചു''. അടുക്കളയിൽനിന്ന് വാർത്തകേട്ട് ഓടിയെത്തിയ സാവിത്രി ചോദിച്ചു. "സ്ഥിരീകരിച്ചോ? നിങ്ങളിനി പുറത്തേയ്ക്കൊന്നും പോകണ്ട അയ്യോ! നമ്മുടെ മോൻ കിച്ചു വെന്തിയെ?" "അവൻ ആ അപ്പുവിന്റെ കൂടെ കളിക്കാൻ പോയതാ" രാമേട്ടൻ പറഞ്ഞു. "എന്റെ ദൈവമേ അവനെയിങ്ങ് വിളിച്ചേ", സാവിത്രി പറഞ്ഞു. മൂന്നുപേരടങ്ങുന്ന ആ കുടുംബം സന്തോഷത്തോടെയും സൂക്ഷിച്ചും മുൻപോട്ടുപോയി. അവരുടെ രണ്ടുപേരുടെയും ഏകമകനായ കിച്ചു അവന്റെ പ്രിയപ്പെട്ട ചാനലായ കാർട്ടൂൺ ചാനൽ കണ്ടുകൊണ്ടിരിക്കെ സാവിത്രി പറഞ്ഞു.

"എടാ നീയാ വാർത്തയൊന്ന് വെച്ചേ". "അടുത്തതെന്റെ ടോമും ജെറിയാണ് അതാകുമ്പോഴേക്കും എനിക്ക് റിമോട്ട് വേണം" കിച്ചു പറഞ്ഞു. ''ഉം ശരി വേഗം വാർത്ത വെക്ക്''. കേരളത്തിലെവിടെ യൊക്കയോ കൊറോണ സ്ഥിരീകരിച്ചു! വാർത്ത കണ്ടുകൊണ്ടിരിക്കെ സാവിത്രിയിൽ ഞെട്ടലുളവാക്കികൊണ്ട് ആ വാർത്തയെത്തി. "ജില്ലയിൽ 5 പേർക്ക് കൊറോണ സ്ഥിരീകരിച്ചു". പുറത്തുനിന്നും എത്തിയ രാമേട്ടൻ പറഞ്ഞു. ''ആ കൊറോണ പിടിച്ച 5 പേരിലൊരാൾ നമ്മുടെ പുഴയ്ക്കക്കരെയുള്ള നവാസാണ്. ഇനി പുറത്തേയ്ക്കാരും ഇറങ്ങണ്ട, സർക്കാരിന്റെ കടുത്ത നിയന്ത്രണങ്ങളുണ്ട്. അയൽപക്കത്തുള്ള നമ്മടെ ബിജു പറഞ്ഞു നവാസിന്റെ ഭാര്യയും മക്കളും നിരീക്ഷണത്തിലാണെന്ന്. സാവിത്രി തന്റെ മിഴികൾ എങ്ങോട്ടെന്നില്ലാതെ പായിച്ചു. രാമേട്ടൻ കുറച്ച് അരിയും സാധനങ്ങളുമായി നവാസിന്റെ വീട്ടിൽ എത്തി, അവിടെ ഏൽപിച്ച് തിരികെപോന്നു. നടക്കുന്ന



വഴിയിലത്രയും എന്തെന്നില്ലാത്ത ചിന്ത അയാളെ അലട്ടിയിരുന്നു... അടുത്ത ദിവസം രാവിലെ രാമേട്ടൻ പുറത്തേക്ക് നോക്കി നാട് ഒറ്റനിമിഷംകൊണ്ട് മാറി മറഞ്ഞു, ആരും പുറത്തിറങ്ങുന്നില്ല... കടകൾ തുറക്കുന്നില്ല... വാഹനങ്ങൾ ഓടുന്നില്ല.. ഉണ്ടെങ്കിൽ തന്നെ അത്യാവശ്യ സാധനങ്ങൾ വാങ്ങി പത്തായത്തിൽ നിറയ്ക്കാൻ വെമ്പുന്നവർ... കൊറോണ പരന്നു തുടങ്ങിയതോടെ എല്ലാവരും അവരവരുടെ വീടുകളിൽ ഒതുങ്ങി. രാമേട്ടൻ തന്റെ വീടും പരിസരവും വൃത്തിയാക്കി. ഏതാനും ദിവസം കഴിഞ്ഞപ്പോൾ രാമേട്ടന് ചെറിയ പനിയും ചുമയും തുടങ്ങി. അസുഖം കുറയുന്നില്ല സാവിത്രിക്കും ചെറിയ അസ്വസ്ഥതകൾ കണ്ടുതുടങ്ങി. ആശുപത്രിയിൽ എത്തിയ രാമേട്ടനോട് നിരീക്ഷണത്തിനായി അഡ്മിറ്റാകാൻ നിർദ്ദേശിച്ചു. ''രണ്ടു ദിവസത്തിനുള്ളിൽ റിസൽറ്റു വരും ഭയക്കേണ്ടതില്ല. നമുക്ക് നോക്കാം". റിസൽട്ട് വന്നു "പോസിറ്റീവ്" രാമേട്ടന്റെ മനസ് തീജ്വാലകൾ പോലെ കത്തിയെരിഞ്ഞു. സാവിത്രിയും കുട്ടികളും... രാമേട്ടന്റെ ചിന്തകൾക്ക് പിന്നെയും തീ പിടിച്ചു. ഇതറിഞ്ഞ നാട്ടുകാർ വീടിനപ്പുറം കാണാൻ ആഗ്രഹിച്ചില്ല ആ കുടുംബത്തെ പ്രത്യേക നിരീക്ഷണത്തിലാക്കി. കൊറോണയുടെ നീരാളിപ്പിടുത്തത്തിനു മുമ്പിൽ അവർക്കെന്നല്ല ഡോക്ടർമാർക്കു പോലും ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. പ്രായമായ രാമേട്ടന്റെ രോഗാവസ്ഥ കൂടി. കൊറോണയ്ക്ക് മുൻപിൽ പിടിച്ചു നിൽക്കാനാവാതെ അദ്ദേഹം മരണത്തിനു കീഴടങ്ങി. വിവരങ്ങൾ അപ്പപ്പോൾ തന്നെ നാട്ടുകാർ അറിയുന്നുണ്ടായിരുന്നു. നമ്മുടെ നാട്ടിലെ രണ്ടുപേർ മരണമടഞ്ഞിരിക്കുന്നു.സാവിത്രിക്ക് തന്റെ ദു:ഖത്തെ അടക്കി നിർത്താൻ കഴിഞ്ഞില്ല. ആശ്വാസിപ്പിക്കുവാൻ ആരുമില്ല. രാമേട്ടനെ ഒരു നോക്കു കാണാൻ വെമ്പൽ കൊണ്ടു. പക്ഷേ കാണിച്ചില്ല കിച്ചുവിനെ ആശ്വസിപ്പിക്കുവാൻ അവർക്കായില്ല. കിച്ചു മന്ത്രിച്ചു "എന്റെ പ്രിയപ്പെട്ട അച്ഛൻ" അവൻ കണ്ണുകൾ ഇറുകെ അടച്ചു. അവന്റെ കണ്ണിൽ നിന്നും ചുടുനീർ ധാരയായി ഒഴുകി...

**മിസ ആൻ എം ബിനോയി**
7 എ
സെന്റ് ജോസെഫ്സ് യു പി സ്കൂൾ കല്ലോടി
മാനന്തവാടി ഉപജില്ല, വയനാട്

# അതിജീവനം

അനീഷ, അതായിരുന്നു അവളുടെ പേര്. പത്താംക്ലാസ്സിൽ പഠിക്കുകയായിരുന്നു. പഠിക്കാൻ ബഹു മിടുക്കി. സ്കൂളിൽ ഒന്നാമത്. എല്ലാത്തരത്തിലുള്ള കഴിവിൻെറയും ഉറവിടം. എല്ലാത്തരം സർഗ്ഗ വാസനകളും ദൈവം കനിഞ്ഞവൾക്ക് നൽകിയിട്ടുണ്ട്. അച്ഛൻ, അമ്മ, അനുജൻ, അനുജത്തി ഇതായിരുന്നു അവളുടെ കുടുംബം. ദാരിദ്ര്യവും, കഷ്ടപ്പാടും, പട്ടിണിയുടെ രുചിയും അവൾ അറിഞ്ഞിട്ടുണ്ട്. ദൈവം അതായിരുന്നു അവളുടെ ശക്തി. സഹജീവികളോട് ദയ, കരുണ, അനുകമ്പ, മറ്റുള്ളവരെ കരുതാനുള്ള മനസ്സ് ഇതായിരുന്നു അനീഷഎന്ന പെൺകുട്ടിയുടെ ജീവിതം. മാർച്ച് 10 പരീക്ഷ വന്നെത്തി. പത്താം ക്ലാസ്സിൽ ഉന്നതവിജയം അതു മാത്രമായിരുന്നു അവളുടെ മനസ്സിൽ. എല്ലാവരുടെയും പ്രതീക്ഷയാണ് അവൾ.

ആദ്യപരീക്ഷയുടെ അന്ന് അതിരാവിലെ ഉണർന്നു പഠിച്ച് അച്ഛന്റെയുമമ്മയുടെയും കാൽ തൊട്ട് അനുഗ്രഹം വാങ്ങി അവൾ സ്കൂളിലേക്ക് പോയി. ആദ്യ ദിവസമായതു കൊണ്ട് എല്ലാവരും വളരെ നേരത്തെ തന്നെ എത്തിയിരുന്നു. സ്കൂളിൽ എത്തിയ ഉടൻ അവൾ പ്രഥമാധ്യപകന്റ കാൽതൊട്ടു വണങ്ങി. എല്ലാ അധ്യാപകരെയും കണ്ടു. പരീക്ഷ അടുത്തപ്പോഴുള്ള ഓരോ ബെല്ലടിയും അവളുടെ നെഞ്ചിടിപ്പേറ്റി. അങ്ങനെ ആദ്യ പരീക്ഷ കഴിഞ്ഞു. വളരെ നന്നായി എഴുതി. പിന്നെ തുടർന്ന് പരീക്ഷകളായിരുന്നു. എല്ലാം വളരെ നന്നായിഎഴുതി. ആ മാസമാണ് ലോകത്തെ കിടുകിടാ വിറപ്പിച്ച മഹാമാരിയായ "കൊറോണ" എന്ന വൈറസ് വില്ലനായി എത്തിയത്. ചൈന, ജപ്പാൻ, ഇറ്റലി എന്നീ രാജ്യങ്ങളെയെല്ലാം കീഴടക്കി ആ മഹാമാരി താണ്ഡവമാടി. ആ മഹാമാരി ഇന്ത്യയിലും എത്തി. ദിവസങ്ങൾക്കകം കേരളത്തിലും വിരുന്നെത്തി. നിനച്ചിരിക്കാതെ പരീക്ഷകളെല്ലാം മാറ്റി . എന്തായാലും പത്താം ക്ലാസിലെ പരീക്ഷ മാറ്റിയ ചരിത്രമില്ല. അതിശയമെന്ന് പറയട്ടെ ബാക്കി നടത്താനുള്ള പരീക്ഷകളും മാറ്റിയ വാർത്ത വന്നു. ആ മഹാമാരിയിൽ നമ്മുടെ കൊച്ചു "കേരളം" വിറച്ചു. രാജ്യം സമ്പൂർണ്ണ അടച്ചിടൽ പ്രഖ്യാപിച്ചു. വളരെ അത്യാവശ്യമായ കാര്യത്തിനല്ലാതെ ആരും ഒന്നിനും പുറത്തിറങ്ങാറില്ല. വ്യക്തി ശുചിത്വവും അകലവും പാലിച്ചു സുരക്ഷിതരായി വീട്ടിൽ ഇരിക്കണം. നമ്മുടെ രാജ്യത്തിനും ഓരോരുത്തർക്കും വേണ്ടി എല്ലാവരും അതിനു തയ്യാറായി. "കോവിഡ് 19" എന്ന് ശാസ്ത്രീയമായ നാമത്തിൽ ആ മഹാമാരി അറിയപ്പെട്ടു.

മാറ്റിവച്ച ബാക്കി പരീക്ഷയും കാത്ത് അനീഷ വീട്ടിലാണ്. ഓരോദിവസവും രാജ്യത്തെ സമർപ്പിച്ചു പ്രാർഥിച്ചു. ബാക്കി ഒഴിവ് സമയം കൃഷിപ്പണികൾക്കായി മാറ്റിവച്ചു. ഒരു ദിവസം അനീഷ മുറ്റത്ത് കൃഷി പണിയിലേർപ്പെട്ടുക്കൊണ്ടിക്കുമ്പോൾ റോഡിലൂടെ പോയ ഒരാൾ തളർന്നു വീഴുന്നതു കണ്ടു. മറ്റൊന്നും അവൾ ചിന്തിച്ചില്ല. അയാളെ എടുത്ത് വീട്ടിൽ കിടത്തി പ്രഥമശുശ്രൂഷ നൽകി വിട്ടയച്ചു. നിർഭാഗ്യവശാൽ അയാൾക്ക് കോവിഡ് ആയിരുന്നു. ആ വൈറസ് അനീഷയെയും ബാധിച്ചു. ആ കുടുംബത്തിന് അത് താങ്ങാൻ പറ്റിയില്ല. ആകെ തളർന്നുപോയി. ഏക പ്രതീക്ഷയായിരുന്നു അവൾ. തുടർന്നുള്ള നീണ്ട ചികിത്സയായിരുന്നു മരുന്ന് പോലും കണ്ടുപിടിക്കാത്ത ആ മഹാമാരിക്ക് വേണ്ടി. ആ പ്രദേശമാകെ ദുഖത്തിലായി. തുടർന്ന് നിരന്തര പ്രാർത്ഥന ആയിരുന്നു. ആ കൊച്ചു ശരീരത്തിന് ആ വൈറസിന്റെ ആക്രമണം ചെറുത്തു നിൽക്കാനായില്ല. അതീവ ഗുരുതരാവസ്ഥയിലേക്ക് രോഗം മൂർച്ഛിച്ചു. ഡോക്ടർമാരും നഴ്സും കിണഞ്ഞു പരിശ്രമിച്ച് നിരന്തര ചികിത്സയുടെയും പ്രാർത്ഥനയുടെയും ഫലമായി അനീഷ രോഗമുക്തി നേടി.

ആ നല്ല സുദിനം വന്നെത്തി. അനീഷ ആശുപത്രി വിട്ടു. മാസങ്ങൾക്കകം നമ്മുടെ രാജ്യം പൂർവ്വസ്ഥിതിയിലേക്ക് വന്നു. ആ മഹാമാരിയുടെ താണ്ഡവം ക്രമേണ കുറഞ്ഞു. “ദൈവത്തിന്റെ സ്വന്തം നാടായ കേരളം” ആ മഹാമാരിയെ അതിജീവിച്ചു. ലോകത്തിന്റെ നെറുകയിൽ നമ്മുടെ ഇന്ത്യ എത്തി. പരശുരാമൻ മഴു എറിഞ്ഞ് നേടി എന്ന് കഥയുള്ള നമ്മുടെ കേരളം ഇന്ത്യയുടെ പരമോന്നതിയിൽ എത്തി. പ്രളയത്തെ അതിജീവിച്ച കേരളം കൊവിഡിനെയും അതിജീവിച്ചു. അങ്ങനെ അനീഷ ബാക്കിയുള്ള പരീക്ഷയും എഴുതി. ഉന്നതവിജയം കരസ്ഥമാക്കി. സ്കൂളിലെ അഭിമാനവും നാടിന്റെ പ്രതീക്ഷയുമായ ആ കൊച്ചുമിടുക്കി ഇന്ന് മെഡിസിൻ പഠനം കഴിഞ്ഞു ഡോക്ടർ ആയി ആതുര സേവനരംഗത്ത് പ്രവർത്തിക്കുന്നു. ഏറ്റവും മികച്ച ഡോക്ടർ ആയി. അനാഥരെയും നിരാലംബരെയും തെരുവീഥിയിൽ അലയുന്നവരെയും പ്രത്യേക പരിഗണന നൽകി ശുശ്രൂഷിച്ച് ആതുരസേവന രംഗത്ത് പ്രശസ്തിയാർജ്ജിച്ച ഡോക്ടർ അനീഷ.

**ജീവൻ മോഹൻ**
7 ബി
സെന്റ് ജോൺസ് യുപിഎസ് അഞ്ചാമട
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# അപ്പുവിന്റെ സ്വപ്നം

പതിവിലും നേരത്തെ അപ്പു ഉണർന്നു. അവന്റെ പിറന്നാളാണിന്ന്. രാവിലെ അമ്പലത്തിൽ പോയി വന്നപ്പോഴേക്കും അമ്മ പ്രഭാത ഭക്ഷണം എടുത്തു വച്ചു. കഴിക്കുമ്പോൾ ടിവി കാണുന്നത് പതിവാണ് ടിവി കണ്ടുകൊണ്ടിരുന്നപ്പോൾ അച്ഛന്റെ ഫോൺ വന്നു. അവന്റെ അച്ഛന് ഇറ്റലിയിലാണ് ജോലി. അച്ഛൻ പിറന്നാളാശംസ നേരാൻ വിളിച്ചതാണ്. അവന് സന്തോഷമായി. ആ സന്തോഷത്തിന് മിനിറ്റുകളുടെ ആയുസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ രാജ്യത്ത് കൊറോണ എന്ന മാരക രോഗം വ്യാപിച്ചിരിക്കുന്നുവത്രേ. ആർക്കും റൂമിൽ നിന്ന് പുറത്തിറങ്ങാൻ അനുവാദമില്ലത്രേ. ഒരു പാട് ആളുകൾ മരിച്ചു. രോഗമുള്ളവരെ നേരിട്ട് കണ്ടാൽ രോഗം പകരുമെന്നാണ് പറയുന്നത്. അടുത്ത മാസം അച്ഛൻ വരുന്നത് സ്വപ്നം കണ്ടിരുന്ന അപ്പുവിന് ആകെ സങ്കടമായി. പുതിയ ഉടുപ്പും ചോക്ലേറ്റും കളിപ്പാട്ടങ്ങളും എല്ലാം വെറും സ്വപ്നം മാത്രം.

**നിവേദ്യ**
3 സി
സെന്റ് തോമസ് മിഷൻ എൽ.പി.എസ് എരിമയൂർ
കുഴൽമന്ദം ഉപജില്ല, പാലക്കാട്

# പ്രതീക്ഷയുടെ കിരണങ്ങൾ

ലിനി പതിവുപോലെ തന്റെ കിടക്കയിൽ നിന്ന് എണീറ്റു. സമയം അഞ്ചര ആകുന്നതേയുള്ളൂ. എത്ര ആഴ്ചകൾക്കു ശേഷമാണ് സ്വന്തം വീട്ടിൽ കിടക്കാനായത് . അവൾ എഴുന്നേറ്റ് കണ്ണാടിയിലേക്ക് നോക്കി. താൻ എത്ര ക്രീം ഉപയോഗിച്ചാലും വരാത്തത്ര സൗന്ദര്യം തന്റെ മുഖത്ത്പ്രകാശിക്കുന്നുവോ? തന്റെ മുടിയിഴകളിൽ എന്തെന്നില്ലാത്ത മൃദുലത! കണ്ണുകൾ കൂടുതൽ തിളങ്ങുന്നതായ് തോന്നി. അവൾ അത്ഭുതത്തോടെ മറ്റൊരു തന്നെ നോക്കി നിന്നു.അവിടെ ഓർമ്മകൾ മിന്നിത്തുടങ്ങി. അവൾ അതിലേക്ക് ആനയിക്കപ്പെട്ടു. എന്തെല്ലാം സംഭവങ്ങൾ! ആശുപത്രിയിലേക്ക് രോഗികളുമായി എത്തുന്ന ആംബുലൻസുകളുടെ ശബ്ദം ഞെട്ടൽ ഉളവാക്കുന്നു. രോഗികളുടെ കുടുംബാംഗങ്ങളുടെ പൊട്ടിക്കരച്ചിൽ ചെവികളിൽ ഇപ്പോഴും മുഴങ്ങി കേൾക്കുന്നു. രോഗികളുടെ ''താൻ രക്ഷപ്പെടുമോ ഡോക്ടറേ?'' എന്ന നിസസ്സഹായമായ ചോദ്യങ്ങൾ. ഏകാന്തവാസം അനുഷ്ഠിക്കുന്നവരെ സാന്ത്വനപ്പെടുത്താൻ പെടുന്ന പാട്. ഓരോ രോഗിയും അസുഖം ഭേദമായി തിരിച്ചു പോകുമ്പോൾ അവർ നൽകുന്ന നന്ദിസൂചകമായ നോട്ടം. എല്ലാത്തിനും മദ്ധ്യേ കോവിഡ് 19... അവൾ ജാലകത്തിനരികെ പോയിരുന്നു. മക്കളായ ജോണും അന്നയും വേറെ മുറിയിലാണ് . രണ്ടു വയസ്സുകാരി അന്ന അമ്മയെ വിട്ടുപിരിയാൻ പറ്റാത്ത സ്വഭാവക്കാരിയാണ് . എന്നാൽ അവൾ തന്നിൽ നിന്ന് അകന്നു നിൽക്കാൻ ശീലിച്ചിരിക്കുന്നു.ആഗ്രഹിച്ചു നേടിയതാണ് പേരിനു മുന്നിൽ “ഡോക്ടർ” എന്ന പദവി. “ഓ ഡോക്ടറല്ലേ വലിയ പണിയൊന്നും ഉണ്ടാകില്ല” എന്ന വിവരം കെട്ട ചോദ്യങ്ങൾക്ക് മുന്നിൽ ഈ ദിനങ്ങൾ അല്ലാതെ വേറൊരുത്തരം തനിക്ക് ചൂണ്ടിക്കാണിക്കാനില്ല. ലിനി ജനാലയിലൂടെ പുറത്തേക്ക് നോക്കി. ഒരു വീടിനും ജീവൻ വച്ചിട്ടില്ല. സാധാരണ ഈ സമയങ്ങളിലെ കോലാഹലങ്ങൾ കേട്ടാണ് അവൾ എണീക്കാറ്. പക്ഷെ ഇപ്പോൾ എല്ലാവരും ഉറക്കത്തിലാണ്. താൻ ഉണർന്നതും, ആറരയാകാറായി. എത്ര പെട്ടെന്നാണ് സമയം കടന്നുപോയത്. ഈ ദുരിതവും കടന്നു പോകും.അവൾ മനസ്സിൽ ആശ്വസിച്ചു. ഒരു കാലത്ത് തന്റെ മോഹമായ,ആ വെള്ള കോട്ടിലേക്ക് അവൾ നോക്കി. ഒരു ദീർഘനിശ്വാസം അവളിൽ നിന്നുയർന്നു. അവൾ പുറത്തേക്ക് നോക്കി. പ്രഭാതകിരണങ്ങൾ ഭൂമിയിലേക്ക് പതിച്ചു തുടങ്ങി. അന്ധകാരത്തെ തള്ളിമാറ്റി തിളങ്ങിയ പ്രകാശത്തിന്റെ വരവ് കണ്ടപ്പോൾ ഒരു ശുഭ പ്രതീക്ഷ മനസ്സിൽ ഓടിയെത്തി. അവൾ ആശുപ്രത്രിയിലേക്ക് പോകുവാൻ ധൃതിയിൽ തയ്യാറെടുത്തു. അപ്പോഴും പ്രതീക്ഷയുടെ സൂചകമായ പ്രകാശം ഭൂമിയിൽ പരന്നു കിടന്നിരുന്നു.

**ആസിയ എൻ ആർ**
9 ആ, സെന്റ് മൈക്കിൾസ് ഹൈസ്കൂൾ കാവിൽ
ചേർത്തല ഉപജില്ല, ആലപ്പുഴ

# കോഴിയും പൂച്ചയും

കോഴി : പൂച്ചച്ചേട്ടാ ഇപ്പോൾ നമുക്ക് സമയാസമയം ഭക്ഷണം ലഭിക്കുന്നു എന്താ കാര്യം.

പൂച്ച : അതിന് യജമാനനും മക്കളും എല്ലാവരും വീട്ടിലാണ്.

കോഴി : എന്തു പറ്റി ചേട്ടാ.

പൂച്ച : ആർക്കും പുറത്തിറങ്ങാൻ പാടില്ലായെന്നാ കേൾക്കുന്നത്.

കോഴി : മനുഷ്യരെ അകത്താക്കാൻ കഴിവുള്ള ശക്തനാരാ.

പൂച്ച : കൊറോണ.

കോഴി : കൊറോണയോ? അത് എന്ത് സൂത്രം.

പൂച്ച : വൈറസ്.

കോഴി : ഞാൻ കേട്ടിട്ടില്ല.

പൂച്ച : നീ കേൾക്കണ്ട, കാണാൻ പറ്റാത്ത സൂക്ഷ്മജീവി.

കോഴി : ഇത്തിരി പോന്ന ഇവന് എങ്ങനെ കഴിഞ്ഞു.

പൂച്ച : മനുഷ്യന് എന്തൊരു അഹങ്കാരമായിരുന്നു.

കോഴി : അങ്ങനെ പറയല്ലേ ചേട്ടാ... നമുക്ക് ആഹാരം തരുന്നവരല്ലേ.

പൂച്ച : നീ കൂട്ടിനുള്ളിലല്ലേ എന്ത് അറിയാം നിനക്ക്.

കോഴി : ഈ കൂടും പരിസരവും അറിയാം.

പൂച്ച : കാടുകളും മേടുകളും എല്ലാം ഇടിച്ചു നിരത്തിയില്ലേ... നമ്മുടെ എത്ര കൂട്ടുകാർ നഷ്ടമായി.

കോഴി : ശരിയാ.

പൂച്ച : പുറത്തിറങ്ങിയാൽ ഇത്തിരി കുടിക്കാൻ നല്ല വെള്ളമില്ല.

കോഴി : അത് എന്താ.

പൂച്ച : എല്ലാം മലിനം.

കോഴി : അതൊക്കെ പോട്ടെ മനുഷ്യർ എങ്ങനെയുണ്ട്.

പൂച്ച : എല്ലാവരും ഭയത്തിലാണ് നിരത്തിലില്ല. ലോക്ഡൗൺ.

കോഴി : അത് എന്താണ്?

പൂച്ച : കുറെ പുതിയ വാക്കുകൾ കേൾക്കുന്നുണ്ട്. ലോക്ക് ഡൗൺ ക്വാറെൻറ്റയിൻ, സാനിറ്ററെയ്സർ, മാസ്ക്ക് എന്നൊക്കെ.

കോഴി : അവൻ ഒരു വില്ലൻ തന്നെയാണ്

പൂച്ച : അതെന്ത്?

കോഴി : എല്ലാവരെയും കൂട്ടിലാക്കി കഴിഞ്ഞവരെ ഒറ്റയടിക്ക് കൂട്ടിലാക്കിയില്ലേ? ഹ... ഹ... ഹ...

പൂച്ച : ചിരിക്കാതെ, അവരില്ലെങ്കിൽ നാം ഉണ്ടോ?

കോഴി : അതു ശരിയാ, ഈ ഭൂമിയിൽ ഈശ്വരൻ സൃഷ്ടിച്ചതിനെ നാം നശിപ്പിക്കാൻ പാടില്ല.

പൂച്ച : അതെ. ഒന്നിന്റെ നാശം പലതിന്റെ നാശത്തിനു കാരണമാകും. പലതിന്റെയും പെരുപ്പത്തിനും കാരണമാകും.

കോഴി : പൊട്ടനെ ചട്ടൻ ചതിച്ചാൽ ചട്ടനെ ദൈവം ചതിക്കും.

**അഭിൻ.എസ്.ലാൽ**
5 എ
സെന്റ്. അലോഷ്യസ്.എൽ.പി.എസ്. വെങ്ങാനൂർ
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം

# മഷിത്തണ്ട്

അലീന മോൾ നീട്ടി വിളിച്ചു. അമ്മേ... അമ്മേ എന്തെടുക്കുവാ ? ഒരു കോവിഡും ലോക്ക് ഡൗണും . വല്ലാതെ ബോറടിക്കുന്നു അമ്മേ. ഞാൻ അമ്മയുടെ മൊബൈൽ ഒന്ന് എടുത്തോട്ടെ അമ്മ അലീനയുടെ ചോദ്യം കേട്ടു. എന്തിനാ മോളെ? ഗെയിം കളിക്കാൻ . അലീന ശബ്ദം താഴ്ത്തി പറഞ്ഞു. നീ പുറത്തേയ്ക്ക് ഇറങ്ങി വന്നേ അലീന ചിണുങ്ങി. വന്നേ മോളേ, ഈ ചെടിയ്ക്ക് വെള്ളം ഒഴിക്ക്. ഉം എനിക്കു വയ്യ എനിക്ക് ഗെയിം കളിക്കണം അലീന ശാഠ്യം പിടിച്ചു. അമ്മ അലീനയോട് പറഞ്ഞു ഈ പുഷ്പങ്ങളും ശലഭങ്ങളും നൽകുന്ന സന്തോഷം ഗെയിമിൽ നിന്ന് ലഭിക്കുമോ? അമ്മേ... എനിക്ക് ഗെയിമാണിഷ്ടം. മോളേ നാം ജീവനുള്ളവരാണ് ജീവനുള്ളവയെ നോക്കി നാം വളരണം. എങ്കിലേ ജീവനുള്ള ദൈവത്തെ ഉൾത്തടത്തിൽ ദർശിക്കുവാൻ കഴിയൂ. ജീവൻ ഉള്ളവയിലെല്ലാം ജീവദാതാവിന്റെ അംശമുണ്ടെന്ന് ഓരോ പച്ചത്തലപ്പും നമ്മെ പഠിപ്പിക്കുന്നുമുണ്ട്. ഒന്നു പോ അമ്മേ എന്നെ ശുണ്ഠി പിടിപ്പിക്കാതെ. അമ്മേ അമ്മയെ സഹായിക്കാൻ വേണ്ടിയല്ലേ ഈ മണ്ടത്തരങ്ങൾ വിളിച്ചു പറയുന്നത് അലീന അമ്മയുടെ പിന്നാലെ കൂടി. അമ്മ തോട്ടത്തിലെ എല്ലാ ചെടികൾക്കും പച്ചക്കറികൾക്കും വെള്ളമൊഴിക്കുന്നത് അ വൾ ശ്രദ്ധിച്ചു. ചെടികളുടെ ചോട്ടിൽ നിന്ന് അമ്മ ഒരു ചെടിയെ പിഴുതെടുത്തു ദൂരെയെറിഞ്ഞു. ഓ... അമ്മേ ഓരോ പച്ചത്തലപ്പും നമ്മെ പഠിപ്പിക്കുന്നു എന്നല്ലേ പറഞ്ഞത്. അങ്ങനെയെങ്കിൽ അമ്മ വലിച്ചെറിഞ്ഞ പച്ചത്തലപ്പ് എന്താണ് പഠിപ്പിക്കുന്നത് ഒന്നു പറഞ്ഞു താ അമ്മേ... അമ്മ ചിരിച്ചു. മോളേ നീ എന്നെ കളിയാക്കുകയാണോ? അലീന അമ്മയെ ഉറ്റു നോക്കി അമ്മ തുടർന്നു. മോളേ ധാരാളം വെള്ളം ലഭിക്കുന്നിടത്ത് യാതൊരു പരിചരണവുമില്ലാതെ തഴച്ചുവളരുന്ന ഈ സസ്യത്തിന്റെ കാണ്ഡം മാംസളവും മൃദുലവുമാണ്. പക്ഷേ ഈ കുഞ്ഞൻ ഒരു വലിയ കാര്യം നമ്മുടെ നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ കഴിയുന്ന രീതിയിൽ ഒരു വലിയ രഹസ്യം നമ്മെ പഠിപ്പിക്കുന്നു. രഹസ്യമോ? എന്തു രഹസ്യമമ്മേ? ഈ ലോകത്തിലുള്ള എല്ലാ സസ്യങ്ങളും മണ്ണിൽ നിന്ന് ജലം വലിച്ചെടുത്ത് തണ്ട് വഴി ഇലകളിൽ എത്തിക്കുന്ന ആ അത്യപൂർവ്വ കാഴ്ച ഇവൻ കാണിച്ചു തരും. ഓ എന്റെ ടീച്ചർ കാണിച്ചു തന്നിട്ടുണ്ട്. മഷിത്തണ്ട് ചെടി. എന്തിനാണമ്മേ ഈ ചെടിയെ പിഴുത് കളയുന്നത്. മോളേ ഇവൻ ഒരു വിരുതനാണ്. ജലം വേഗത്തിൽ വലിച്ചെടുത്ത് കാടുപോലെ തഴച്ചുവളരും. ഇത് മറ്റു സസ്യങ്ങളുടെ സുഗമമായ വളർച്ചയക്ക് തടസ്സമുണ്ടാക്കുന്നു. നാം നട്ടുവളർത്തുന്ന ചെടി നശിപ്പിച്ച് തഴച്ചുവളരുന്ന ഈ സസ്യത്തെ നിർത്തുന്നത് അനുയോജ്യമാണോ മോളേ? ഇല്ല അലീന മറുപടി പറഞ്ഞു. മോളേ ഇതുപോലെയാണു മൊബൈൽ അരുതാത്തത് എല്ലാം സ്വീകരിക്കും. അതു നിന്റെ സ്വാഭാവികവളർച്ചയെ തടസ്സപ്പെടുത്തും. എന്നാൽ നല്ല ഗുണങ്ങളും ഉണ്ട്, മഷിത്തണ്ട് ചെടി പോലെ. മോളേ നമ്മുടെ പരിസ്ഥിതിയിലേയ്ക്ക് കണ്ണുകളുയർത്തി നാം വളരണം. അലീന മൗനം ഭജിച്ചു.

ആരതി.ആർ.എ
5 എ, സെന്റ്. അലോഷ്യസ്.എൽ.പി.എസ്. വെങ്ങാനൂർ
ബാലരാമപുരം ഉപജില്ല, തിരുവനന്തപുരം

# THE GREAT DEATH

Vision blurry, nauseous and a splitting headache. A sniper shivering in the summer at position, weeks ago this same man was shooting Germans and enemy forces one by one. The man coughs with extreme vigor, flings his gun down, throws up, loses balance and falls out of position.

A fellow soldier looks at him with a frown and calls his mates to get a stretcher. A few trenches back a man suddenly faints and is transported to the nearest medical camp. Doctors perform an autopsy. They cut through the man's chest. Adjust the lights. Blue liquid. Inside the soldier's lungs. The man had drowned in his own lungs. And the sniper later gained the same fate. The bodies are transported to a room. These men are placed into that room with everyone else. At first men with these "unknown" deaths were labeled as just that. On Day Zero it was one, Day Two, 2. Within a few months this number skyrocketed to hundred thousands. But still the bodies were kept in the same room. A morgue worker picks up a corpse and due to the virus poking holes in the lungs and the air getting trapped underneath the skin the body pops and snaps when turned over. She goes to the little graveyard made by the army, every single spot is covered with tombstones. She remembers that there were at least a 1000 more inside. With no place to bury the man he is kept on top of a buried soldier.

A few days later the morgue worker dies. With medical personnel running low, doctors complain to the army. The army says that Germany is weeks away from crumbling and

that none of the troops must retreat. Weeks later doctors arrive and inform the Commander that over 5000 men have died and that the camps have run out of coffins. The doctors are ordered to step out of the room, the commander pulls out a pistol and takes his life. Doctors identify the disease that spread as Influenza A. The first time it came it was looked upon as just something that comes every winter but then it may have had contact with animals, mutated then spread it to doctors and soldiers in the front lines. A doctor investigating the spread of the disease walks into the kitchen and finds out that breakfast for the soldiers consists of Bacon, eggs and toast. She tests the animals. Over half of them sick. When she asks the chef whether the animals had come into contact with the soldiers, he recalls that a few months ago a worker accidentally broke a fence of the pig pen and the soldiers had helped the staff to put them back in. Bingo!. The cause of the spread. After reporting this in, the camps in that area were put into lockdown and quarantining the sick became the soldier's main task.


Sanitization became a priority and the army was forced to cough up enough soap for 5 million soldiers. On the other side the Germans were suffering with Influenza after a Prisoner Of War possibly spread it. The Flu of 1918 or The Spanish Flu helped tip the balance of the war at a critical moment and helped the Allied Forces win the war.

**വിഘ്നേഷ് എസ്**
7 ഡി
സെന്റ്.ആൽബർട്സ് എച്ച്.എസ്.എസ്. എറണാകുളം
എറണാകുളം ഉപജില്ല, എറണാകുളം

# കൊറോണ രാജകുമാരന്റെ വികൃതികൾ

ഒരിടത്തൊരിടത്ത് ഒരു സാമ്രാജ്യമുണ്ടായിരുന്നു. അവിടെ അതിശക്തനായ ഒരു രാജാവും. രാജ്യം സുന്ദരമായിരുന്നു. അവിടെ മേഘങ്ങൾ കൊണ്ട് ചമച്ച കൊട്ടാരങ്ങളിൽ ഒരു പാട് ആത്മാക്കൾ വസിച്ചിരുന്നു. രാവും പകലും ആദിയും അന്തവും ഇല്ലാത്ത ജീവിത മായിരുന്നു അവിടെ. അവർ നിന്നും കിടന്നും വെറുതെ കഥ പറഞ്ഞിരുന്നും അങ്ങനെ സമയം പോക്കി. ഭൂമിയിലേക്ക് തീർത്ഥയാത്ര പോവുന്ന ആത്മാക്കൾ മനസ്സില്ലാമനസ്സോടെ തിരികെ വന്നുകൊണ്ടിരിക്കും. അടുത്ത ഊഴത്തിൽ പോവാനുള്ളവർ ഞാനാദ്യം ഞാനാദ്യം എന്ന് തിരക്ക് കൂട്ടും. മടങ്ങി വന്നവരാവട്ടെ ഇനിയും പോവണം എന്ന് പറഞ്ഞ് രാജാവിനെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കും. എല്ലാവരെയും കൂടി ഒരുമിച്ചു വിട്ടാൽ ഭൂമിയിൽ തിരക്കു കൂടുമല്ലോ. അതു കൊണ്ട് രാജാവ് മുൻ യാത്രയിലെ പെരുമാറ്റവും. വരവുചെലവും ഒക്കെ കണക്കാക്കി ഒരു മുൻഗണനാ ലിസ്റ്റുണ്ടാക്കി മാത്രമേ വിടുകയുള്ളൂ. ഭൂമിയിലേക്ക് വിട്ടവരെ തിരിച്ചു കൊണ്ടു വരാനായിരുന്നു ഭയങ്കര പ്രയാസം. കണ്ട് കണ്ട് മതിവരാതെ, കാറ്റും മഴയും വെയിലും അനുഭവിച്ചുകൊതിതീരാതെ, കിട്ടിയ സഹയാത്രികരെ, കൂട്ടുകാരെ പിരിയാനാവാതെ ഞാൻ വരില്ല വരില്ല എന്നു വാശി പിടിച്ചുകളയും അവർ.. അങ്ങനെയുള്ള വാശിക്കാരെ പോയി കൂട്ടിക്കൊണ്ടുവരാൻ രാജാവിന് കുറെ മക്കളുണ്ടായിരുന്നു. അതിൽ ഏറ്റവും ഇളയവനായിരുന്നു കൊറോണ എന്നു വിളിപ്പേരുള്ള കോവിഡ് 19. സുന്ദരൻ. പുള്ളിക്കുപ്പായക്കാരൻ.ഏറ്റവും ഇളയവയനായതിന്റെ കുറുമ്പുള്ളവൻ... വവ്വാൽ ചിറകിലേറി ഈനാംപേച്ചിപ്പുറത്ത് കുതിച്ച് രാജകീയമായി തന്നെ ആയിരുന്നു രംഗപ്രവേശം. പിന്നെ ഒരു തേരോട്ടമായിരുന്നു തൊട്ടവരെയൊക്കെ സ്നേഹിച്ച് സ്നേഹിച്ചവരെ ഒക്കെ കൂടെക്കൂട്ടാൻ വെമ്പൽ കൊണ്ട്, അതിൽ ഒരു പാടുപേരെ തിരിച്ചയച്ച്... അവനങ്ങനെ കുതിച്ചുപാഞ്ഞു. വൻമതിലുകളും മലകളും സമുദ്രങ്ങളും കടന്ന്... മനുഷ്യരിൽനിന്ന് മനുഷ്യരിലേക്കുള്ള അവന്റെ പ്രയാണത്തിൽ ഇടറിവീഴാത്ത സാമ്രാജ്യങ്ങളില്ല... അവന്റെ ചങ്ങലച്ചുഴറ്റലിൽ ദിക്കുകൾ നടുങ്ങി. തെരുവുകളിൽ, സ്കൂളുകളിൽ,

ആശുപത്രികളിൽ., ആരാധനാലയങ്ങളിൽ, ഒക്കെ അവൻ തന്റെ വാളും ചുഴറ്റി നടന്നു... രാജാവ് രാജകുമാരന്റെ വികൃതികൾ നോക്കി നിന്നു. പക്ഷെ മനുഷ്യന് തോറ്റുകൊടുക്കാൻ മനസ്സില്ലായിരുന്നു. ആറ്റുനോറ്റിരുന്നു തരപ്പെട്ട മനോഹരമായ തീർത്ഥയാത്രയുടെ നിയമാവലികൾ ചിലരെങ്കിലും മറന്നുപോയെങ്കിലും രാജകുമാരന്റെ വരവോടെ അവർ വീണ്ടും ഒറ്റക്കെട്ടായി. ഒരു നരന്തു പയ്യന്റെ വികൃതിയിൽ തങ്ങൾക്കു കിട്ടിയ മഹാഭാഗ്യം വിട്ടുകളഞ്ഞ് തിരിയെപോകാൻ അവർക്ക് മനസ്സില്ലായിരുന്നു. ആദ്യം ഒന്നിടറി വീണെങ്കിലും അവർ പതിയെ പിടിച്ചുകയറിവന്നു. അവർ അകന്നിരുന്നു കൊണ്ട് അടുക്കാനും, അടച്ചിരിക്കുന്നവനെ കരുതാനും പഠിച്ചു. ഇരകളെ കിട്ടാതായ രാജകുമാരൻ ഭ്രാന്തനെപോലെ തെരുവുകൾ തോറും അലഞ്ഞു നടന്നു. അവൻ ചെന്നു തൊട്ടവരൊക്കെ അവന്റെ മുഖത്ത് നോക്കി പുച്ഛത്തോടെ ചിരിച്ചു.പിന്നെ കൈ കഴുകിയോ സാനിറ്റൈസർ ഉപയോഗിച്ചോ അവന്റെ വിരലടയാളങ്ങൾ മായ്ച്ചു കളഞ്ഞു. സ്നേഹത്തിന്റെയും കരുതലിന്റെയും പ്രകാശത്തിൽ. പൊള്ളലേറ്റ രാജകുമാരൻ, യാത്ര മതിയാക്കി തിരികെപോയി.



**ഭഗത് പ്രേംദീപ്**
9 എ
സെന്റ്. ജോൺസ് ഹയർ സെക്കന്ററി സ്കൂൾ, മറ്റം
മാവേലിക്കര ഉപജില്ല, ആലപ്പുഴ

# ഓർമ്മയിൽ ഒരു നിമിഷം

പതിവിലും നേരത്തെ തന്നെ ജോലികൾ തീർത്ത് വെച്ച് ചാർട്ടുകൾ അടുക്കി വെക്കുന്ന ശ്രദ്ധയിൽ ആയിരുന്നു ഞാൻ. നൈറ്റ് ഡ്യൂട്ടിക്കാർ വന്നിരുന്നുവെങ്കിൽ വേഗം ഹാൻഡ് ഓവർ ചെയ്തു നമുക്ക് ഇറങ്ങാമായിരുന്നു. വൈകിട്ടത്തെ കുർബാനയും കാണാമായിരുന്നു. ജോമി സിസ്റ്റർ പറഞ്ഞു. ഓ... ആറുമണി ആകാൻ ഇനിയും 15 മിനിറ്റ് ഉണ്ട്. അയ്യോ, അമ്മച്ചി... അതിൽ പിടിച്ച് ഒന്നും വലിക്കല്ലേ.. ഡോക്ടർ വഴക്കു പറയും. ബെഡിൽ കിടന്നുകൊണ്ട് മൂക്കിൽകൂടി ഇട്ടിരിക്കുന്ന ട്യൂബ് വലിച്ചെടുക്കാനുള്ള തത്രപ്പാടിലാണ് ത്രേസ്യാമ്മച്ചി. പാവം... ശരീരത്തിലെ ഒരു വശം തളർന്നു പോയതാണ്. എന്റെ വിളി കേട്ട് അമ്മച്ചി ദയനീയമായി എന്നെ നോക്കി. ആ നോട്ടത്തിൽ എന്തൊക്കെയോ യാചന ഉള്ളതുപോലെ. അടുത്തുചെന്ന് അമ്മച്ചിയുടെ തലയിൽ സ്നേഹത്തോടെ തലോടി. പോട്ടെ... സാരം ഇല്ലാട്ടോ.. വേഗം സുഖമായി വീട്ടിൽ പോകണ്ടേ നമുക്ക്. അമ്മച്ചിയുടെ മക്കളൊക്കെ പുറത്ത് കാത്തു നിൽപ്പുണ്ട്. അരികിൽ മാറി കിടന്നിരുന്ന ഷീറ്റ് എടുത്തു പുതപ്പിച്ച് കൊടുത്തു. അപ്പോഴേക്കും രേഷ്മയും സിന്ധുവും ഹാൻഡ് ഓവർ ചെയ്യാനായി എത്തിക്കഴിഞ്ഞിരുന്നു. ഓവർ പറഞ്ഞശേഷം ഐസിയുവിൽ ഏസിയുടെ തണുപ്പിൽ നിന്നും പുറത്തേക്കിറങ്ങിയപ്പോൾ വല്ലാത്തൊരു ചൂട് അനുഭവപ്പെടുന്നത് പോലെ. സിസ്റ്ററെ... അമ്മച്ചിക്ക് എങ്ങനെയുണ്ട്? അമ്മച്ചിയുടെ മകളാണ്. കുഴപ്പമില്ല, ഡോക്ടർ കുറിച്ച മരുന്ന് കൊടുത്തിട്ടുണ്ട്. ട്യൂബിലൂടെ കഞ്ഞിയും കൊടുത്തു. എന്റെ മോന് ഇപ്പോൾ എങ്ങനെയുണ്ട് സിസ്റ്റർ.. അവൻ എന്നെ അന്വേഷിച്ചോ..? 10 വയസ്സുള്ള രോഹിത്തിന്റെ അമ്മയാണ്... കുഴപ്പം ഒന്നുമില്ല ചേച്ചി.. അവൻ ഉറങ്ങുകയാ. പിന്നെയും ആരൊക്കെയോ വേണ്ടപ്പെട്ടവരെ കുറിച്ച് ചോദിക്കുന്നുണ്ടായിരുന്നു. എല്ലാവരോടും എന്തൊക്കെയോ പറഞ്ഞൊപ്പിച്ചു. എങ്ങനേലും അതിനിടയിൽ നിന്നും രക്ഷപെട്ടാൽ മതി എന്നേയുണ്ടായിരുന്നുള്ളൂ അന്നേരം. ബോധമില്ലാതെ കിടക്കുന്ന തങ്ങളുടെ ഉറ്റവരുടെ അവസ്ഥ എങ്ങിനെയാണ് ഈ സങ്കടക്കടലിൽ ഇരിക്കുന്നവരോട് പറയാനാവുക.

ഓഫീസ് റൂമിൽ ചെന്ന് ഒപ്പിട്ട് തിരികെ ഇടനാഴിയിലൂടെ നടന്നു വരുമ്പോൾ കേൾക്കാം.. സി വാർഡിൽ നിന്നും കുട്ടികളുടെ കരച്ചിലും ബഹളവും. സിസ്റ്റർ ആന്റി... ഞാൻ തിരിഞ്ഞു നോക്കി. തോളറ്റം നീട്ടി വളർത്തിയ മുടിയും പെറ്റിക്കോട്ടും ഇട്ടിട്ട് ഒരു പെൺകുട്ടി... നാലഞ്ച് വയസ്സ് വരും. അവൾ എന്നെ കണ്ടു നാണിച്ചു ചിരിച്ചു... ടാറ്റ... കുഞ്ഞിക്കവിളിൽ മൃദുവായി തലോടി കൊണ്ട്

ഞാൻ പതിയെ നടന്നു നീങ്ങി. ആശുപത്രിയുടെ അരികിലൂടെ നീങ്ങിയാൽ അടുത്തതായി കാണുന്നതാണ് ഹോസ്റ്റൽ. അവിടെ പൂന്തോട്ടത്തിൽ തൊഴിലാളികൾ പുല്ലുവെട്ടി വൃത്തിയാക്കുന്നത് കാണാമായിരുന്നു. ഡ്യൂട്ടി കഴിഞ്ഞ് മിക്കവരും എത്തിക്കഴിഞ്ഞു. ചിലർ ചായ കുടിക്കുന്നു.. ചിലർ അന്നത്തെ വിശേഷങ്ങൾ പങ്കുവയ്ക്കുന്നു. വേഗം കുളിച്ചൊരുങ്ങി ഞങ്ങൾ കുറച്ചുപേർ ഹോസ്പിറ്റലിനോട് ചേർന്നുള്ള പള്ളിയിൽ കുർബാന കാണാനായി ഇറങ്ങി. ഭക്ഷണം കഴിഞ്ഞ് പതിവുപോലെ വീട്ടിലേക്ക് ഫോൺ ചെയ്തിട്ട് ഉറങ്ങാൻ കിടന്നു. ജോലിയുടെ ക്ഷീണത്തിൽ പെട്ടെന്ന് തന്നെ ഉറക്കത്തിലേക്ക് വഴുതി വീണു.

അതിരാവിലെ കുളിച്ചു യൂണിഫോമിട്ട് സൈൻ ഇടാൻ പോകുമ്പോൾ തന്നെ കണ്ടു - ഇന്നലത്തെ നാണക്കാരി - ചിഞ്ചു. പിന്നെ പിന്നെ അതൊരു പതിവായി. അപ്പോഴേക്കും ഞങ്ങൾ നല്ല കൂട്ടുകാരായി കഴിഞ്ഞിരുന്നു. ഒരു ദിവസം ചിഞ്ചു കുട്ടി പറഞ്ഞു, ആന്റിയെ കാണാൻ എന്റെ അമ്മയെ പോലെ ഉണ്ടല്ലോ... ആണോ... എന്നിട്ട് അമ്മ എന്തിയെ? ആ... അവൾ കൈ മലർത്തി. മോളെ... അവൾ ഞങ്ങളെ വിട്ടു പോയിട്ട് ഒരു വർഷം ആയി. ക്യാൻസർ ആയിരുന്നു. ഒരു സങ്കടത്തിൽ നിന്നു കരകയറി വരുമ്പോഴാണ്.. ഇപ്പോൾ എന്റെ കുഞ്ഞു മോൾക്കും... അവർ വിതുമ്പിക്കൊണ്ട് പറഞ്ഞു. ചിഞ്ചുവിന്റെ അച്ഛമ്മയാണ്. അച്ഛൻ കൂലിപ്പണിക്ക് പോയി കഴിഞ്ഞാൽ അവൾക്ക് ഇന്ന് കൂട്ട് അച്ഛമ്മയാണ്. അവളെ പൊന്നുപോലെ നോക്കുന്നുണ്ട്. ചിഞ്ചുവിന്റെ കിടക്കയ്ക്കരികിലായി താടി നീട്ടി വളർത്തി അലസമായ വേഷത്തോടെ ഒരാൾ ഇരിക്കുന്നു, അവളുടെ അച്ഛൻ. ഒരു ദയനീയ ഭാവം ആ കണ്ണുകളിൽ കാണാമായിരുന്നു. പിന്നെ എന്നും ചിഞ്ചുവിനെ കാണാതെ ഞാൻ പോകില്ലായിരുന്നു. ജോലിത്തിരക്കിനിടെ വിഷമങ്ങൾക്കിടയിൽ അവളുടെ സാമീപ്യം എനിക്ക് ആശ്വാസം ആയിരുന്നു. നാളെ ഞാൻ വീട്ടിൽ പോവാ, അവധിയാണ്. രണ്ടുദിവസം കഴിഞ്ഞേ വരൂ... ചിഞ്ചുവിന്റെ മുഖം മങ്ങി. അവൾക്ക് നല്ല സങ്കടം വരുന്നുണ്ടായിരുന്നു. നെറ്റിയിൽ ഒരു മുത്തം കൊടുത്ത് ഞാൻ ഇറങ്ങി. ആന്റി പോയി വരുമ്പോൾ എനിക്ക് ചാമ്പക്ക കൊണ്ടുവരുമോ? തരാട്ടോ. ടാറ്റാ...

അതിരാവിലെ കുളിച്ചൊരുങ്ങി കൂട്ടുകാരോട് യാത്രയും പറഞ്ഞ് ഞാനിറങ്ങി. നഗരത്തിലെ തിരക്കുനിറഞ്ഞ കാഴ്ചകളും മറഞ്ഞു. ബസ് ഗ്രാമത്തിന്റെ പടിവാതിലിൽ പ്രവേശിച്ചിരുന്നു. പുറത്തെ കാഴ്ചകൾ കണ്ട്, നിറയെ വിളഞ്ഞുനിൽക്കുന്ന പാടശേഖരങ്ങൾ. മനസ്സൊന്നു തണുത്തു വോ. ചെറിയ മയക്കം വന്നെങ്കിലും ഇന്നലെയുടെ സ്മൃതികൾ എന്നെ തൊട്ടുണർത്താൻ

തുടങ്ങിയിരുന്നു. അമ്മൂസ്... എണീറ്റേ നേരം വെളുത്തു. അമ്മ വിളിച്ചു എഴുന്നേൽപ്പിച്ചു. ഇന്ന് സ്കൂളിൽ പോണ്ടല്ലോ, അച്ഛമ്മയുടെ കൂടെ പാടത്ത് പയർ പറിക്കാൻ വരുന്നുണ്ടോ? അച്ഛമ്മയുടെ കൂടെ അവിടെ പോകാൻ എനിക്ക് ഭയങ്കര ഇഷ്ടമാണ്. പാടത്തെ കാഴ്ചകളും തെങ്ങിൻതോപ്പുകളും നിറയെ തോടുകളും അങ്ങിനെ എന്തെല്ലാം. ഇന്ന് പാടത്തെ വിളവ് എടുക്കുക ആണ്. അമ്മ അച്ഛനോട് പറയുന്നത് ഞാൻ കേട്ടു. ഞാൻ തൊടിയിലേക്ക് ഇറങ്ങുകയാണ് കേട്ടോ. തൂമ്പയും എടുത്ത് അച്ഛൻ ഇറങ്ങിക്കഴിഞ്ഞു. അവിടെ നിറയെ വാഴകളും തെങ്ങും പിന്നെ ചേന ചേമ്പ് പയർ വഴുതന... അങ്ങനെ എല്ലാം ഉണ്ട്. മണി മണി പോലെ കുരുമുളക് വിളഞ്ഞുനിൽക്കുന്നത് കാണാൻ എന്ത് ചന്തം ആണ്. പല്ലുതേച്ച് കുളിച്ച് ഭക്ഷണം കഴിച്ച് ഇറങ്ങിയപ്പോഴേക്കും അച്ചമ്മ കാത്തുനിൽക്കുന്നു. മുറ്റവും കടന്ന് ചെങ്കൽ പടവുകൾ ഇറങ്ങുന്നതിനിടയിൽ ഒരു കാര്യം മറന്നുപോയല്ലോ. അച്ഛാ ഒരു മിനിറ്റ് ഇപ്പോൾ വരാം. ഓടി ചെന്നിട്ട് കഴിഞ്ഞ പരിസ്ഥിതിദിനത്തിൽ സ്കൂളിൽ നിന്നും കിട്ടിയ ആര്യവേപ്പിനെ വെള്ളം ഒഴിച്ചുകൊടുത്തു. വേഗം ഇറങ്ങിയപ്പോഴേക്കും താഴെ അച്ഛമ്മയുടെ കൂട്ടുകാർ പയർ പറിക്കാനായി കാത്തുനിൽപ്പുണ്ടായിരുന്നു. എടീ ചിന്നു നീയും ഉണ്ടോ? സന്തോഷം കൊണ്ട് ഞാൻ തുള്ളിച്ചാടി. ഓടിയും നടന്നും ഞങ്ങൾ പാടത്ത് എത്തി. പുറകെ വലിയ വരും. അവരുടെ കൂടെ ഞങ്ങളും പയർ പറിക്കാൻഇറങ്ങി. പിണങ്ങി നിൽക്കുന്ന പയറുകൾ കണ്ടപ്പോൾ മുത്തുമണി കോർത്തെടുത്ത് പോലെ. ആവേശം കൊണ്ടും സന്തോഷം കൊണ്ടും ഞങ്ങൾ മതിമറന്നു. കൈനിറയെ പയറും പറിച്ചുകൊണ്ട്. മക്കളെ വിഷമിച്ചില്ലേ. കുറച്ചുനേരം ഇനി ആ തെങ്ങിൻതോപ്പിൽ ഇരുന്നോ. അച്ഛമ്മയുടെ തൂക്കു പാത്രത്തിൽ നിന്നും കുറച്ച് കഞ്ഞി വെള്ളം എടുത്തു കുടിച്ചിട്ട് ഞങ്ങൾ തോപ്പിൽ പോയിരുന്നു. അച്ഛമ്മയും കൂട്ടരും കഥകൾ പറഞ്ഞു ജോലിചെയ്യുകയാണ്. വെയിലിന് ചൂട് ഒന്നും അവർക്കൊരു പ്രശ്നമല്ല. ഹോയ്... ഏലയ്യ... ഏലയ്യ... എടീ ചിന്നു എവിടുന്നാ പാട്ട് കേൾക്കണേ ഞങ്ങൾ തിരിഞ്ഞു നോക്കി. കുറച്ചു ദൂരെ ചേട്ടന്മാര് വെള്ളം തേകി ഒഴിക്കുന്നതിന് ഒപ്പം പാടുന്നതാണ്. എന്തു കാറ്റാണ് ഇവിടെ അല്ലേ. ചിന്നു കാലുനീട്ടി ഇരുന്നു മുമ്പിൽ കണ്ട പയറുമണികളിൽ നിന്ന് എടുത്ത് അവൾ തിന്നാൻ തുടങ്ങി. അയ്യോ ചിന്നു. നമുക്ക് ഇത് കഴിഞ്ഞിട്ട് തിന്നാം കേട്ടോ. അമ്മ സഞ്ചിയിൽ വച്ചു കൊണ്ടുവന്ന കുടിവെള്ളം എടുത്തു ഞങ്ങൾ പയർ കഴുകി എടുത്തു. അമ്മു... അമ്മു... ദേ ആമ്പൽ ഹായ്... അപ്പു ചേട്ടാ... ആ ആമ്പൽ പൂവ് ഒന്ന് പറിച്ചു തരാമോ? ചൂണ്ടയിടാൻ വന്ന അപ്പു ചേട്ടനോട് ഞങ്ങൾ ചോദിച്ചു. അതിനെന്താ മക്കളേ..., ഇന്നാ... പിടിച്ചോ... ഹായ്... ഞങ്ങൾ തുള്ളിച്ചാടി. ഉച്ച ആയപ്പോൾ എല്ലാവരും പയർ പറിച്ചു

കഴിഞ്ഞു. വാ മക്കളെ... കുളിച്ചിട്ട് പോകാം. പാടത്ത് ചേർന്ന് ഒഴുകുന്ന തോട്ടിൽ ഞങ്ങൾ കുളിക്കാനിറങ്ങി. വെള്ളത്തിൽ ഇറങ്ങിയപ്പോൾ ഞങ്ങൾക്ക് ഉണ്ടായ സന്തോഷം അതിലേറെ ആയിരുന്നു. തെളിനീരു പോലത്തെ വെള്ളം. കുളികഴിഞ്ഞ് പയറു കെട്ടുമായി എല്ലാവരും പോകാൻ തുടങ്ങുമ്പോഴും ഞങ്ങൾക്ക് അവിടം വിട്ടു പോരാൻ മനസ്സ് തോന്നിയില്ല. ഞങ്ങളുടെ കൈയിലും ഒരു കെട്ട് പയർ വെച്ചുതന്നു. ഞങ്ങൾ നടന്നു നീങ്ങി ഒരു കുഞ്ഞു മനസ്സിന്റെ അഭിമാനത്തോടെ. പോകുന്ന വഴിയിൽ ആൺകുട്ടികൾ പന്ത് കളിക്കുന്നത് കാണാമായിരുന്നു. അന്നുരാത്രി കഞ്ഞി കുടിക്കാൻ ഇരുന്നപ്പോൾ അച്ഛമ്മ പറഞ്ഞു, അമ്മുമോൾ പറിച്ചു കൊണ്ടുവന്ന പയർ ആണ് കേട്ടോ. അച്ഛനും അമ്മയും ചിരിച്ചു. നമ്മുടെ മോള് മിടുക്കി ആണല്ലോ. വലുതാകുമ്പോൾ നല്ലൊരു കൃഷിക്കാരി ആകണം കേട്ടോ. വിഷമയം ഇല്ലാത്ത ഭക്ഷണം... അതായിരിക്കണം നമ്മുടെ ലക്ഷ്യം. ഒരു തികഞ്ഞ കൃഷിക്കാരന്റെ അഭിമാനത്തോടെ അച്ഛൻ പറഞ്ഞു. രാവിലെ എണീക്കാൻ വൈകിയപ്പോൾ അമ്മ വിളിച്ചുണർത്തി. മോൾക്ക് ചെറിയ ചൂട് ഉണ്ടല്ലോ. അത് സാരമില്ല. ഇന്നലെ കുറച്ച് വെയിൽ കൊണ്ടല്ലോ. മുറ്റത്ത് നിന്നിരുന്ന പനിക്കൂർക്കയിൽ നിന്നും രണ്ട് മൂന്ന് ഇലകൾ പറിച്ചെടുത്ത കഴുകിയിട്ട് ഉടച്ചു നീരാക്കി അച്ഛമ്മ നെറുകയിൽ തടവി തന്നു. അമ്മ കൊണ്ടുതന്നെ ചുക്ക് കാപ്പിയും കുടിച്ചു അതോടെ ക്ഷീണം എവിടെ പോയി എന്ന് അറിയില്ല. പിന്നെ താമസിച്ചില്ല.. അച്ഛന്റെയും അമ്മയുടെയും കൂടെ തൊടിയിലേക്ക് ഇറങ്ങി.

ചേച്ചി... നിങ്ങളുടെ സ്റ്റോപ്പ് എത്തി. കണ്ടക്ടർ വന്നു വിളിച്ചപ്പോഴാണ് താൻ ബസ്സിൽ ആണ് എന്ന് അറിഞ്ഞത്. ബസ്സ് ഇറങ്ങി വേഗം നടന്നു നീങ്ങി. ഓർമ്മകൾക്ക് എന്ത് സുഗന്ധം ആണ്. വാകമരം പൊഴിച്ച പൂമെത്തകൾക്കിടയിലൂടെ നടന്നു നീങ്ങിയപ്പോൾ മനസ്സു പറഞ്ഞു. അച്ഛനും അമ്മയും വഴിയിൽ കാത്തു നിന്നിരുന്നു. ഓ... എന്റെ മോള് ക്ഷീണിച്ചു പോയി ലോ... അമ്മയ്ക്ക് തോന്നിയതാ അമ്മേ.. എനിക്ക് ഒരു കുഴപ്പവുമില്ല. ഓടിച്ചെന്ന് അച്ഛനെയും അമ്മയെയും കെട്ടിപ്പിടിച്ചു അമ്മ വെച്ച് തരുന്ന ഭക്ഷണം കഴിക്കാൻ അല്ലേ ഞാൻ ഓടി വന്നത്. രാത്രി പയർ കറി കൂട്ടി ചൂട് കഞ്ഞി കഴിക്കാനിരുന്നപ്പോൾ മിഴികൾ അറിയാതെ ചുവരിന് മേലേക്ക് നീങ്ങി. നിറപുഞ്ചിരിയോടെ അച്ഛമ്മയുടെ മുഖം. കണ്ണിൽ നനവുകൾ പടർന്നപ്പോൾ നോട്ടം പതിയെ മാറ്റി. രാവിലെ തൊടിയിൽ ഇറങ്ങി. കാലുകൾ പതിയെ പാടവരമ്പത്തെക്കു നടന്നു നീങ്ങി. പാടത്ത് നെല്ലുകൾ വിളഞ്ഞു തുടങ്ങിയിരിക്കുന്നു. തോടിനരികിലായി കരിങ്കല്ലുകൊണ്ട് ഭിത്തി കെട്ടിയിട്ടുണ്ട്. തെങ്ങിൻതോപ്പുകളും അവിടെത്തന്നെയുണ്ട്. കൂടെ തന്റെ അച്ഛമ്മയുടെ ഓർമ്മകളും... കുറച്ചുനേരം അങ്ങനെ നിന്നിട്ട് വീട്ടിലേക്ക് തിരികെ പോന്നു.

പിറ്റേന്ന് രാവിലെ ഹോസ്പിറ്റലിലേക്ക് പോകാൻ റെഡിയായി. ആശുപത്രിയിലെ വിശേഷങ്ങൾ അച്ഛനോടും അമ്മയോടും പങ്കുവെച്ചിരുന്നു അതുകൊണ്ട് പോകാൻ നേരം അച്ഛൻ മറക്കാതെ തന്നെ ചെറിയൊരു പൊതി വെച്ചു തന്നു. ചാമ്പക്ക... ഓ... ഞാൻ ആണല്ലോ മറന്നത് എന്റെ ചിഞ്ചുക്കുട്ടി... ഹോസ്റ്റലിൽനിന്നും വേഗം യൂണിഫോമിട്ട ഇറങ്ങുമ്പോഴേക്കും രേഷ്മയും ഓടി എത്തി. കോറിഡോറിൽ കൂടെ നടന്നു നീങ്ങുമ്പോൾ കണ്ണുകൾ പതിയെ സി വാർഡിലേക്ക് ഒളിഞ്ഞുനോക്കി. പതിവുപടിയിൽ ചിഞ്ചുവിനെ കാണാനില്ല.. കിടക്കയിൽ വേറൊരു രോഗി.. ഡ്യൂട്ടി സിസ്റ്ററിനെ അടുത്ത് ചോദിക്കാൻ ഒരുങ്ങവേ... ചിഞ്ചുവിന്റെ ഫയൽ മേശപ്പുറത്ത് കിടക്കുന്നു. താളുകൾ താനെ മറിഞ്ഞു മറിയുമ്പോൾ ഞാൻ കണ്ടു.. ചുവന്ന അക്ഷരത്തിൽ... എക്സ്പയേഡ്... കൈയ്യിലിരുന്ന ചാമ്പക്ക ഒന്നൊന്നായി താഴെ വീഴുന്നത് ഒന്നും ഞാനറിഞ്ഞില്ല. കണ്ണിൽ ഇരുട്ട് കയറുന്നത് പോലെ.. ചുറ്റുമുള്ളതൊന്നും കാണാൻ പറ്റുന്നില്ല.. കുറച്ചു നിമിഷം വേണ്ടിവന്നു.. പെട്ടെന്ന് ശ്വാസംമുട്ട് കൂടിയതാണ്.. രേഷ്മ പറയുന്നത് കേട്ടു. സിസ്റ്ററെ.. ഞങ്ങൾ ഡിസ്ചാർജ് ആയി കേട്ടോ.. ഞെട്ടി തിരിഞ്ഞു നോക്കി. ഐസിയുവിൽ കിടന്നിരുന്ന അമ്മച്ചിയുടെ മക്കളാണ്. ഇന്നലെ വാർഡിലേക്ക് മാറ്റി. ഇന്ന് ഡിസ്ചാർജ് ആയി. വീൽചെയറിലിരുന്ന് അമ്മച്ചി എന്നെ നോക്കി ചിരിച്ചു. കണ്ണിൽ നിന്നും ആനന്ദ കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. പതിവുപോലെ അമ്മച്ചിയുടെ തലയിൽ തലോടുമ്പോൾ... കരയണോ. അതോ ചിരിക്കണോ... എനിക്കറിയില്ലായിരുന്നു. സന്തോഷംകൊണ്ടും സങ്കടംകൊണ്ടും കണ്ണുകൾ നിറയുന്നു. യാത്രയും പറഞ്ഞ് അവർ പോയി. അപ്പോഴേക്കും തിരക്കുകളിൽ നിന്നും തിരക്കുകളിലേക്ക് ഞാനും വേഗം മാറിക്കഴിഞ്ഞിരുന്നു. അപ്പോൾ അങ്ങകലേ... രാവിന്റെ മാറിൽ തലചായ്ക്കാൻ ഒരുങ്ങുന്ന പ്രകൃതിയുടെ ഹൃത്തടവും... വെമ്പൽ കൊള്ളുകയായിരുന്നു... ഒരു നല്ല നാളെയെ വാർത്തെടുക്കാൻ ആയി...

**ഡോണ ജോസഫ്**
8 എ, സെന്റ്. മേരീസ് എച്ച് എസ് കണ്ടനാട്
തൃപ്പൂണിത്തുറ ഉപജില്ല, എറണാകുളം

# ഇതെന്താണിങ്ങനെ!

ചിന്നനുറുമ്പ് എന്നും അതിരാവിലെ ഉണരും. എന്നാൽ പ്രഭാതജോലികൾ ആരംഭിക്കുന്നത് ആറുമണിക്കാണ്. ആറുമണിക്ക് നാരായണിയമ്മ ഉണരുമ്പോൾ ആണ്. രാവിലെ ഉണർന്നെണീറ്റു കട്ടൻചായ ഉണ്ടാക്കുമ്പോൾ ചിന്ന നുറുമ്പിന്റെയും ജോലികൾ ആരംഭിക്കും. പഞ്ചസാര പാത്രത്തിൽ നിന്നും താഴെ വീഴുന്ന തരികൾ പെറുക്കിയെടുക്കും .

നാരായണിയമ്മ ഒറ്റയ്ക്കാണ് താമസിക്കുന്നത്. രണ്ടു മക്കളുണ്ട്. രണ്ടു പേരും വിദേശത്താണ്.ഇന്നുമെന്താണെന്ന്അറിയില്ല. നാരായണിയമ്മ നേരത്തെ ഉണർന്നു. അടുക്കളയിലെ ജോലികൾ എല്ലാം വേഗം വേഗം തീർക്കുന്നുണ്ട്. ഇടയ്ക്കു ആരോടോ ഫോൺ ചെയ്യുന്നുണ്ട്. ഇളയമകൻ വിദേശത്തിൽ നിന്നും വരുന്നുണ്ട്. വിമാനത്താവളത്തിൽ എന്തോ പരിശോധന ഉണ്ട്. പത്തുമണിയോടെ മകൻ വീട്ടിൽ എത്തി.

പക്ഷെ എന്തെന്ന് അറിയില്ല. മകൻ വന്നയുടെനെ ഒരു മുറിയിൽ കയറി അടച്ചു പൂട്ടി ഇരിക്കുകയാണ്. വിദേശത്തു നിന്നും വരുമ്പോൾ കുശലം പറയാൻ വരുന്ന കൂട്ടുകാരെയും അയൽക്കാരെയും കാണുന്നില്ലെന്ന് നാരായണിയമ്മ പറയുന്നുണ്ട്. ഇനി കുറച്ചു ദിവസത്തേക്ക് സുഭിക്ഷമായിരിക്കും ചിന്നനുറുമ്പ് ഓർത്തു. പക്ഷേ ചിന്നനു തെറ്റി. അടുക്കളയിൽ വിഭവങ്ങൾ ഒന്നും ഒരുക്കു ന്നില്ല.

നാരായണിയമ്മയുടെ ഭയം കൂടിക്കൂടി വരുന്നുണ്ട്. മകന്റെ മുറിയിൽ നിന്നും ചുമയ്ക്കുന്നത്തിന്റെ ശബ്ദം കേൾക്കുന്നു. ശ്വാസം വലിക്കാൻ ബുദ്ധിമുട്ടുണ്ട് പുറത്തേതോ വണ്ടിയുടെ ശബ്ദം. അതിൽ നിന്നും നാല് വെളുത്ത മനുഷ്യർ പുറത്തിറങ്ങി. നാരായണിഅമ്മയെയും മകനെയും അവർവണ്ടിയിൽ കയറ്റി ക്കൊണ്ടു പോയി എന്താ കാരണം എന്ന് ചിന്നനു മനസിലായില്ല . താനിനി എന്ത് ചെയ്യും? എത്ര സന്തോഷത്തോടെ കഴിഞ്ഞ നാളുകൾ ആയിരുന്നു.

ഓരോന്നും ഓർത്തോർത്തിരിന്നു സമയം പോയതറിഞ്ഞില്ല.പുറത്തേതോ വാഹനത്തിന്റെ ശബ്ദം. വീണ്ടും കേൾക്കുന്നുണ്ട്. നാരായണിയമ്മയും മകനും തിരിച്ചു വന്നതായിരിക്കും. അല്ല അത് ഒരു ചുവന്ന വാഹനമാണോല്ലോ! അതിൽ നിന്നും വീണ്ടും വെളുത്ത മനുഷ്യർ പുറത്തിറങ്ങുന്നു എന്തോക്കൊയോ ഒരുക്കങ്ങൾ നടക്കുന്നു. അവർ വീട്ടിനകത്തേക്കു വെള്ളം ശക്തിയിൽ പമ്പു ചെയ്യുന്നു. അയ്യോ ഞാൻ എങ്ങോട്ടാ ഒഴുകി പോകുകയാണ്. ഇതെന്താണിങ്ങനെ!

സിയ കോളറ്റ്
9 എ, സെന്റ്.ജോസഫ്.എച്ച്.എസ്.ചാത്തേടം
നോർത്ത് പറവൂർ ഉപജില്ല, എറണാകുളം



# കാക്കമ്മയും കുഞ്ഞുങ്ങളും പിന്നെ കൊറോണ വൈറസും

കൂട്ടുകാരെ, കഥ കേൾക്കാൻ ഇഷ്ടമല്ലേ. ഞാൻ ഒരു കഥ പറയട്ടെ എന്റെ കഥയുടെ പേരാണ് “കാക്കമ്മയും കുഞ്ഞുങ്ങളും പിന്നെ കൊറോണ വൈറസും.”

ഒരിടത്ത് ഒരിടത്ത് അങ്ങ് ദൂരെ ഒരു മനോഹരമായ കാട് ഉണ്ടായിരുന്നു. കാടിനു പേരുമുണ്ടയിരുന്നു പഞ്ചാരക്കാട്. പഞ്ചാരക്കാട് വളരെ സുന്ദരിയായിരുന്നു. കാട് നിറയെ പക്ഷികളും മൃഗങ്ങളും ഉണ്ടായിരുന്നു. അവർ നല്ല കൂട്ടുകാരായിരുന്നു. വലുതും ചെറുതുമായ അനേകം വൃക്ഷങ്ങളും കാട്ടിൽ ഉണ്ടായിരുന്നു. അതിൽ ഒന്നിലായിരുന്നു നമ്മുടെ കാക്കമ്മയുടെ താമസം. തീറ്റതേടി തിരിച്ചെത്തിയാൽ പക്ഷികളും മൃഗങ്ങളും കാട്ടിൽ ഒത്തുചേരും. അവർ നാട്ടിലെ വിശേഷങ്ങൾ പരസ്പരം പറയും. കൂടാതെ പാട്ടും ഡാൻസും കളിയും ചിരിയുമായി അവർ അവരുടെ മനസ്സിനെ സന്തോഷിപ്പിക്കും. ഇവരുടെ സ്നേഹം കണ്ട് സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും മിന്നാമിന്നികളും സന്തോഷിച്ചിരുന്നു.ഒരു ദിവസം തീറ്റതേടാൻ പോയ കാക്കമ്മ വളരെ വിഷമിച്ചായിരുന്നു തിരികെ വന്നത്. കാക്കമ്മയുടെ മക്കൾ കാര്യം ചോദിച്ചു.കാക്കമ്മ പറഞ്ഞു. മക്കളെ, നാട് മുഴുവനും കോവിഡ് 19 ആണ്.

നമുക്ക് ഇന്ന് ആഹാരം കുറച്ച്മാത്രമേ കിട്ടിയുള്ളൂ. എന്താണമ്മേ,ഈ കോവിഡ്19. കാക്കമ്മ മക്കളോട് പറഞ്ഞു. 2019ൽ ചൈനയിൽ കണ്ടെത്തിയ ഒരുപകർച്ചവ്യാധിയാണ് മക്കളേ ഈ കോവിഡ് എന്നരോഗം,കൂടാതെ ഈ രോഗം പരത്തുന്നത് ഒരു വൈറസ് ആണ്. ഈ വൈറസിന്റെ പേരാണ് കൊറോണ വൈറസ്. അമ്മേ അമ്മേ ഈ “പ്രളയം” അതിജീവിച്ചതുപോലെ കൊറോണയും നമ്മൾ അതിജീവിക്കുമോ? കാക്കകുഞ്ഞുങ്ങൾ കാക്കയോട് ചോദിച്ചു. തീർച്ചയായും. സർക്കാർ പറയുന്നകാര്യങ്ങൾ മനുഷ്യൻ അനുസരിച്ചാൽ ഈ രോഗത്തെ നമ്മുടെ രാജ്യത്തുനിന്നും നമുക്ക് തുരത്താം. ഈപകർച്ചവ്യാധിക്ക് മരുന്നില്ലമക്കളേ കാക്കപറഞ്ഞു. പിന്നെ മനുഷ്യൻ എന്ത്ചെയ്യും? മക്കൾ ചോദിച്ചു. കാക്ക പറഞ്ഞു വ്യക്തിശുചിത്വം പാലിക്കണം കൂടാതെ സാമൂഹിക അകലം പാലിക്കണം. കൂട്ടംകൂടി നിൽക്കാൻ പാടില്ല. തുമ്മുകയും ചുമയ്ക്കുകയും ചെയ്യുമ്പോൾ വായ തൂവാല ഉപയോഗിച്ച് മറയ്ക്കുക. പുറത്തിറങ്ങുമ്പോൾ മാസ്ക്

ധരിക്കുക, ഉപയോഗശേഷം അത് കത്തിച്ചുകളയുക. വായിലും മൂക്കിലും കൈകൾകൊണ്ട് തൊടാതിരിക്കുക തുടങ്ങിയ കുറച്ച് കാര്യങ്ങൾ ചെയ്താൽ മാത്രം മതി. കാക്കയുടെ കുഞ്ഞുങ്ങൾക്ക് കൂടുതൽ കാര്യങ്ങൾ അറിയാൻ കൊതിയായി. കാക്കമ്മപറഞ്ഞു പരിസരശുചിത്വം പാലിക്കുന്നതിൽ മനുഷ്യർക്ക് പണ്ടേ മടിയാണ്. അവരുടെ പരിസരം എല്ലാദിവസവും വൃത്തിയാക്കുന്നത് ഞാനാണ്.

എന്നാലും വീണ്ടും വീണ്ടും അവർ വൃത്തികേടാക്കും. വ്യക്തി ശുചിത്വത്തെകുറിച്ചും പരിസരശുചിത്വത്തെ കുറിച്ച് രണ്ടാം ക്ലാസ്സിലെ ടീച്ചർ പഠിപ്പിക്കുന്നത് ഞാൻ പലതവണ കേട്ടിട്ടുണ്ട് ഇതിൽ നമുക്ക് അഭിമാനിക്കാനും സന്തോഷിക്കാനും ഒരു കാര്യവും ഉണ്ട് മക്കളെ, എന്താണമ്മെ? മക്കൾക്ക് അറിയാൻ കൂടുതൽ ആകാംക്ഷയായി. കാക്കമ്മ പറഞ്ഞു. നമ്മുടെ രാജ്യം മറ്റുള്ള രാജ്യങ്ങൾക്ക് മാതൃകയാണെന്നാണ് പറയുന്നത്. അതിൽ നമ്മുടെ കൊച്ചു കേരളത്തിൽ ഗവൺമെന്റും ആരോഗ്യ പ്രവർത്തകരും പോലീസും എല്ലാം ഒറ്റക്കെട്ടായി അവരുടെ ജീവനും ജീവിതവും മറന്ന് മനുഷ്യർക്ക് വേണ്ടി പ്രവർത്തിക്കുന്നു. അപ്പോൾ അതുവഴി പറന്ന് വന്ന തത്തമ്മ നാടുകാണാൻ പോകുന്ന വിവരം കാക്കയോടു പറഞ്ഞു. കാക്കമ്മ പറഞ്ഞു നീ തിരിച്ചു വരുമ്പോൾ കൈകൾ സോപ്പ് ഉപയോഗിച്ച് നല്ല വണ്ണം കഴുകണം. കൂടാതെ അണുക്കളെ കൊല്ലുന്ന മരുന്നും കൈകളിൽ പുരട്ടണം. ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ കുറച്ച് അകലെയായി അമ്മേ... അമ്മേ... വിശക്കുന്നമ്മേ എന്നുള്ള തേങ്ങലും. കാക്കമ്മ അങ്ങോട്ട് ചെന്നു നേക്കിയപ്പോൾ കണ്ട കാഴ്ച വളരെയധികം വേദനിപ്പിക്കുന്നതായിരുന്നു. എന്തെന്നോ? ചേതനയറ്റ അമ്മയുടെ മാറിൽ അമ്മിഞ്ഞ പാലിനു വേണ്ടി കരയുന്ന ഒരു അണ്ണാൻ കുഞ്ഞിനെയാണ് കണ്ടത്. കാക്കമ്മ ഓർത്തു ഇതു പോലെ ആയിരിക്കുമോ ചൈനയിൽ മനുഷ്യൻ അനുഭവിച്ച ദുരിതം. കാക്ക കൂട്ടിലേക്ക് അണ്ണാൻ കുഞ്ഞിനെയും എടുത്ത് കൊണ്ട് പോന്നു.സ്വന്തം മക്കൾക്ക് ഒപ്പം വളർത്തി. മക്കളോട് കാക്കമ്മ പറഞ്ഞു.ഇതാണ് കേരള ഗവൺമെന്റും അന്യസംസ്ഥാനത്തിലുള്ള മക്കളോടും കാണിച്ച കരുണ. മക്കളേ ഇനി നമുക്ക് കുളിക്കാൻ പോകാം. കാക്കമ്മയും മക്കളും കുളിച്ചു കൊണ്ടിരുന്നുമ്പോൾ കാക്ക പറഞ്ഞു. നമ്മൾ കുളിക്കുന്നതു കണ്ടാൽ മനുഷ്യൻ നമ്മളെ കളിയാക്കും കാക്കക്കുളി എന്നു പറയും. പക്ഷേ ഒരു ദിവസം എത്രയോ പ്രാവശ്യമാണ് നമ്മൾ കുളിക്കുന്നത്. നമ്മൾ ശുചിത്വം പാലിക്കുന്നത് കൊണ്ട് കേറോണ വൈറസ് നമ്മുടെ അടുത്ത് വരില്ല. അല്ലേ അമ്മേ... കാക്ക കുഞ്ഞുങ്ങൾ പറഞ്ഞു. കൂട്ടിലേക്ക് തിരിച്ചു വന്ന കാക്ക

പറഞ്ഞു മക്കളേ ഞാൻ നാടു വരെ ഒന്നു പോയിട്ടു വരാം. അങ്ങനെ കാക്കമ്മ മാസ്ക്ക് ധരിച്ച് യാത്രയായി. കാക്ക സെന്റ് ജോസഫ് സ്കൂളിന്റെ പൂമുഖത്തുള്ള പൂമരത്തിൽ വന്നിരുന്നു. കുട്ടികളും ടീച്ചർമാരും സിസ്റ്റർമാരും ഇല്ലാത്ത സ്ക്കൂൾ മുറ്റം. കാക്കമ്മയ്ക്ക് സങ്കടം തോന്നി. റോഡുകളിൽ ആരും ഇല്ല കടകൾ ഇല്ല വാഹനങ്ങൾ ഇല്ല. കാക്കയ്ക്ക് മനസ്സിലായി ലോക്ഡൗൺ ആണെന്ന്. രോഗികൾ ആശുപത്രികളിലും വീടുകളിലും ആയി കഴിയുന്നു. കാക്ക കൂട്ടിലേക്ക് തിരിച്ച് പറക്കുന്നതിനിടയിൽ ആരോഗ്യമന്ത്രിയായ "ടീച്ചറമ്മ" മാധ്യമങ്ങളോട് സംസാരിക്കുന്നത് കേട്ടു. നമ്മുടെ കൊച്ചു കേരളത്തിൽ നിന്നും നമ്മൾ ഈ രോഗത്തെ തുടച്ചു നീക്കും. കൂടാതെ കേരളത്തിൽ സമൂഹവ്യാപനം ആയിട്ടില്ല. ഇതു കേട്ടതും കാക്കമ്മയ്ക്ക് സന്തോഷമായി. കൈയിൽ കിട്ടിയ ആഹാരവുമായി കാക്കമ്മ കൂട്ടിലേക്ക് പറന്നു. എന്റെ കഥ ഇവിടെ പൂർണമാകുന്നു. നന്ദിയുടെ ഒരു വാക്ക്. ഏറ്റവും ബഹുമാനം ഉള്ള ഗവൺമെന്റ്, ഊണും ഉറക്കവും രോഗികൾക്ക് വേണ്ടി മാറ്റി വച്ച ആരോഗ്യ പ്രവർത്തകരേ, രാജ്യത്ത് സമാധാന അന്തരീക്ഷം ഉറപ്പാക്കുന്ന പോലീസുകാരേ, പലവിധത്തിലുള്ള സംഘടനകളിൽ പ്രവർത്തിക്കുന്ന വരേ, നല്ലവരായ മനുഷ്യരേ, നിങ്ങൾക്ക് എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ "ബിഗ് സല്യൂട്ട്".

**മെറിൻ വിൽസൺ**
2 എ
സെന്റ് ജോസഫ്സ് ഹൈസ്കൂൾ പൂവത്തുശ്ശേരി
അങ്കമാലി ഉപജില്ല, എറണാകുളം

# അമ്മുവിന്റെ ക്വാറന്റീൻ...

അമ്മു അന്ന് പതിവിലേറെ ആഹ്ലാദത്തിലായിരുന്നു. ഒരുവർഷമായി വിദേശത്ത് ജോലി ചെയ്യുന്ന അവളുടെ അപ്പൻ ഇന്ന് നാട്ടിൽ തിരിച്ചെത്തുകയാണ്. അവൾ ഏറെ കാത്തിരുന്ന ദിവസം. തനിക്കും ചേച്ചിക്കും അനിയനും ചോക്ലേറ്റുകളും കളിപ്പാട്ടങ്ങളുമായി അപ്പൻ തിരിച്ചെത്തുന്ന ദിവസം. തന്റെ കൂട്ടുകാരികൾക്കും അവൾ ഗൾഫ് മിഠായികൾ വാഗ്ദാനം ചെയ്തിരുന്നു.

അതിരാവിലെ എഴുന്നേറ്റ് കുളിച്ച് മിടുക്കിയായി അവൾ അപ്പനെയും കാത്തിരിപ്പായി. അമ്മയുടെയും ചേച്ചിയുടെയും മുഖത്ത് എന്തോ ടെൻഷൻ പോലെ... അവൾ അമ്മയോട് കാര്യം തിരക്കി... "മോളേ... ഈ ന്യൂസ് ചാനലിലൊക്കെ കൊറോണയെ കുറിച്ച് കേൾക്കുന്നില്ലേ... നമ്മുടെ അപ്പനും ഗൾഫിൽ നിന്ന് വരുന്നത് കൊണ്ട് എന്തൊക്കെയാവും എന്നറിയില്ല" ശരിയാണ്, കുറച്ചുദിവസങ്ങളായി അമ്മുവും കേൾക്കുന്നു... കൊറോണ, കോവിഡ് എന്നൊക്കെ... ഇതുകാരണം പരീക്ഷ മാറ്റിയല്ലോ എന്ന സന്തോഷമായിരുന്നു അവൾക്ക്. കൊറോണയും അപ്പനുമായി എന്തു ബന്ധം? അവൾ അതേക്കുറിച്ചൊന്നും ആഴത്തിൽ ചിന്തിക്കാൻ നിന്നില്ല. അവളുടെ മനസ്സ് നിറയെ ഗൾഫ് മിഠായികളും കളിപ്പാട്ടങ്ങളും ആയിരുന്നു.

രാവിലെ എത്തുമെന്ന് പറഞ്ഞ അപ്പനെ ഉച്ചയായിട്ടും കാണുന്നില്ല. കാത്തിരുന്നു മടുത്തു. അമ്മയോട് അനുവാദം ചോദിച്ച് അവൾ അടുത്ത കൂട്ടുകാരിയുടെ വീട്ടിലേക്ക് കളിക്കാൻ പോയി. കൂട്ടുകാരുമായുള്ള കളികൾക്കിടയിലും അപ്പൻ കൊണ്ടുവരുന്ന മിഠായികളെക്കുറിച്ച് അവൾ വീമ്പ് പറഞ്ഞുകൊണ്ടിരുന്നു. തന്റെ വീടിന്റെ മുറ്റത്ത് ഒരു കാർ നിർത്തുന്ന ശബ്ദം കേട്ട് അവൾ വീട്ടിലേക്ക് ഓടി. ദാ, തന്റെ അപ്പൻ എത്തിയിരിക്കുന്നു. സന്തോഷത്തോടെ ഓടിച്ചെന്ന് അപ്പനെ കെട്ടിപ്പിടിക്കാൻ ശ്രമിച്ച അവളെ അമ്മ തടഞ്ഞു. മാസ്ക് വെച്ച് മുഖം മറച്ച് എത്തിയ അപ്പൻ പെട്ടിയും സാധനങ്ങളുമായി ഒരു മുറിയിലേക്ക് കയറി വാതിലടച്ചു.

ഒരുവർഷമായി അപ്പനെ കാത്തിരുന്ന അവളുടെ നെഞ്ചു തകർന്നു. അവൾ പൊട്ടിക്കരഞ്ഞു. കുറച്ചു നിമിഷങ്ങൾക്കുള്ളിൽ തന്നെ മുറിയുടെ ജനൽ തുറന്ന് അപ്പൻ അവളെ ആശ്വസിപ്പിക്കാൻ തുടങ്ങി. കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. എയർപോർട്ടിലെ മെഡിക്കൽ ചെക്കപ്പിൽ കുഴപ്പമൊന്നും ഇല്ലെങ്കിലും വിദേശത്ത് നിന്ന് വന്നത് കൊണ്ട് ഹോം ക്വാറന്റീനിൽ പോകാൻ ഹെൽത്ത് സെന്ററിൽ നിന്ന് നിർദ്ദേശിച്ചത്രേ. വ്യക്തമായി ഒന്നും മനസ്സിലായില്ലെങ്കിലും എന്തൊക്കെയോ പ്രശ്നങ്ങളുണ്ടെന്ന് അവൾ തിരിച്ചറിഞ്ഞു.

അടുത്ത ദിവസം കടയിലേക്ക് പോയ അമ്മാമ്മ കരഞ്ഞുകൊണ്ടാണ് തിരിച്ചെത്തിയത്. ഇനി ഈ വീട്ടിൽ നിന്ന് ആരും പുറത്തേക്കിറങ്ങരുതെന്ന് അയൽക്കാർ പറഞ്ഞത്രെ. സാധനങ്ങൾ വാങ്ങാൻ എന്ത് ചെയ്യുമെന്ന് ഓർത്ത് സങ്കടപ്പെട്ട അമ്മാമ്മയെ അമ്മ ആശ്വസിപ്പിച്ചു. എന്നാൽ ഇതൊന്നും തന്നെ ബാധിക്കുന്ന കാര്യമായിട്ട് അമ്മുവിന് അപ്പോൾ തോന്നിയില്ല. അടുത്ത ദിവസം കൂട്ടുകാരിയുടെ വീട്ടിൽ കളിക്കാൻ പോകാൻ വാശിപിടിച്ച് കരഞ്ഞ അവളെ അമ്മ ഏറെ പണിപ്പെട്ട് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി അങ്ങനെ അമ്മുവും കുടുംബവും ക്വാറന്റീനിൽ ആയി. ആദ്യമൊക്കെ ഒറ്റപ്പെടുത്തലിന്റെ നീറ്റൽ അവളുടെ കുഞ്ഞു മനസ്സിനെ നോവിച്ചുവെങ്കിലും പതിയെ സാഹചര്യവുമായി പൊരുത്തപ്പെടാൻ അവൾക്കു കഴിഞ്ഞു. അപ്പന്റെ അടുത്തേക്ക് പോകാതെ രണ്ടു വയസ്സുള്ള അനിയനെ നിയന്ത്രിക്കാനാണ് പിന്നീടുള്ള ദിവസങ്ങൾ അവർ ഏറെ ബുദ്ധിമുട്ടിയത്.പതിയെപ്പതിയെ അവനും അത് ശീലമായി. വീട്ടിലേക്ക് ആവശ്യമായ സാധനങ്ങൾ അപ്പന്റെയും അമ്മയുടെയും ബന്ധുക്കൾ വീട്ടുപടിക്കൽ എത്തിച്ചുതന്നു.

അതിനിടയിൽ രാജ്യത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചു. ന്യൂസ് ചാനലുകളിലൂടെ കൊറോണ എന്ന രോഗത്തിന്റെ ഗൗരവം അവർ മനസ്സിലാക്കി. പിന്നീടുള്ള ദിനങ്ങൾ ഉത്കണ്ഠയും ആശങ്കയും നിറഞ്ഞതായിരുന്നു. കേരളത്തിൽ കോവിഡ് രോഗികളുടെ എണ്ണം കൂടി വരുന്നതും അതിൽ കൂടുതൽ പേരും വിദേശത്തുനിന്ന് എത്തിയവരാണെന്നതും ആ കുടുംബത്തിന്റെ ആശങ്ക ഏറ്റി. എങ്കിലും പ്രാർത്ഥനയോടെയും പ്രത്യാശയോടെയും അമ്മുവിന്റെ കുടുംബം കാത്തിരുന്നു. നീണ്ട 28 ദിനങ്ങൾ... മുപ്പതാം ദിവസം ഹെൽത്ത് ഇൻസ്പെക്ടറുടെ വിളിയെത്തി. "നിങ്ങളുടെ ക്വാറന്റീൻ അവസാനിച്ചിരിക്കുന്നു."

അമ്മു ദൈവത്തിന് ഒരായിരം നന്ദി അർപ്പിച്ചു. തന്റെ അപ്പനെ വിദേശത്തുനിന്നു സുരക്ഷിതനായി വീട്ടിൽ എത്തിച്ചതിന്... ഇപ്പോഴും നാട്ടിലെത്താനാവാതെ വിദേശത്ത് ദുരിതമനുഭവിക്കുന്നവരുടെ ഒരുപാട് വാർത്തകൾ അവൾ അറിഞ്ഞിരുന്നു. അവർക്കു വേണ്ടിയും അവൾ പ്രാർഥിച്ചു. സംസ്ഥാനത്ത് ലോക്ഡൗൺ തുടരുകയാണ്. സ്കൂൾ തുറക്കുമ്പോൾ അഭിമാനത്തോടെ കൂട്ടുകാരോട് പറയാൻ അമ്മു ഒരു കാര്യം കരുതി വച്ചിട്ടുണ്ട്. നാടിന്റെ നന്മയ്ക്ക് വേണ്ടി, മറ്റുള്ളവരുമായി ഇടപഴകാതെ, ക്വാറന്റീനിൽ കഴിഞ്ഞ തന്റെ അപ്പന്റെയും കുടുംബത്തിന്റെയും ഹീറോയിസം...

അമീഷ ടി. ജെ
7 ബി, സെന്റ് ജോസഫ്!!സ് എച്ച് എസ് വരാപ്പുഴ
ആലുവ ഉപജില്ല, എറണാകുളം

# ഒരു പുസ്തകത്തിന്റെ വിലാപം...

ജനാലയുടെ ചില്ലുപാളിയിലൂടെ അർക്ക രശ്മികൾ മുറിയിലേക്ക് ചാഞ്ഞുവന്നു. മേശപ്പുറത്തെ സ്ഫടിക പാത്രത്തിൽ തട്ടി അത് മുറിയിൽ എങ്ങും പ്രകാശം പരത്തി. ഞാൻ ഞെട്ടി ഉണർന്നു. നേരം ഇത്രയും ആയോ. ഇതിനുള്ളിൽ ഇരിക്കുമ്പോൾ ഒന്നും അറിയുന്നില്ല. ഇനിയുള്ള കാലമെല്ലാം ഈ പുസ്തകസഞ്ചിക്കുള്ളിൽ തന്നെ ഇരിക്കാനാണോ ദൈവമേ, എന്റെ വിധി. സഞ്ചിയുടെ അറകൾ ഒന്നും പൂട്ടിടാതെ വച്ചതുകൊണ്ട് ഇത്രയെങ്കിലും കാണുവാനും കേൾക്കുവാനും സാധിക്കുന്നു. ഒന്നും ചെയ്യാനില്ലാതെ ഈ ബാഗിനുള്ളിൽ വെറുതെ ഇരിപ്പാണെങ്കിലും സമാധാനമായി ഒന്നുറങ്ങാൻ സാധിക്കുന്നില്ല.

കൂട്ടിയും കുറച്ചും ഗുണിച്ചും വരച്ചുമെല്ലാം ഇവിടുത്തെ കുട്ടിയോടൊപ്പം എന്നും തിരക്കിലായിരുന്നു ഞാൻ. പക്ഷേ ഇപ്പോൾ യാതൊന്നും ചെയ്യാനില്ലാതെ ഈ പുസ്തകസഞ്ചിക്കുള്ളിൽ... എന്നോടൊപ്പം രസതന്ത്രവും ഊർജ്ജതന്ത്രവും ഉണ്ടെന്നുള്ളതാണ് ആകെയുള്ള ഒരാശ്വാസം. ഇല്ലെങ്കിൽ ഇതിനുള്ളിൽ ഇരുന്ന് വീർപ്പുമുട്ടി മരിച്ചുപോയേനെ ഞാൻ.

മേശപ്പുറത്തേക്ക് ഞാനൊന്ന് എത്തിനോക്കി. വിജയശ്രീലാളിതരായി കുറച്ചു പേർ... മാതൃഭാഷയും,ലോക ഭാഷയും, രാഷ്ട്രഭാഷയുമെല്ലാം നിറപുഞ്ചിരി തൂകുന്നു. കൂടെ സാമൂഹ്യശാസ്ത്രവും ജീവശാസ്ത്രവും. തങ്ങളുടെ ജോലി പൂർത്തിയാക്കിയ സംതൃപ്തി അവരുടെ മുഖത്ത് നിന്ന് എനിക്ക് വായിച്ചെടുക്കാം. അതിന്റെ തെല്ലൊരഹങ്കാരം അവരുടെ ചിരിയിൽ ഇല്ലേ എന്നൊരു സംശയം. അവരെ പറഞ്ഞിട്ട് കാര്യമില്ല. ഞങ്ങൾമാത്രമാണ് ഹതഭാഗ്യർ.

നീണ്ട പന്ത്രണ്ടു വർഷക്കാലം അറിവിന്റെ ആദ്യാക്ഷരങ്ങൾ നുകർന്ന് അക്ഷര വെളിച്ചമേകി ശാസ്ത്രസത്യങ്ങളും ചരിത്രവസ്തുതകളും മനസ്സിലാക്കി മൂല്യബോധമുള്ള വ്യക്തിത്വങ്ങളായി പുറത്തിറങ്ങുന്നതിന്റെ പൂർത്തീകരണം. എസ്.എസ്.എൽ.സി പരീക്ഷ. ഈ ഒരു വർഷക്കാലം അതിനായി ഞങ്ങൾ അവരെ ഒരുക്കുകയായിരുന്നു. ഞങ്ങളുടെ ഹൃദയത്തോട് ചേർത്ത് വെച്ച പുത്തനറിവുകൾ. മുന്നറിവുകളുടെ ചില കൂട്ടിച്ചേർക്കലുകൾ. പരീക്ഷണ നിരീക്ഷണങ്ങൾ. ഇവയെല്ലാം എത്രമാത്രം സന്തോഷത്തോടും ആത്മാർത്ഥതയോടും കൂടിയാണ് ഞങ്ങൾ ആ കുഞ്ഞു മനസ്സുകളിലേക്ക് പകർന്നു നൽകിയത്. അവരും അവയെല്ലാം നെഞ്ചോടുചേർത്തു. എത്ര രസമായിട്ടാണ് കുട്ടികൾ പരീക്ഷയ്ക്ക് ഒരുങ്ങിക്കൊണ്ടിരുന്നത്. കൃത്യമായ ഇടവേളകളിൽ, സമയം ക്രമീകരിച്ച് ഞങ്ങളുടെ താളുകളിലൂടെ അവർ പാറിനടന്നു. എല്ലാം സ്വായത്തമാക്കണമെന്ന കൊതിയോടെ.

സ്വായത്തമാക്കിയതെല്ലാം ഉത്തരക്കടലാസുകളിൽ പകർത്തണമെന്ന വാശിയോടെ.

പക്ഷേ ഫിനിഷിംഗ് പോയിൻറ് എത്തുന്നതിനു മുൻപ്... "ഒരു ലോക്ഡൗൺ" "അടച്ചിടൽ", എല്ലാം തകിടംമറിച്ചു. ആദ്യദിനങ്ങളിൽ എന്റെ കുട്ടി കുറേ നേരമെല്ലാം എന്റെ അടുത്തുവന്നു. പിന്നെ പിന്നെ വല്ലപ്പോഴുമായി വരവ്. ഇപ്പോൾ ഞാൻ മിക്കവാറും ഈ സഞ്ചിക്കുള്ളിൽ തന്നെ. കുട്ടികളെയും പറഞ്ഞിട്ട് കാര്യമില്ല. ഇനി എപ്പോഴാണെന്നോ, എന്നാണെന്നോ ഒരു നിശ്ചയവുമില്ല. സഞ്ചരിച്ച വഴികളിലൂടെ വീണ്ടും വീണ്ടും സഞ്ചരിക്കുന്നത് പുതുതലമുറയ്ക്ക് മടുപ്പുളവാക്കുന്ന കാര്യമാണെന്ന് തോന്നുന്നു. ഞങ്ങളെ മാറ്റിവച്ചത് അതുകൊണ്ടായിരിക്കാം..

പക്ഷേ കുഞ്ഞുങ്ങളേ. ഞങ്ങൾ പാഠപുസ്തകങ്ങളെ കൂടാതെ നിങ്ങളുടെ പുസ്തക ഷെൽഫിൽ ധാരാളംപുസ്തകങ്ങളുണ്ടല്ലോ, നിങ്ങളെയും പ്രതീക്ഷിച്ചുകൊണ്ട്. എനിക്കറിയാം. അവർക്ക് നിങ്ങളെ ഒത്തിരി ഇഷ്ടമാണ്. കഥകളും കവിതകളും നോവലുകളും ആത്മകഥയും ജീവചരിത്രവുമൊക്കെ നിരന്നിരിക്കുന്നു. നിങ്ങൾക്ക് അവരുമായി ചങ്ങാത്തം കൂടാൻ പാടില്ലേ? അവരുടെ താളുകളിലൂടെ സഞ്ചരിക്കാൻ പാടില്ലേ?എന്തു രസമാണ് അവരെയെല്ലാം വായിക്കാൻ. എന്തെല്ലാം തരത്തിലുള്ള അനുഭവങ്ങളാണ് നിങ്ങൾക്ക് പറഞ്ഞു തരാൻ അവർ കരുതി വെച്ചിട്ടുള്ളത്. അക്ഷരശുദ്ധിയും ഭാഷാശുദ്ധിയുമെല്ലാം വായനയിലൂടെ മാത്രമേ നിങ്ങൾക്ക് സ്വന്തമാക്കാനാകൂ. ഈ "അടച്ചിടൽ" അവസാനിക്കുവാൻ ഇനിയും ദിനങ്ങൾ ഏറെ. ടെലിവിഷനും മൊബൈലും എല്ലാം ഉപയോഗിച്ച് നിങ്ങളുടെ കണ്ണിന് കണ്ണട അലങ്കാരമാക്കാൻ ശ്രമിക്കാതെ പുസ്തകത്താളുകളിലൂടെ ഒന്ന് യാത്ര ചെയ്തുനോക്കൂ... ഷെൽഫിൽ അടുക്കി ശ്വാസംമുട്ടി ഇരിക്കുന്ന പുസ്തകചങ്ങാതികൾക്ക് ഒരു മോചനവും ലഭിക്കും, നിങ്ങൾക്ക് നല്ലൊരു വിനോദവും. അക്കൂട്ടത്തിൽ നിങ്ങൾ, ഞങ്ങൾ പാഠപുസ്തകങ്ങളെ മറന്നു കളയല്ലേ. ദിവസവും ഞങ്ങൾക്ക് വേണ്ടിയും കുറച്ചു സമയം തരണം കേട്ടോ. എങ്കിൽ മാത്രമേ നന്നായി ഒരുങ്ങി പരീക്ഷ എഴുതുവാൻ നിങ്ങൾക്ക് സാധിക്കുകയുള്ളൂ.

അങ്ങനെ ഒരു "ലോക്ഡൗൺ കാലം, ഒരു മഹാമാരി... ഇരുണ്ട രാത്രിക്ക്ശേഷം തെളിഞ്ഞ ഒരു പകൽ വരുമല്ലോ. എല്ലാം പഴയതു പോലെയാകും. കുട്ടികൾ വീണ്ടും ഞങ്ങൾ പാഠപുസ്തകങ്ങളിലേക്ക് മടങ്ങിവരും. കൊതിയോടെ, ആശയോടെ, ഞാൻ കാത്തിരിക്കുന്നു...

**ലയ അലൻ**
10 എ, സെന്റ് ജോസഫ്സ് എച്ച് എസ് വരാപ്പുഴ
ആലുവ ഉപജില്ല, എറണാകുളം

# തിരിച്ചറിവുകളുടെ ലോക്ഡൗൺ

അതിരാവിലെ ആനന്ദ് ഉണർന്നത് നിർത്താതെയുള്ള ഫോൺ വിളി കേട്ടിട്ടാണ്. ബോസാണ്. "ഗുഡ് മോർണിംഗ് സർ". "ഗുഡ് മോർണിംഗ്. ഇന്നുതന്നെ ചെയ്തു തീർക്കാനുള്ള കുറച്ചു പേപ്പർവർക്സ് ഞാൻ അയക്കാം. കംപ്ലീറ്റ് ദിസ് ടുഡേ."

"യെസ് സർ." ഇതിപ്പോ വർക്ക് അറ്റ് ഹോം അല്ല ഡെത്ത് അറ്റ് ഹോം ആണ്. എന്നും കാണും എന്തെങ്കിലും പേപ്പർ വർക്ക്.

ഇത് ആനന്ദ്. പത്തു വർഷമായി ഒരു മൾട്ടിനാഷണൽ കമ്പനിയിൽ ജോലി ചെയ്യുകയാണ്. ഭാര്യ അഞ്ജലി സിറ്റിയിലെ ഏറ്റവും വലിയ സ്കൂളിലെ ടീച്ചർ. മകൾ സംസ്കൃതി ഫാഷൻ ഡിസൈനിങ് പഠിക്കുന്നു. രണ്ടുപേരും ലോക്ഡൗണിലും തിരക്കിലാണ്. അഞ്ജലി റെസിഡൻസ് അസോസിയേഷനിലെ വാട്സ്ആപ്പ് ഗ്രൂപ്പിൽ മേക്കപ്പ്,ബ്യൂട്ടി ടിപ്സ്, പാചകം അങ്ങനെ പലതും പങ്കുവെയ്ക്കുന്നു. മകൾ കൂട്ടുകാരുടെ ഒപ്പം വീഡിയോ കോളിൽ അല്ലെങ്കിൽ മൊബൈലിൽ. താനും ജോലിത്തിരക്കുകളിൽ. മുമ്പത്തെ ജീവിതമല്ല ഇപ്പോൾ. രണ്ട് വർഷമായി അമ്മ പോയിട്ട്. അച്ഛനെ നാട്ടിലെ തറവാട്ടിൽ നിന്ന് അന്ന് കൂട്ടിക്കൊണ്ടു വന്നതാണ്. തറവാട് അനിയത്തിക്കുള്ളതായിരുന്നു. ഇപ്പോൾ അവളും കുടുംബവുമാണവിടെ താമസം. മൊബൈലിലെ നോട്ടിഫിക്കേഷൻസിന്റ ശബ്ദം ആനന്ദിനെ ചിന്തകളിൽ നിന്നുണർത്തി. പറഞ്ഞത് പോലെ ബോസ്സ് ഇന്നത്തെ ജോലികൾ അയച്ചിട്ടുണ്ട്.

പടികളിറങ്ങി താഴെ ചെന്നപ്പോൾ അഞ്ജലി അടുക്കളയിൽ ബ്രേക്ഫാസ്റ്റ് ഉണ്ടാക്കുകയാണ്. സംസ്കൃതി മൊബൈലിൽ കണ്ണും നട്ട് ഭക്ഷണം കഴിക്കുന്നു. "ഗുഡ് മോർണിംഗ് അച്ഛാ." "ഗുഡ് മോർണിംഗ്. ആഹാ എണീറ്റോ? വിളിക്കരുത് ഉറങ്ങണം എന്നൊക്കെയല്ലേ ഇന്നലെ പറഞ്ഞത്." "എണീറ്റതല്ല എണീപ്പിച്ചതാ. എന്റെ ബോസ്സ്. ഇന്നുമുണ്ട് ഓരോ പേപ്പർ വർക്ക്. അച്ഛനെഴുന്നേറ്റോ?" "എണീറ്റു, പത്രം വായിക്കുകയാ." പൂമുഖത്തു ചെന്നപ്പോൾ അച്ഛൻ പത്രം വായിച്ചിരിക്കുകയാണ്. "ഗുഡ് മോർണിംഗ് അച്ഛാ." "ഗുഡ് മോർണിംഗ്. നീ ഇത്ര നേരത്തെ എണീറ്റോ?" "ബോസ്സ് ഒരുപാട് വർക്ക് അയച്ചിട്ടുണ്ട്. അതെല്ലാം ഇന്ന് തന്നെ തീർത്ത് അയച്ചു കൊടുക്കണം." "നിന്റെ ബോസ്സിനോട് പറ ആളുകൾ ജീവനോടെ ഉണ്ടായാലേ കമ്പനി നടത്താൻ പറ്റുള്ളൂ എന്ന്. ഈ പോക്കാണെങ്കിൽ

ലോക്ഡൗൺ തീരുമ്പോൾ അയാൾ നിങ്ങളെ കൊന്നിട്ടുണ്ടാവും." "എന്ത് ചെയ്യാനാ അച്ഛാ." ആനന്ദ് ചിരിച്ചുകൊണ്ട് പറഞ്ഞു. "മോനെ ഇന്നലെ ഞാൻ പഴയ കാര്യങ്ങളൊക്കെ ഓർത്തു. പണ്ട് നമ്മുടെ തറവാട്ടിൽ ഞാനും നിന്റെ അമ്മയും നീയും നിന്റെ അനിയത്തിയും ചേർന്ന് ചിലവഴിച്ച മനോഹരനിമിഷങ്ങൾ കണ്ണിന്റെ മുമ്പിൽ മിന്നിമാഞ്ഞു പോയി. ഇന്ന് അന്നത്തെ നിഷ്കളങ്കനായ കുട്ടിയിൽ നിന്നും പക്വതയുള്ള ഒരു ഗൃഹനാഥനിലേക്കുള്ള നിന്റെ മാറ്റം ഒരു അച്ഛനെന്ന നിലയിൽ എനിക്ക് അഭിമാനം ഉണ്ടാക്കുന്നുണ്ട്. പക്ഷെ ഇന്ന് ഇത് ഒരു വീടാണെന്ന് എനിക്ക് തോന്നുന്നില്ല. നാല് പേരും നാല് വഴിക്ക്. നീയും നിന്റെ ജോലിത്തിരക്കുകളും ഒരു വഴിക്ക്. ഒരു വഴിക്ക് അഞ്ജലിയും അവളുടെ തിരക്കുകളും. മറ്റൊരുവഴിക്ക് മോളും അവളുടെ പഠിത്തവും. നിങ്ങൾക്കൊരു ശല്യമാകാതെ ഞാനും ഒരു വഴിയിൽ." അച്ഛൻ എഴുന്നേറ്റു. "നിങ്ങളുടെ തിരക്കുകൾ മനസ്സിലാവാഞ്ഞിട്ടല്ല. ഞാൻ കുറ്റം പറയുകയാണെന്നും വിചാരിക്കണ്ട. പക്ഷെ മോനെ ഈ ലോക്ഡൗൺ ദൈവം അറിഞ്ഞു തന്നതാണ്. ബന്ധങ്ങൾ പുതുക്കാനും ഓർമ്മകൾ പൊടിതട്ടിയെടുക്കാനും കുടുംബബന്ധങ്ങൾ വേരറ്റുപോകാതെ കാക്കാനും. അത് മറക്കരുത്." അത്രയും പറഞ്ഞുകൊണ്ട് അച്ഛൻ അകത്തേക്ക് പോയി. അച്ഛന്റെ വാക്കുകൾ ആനന്ദിന്റെ കാതിൽ മുഴങ്ങിക്കൊണ്ടിരുന്നു.

ജോലികളെല്ലാം ചെയ്തു തീർത്തപ്പോൾ വൈകുന്നേരമായി. "അഞ്ജലീ, സംസ്കൃതീ ഒന്ന് വന്നേ." "എന്താ എന്തുപറ്റി? എന്തുപറ്റി അച്ഛാ?" "നിങ്ങളോട് ഒരു പ്രധാനപെട്ട കാര്യം പറയാൻ വിളിച്ചതാണ്." അഞ്ജലിയും സംസ്കൃതിയും ആകാംക്ഷയോടെ ആനന്ദിന്റെ മുഖത്തേക്ക് ഉറ്റു നോക്കി. "അച്ഛനിന്നൊരു കാര്യം പറഞ്ഞു. നമ്മുടെ ഭാഗത്തു നിന്നുണ്ടായ ഒരു തെറ്റ് അത് നമ്മൾ തിരുത്തണം." "അപ്പൂപ്പൻ അച്ഛനോടെന്താ പറഞ്ഞത്?" "നമ്മൾ ഈ ലോക്ഡൗൺ കാലം എന്നെന്നും ഓർത്തു വെയ്ക്കാവുന്നതാക്കണം. ഈ കാലം അതിജീവനത്തിനൊപ്പം സ്നേഹവും തളിരിടണം. നമ്മൾ ഒരുമിച്ചു സമയം ചെലവഴിക്കണം. നമ്മുടെ തിരക്കുകൾക്കിടയിൽ നമ്മൾ ജീവിതം ആസ്വദിക്കാൻ മറന്നു പോകരുത്.പിന്നീട് അതോർത്തു നമ്മൾ ദുഖിക്കാൻ ഇടവരും. ദൈവം നമ്മുടെ തെറ്റ് മനസ്സിലാക്കി തിരുത്താൻ ഒരവസരം തന്നിരിക്കുകയാണ്. നമ്മൾ അത് പാഴാക്കരുത്. അഞ്ജലിയും സംസ്കൃതിയും എല്ലാം കേട്ടു കൊണ്ടിരിക്കുകയാണ്. പെട്ടെന്ന് സംസ്

കൃതി പറഞ്ഞു "മുത്തച്ഛൻ പറഞ്ഞത് ശരിയാണ്. നമ്മൾ മാറണം. അതിനുള്ള സമയമാണിത്.തിരിച്ചറിവുകളുടെ ലോക്ഡൗൺ.

മൂന്നു പേരും മുറ്റത്തേക്കിറങ്ങി മുത്തച്ഛനൊപ്പം നിന്നു.അസ്തമയം ആസ്വദിക്കുകയായിരുന്നു മുത്തച്ഛൻ. മൂന്നുപേരെയും നോക്കിയിട്ട് മുത്തച്ഛൻ പറഞ്ഞു "മക്കളെ ഈ സൂര്യനും അസ്തമയവും ഒക്കെ എല്ലാ ദിവസവും ഉണ്ട്. വേനൽക്കാലത്തു മാത്രം സൂര്യനെയും, ചിത്രങ്ങൾ കാണുമ്പോൾ മാത്രം അസ്തമയത്തെക്കുറിച്ചും ഓർത്താൽ പോരാ. നേരിട്ട് കണ്ട് ആസ്വദിക്കണം. പ്രകൃതി ശുദ്ധവായു കൊണ്ട് നിറഞ്ഞ നേരം മനുഷ്യന് മുഖാവരണം വയ്ക്കേണ്ടി വന്നു. അതാണ് പ്രകൃതിയുടെ വികൃതി." "ശരിയാണ് അച്ഛാ നമുക്കീ കാലം എന്നെന്നും ഓർത്ത് വെയ്ക്കാവുന്നതാക്കണം. ഈ കാലം മാത്രമല്ല ഇനിയുള്ള നമ്മുടെ ജീവിതത്തിലെ ഓരോ ദിവസവും." ആനന്ദ് പറഞ്ഞു. അവർ നാലുപേരും അസ്തമയസൂര്യനെ നോക്കിനിന്നു. ഇത് അസ്തമയമല്ല ഉദയമാണ് തിരിച്ചറിവുകളുടെ ലോക്ഡൗണിന്റെ ഉദയം.

നമുക്കും ഈ ലോക്ഡൗൺ മാധുര്യമുള്ളതാക്കാം. മൊബൈൽ ഫോണുകൾക്ക് അവധി നൽകി നമ്മുടെ കുടുംബബന്ധങ്ങൾ ഊഷ്മളമാക്കാം. എന്നെന്നും ഓർമ്മിക്കാൻ കഴിയുന്ന മധുരമുള്ള നിമിഷങ്ങൾ ഈ ലോക്ഡൗണിൽ ഓരോ കുടുംബങ്ങളിലുമുണ്ടാകട്ടെ.

**സാനിയ സാബു**
ക്ലാസ് 10, ഹോളി ഏയിഞ്ചൽസ് കോൺവെൻറ് എച്ച്.എസ്
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# ജീവാമൃതം

ഹൊ! എന്തൊരു ചൂട്! അപ്പുവിന് അതിയായ ദാഹം തോന്നി. “അമ്മേ, ഒരു ഗ്ലാസ് വെള്ളം.” അമ്മ വെള്ളവുമായി എത്തി. ഗ്ലാസിലെ വെള്ളം അപ്പുവിനെ നോക്കി ചിരിച്ചു. “എന്താ അപ്പൂ അത്രയ്ക്കു ദാഹമോ?” “വേനലല്ലേ? ഞാൻ വെയിലത്ത് ഒത്തിരി കളിച്ചു.” “ആരോഗ്യമുണ്ടാകാൻ ഒരാൾ ഒരുദിവസം രണ്ടുലിറ്ററെങ്കിലും ശുദ്ധജലം കുടിക്കണം എന്നാണ്.” “നീ ശുദ്ധജലമാണോ? നിന്നെ ഞാൻ കുടിക്കട്ടെ?” “അതെ, ധൈര്യമായി കുടിച്ചോളൂ. ഞാൻ എങ്ങനെ ഇവിടെ എത്തിയെന്ന് നിനക്കറിയണോ? എന്റെ വീട് കടലായിരുന്നു. ഇതുപോലെ ഒരു വേനലിൽ സൂര്യന്റെ ചൂടേറ്റ് ഞാൻ നീരാവിയായി ആകാശത്തെത്തി. കാറ്റിന്റെ ദിശയ്ക്കനുസരിച്ച് ഞാൻ ആകാശത്തിലൂടെ പാറിനടന്നു. മലനിരകൾക്കടുത്ത് എത്തിയപ്പോൾ എനിക്കു നന്നായി തണുത്തു. പിന്നെ പിടിച്ചുനിൽക്കാനായില്ല. മഴയായ് പെയ്തു ഞാൻ മണ്ണിലേക്കു പതിച്ചു. മണ്ണ് എന്നെ സ്നേഹപൂർവം സ്വീകരിച്ചു. ഞാൻ മണ്ണിനടിയിലേക്ക് ഊർന്നിറങ്ങി നീരുറവയായി. മണ്ണിനടിയിലൂടെ ഒഴുകി ഒഴുകി ഞാൻ നിങ്ങളുടെ കിണറ്റിൽ എത്തിച്ചേർന്നു. അപ്പുവിന്റെ അമ്മ എന്നെ കോരിയെടുത്ത് വൃത്തിയുള്ള പാത്രത്തിൽ സൂക്ഷിച്ചിരുന്നതാണ്. മാത്രവുമല്ല, നിങ്ങളുടെ കിണർ വലയിട്ട് വൃത്തിയായി സൂക്ഷിച്ചിടുന്നുമുണ്ട്. അപ്പു ധൈര്യമായി കുടിച്ചോളൂ. ഞാൻ ഏറ്റവും ശുദ്ധമായ ജലമാണ്.” അപ്പു സന്തോഷത്തോടെ ഒരു ഗ്ലാസ് വെള്ളം ഒറ്റ വലിക്ക് കുടിച്ചു.

**ആവണി എ.എസ്.**
6 എ
ഗവ. യു.പി.എസ്. വഞ്ചിയൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# കണ്ടനും തൊരപ്പനും

കണ്ടൻപൂച്ചയുടെ ആർത്തട്ടഹസിച്ചുള്ള ചിരി കേട്ടപ്പോൾ തന്നെ തുരപ്പൻ ചുണ്ടെലിയുടെ പകുതി കാറ്റുപോയി.

നീയെന്തൊക്കെയാ വീമ്പടിച്ചേ...ധൈര്യമുണ്ടെങ്കിൽ ഈ പൊത്തിലോട്ടു കയറി വാ... ന്ന്. അല്ലേ? എന്റെ മൂക്കുപോലും കടക്കാത്ത മാളത്തിൽ കയറി പത്രാസിളക്കിയപ്പോൾ ഏതുകാലവും പൊത്തിലിരിക്കാമെന്നു കരുതിയോ കള്ളത്തുരപ്പാ...

പറഞ്ഞുതീർന്നതും കണ്ടൻ തന്റെ മൂർച്ചയുള്ള നഖം കൊണ്ട് തുരപ്പന്റെ മുതുകത്ത് ആഞ്ഞുമാന്തി. ഹേഹേമ്മേ... വേദനകൊണ്ട് തുരപ്പൻ പുളഞ്ഞു. തിരിച്ചൊരു കടികൊടുക്കാനാഞ്ഞതും കണ്ടന്റെ കയ്യിന്റെ ചൂട് നെടുംപുറത്തുതന്നെ വീഴുമല്ലോ എന്നോർത്ത് മിണ്ടാതെ, കണ്ടനെ ദയനീയതയോടെ നോക്കി കിടന്നു. കണ്ടൻ ഗർവ്വോടുകൂടി തുരപ്പന്റെ വാലിൽ പിടിച്ച് ആട്ടിക്കൊണ്ടിരുന്നു.

എവിടെടാ നിന്റെ കൂട്ടാളികൾ? ഞാൻ ഉണക്കാനിട്ടിരുന്ന മത്തികളൊക്കെ നട്ടപ്പാതിരായ്ക്ക് കടത്തിക്കൊണ്ടുപോയവരെയൊക്കെ എനിക്കിപ്പം കാണിച്ചുതരണം. കണ്ടൻ മുരണ്ടു. താൻ മാത്രമല്ല, കൂട്ടുകാരും അകത്താകുമല്ലോ എന്നോർത്ത് തുരപ്പന് സങ്കടമാകാൻ തുടങ്ങി. കഴിഞ്ഞ ദിവസം അപ്പുക്കുട്ടന്റെ വീടിന്റെ മച്ചിൽ കയറി നീയെന്നെ കോക്രി കാണിച്ചതോർമ്മയുണ്ടോടാാാാ... കണ്ടൻ അലറി. തുരപ്പൻ കിടുകിടാ വിറച്ചു.

കാണിക്കെടാ അതുപോലെ കോക്രി. കണ്ടൻ തുരപ്പനെ ഒന്നു മുകളിലേക്കെറിഞ്ഞ് താഴെ വീഴുന്നതിനു മുന്നേ പിടിച്ചു. ഒരോട്ടം കൊടുക്കാനുള്ള ചാൻസ് കണ്ടൻ മുൻകൂട്ടി കണ്ടിട്ടുണ്ടായിരുന്നു. തുരപ്പൻ നിരാശയോടെ ആ ചാൻസ് മിസ്സാക്കിയതിനെ പഴിച്ചു.

കാണിക്കെടാ ആ കോക്രി. കണ്ടൻ മീശ വിറപ്പിച്ചു. തുരപ്പൻ എന്തോ ഒരു ആംഗ്യം കാണിച്ചു. കണ്ടന് തൃപ്തിയായില്ല. അങ്ങനെയല്ല നീ അന്ന്

കാണിച്ചത്. എന്നെ ശശിയാക്കുന്നതുപോലെയല്ലായിരുന്നോ അത്. അതുപോലെ കാണിക്കെടാാാാ... കണ്ടന് അതോർക്കുമ്പോൾത്തന്നെ അരിശം കയറാൻ തുടങ്ങി. തുരപ്പൻ ഒന്നുകൂടി ശ്രമിച്ചുനോക്കി. ഉള്ളിൽ ഭയം കിടന്ന് വിറയ്ക്കുന്നതു കാരണവും ആ കോക്രി അതുപോലെ കാണിക്കേണ്ട താമസം, തന്നെ കണ്ടൻ അടിച്ചടിച്ചു കൊല്ലുമെന്നും നല്ലവണ്ണം അറിയാവുന്നതുകൊണ്ട് തുരപ്പൻ ഉപായത്തിലൊരു ആംഗ്യം കാണിച്ചു.

അങ്ങനെയല്ലടാ തുരപ്പാാാാാാാാാ....കണ്ടൻ തുരപ്പന്റെ കണ്ണുനോക്കി കൈ ആഞ്ഞുവീശി. തുരപ്പൻ അതിവിദഗ്ധമായി ഒഴിഞ്ഞുമാറിയതുകൊണ്ട് വൻ ദുരന്തം ഒഴിവായി. തുരപ്പൻ കണ്ടനെ ദീനതയോടെ നോക്കി. പിന്നെ മെല്ലെ വിളിച്ചു, പൊന്നു കണ്ടൻ ചേട്ടാ...

കണ്ടൻ അവനെ ഒന്നുനോക്കി. ചേട്ടനോ? ആരുടെ ചേട്ടൻ? വേലയിറക്കുന്നോ...എവിടെ പോയെടാ നിന്റെ ശബ്ദം? മച്ചിൽക്കയറി എന്നെ നോക്കി ഇളിക്കുന്നതുപോലെ ഇളിക്കെടാ... കണ്ടന് അതെല്ലാം ഓർക്കുന്നതുതന്നെ കലിയാണ്. തുരപ്പനാണേൽ തഞ്ചം കിട്ടിയപ്പോഴൊക്കെ കണ്ടന് ഇഷ്ടം പോലെ പണി കൊടുത്തിട്ടുമുണ്ടല്ലോ. എന്നെത്തൊട്ടോ എന്ന ഭാവത്തിൽ നിന്ന് കണ്ടനെ നോക്കി ഇളിച്ചുകാണിക്കലാണ് തുരപ്പന്റെ പ്രധാന വിനോദം. പിന്നെ കണ്ടൻ എന്തൊരു സാധനം തിന്നാൻ കൊണ്ടുവച്ചാലും അത് തുരപ്പനും കൂട്ടരും രായ്ക്കുരാമാനം കടത്തിക്കൊണ്ടു പോയ്ക്കളയും.

കാത്തിരുന്ന് കാത്തിരുന്ന് കിട്ടിയതാണ് തുരപ്പനെ കണ്ടന്റെ കയ്യിൽ.

എന്റെ പൊന്നുചേട്ടാ... രണ്ടുദിവസമായി എന്റെ ശബ്ദമിങ്ങനെയാ. ഗൾഫുകാരൻ രാജുവിന്റെ വീട്ടിൽ നൈറ്റ് ഡ്യൂട്ടി കഴിഞ്ഞുവന്നപ്പോൾ മുതൽ ഞാനും കൂട്ടരും പറയുന്നതിലൊരു വ്യത്യാസമുണ്ട്.

തുരപ്പൻ ആഞ്ഞു ചുമച്ചു. ഘ്വാ ഘ്വാ ഘ്വോാോാോ...എന്തൊരു ചുമയാ..

കണ്ടൻ അവനെ തന്റെ മുഖത്തുനിന്നു ദൂരേയ്ക്ക് മാറ്റിപ്പിടിച്ചു. നിന്റെ തട്ടിപ്പാണെന്നെനിക്കറിയാം. തട്ടിപ്പോകുമ്പോൾ ചേട്ടനെയും കൊണ്ടുപോകാനായിരിക്കും എന്റെ യോഗം. ഈ കൊറോണ അങ്ങനെയാന്നല്ലേ പറയുന്നത്. പിടിച്ചവനും തൊട്ടവനും ഒക്കെ വരില്ലേ.

തുരപ്പൻ ഒന്നുകൂടി ആഞ്ഞു ചുമച്ചു. ഓർക്കാപ്പുറത്ത് തുപ്പല് വീണത് കണ്ടന്റെ മുഖത്തേക്കുതന്നെ. ഛീ... ഒരു മീറ്റർ അകലം പാലിക്കെടാ... കണ്ടൻ മുഖം പൊത്തിക്കൊണ്ടു പറഞ്ഞു. ആ തക്കത്തിന് കണ്ടന്റെ പിടിയിൽ നിന്നും തുരപ്പൻ ജീവനും കൊണ്ടോടി, മാളത്തിൽ കയറി. കണ്ടൻ അന്തംവിട്ടു നിന്നുപോയി.

മാളത്തിൽ നിന്നും തുരപ്പൻ ഉറക്കെ വിളിച്ചുപറഞ്ഞു: മിസ്റ്റർ കണ്ടൻ കൈകാലുകൾ സോപ്പിട്ടു കഴുകാൻ മറക്കരുത്. വീട്ടിൽപോയി അടങ്ങിയൊതുങ്ങി ഇരിക്ക്. ക്വാറന്റൈനാണ് ക്വാറന്റൈൻ. കോക്രി ഞാൻ കാണിച്ചുതരാം. ഈ കൊറോണയൊക്കെ ഒന്നു കഴിയട്ടെ. കണ്ടൻ കുറച്ചുനേരം കൂടി അവിടെ ചുറ്റിപ്പറ്റി നിന്നു. തുരപ്പനെ ഇനി കിട്ടാൻ പോകുന്നില്ല എന്നു മനസ്സിലാക്കി പതുക്കെ സ്ഥലംവിട്ടു.

**ലാമിയ ഷെമീം**
2 എ
അസംപ്ഷൻ എച്ച്.എസ്. പാലമ്പ്ര
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം

# ശുദ്ധവായു

പുഞ്ചവയൽ പാടത്ത് എന്നും ധാരാളം തത്തകൾ കതിരുകൾ കൊത്തിതിന്നാൻ വരുമായിരുന്നു. അന്നും പതിവുപോലെ എല്ലാവരും എത്തി.അതിൽ കാരണവർ തത്ത ചോദിച്ചു. ഇതെന്താ പാടത്ത് പണിക്കാരെയൊന്നും കാണാത്തത്...? ശരിയാണല്ലോ... മിന്നു തത്ത പറഞ്ഞു. നമുക്ക് ധാരാളം കതിർ മണികൾ കൊത്തി തിന്നാം. ഹായ് ഹായ്... നീ അധികം തുള്ളിച്ചാടാതെ നമ്മുടെ മനുഷ്യർക്കെല്ലാം എന്തോ സംഭവിച്ചിട്ടുണ്ട്. വരുന്ന വഴിയിലൊന്നും ആരെയും കണ്ടില്ല. വാഹനങ്ങളുമില്ല അതുകൊണ്ട് എന്ത് രസമാ... പൊടിയും പുകയുമൊന്നുമില്ലല്ലോ. എന്നും ഇങ്ങനെ തന്നെ മതിയായിരുന്നു. വളരെ പണ്ട് ഇതുപോലുള്ള വാഹനങ്ങളോ പൊടിപടലങ്ങളോ ഒന്നുമില്ലായിരുന്നു. എങ്ങും ശുദ്ധവായുവും ശുദ്ധജലവും ഉണ്ടായിരുന്നു. ഈ മനുഷ്യരുടെ ഓരോ പിടിത്തങ്ങൾ നമ്മുടെ ഭൂമിയുടെ ഈ അവസ്ഥയ്ക്ക് കാരണം. നോക്കൂ... മഞ്ഞക്കിളിയല്ലേ പറന്നുവരുന്നത് എന്താ മഞ്ഞക്കിളിക്ക് ഒരു പരവേശം. അറിഞ്ഞില്ലേ നമ്മുടെ മനുഷ്യരാശിയെ നശിപ്പിക്കാനായി കൊറോണ എന്ന വൈറസ് വ്യാപിച്ചിട്ടുണ്ട്. അതുകൊണ്ട് ആരും പുറത്തിറങ്ങാതെ വീട്ടിനുള്ളിൽ അടച്ചിരിക്കുകയാണ്. ഓഹോ താൻ കുഴിച്ചകുഴിയിൽ താൻ തന്നെ എന്നതുപോലെ പരിസ്ഥിതിയെ നശിപ്പിക്കുന്ന മനുഷ്യർക്ക് ഇതൊരു പാഠമാവട്ടെ.

**സെൻഹ സഫിയ**
ക്ലാസ് 3 , ഇക്ബാൽ എൽ.പി സ്കൂൾ
ചൊക്ലി ഉപജില്ല, കണ്ണൂർ

# വൃത്തിയുള്ള കാക്ക

കാക്കയെ ആർക്കും ഇഷ്ടമല്ല. കാരണം അവൾക്ക് ഒരു ഭംഗിയുമില്ല, കറുത്ത നിറവും, അമ്മുവിനും കാക്കപ്പെണ്ണിനെ ഇഷ്ടമല്ല. വീടിന്റെ മുറ്റത്തെങ്ങാനും കാക്ക വന്നാൽ അവൾ ആട്ടിയോടിക്കും. ഒരിക്കൽ അമ്മു മുറ്റത്തിരുന്ന് മിക്സ്ചർ തിന്നുകയായിരുന്നു. പെട്ടെന്ന് അവളുടെ കൈ തട്ടി അതെല്ലാം താഴെ വീണു. അയ്യോ! അമ്മ വന്നാൽ എനിക്ക് ശരിക്കും കിട്ടും, അവൾ വിഷമിച്ചു. അവൾ മെല്ലെ അകത്തേക്ക് പോയി തിരിച്ച് വന്നപ്പോൾ അവൾ കണ്ട കാഴ്ച അമ്മുവിന്റെ മുഖത്ത് പുഞ്ചിരി വിടർന്നു .താൻ അഴുക്കാക്കിയ സ്ഥലമെല്ലാം കാക്കപ്പെണ്ണ് വൃത്തിയാക്കിയിരിക്കുന്നു. ഇത്രയും ശുചിത്വമുള്ള പക്ഷിയായിരുന്നു കാക്ക എന്ന് അവൾക്കന്ന് മനസ്സിലായി. അന്നു മുതൽ അമ്മുവിന്റെ പ്രിയപ്പെട്ട പക്ഷി കാക്കയായി.

**തഹാനിയ തസ്നിം പി പി**
1 എ , ഇസ്സത്തുൽ ഇസ്ലാം മദ്രസ്സ എൽ പി സ്കൂൾ
പാപ്പിനിശ്ശേരി ഉപജില്ല, കണ്ണൂർ

# കൊറോണയും കേരളവും

കൊറോണയും അദ്ദേഹത്തിന്റെ അനുയായികളും എല്ലാ രാജ്യങ്ങളും വെട്ടിപ്പിടിച്ച് ദിവസങ്ങളായി വളരെ സുഖമായി ആനന്ദനൃത്തമാടി ജീവിക്കുകയായിരുന്നു. അങ്ങനെ ഒരു ദിവസം അദ്ദേഹത്തിന്റെ അനുയായി വന്നു പറഞ്ഞു പ്രഭോ! നമുക്ക് കേരളത്തിലേക്ക് ഒന്ന് പോയി യുദ്ധം ചെയ്താലോ, അത് ദൈവത്തിന്റെ സ്വന്തം നാടാണ്. ഇത് കേട്ട കൊറോണ അദ്ദഹത്തിന്റെ പരിവാരങ്ങളുമായി കേരളത്തോട് യുദ്ധം ചെയ്തു.

അതികഠിനമായ യുദ്ധം അവസാനം തോറ്റ് ആയുധം വെച്ച് കീഴടങ്ങിയ കൊറോണ തന്റെ പട്ടാളത്തോട് പറഞ്ഞു; പ്രിയപ്പെട്ടവരെ നമുക്കിവിടെ വിജയം അസാധ്യമാണ്, കാരണം ഈ നാട്ടിലെ ആളുകൾ പല യുദ്ധങ്ങളിലും ജയിച്ച ചരിത്രമുണ്ട്. നമ്മുടെ പൂർവ്വീകരായ നിപ്പയെയും മറ്റു അനേകമാളുകളെയും കുഴിച്ച് മൂടിയ മണ്ണാണ്. നമുക്ക് വേഗം മറ്റുസ്ഥലങ്ങളിലേക്ക് പോവാം. കൊറോണയും കൂട്ടാളികളും കേരളത്തിൽനിന്നും ഓടിയകന്നു.

**മുഹമ്മദ് ഷിഫിൻ. പി**
3 ബി
എ.എം.എൽ.പി. സ്കൂൾ ചെങ്ങര
അരീക്കോട് ഉപജില്ല, മലപ്പുറം

# ജീവിതം

ശരിയാണ്, ആകാശം വിശാലമാണ്, അതിലെ മേഘങ്ങൾ എണ്ണിത്തീർക്കാൻ ഒരു മനുഷ്യായുസ്സ് പോരാ, എന്നാൽ സൂര്യന്റെ മുന്നിൽ മേഘങ്ങൾ തലകുനിക്കും. കാർമേഘം എത്ര തിങ്ങിക്കൂടിയാലും, സൂര്യനെ താൽക്കാലികമായി മറയ്ക്കാനേ അവയ്ക്ക് കഴിയൂ. കൂടുതൽ യശസ്സോടെ സൂര്യൻ പിന്നെയും തെളിയും. ജീവിതവും ഇതാണ്. കാർമേഘങ്ങളാകുന്ന പ്രശ്നങ്ങളെ തരണം ചെയ്ത് ഉദിക്കുന്ന സൂര്യനായി മാറണം.

**നിബിത**
4 എ
എസ്.എച്ച്.സി.എൽ.പി.എസ്. അഞ്ചുതെങ്ങ്
വർക്കല ഉപജില്ല, തിരുവനന്തപുരം

# കാട്ടിലെ മഹാമാരി

പണ്ട് ഒരു കാട്ടിൽ മിച്ചു എന്ന ഒരു കുറുക്കനുണ്ടായിരുന്നു. മിച്ചു താമസിച്ചിരുന്ന കാട് അതിമനോഹരമായിരുന്നു. പുഴകളും മരങ്ങളും കുളങ്ങളും കായ്ച്ചു കിടക്കുന്ന ഫലവൃക്ഷങ്ങളും. കറുകറുത്ത തവളപ്പാറയിലാണ് ശൂരൻ രാജാവിന്റെ കൊട്ടാരം. ഒരു ദിവസം മിച്ചുവിന് കോഴിയെ തിന്നാൻ കൊതി വന്നു. മിച്ചു നാട്ടിലേക്ക് പോയി. അവിടെ വെച്ച് ആളുകൾ അവനെ അടിച്ചോടിച്ചു. അടി കൊണ്ട് വീട്ടിലെത്തിയ മിച്ചുവിന് പനി പിടിച്ചു. ഏറെ താമസിയാതെ മിച്ചു ചത്തു പോയി. മിച്ചുവിൻറെ മരണാനന്തര ചടങ്ങിൽ പങ്കെടുത്ത കിച്ചു മുയലിനും കറുമ്പി കുയിലിനും പനി തുടങ്ങി. ഇത് കാട്ടിലെങ്ങും വാർത്തയായി. എന്തു പറ്റി? കാട്ടിൽ സാധാരണ അസുഖങ്ങളൊന്നും വരാത്തതാണല്ലൊ. ചാട്ടക്കാരൻ കുരങ്ങച്ചൻ ഇവരെ പരിശോധിച്ച് മരുന്നുകൾ നൽകി. എന്നാൽ കിച്ചുവിൻെറയും കറുമ്പിയുടെയും പനി മാറിയില്ല. കുരങ്ങച്ചന് പനി കിട്ടുകയും ചെയ്തു. കാട്ടിലെ മൃഗങ്ങൾക്കെല്ലാം പരിഭ്രമമായി. ജനങ്ങൾ രാജാവിനെ കാര്യങ്ങൾ ധരിപ്പിച്ചു. രാജാവിന് ആശങ്കയായി. കാര്യങ്ങൾ അന്വേഷിക്കാൻ കാക്കച്ചിയെ ഏൽപ്പിച്ചു. കാക്കച്ചി നാട്ടിലും കാട്ടിലും ചുറ്റിതിരിഞ്ഞ് പരിഭ്രമത്തോടെ രാജാവിൻെറ ചെവിയിൽ മന്ത്രിച്ചു. രാജാവിൻെറ മുഖം കറുത്തിരുണ്ടു. ഉടൻ കിട്ടൻ കരടിയെ വിളിപ്പിച്ചു. കിട്ടൻ കരടി തവളപ്പാറക്കു മുകളിൽ കയറിനിന്ന് വിളംബരം പുറപ്പെടുവിച്ചു. പനി പിടിച്ചവരാരും മാളത്തിനു പുറത്ത് ഇറങ്ങരുത്. കാട്ടിൽ കൂട്ടം കൂടി നിൽക്കരുത്. ഇത് പകർച്ച പനിയാണ് വന്നാൽ മരണം വരെ സംഭവിക്കാം. ആരും പരിഭ്രമിക്കാതെ കരുതലോടെയിരിക്കണം. ഇത് കേട്ട മൃഗങ്ങൾ ആശങ്കയിലായി. ഇനി എങ്ങനെ ഇരപിടിക്കും. കീരപ്പൻ ചെന്നായ ഒരു ഉപയം കണ്ടെത്തി. പിങ്കിമാനിനെ കുരുക്കിട്ട് പിടിച്ച് മിന്നുതത്ത ഡോക്ടറുടെ അടുത്തെത്തിച്ചു പരിശോധിച്ചു. പനിയില്ലെന്ന് ഉറപ്പു വരുത്തിയതിനു ശേഷം തിന്നാം. കീരൻ കടുവ വേറെ മാർഗം ഇല്ലാതെ പുല്ലു തിന്നാൻ തുടങ്ങി.

അങ്ങനെ കേകി പരുന്ത് പറന്നുവന്നു. രാജാവുമായി ചർച്ചചെയ്തു. ഒരുപായം കണ്ടെത്തി. അസുഖംമാറുന്നതു വരെ ആരും ആരെയും ഉപദ്രവിക്കാതെ കായ്കനികളും പുല്ലും തിന്ന് വിശപ്പടക്കണം. മാളങ്ങളിൽ ഒതുങ്ങിക്കഴിയണം എന്ന് എല്ലാവരെയും അറിയിച്ചു. ഇങ്ങനെ ചെയ്തതിനാൽ കാട്ടിൽ നിന്ന് മഹാമാരിയെ തുരത്തി ഓടിച്ചു.

**അമിത പ്രവീൺ**
3 ബി
എ.എം.എൽ.പി.എസ്. ചെരക്കപറമ്പ ഈസ്റ്റ്
മങ്കട ഉപജില്ല, മലപ്പുറം

# എന്റെ മുത്തശ്ശി

ഉണ്ണിക്ക് മുത്തശ്ശിയെ ഇഷ്ടമല്ലായിരുന്നു. എപ്പോഴും എന്തെങ്കിലും പഴമ്പുരാണം പുലമ്പുന്ന മുത്തശ്ശി! അന്നും അവൻ പിണങ്ങി മാഞ്ചോട്ടിലേക്ക് പോയി.

അമ്മ ശുചിത്വസമിതിയുടെ യോഗത്തിനു പോയതായിരുന്നു. കൊറോണക്കാലമാണ്. അമ്മ തിരിച്ചുവരുമ്പോഴും അവൻ അവിടെ വെറുതെയിരുന്നു.

“കൈകൾ ഇടയ്ക്കിടക്ക് കഴുകി വൃത്തിയാക്കണം. രോഗം ചെറുക്കാൻ അതുമാത്രമാണ് വഴി'' അമ്മ ആരോടോ പറയുന്നതു കേട്ടു. മരണസംഖ്യ ഉയരുകയാണെന്ന് ഇന്നത്തെ പത്രത്തിൽ ഉണ്ടായിരുന്നു.

അവൻ തൊടിയിലേക്ക് നോക്കി. മുത്തശ്ശി ചേമ്പോ ചേനയോ നടുകയാണ്. “ഉണ്ണും മുമ്പ് ഉണ്ണിക്കൈ ഊക്കത്തിൽ കഴുകേണം”. ഈണമില്ലാതെ മുത്തശ്ശി പാടുന്ന ആ പാട്ടുകേൾക്കുന്നതേ അവന് വെറുപ്പായിരുന്നു.

ഉണ്ണി മുത്തശ്ശിയെ നോക്കി. ചെറിയ പാട്ടിലൂടെ വൃത്തിയും ശുചിത്വവും കരുതലും പങ്കിടുകയായിരുന്നില്ലേ മുത്തശ്ശി ചെയ്തത്?

അതിനെ പഴമ്പുരാണമായി പരിഹസിച്ചു. അവന് സങ്കടം വന്നു. തൊടിയിലേക്ക്, മുത്തശ്ശിക്കരികിലേക്ക് അവൻ നടന്നു.

**ശ്രീലക്ഷ്മി കെ**
6 എൽ
എ.എം.യു.പി.സ്കൂൾ അയ്യായ
താനൂർ ഉപജില്ല, മലപ്പുറം



# കാക്കച്ചിയുടെ കൊറോണ

ഇതൊരു അങ്ങാടിയാണല്ലോ! എന്നിട്ടിവിടെ ആരെയും കാണുന്നില്ലല്ലോ? എല്ലാം വിജനമായിരിക്കുന്നു. "ഇവിടെ ലോക്ഡൗണാണ് എല്ലാവരും വീട്ടിൽ തന്നെ ഇരിപ്പാണ്". കൊറോണയുടെ സംശയം മരക്കൊമ്പിലിരുന്ന കാക്കച്ചി തീർത്തു കൊടുത്തു. നാട്ടിലെ വിശേഷങ്ങളറിയാൻ വന്നതാണ് കാക്കച്ചി, കൊറോണ കാക്കച്ചിയുടെ അടുത്തേക്ക് നീങ്ങി... അടുത്തേക്ക് വരുന്നത് കണ്ടപ്പോൾ കാക്കച്ചിയ്ക്ക് പേടിയായി. കാക്കച്ചി പറക്കാൻ ശ്രമിച്ചു... അതു കണ്ടു കൊറോണ പറഞ്ഞു പേടിക്കേണ്ട "ഞാൻ പക്ഷികളെയും, മൃഗങ്ങളെയും ഉപദ്രവിക്കില്ല", അത് കേട്ട കാക്കച്ചിയ്ക്ക് സമാധാനമായി. "അല്ല ഇവിടെയുള്ള ആളുകളൊക്കെയെവിടെ? ഒരാളുപോലുമില്ലല്ലോ എനിക്ക് കയറിക്കൂടാൻ". കൊറോണ പറയുന്നത് കേട്ട് കാക്കച്ചി പറഞ്ഞു, "നിനക്കിനി ആരേയും ഉപദ്രവിക്കാൻ കഴിയില്ല, നിന്നെ ഈ നാട്ടിൽ നിന്ന് പറഞ്ഞയക്കാൻ എല്ലാവരും വീട്ടിൽ തന്നെ ഇരിക്കുകയാണ്...." അത് കേട്ട് കൊറോണ ഉറക്കെ ചിരിച്ചു ഹ ഹ ഹ "വലിയ വലിയരാഷ്ട്രങ്ങളെ വരെ വിറപ്പിച്ചവനാണ് ഞാൻ പിന്നെയാണോ ഈ കൊച്ചു കേരളം". കൊറോണയും കാക്കച്ചിയും തമ്മിൽ കലപിലയായി. അവസാനം അവർ ഒരു തീരുമാനത്തിലെത്തി. ഇന്ന് സൂര്യാസ്തമയത്തിനുള്ളിൽ കൊറോണ ഒരാളുടെയെങ്കിലും ദേഹത്ത് കയറിയില്ലെങ്കിൽ ഈ നാട്ടിൽനിന്നു തന്നെ പോകണം, അവർ നടക്കാൻ തുടങ്ങി സമയം സന്ധ്യയായി. ഒരു കുട്ടി വീടിന് പുറത്ത് കളിക്കുന്നത് അവർ കണ്ടു... ഇത് കണ്ട കൊറോണയ്ക്ക് സന്തോഷമായി അവൻ ആ കുട്ടിയുടെ നേരേക്ക് പാഞ്ഞു.അപ്പോഴേക്കും ആ കുട്ടിയുടെ അമ്മ അവനെ വഴക്കു പറഞ്ഞുകൊണ്ട് അകത്തേക്ക് കൊണ്ടുപോയി.. ഇത് കണ്ട കൊറോണക്ക് നാണക്കേടായി...

നാട്ടിൽനിന്ന് പോവാൻ നിന്ന കൊറോണയോട് നന്ദി രൂപത്തിൽ കാക്കച്ചി പറഞ്ഞു "നിന്നെ ഒഴിവാക്കേണ്ടത് അത്യാവശ്യമാണ് എന്നാലും നീ വന്നത് ഈ ബ്രേക്കില്ലാതെ പാഞ്ഞിരുന്ന മനുഷ്യർക്കൊരു പാഠമാണ്.... എന്റെ ജോലി തന്നെ കുറഞ്ഞിരിക്കുന്നു, ഇപ്പോൾ ഈ നാടെല്ലാം ഏറെ വൃത്തിയായി ക്കഴിഞ്ഞു... ഇതിനൊക്കെ കാരണക്കാരൻ എന്ന നിലയ്ക്ക് നിന്നെ ഞാൻ എന്നും ഓർക്കുന്നതാണ്..."

**ദേവിക**
7 എ, എഎംയുപിഎസ് പാറക്കൽ
താനൂർ ഉപജില്ല, മലപ്പുറം

# അതിജീവനം

അഹ് അമ്മേ.... അമ്മേ ..... ചായ. എന്താ ഇവർ സംസാരിക്കുന്നത്. കൊറോണയോ, അതേതാ പുതിയ കഥാപാത്രം? അച്ഛാ നിങ്ങളെന്താ പറയുന്നേ, കൊറോണയോ അതാരാ? മോനേ നമ്മുടെ ലോകത്തെ പിടിച്ചു കുലുക്കുന്ന മഹാരോഗത്തെ കുറിച്ചാ... ഈ രോഗം ലോകം മുഴുവൻ വ്യാപിച്ചിരിക്യാ. ഹോ! അച്ചു നീ നാളെ മുതൽ കളിക്കാനൊന്നും പോവേണ്ടട്ടോ.... ഹേ! അതെന്താ, ഞാൻ പോകും. അമ്മ പറയുന്നത് കേട്ടാ മതി. നീ അറിഞ്ഞില്ലേ പുതിയ രോഗത്തെ കുറിച്ച്. അതെങ്ങന്യാ ഏത് നേരവും കളിക്കാൻ പോക്കല്ലേ. പത്രൊന്നും വായിക്കൂല ചെക്കൻ. പോയി കുളിച്ച് ചായ കുടിക്ക് മേൽ മുഴുവൻ ചെളിയാ. അമ്മേ ഇന്നെന്താ സ്പെഷ്യൽ.... കുന്തം! ഇവിടെ മനുഷ്യനാകെ ആദി പിടിച്ചിരിക്യാ. ഓ.. ഈ അമ്മ എന്താ ഇങ്ങനെ. ഇവിടെ എന്താ നടക്കുന്നേ അമ്മുമ്മേ.... മോൻ വിഷമിക്കേണ്ട. മോന് വേണ്ടത് അമ്മുമ്മ ഉണ്ടാക്കിത്തരാം. നല്ല അമ്മുമ്മ. അച്ചു ഇവിടെ വാ മോനേ... ആകാശത്തേക്ക് നോക്ക് എത്ര നക്ഷത്രങ്ങളാ... ആ അച്ഛാ അതാ അമ്പിളി. അച്ചു നേരം ഒരുപാടായി. അച്ഛനും മോനും അകത്തേക്കു കയറിക്കോ ഇതാ ചോറ്. അയ്യേ ഇന്നും പച്ചക്കറിയാ. അച്ഛന് വല്ല ഇറച്ചിയോ മീനോ വാങ്ങിക്കൂടെ... ഒന്ന് കഴിച്ച് പോ ചെക്കാ. കുറച്ച് നാൾ കഴിഞ്ഞാൽ ഇതും കിട്ടൂല. ഓ. ഞൻ കിടക്കാൻ പോവ്വാ.. എന്റെ ദൈവമേ നാളെ അമ്മ എന്നെ കളിക്കാൻ വിടണേ..

ഹായ്, പന്ത് കളിക്കാൻ ആരും ഇല്ലേ മോനു... കുട്ടാ... നിങ്ങൾ ആരാ... ഞാൻ എന്റെ പേര് കോവിഡ് 19. എന്ത്? നീ എന്നെ കുറിച്ച് കേട്ടിട്ടില്ലേ? ടി.വി യിലും ഫോണിലും പത്രങ്ങളിലും എല്ലാം നിറഞ്ഞു നിൽക്കല്ലേ ഞാൻ. നിന്നെ എനിക്കറിയില്ല. ഓ എന്നാ ഒരു പക്ഷെ നിനക്ക് കൊറോണ ആരാന്ന് അറയണ്ടാവും അല്ലേ? കൊറോണ ആ അറിയാം അമ്മ ഇന്നലെ പറയുന്നത് കേട്ടു. ആ അവനാണ് ഞാൻ. എന്റെ ഓമന പേരാണ് കോവിഡ് 19. ഓഹോ നീയാണല്ലേ അത്? അങ്ങനെയൊന്നുമില്ല അച്ചു. നീയെന്നെ കൂട്ടു കാരനാക്കാമോ? ഇല്ല. നിന്നെ എനിക്കറിയില്ല. നിന്റെ വീടെവിടാ? അച്ഛനാരാ? അമ്മയാരാ? നീ എങ്ങനെയാ ഇവിടെ എത്തിയത്? നിന്നെയാരാ ഇങ്ങോട്ട് കൊണ്ടുവന്നത്? ആദ്യം നീ എന്നെ കൂട്ടുകാരനാക്കാം എന്ന് പറ. കൂട്ടുകാരനാക്കാമോ? അത്... അത് ആ ആക്കാം... എന്റെ പേര് അച്ചു... എന്റെ വീട് ദേ ആ കാണുന്നതാ. എനിക്ക് അച്ഛൻ, അമ്മ, മുത്തശ്ശി

ഒക്കെയുണ്ട്. ഇനി നിന്നെക്കുറിച്ച് പറ. പറയാം. ഞാൻ ജനിച്ചത് ചൈനയിലെ വുഹാൻ നഗരത്തിലാണ്. എനിക്ക് വീടില്ല. അച്ഛനില്ല, അമ്മയില്ല... ഓ അപ്പൊ അനാഥനാണല്ലേ? ഞാൻ മനുഷ്യരുടെ കോശങ്ങളിൽ രോഗം പരത്തുന്ന വൈറസ്. എനിക്ക് ഒരുപാട് ഫ്രണ്ട്സ് ഉണ്ട്. നീയറിയും നിപ്പ... ഞാൻ വന്നത് ഈ ലോകത്തിലെ മനുഷ്യരെ ഒരു പാഠം പഠിപ്പിക്കാനാണ്. ഈ ലോകത്തിലെ അരലക്ഷം പേരെ ഞാൻ കൊന്നുകഴിഞ്ഞു. എന്റമ്മോ നീയൊരു ഭീകരൻ തന്നെ! മതി നിർത്തിക്കോ, ഇനി നീ ഞങ്ങളെ ഉപദ്രവിക്കരുത്. പൊയ്ക്കോ ഇവിടുന്ന്... ഇല്ല ഇനിയും ഞാനിവിടെ താണ്ഡവമാടും. ചൈനയും അമേരിക്കയും ഇറ്റലിയും ഞാൻ കൈപിടിയിലൊതുക്കിക്കഴിഞ്ഞു. ഇനി ഇവിടെ ഈ കേരളം.നിന്റെ അവസാനമെത്തിക്കഴിഞ്ഞു രോഗമേ.. നിന്നെ ഇല്ലാതാക്കാൻ ഞങ്ങൾ തുടങ്ങി കഴിഞ്ഞു. അതിനായി ഞങ്ങളോടൊപ്പം ആരോഗ്യ പ്രവർത്തകരും സർക്കാരും കൂടെയുണ്ട്. നിന്നെ തുരത്താനുള്ള മാർഗം ഞങ്ങൾ കണ്ടെത്തിക്കഴിഞ്ഞു. ഇല്ല എന്നെ തുരത്താൻ എളുപ്പമല്ല. എനിക്കെതിരായി വാക്സിനോ മരുന്നോ ഒന്നും ഇല്ല. എന്തിനാ മരുന്ന്. ഞങ്ങൾ മനുഷ്യർ വിചാരിച്ചാൽ നിപ്പയും പ്രളയവും അതിജീവിക്കാൻ പറ്റിയെങ്കിൽ പിന്നെയാണോ നിന്നെ... ഞങ്ങൾ ഒരുമിച്ച് കഴിഞ്ഞു, നിനക്കെതിരെ പൊരുതാനായി, നീ സൂക്ഷിച്ചോ നിന്നെയും ഞങ്ങൾ അതിജീവിക്കും.

അച്ചു... മോനേ... അച്ചൂട്ടാ, എന്തൊക്കയാ നീ ഈ പറയുന്നത്. എണീക്കേടാ, നേരം ഉച്ചയാവാറായി. അവന്റെ ഒരു ഉറക്കം. ശ്ശോ! സ്വപ്നമായിരിന്നോ? കൊറോണ ഒരു വില്ലൻ തന്നെ. മോനേ ആ പത്രം ഇരുന്ന് വായിക്ക്. ഇന്ന് കളിക്കാനൊന്നും പോവണ്ട. ഈശ്വരാ... എത്ര പേരാണ് മരിച്ചത്. നീ എന്റെ കൂട്ടുകാരനല്ല വൈറസ്, ശത്രുവാണ്. നിന്നെ ഞങ്ങൾ അതിജീവിക്കും.

**കാവേരി. കെ. പി**
4 എ
എ.എൽ.പി.സ്കൂൾ കൊളക്കാട്ടുചാലി
പരപ്പനങ്ങാടി ഉപജില്ല, മലപ്പുറം

# ഈ കാലവും കടന്നുപോകും

“മോളേ... മോളേ... നീന മോളേ , എഴുന്നേൽക്ക്...” രാവിലെ തന്നെ അമ്മ മോളെ വിളിച്ചെഴുന്നേൽപ്പിക്കുകയാണ്.

“എന്താ അമ്മേ... ഇന്ന് സ്കൂൾ ഒന്നും ഇല്ലല്ലോ... ഞാൻ കിടന്ന് ഉറങ്ങട്ടേ...” നീന കിടന്നിടത്തു നിന്ന് തന്നെ വിളിച്ചു പറഞ്ഞു.

“ഒന്നു വേഗം എഴുന്നേൽക്ക്, നിനക്ക് ഞാൻ ഒരു സാധനം കാണിച്ചു തരാം.” ഇതും പറഞ്ഞ് അമ്മ അടുക്കളയിലേക്ക് പോയി.

“ഹൊ.. അമ്മ പോയി, കുറച്ചു കൂടി ഉറങ്ങട്ടെ...” നീന തിരിഞ്ഞു കിടന്നതും അമ്മ വീണ്ടും വിളിച്ചു.

“നീനേ, വേഗം വാ... ഇതു കണ്ടാൽ നീ സന്തോഷിക്കും.” മനസ്സില്ലാമനസ്സോടെ അവൾ എഴുന്നേറ്റു ചെന്നു.

“എന്താ... എന്തിനാ വിളിച്ചേ...”

“ദേ, നീ നോക്ക്... രണ്ട് ദിവസം മുൻപ് നീ അവിടെ കുഴിച്ചിട്ട പയർ മുളച്ചിരിക്കുന്നു.”

അടുക്കളയുടെ പിൻഭാഗത്ത് അമ്മയ്ക്ക് ഒരു ചെറിയ തോട്ടമുണ്ട്. നീന അവിടേക്ക് ചെന്നു. അവിടെ കണ്ട കാഴ്ച അവളെ സന്തോഷിപ്പിച്ചു.

“നല്ല ഭംഗി ഇത് വീണ്ടും വളരുമോ? ‘ നീന സംശയത്തോടെ അമ്മയോട് ചോദിച്ചു.”

“വളരും... അതിന് നീ വെള്ളവും വളവും നൽകണം.” അമ്മ പറഞ്ഞു.

അപ്പോഴാണ് നീന വീട്ടിൻറെ പിന്നിൽ അമ്മ നട്ടിരിക്കുന്ന പടവലം, കറിവേപ്പില. തക്കാളി, വെള്ളരി, മുളക് എന്നിവ കാണുന്നത്.

“അമ്മേ, ഇതെല്ലാം എന്തിനാ ഉണ്ടാക്കുന്നത്? സാധാരണ കടയിൽ നിന്നല്ലേ ഇതെല്ലാം വാങ്ങുന്നത്. പിന്നെ എന്തിനാ ഇവയെല്ലാം വളർത്തുന്നത്.”

“ഇപ്പോൾ സാധനങ്ങൾ കുറവായിരിക്കും, മാത്രവുമല്ല, നല്ല വിലയുമുണ്ടാകും. അതിനേക്കാൾ പ്രധാനം കീടനാശിനികൾ തളിച്ചവയുമായിരിക്കും. അവയൊക്കെ തിന്നാൽ പല രോഗങ്ങളും നമുക്കുണ്ടാകും. അതു കൊണ്ടാണ് നാം പച്ചക്കറികൾ വളർത്തുന്നത്. മനസ്സിലായോ?”

മനസ്സിലായി എന്ന മട്ടിൽ അവൾ തല കുലുക്കി.

"അമ്മേ, അച്ഛൻ എവിടെ, കാണുന്നില്ലല്ലോ?"

"അച്ഛൻ മീൻ വാങ്ങാൻ പോയതാ..." അമ്മ മറുപടി നൽകി. അപ്പോഴാണ് ഗേറ്റ് കടന്ന് അച്ഛൻ വരുന്നത് നീന കണ്ടത്.

"മീൻ കിട്ടിയോ?" അമ്മ ചോദിച്ചു.

"ഇല്ല. ഇപ്പോൾ ലോക്ഡൗണല്ലേ. മീൻ കുറവാ... അതിനാൽ കിട്ടിയില്ല."

അച്ഛൻ അകത്ത് കയറി സോപ്പ് ഉപയോഗിച്ച് കൈകൾ നല്ലവണ്ണം കഴുകാൻ തുടങ്ങി. അപ്പോൾ നീനക്ക് ഒരു സംശയം.

"അച്ഛനെന്തിനാ സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകിയത്?"

"കൈകളിലുള്ള അഴുക്കുകളും വൈറസുകളും പോകാൻ. കോവിഡ് ആയതു കൊണ്ട് എവിടെ പോയി വന്നാലും കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകണം. വാ... നമുക്ക് പറമ്പിലേക്ക് പോകാം . അവിടെ ധാരാളം ജോലിയുണ്ട്."

അച്ഛൻ മുന്നിലും തൊട്ടുപിറകിൽ നീനയും പിന്നിൽ അമ്മയും. അവർ പറമ്പിലേക്ക് നടന്നു.

അവിടെ ധാരാളം ചിരട്ടകളും മുട്ടത്തോടുകളും പ്ലാസ്റ്റിക് കുപ്പികളുടെ മൂടികളും ചിതറിക്കിടക്കുന്നതായി നീന കണ്ടു. അച്ഛൻ പറഞ്ഞു "ഇന്ന് നല്ല ചൂടുണ്ട്. മഴ പെയ്യാൻ സാധ്യതയുണ്ട്. നമുക്ക് ഇവയെല്ലാം കമഴ്ത്തിവയ്ക്കാം. അല്ലെങ്കിൽ ഇതിലെ വെള്ളത്തിൽ കൊതുകുകൾ മുട്ടയിട്ട് ധാരാളം അസുഖങ്ങൾ പകരും." ഇതുകേട്ട് നീനയും അമ്മയും കൂടി എല്ലാംകമഴ്ത്തി വെച്ചു. വെയിലിന് ചൂട് കൂടി വരുന്നുണ്ടായിരുന്നു. നീന പറമ്പിലുള്ള മാവിന്റെ ചുവട്ടിലേക്ക് മാറിനിന്നു. അവൾ നോക്കുമ്പോൾ അടുത്ത വീട്ടിലെ കൂട്ടുകാരി അവളെ നോക്കി കൈകാണിച്ചു. അവിടെ പോയാൽ കളിക്കാമായിരുന്നു. അവൾ ആലോചിച്ചു. വേണ്ട, ലോക്ഡൗണല്ലേ... എല്ലാവരും അവരവരുടെ വീടുകളിൽ കഴിയണമെന്നല്ലേ പറയുന്നത്. അതുകൊണ്ട് ഇവിടെ തന്നെ നിൽക്കാം. ഓരോരുത്തരും ശ്രദ്ധിച്ചാൽ എല്ലാവർക്കും നല്ലതല്ലേ." നീന അച്ഛൻ മുൻപ് പറഞ്ഞത് ഓർത്തു.

"പ്രയാസങ്ങളൊക്കെ തീരും. ഈ കാലവും കടന്നു പോകും."

ഒരു തണുത്ത കാറ്റ് ഈ സമയം അവളെ കടന്നു പോയി.

**ഹാദി ജബീൻ. എ.എസ്.**
6 ബി, മുണ്ടക്കര എ.യു.പി. സ്കൂൾ
ബാലുശ്ശേരി ഉപജില്ല, കോഴിക്കോട്

# അമ്മയുടെ ഒരു വാക്ക്

"അല്ലിമോളെ നിനക്ക് ഇന്നല്ലെ കഥാരചന." "അതെ അമ്മേ ഇന്നാണ്. ഞാൻ അത് മറന്നുപോയിരുന്നു. അമ്മയുടെ വീട്ടിലല്ലേ അതുകൊണ്ട്, ശരി അമ്മേ ഞാൻ എഴുതാൻ പോകട്ടെ". അമ്മ പോയശേഷം അവൾ ഒച്ചയും ബഹളവും ഇല്ലാത്ത ഒരു റൂമിൽ ഇരുന്ന് എഴുതാൻ തുടങ്ങി. താൻ പല ക്ലാസുകളിൽ പഠിച്ചതും സ്കൂളുകളിലും പല ക്യാമ്പുകളിൽ പോയപ്പോൾ പരിസ്ഥിതിയെ ക്കുറിച്ച് പറഞ്ഞതും എല്ലാം ചേർത്താണ് അവൾ എഴുതുന്നത്. പരിസ്ഥിതിയോടുള്ള ക്രൂരത, സംരക്ഷണം എന്നിവ അതിൽ ഉൾപ്പെടു മായിരുന്നു. അവൾ എഴുതുകയാണ്. കുറേ കുട്ടികൾ ആൽമരച്ചുവട്ടിൽ ഇരുന്ന് കളിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോഴാണ് അമ്മു ഒരു സംശയം ചോദിച്ചത്. "ചേച്ചി ഇവിടെയുള്ള മരങ്ങൾ എല്ലാം എവിടെ? ഇപ്പോൾ ഒരു മരം മാത്രമാണ് കാണാനൊള്ളൂ. മറ്റുള്ള മരങ്ങൾ എല്ലാം എവിടെ? നമ്മൾ മിനിഞ്ഞാന്ന് കൂടി വന്നപ്പോൾ ഇവിടെ എത്ര മരം ഉണ്ടായിരുന്നതാ. പെട്ടെന്ന് എങ്ങോട്ടാ ഇവയെല്ലാം ഓടിയൊളിച്ചത്." കൂട്ടത്തിൽ ഏറ്റവും ഇളയവളാണ് അമ്മു. പക്ഷേ ഇങ്ങനെയുള്ള എല്ലാ സംശയങ്ങളും അവൾക്കാണ് ഉണ്ടാവാറുള്ളത്. അനുചേച്ചി പറഞ്ഞു. "ഇതാ നമുക്ക് ഈ ആൽമരമാമനോട് തന്നെ ചോദിക്കാം," അവർ ചോദിച്ചു. "ആൽമരമാമാ ഇവിടെയുള്ള മരങ്ങൾ എല്ലാം എവിടെ?" ആൽമരമാമൻ പറഞ്ഞു "മക്കളേ ഞാൻ നിങ്ങൾക്ക് ഒരു കഥ പറഞ്ഞു തരാം." അപ്പോൾ അവർക്ക് ഉത്സാഹമായി. "വേഗം പറമാമ", പറഞ്ഞു തുടങ്ങി.

പണ്ടൊരുക്കാലത്ത് ഇവിടെയെല്ലാം മരങ്ങൾ നിറഞ്ഞുനിന്നിരുന്നു. പിന്നെ കാലങ്ങൾ പിന്നിട്ടപ്പോൾ മനുഷ്യർ ആകെ മാറി. ഫ്ളാറ്റുകളും കെട്ടിടങ്ങളും നിർമിക്കുവാൻ വേണ്ടി ഈ പാവപ്പെട്ട മരങ്ങളെയെല്ലാം മുറിച്ചുമാറ്റി. നിങ്ങൾ തന്നെയല്ലേ പറയാറുള്ളത് പ്രകൃതി നിങ്ങളുടെ അമ്മയാണെന്ന്. അങ്ങനെയാണെങ്കിൽ ഈ അമ്മയുടെ വാക്ക് നിങ്ങൾ കേൾക്കണം. പ്രപഞ്ചത്തിൽ ജീവന്റെ ചൈതന്യം നിലനിർത്തുന്ന ഏകഗ്രഹമാണ് ഭൂമി. ഭൂമിയിലെ ജീവജാലങ്ങളും ഏറ്റവും ബുദ്ധി കൂടിയവർ എന്നു കരുതുന്ന മനുഷ്യരും മറ്റെല്ലാ ജീവജാലങ്ങളും ചേർന്ന സമഗ്രതയാണ് ജൈവ വൈവിധ്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ജീവികൾ മാത്രമല്ല, അവർ വളരുകയും വികസിക്കുകയും ചെയ്യുന്ന ആവാസവ്യവസ്ഥയാണ് ജൈവവ്യവസ്ഥ. മനുഷ്യന്റെ അത്യാർത്തികാരണം ജൈവവൈവിധ്യം വലിയ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രകൃതിയിൽ നടത്തുന്ന ഇടപെടലുകൾ കാരണം സ്വാഭാവികമായ മാറ്റങ്ങളും ജീവഗ്രഹത്തിലെ

സന്തുലിതാവസ്ഥയുടെ താളവും തെറ്റി കൊണ്ടിരിക്കുകയാണ്. അങ്ങനെ താളം തെറ്റാത്ത പരിസ്ഥിതിയായി മാറാൻ നിങ്ങൾ കൈകോർത്ത് ഈ പ്രപഞ്ചത്തിനെ രക്ഷിക്കുന്ന ഒരു തലമുറയായി മാറണം. കൊറോണ എന്നറിയപ്പെടുന്ന "കോവിഡ് 19", എന്ന മഹാമാരി നിങ്ങൾ മനുഷ്യരുടെ അഹങ്കാരം നിർത്താൻവേണ്ടി പ്രകൃതി തന്നെ നിങ്ങൾക്ക് തിരിച്ചടിയായി തന്നതാണ്. ഇപ്പോൾ കണ്ടില്ലേ മരങ്ങൾ വളരുന്നു. ജീവികൾ ആരെയും പേടിക്കാതെ ഇറങ്ങിനടക്കുന്നു. മനുഷ്യർ പ്രകൃതിയുടെ ഒരു ഭാഗം മാത്രമാണ്. വാസ്തവത്തിൽ നിങ്ങൾ പ്രകൃതിയെ രക്ഷിക്കുകയല്ല. പ്രകൃതി നിങ്ങളെ രക്ഷിക്കുകയാണ് ചെയ്യുന്നത്. ഭൂമിയിൽ മനുഷ്യന്റെ നിലനിൽപ്പുതന്നെ പ്രകൃതിയെ ആശ്രയിച്ചാണ്. പ്രാണവായുവിന്റെ ശുദ്ധീകരണം നടക്കണമെങ്കിൽ സസ്യങ്ങൾ വേണം. അന്തരീക്ഷ ശുദ്ധിയില്ലാതെ വരുമ്പോൾ നമ്മുടെ ആരോഗ്യം തകരുന്നു. ആയുസ്സു കുറയുന്നു. പലതരം രോഗങ്ങൾക്ക് അടിമയാകുന്നു. പ്രകൃതിയിലെ ഏതൊരു മാറ്റവും മനുഷ്യനെ ബാധിക്കും. അതുപോലെ തന്നെ മനുഷ്യന്റെ പ്രവർത്തികളും ചിന്താതരംഗങ്ങളും പ്രകൃതിതിയിലും സമാനമായ മാറ്റങ്ങളുണ്ടാക്കും പ്രകൃതിയുടെ താളം തെറ്റിയാൽ, മനുഷ്യജീവിതത്തിന്റെ താളയലവും നഷ്ടമാകും.അപ്രകാരം മറിച്ചും സംഭവിക്കും. ഭൗമാന്ത രീക്ഷത്തിലും സമുദ്രങ്ങളിലും മനുഷ്യൻ വരുത്തിയിട്ടുള്ള മാറ്റങ്ങൾ പ്രകൃതി വിപത്തുകളുടെ ആവൃത്തിയും തീവ്രതയും വർധിക്കുന്നതിന് ഇടയാ ക്കുന്നു. ഇത് അടുത്ത തലമുറയെങ്കിലും മനസ്സിലാക്കട്ടെ ഇത് അവരുടെ നിലനിൽപ്പിന്റെ കാര്യമാണെന്ന്. പ്രകൃതി ദുരന്തങ്ങൾ മാറിവരുകയാണെന്ന്.

"ആൽമരമാമൻ പറഞ്ഞത് കുഞ്ഞുമക്കൾക്ക് മനസ്സിലായില്ലേ?" അവർ പറഞ്ഞു: "മനസ്സിലായി മാമാ. ഞങ്ങൾ കൈ കോർത്ത് നിൽക്കും പരിസ്ഥിതിയുടെ സംരക്ഷണത്തിനു വേണ്ടി." 'നല്ല മക്കൾ'.

അല്ലി ഇതിനൊരു തലക്കെട്ട് നൽകി "കഥയിലൊരു കഥ". അപ്പോഴേക്കും ഇതാ അമ്മമ്മ വിളിക്കുന്നു. "അല്ലീ... നിന്റെ കഥ എഴുതി കഴിഞ്ഞെങ്കിൽ വന്ന് കഞ്ഞി കുടിക്ക്." "ഇതാ വരുന്നു അമ്മമ്മേ, എഴുതി കഴിഞ്ഞിട്ടുണ്ട്." "എങ്കിൽ വാ മോളെ നല്ല ചമ്മന്തിയും കഞ്ഞിയും ഉണ്ട്." അവൾ അത് കേട്ടതും ഊൺ മുറിയിലേക്ക് ഓടി.

**അഫ്നാൻ എം. കെ.**
6 ബി
എ.യു.പി. സ്കൂൾ മലപ്പുറം
മലപ്പുറം ഉപജില്ല, മലപ്പുറം

# പ്രകൃതിയുടെ സ്നേഹം

നല്ല തണുപ്പുള്ള അന്തരീക്ഷം. കിളികളുടെ ശബ്ദങ്ങൾ. അണ്ണാറക്കണ്ണന്റെ ചിൽ... ചിൽ... ശബ്ദം. മണ്ണിൽ തല നിവർത്തി നിൽക്കുന്ന മരങ്ങൾ. പച്ച പട്ടു പോലെയുള്ള നെൽപ്പാടങ്ങൾ. കൂർത്ത നിര നിരയായി നിൽക്കുന്ന മലകൾ. ആരു കണ്ടാലും പിന്നെയും പിന്നെയും കാണാൻ തോന്നുന്ന ആ കൊച്ചു തൊട്ടുകര ഗ്രാമം. ആ ഗ്രാമത്തിൽ പേര് കേട്ട തറവാട് ആണ് ലീലാലയം തറവാട്. ആ തറവാട്ടിലെ ചെറിയ മകന്റെ മകനാണ് രാജു. നല്ല മിടുക്കനാണ് അവൻ. മുത്തശ്ശനെയും മുത്തശ്ശിയേയും എല്ലാ കാരിയത്തിലും അവൻ സഹായിക്കും. അങ്ങനെ അവർ സന്തോഷത്തോടെ ജീവിച്ചു. അതിനിടയിൽ ആണ് രാജുവിന്റെ അച്ഛന് വിദേശത്ത് ജോലി ലഭിച്ചത്. അങ്ങനെ അവർ വിദേശത്തേക്ക് പോകേണ്ട ദിവസം എത്തി. മനസ്സില്ലാമനസ്സോടെ ആണ് രാജു വിദേശത്തേക്ക് പോകാൻ തീരുമാനിച്ചത്. വിദേശത്തെ കാഴ്ചയൊന്നും രാജുവിന് ഇഷ്ടപ്പെട്ടില്ല. അവന്റെ മനസ്സു മുഴുവനും അവന്റെ കൊച്ചു ഗ്രാമത്തിൽ ആയിരുന്നു. അങ്ങനെ വർഷങ്ങൾ കടന്നുപോയി. ഓരോ അവധിക്കാലത്തും നാട്ടിലേക്കു പോകാൻ രാജു വാശി പിടിക്കാറുണ്ടായിരുന്നു. അച്ഛന്റെയും അമ്മയുടെയും തിരക്കുകാരണം നാട്ടിലേക്ക് പോകാൻ കഴിയില്ലായിരുന്നു. അങ്ങനെ ആദിവസം എത്തി.അന്ന് രാജുവും അമ്മയും അച്ഛനും നാട്ടിലേക്ക് പോകുന്ന ദിവസം. ഗ്രാമത്തിലെ മുത്തശ്ശിയും മുത്തശ്ശനും വളരെ സന്തോഷത്തിലാണ്.

അങ്ങനെ അവർ ആ കൊച്ചുഗ്രാമത്തിന്റെ കവാടത്തിനടുത്തെത്തി. വാഹനം പോകുമ്പോൾ അവന്റെ കൊച്ചുഗ്രാമത്തിലെ ഓരോ കാഴ്ചകൾ കണ്ട് രാജു ആശ്ചര്യപെട്ടു. കൂർത്ത് നിരനിരയായി നിൽക്കുന്ന മലകളില്ല. പച്ചപ്പുള്ളത് ലീലാലയം തറവാടിന്റെ പറമ്പ് മാത്രം. മറ്റുള്ള സ്ഥലങ്ങളെല്ലാം മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. തോട്ടുകര ഗ്രാമത്തിൽ ആകയുള്ള ആശുപത്രി രോഗികളെ കൊണ്ട് നിറഞ്ഞിരിക്കുന്നു.ഇതെല്ലാം കണ്ടപ്പോൾ രാജുവിന് സങ്കടമായി. അങ്ങനെ അവർ വീട്ടിലെത്തി. രാജു പുറത്തെക്കൊന്നും ഇറങ്ങിയില്ല. അവന് അസുഖം വരുമെന്ന് വിചാരിച്ച് അവന്റ അമ്മ അവനെ പുറത്തേക്ക് വിട്ടില്ല. അങ്ങനെ വെറുതെ ഇരിക്കുന്ന സമയത്ത് തന്റെ പഴയ ഗ്രാമത്തിനെ തിരിച്ചു കൊണ്ടു വരാനുള്ള മാർഗം ആലോചിച്ചു. അപ്പോഴാണ് അവന് തോന്നിയത് മുത്തശ്ശന് മാത്രമേ തന്നെ സഹായിക്കുവാൻ കഴിയുകയുള്ളൂ എന്ന് മനസ്സിലായി. മുത്തശ്ശന്റെ അടുത്ത് ചെന്ന് കാര്യങ്ങൾ വിശദീകരിച്ചു, മുത്തശ്ശൻ പറഞ്ഞു നീ വിഷമിക്കണ്ട അതിനുള്ള വഴി എനിക്കറിയാം, അതും പറഞ്ഞു മുത്തശ്ശൻ പുറത്തേക് പോയി. തന്റെ വയലിൽ ഉള്ള തൊഴിലാളികളെ വിളിച്ചു അദ്ദേഹം പറഞ്ഞു, 4 ദിവസത്തിനുള്ളിൽ നമ്മുടെ കൊച്ചുഗ്രാമത്തിലെ പ്ലാസ്റ്റിക് കവർ എല്ലാം

പൊറുക്കി ലീലാലയം തറവാട്ടിൽ എത്തിച്ചാൽ കാശ് തരുന്നതാണ്. അടുത്ത ദിവസം തൊട്ട് ആളുകൾ വേസ്റ്റ്കൾ കൊണ്ടുവന്നു.അപ്പോൾ രാജുവിനു മനസിലായി മുത്തശ്ശന്റെ സൂത്രം ഏറ്റു എന്ന്. അങ്ങനെ 4 ദിവസം കഴിഞ്ഞപ്പോൾ തോട്ടുകരഗ്രാമം വൃത്തിയായി. എന്നാലും രാജുവിന്റെ സങ്കടം മാറിയില്ല. അവൻ മുത്തശ്ശന്റെ അടുത്ത് ചെന്ന് പരാതി പറഞ്ഞു. മുത്തശ്ശൻ പറഞ്ഞു മോനെ അതിനുള്ള സൂത്രം ആണ് ഞാൻ ആലോചിച്ചു കൊണ്ടിരിക്കുന്നത്. ആദ്യത്തെ സൂത്രം എന്തായാലും ഏറ്റു. താൻ ഉപയോഗിച്ച സൂത്രം മുത്തശ്ശൻ വിശദീകരിച്ചു. ഒരാഴ്ചക്കകം ഏറ്റവും കൂടുതൽ മരം നടുന്നവർക്ക് ലീലാലയത്തിൽ വെച്ച് സമ്മാനം നൽകുന്നു. അങ്ങനെ നാല് ദിവസം കൊണ്ട് തന്നെ മുത്തശ്ശന്റെ ആ സൂത്രം ഫലിച്ചു. മുത്തശ്ശൻ സമ്മാന ദാനവും നൽകി. അതിനു ശേഷം മുത്തശ്ശനും രാജുവും തന്നാൽ കഴിയുന്ന വിധം ആ മരങ്ങളെ സംരക്ഷിച്ചു. അതിനോട് കൂടെ ഗ്രാമത്തിൽ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിക്കേണ്ട ആവശ്യകതയെ കുറിച്ച് ഒരു സൈൻ ബോർഡ് നിർമിക്കുകയും ചെയ്തു. മുത്തശ്ശന് കുറച്ച് ദിവസങ്ങൾ മാത്രമേ ചെടികൾ പരിപാലിക്കേണ്ടി വന്നുള്ളൂ. കാരണം തൊട്ടൂക്കരഗ്രാമത്തിൽ വന്ന മാറ്റം ജനങ്ങൾ തിരിച്ചറിഞ്ഞു കൊണ്ടിരിക്കുന്നു. ഗ്രാമത്തിലെ ആളുകൾക്കു അസുഖങ്ങൾ കുറഞ്ഞും നല്ല അന്തരീക്ഷവും അവർക്ക് ലഭിച്ചിരുന്നു. ആ മാറ്റം ഉൾക്കൊണ്ട് അവർ തന്നെ കുഴിച്ചിട്ട മരങ്ങൾ സംരക്ഷിക്കാനും പുതിയവ നട്ടുപിടിപ്പിക്കുവാനും അവർ തയാറായി. രാജുവിന് തന്റെ പഴയഗ്രാമം തിരിച്ചു കിട്ടുമെന്ന പ്രതീക്ഷയും ഉണ്ടായി.

വർഷങ്ങൾ കടന്നു പോയി. അതിനിടയിൽ രാജു വിദേശത്തേക്ക് പോയിരുന്നു. ഒരു മഴക്കാലം! തോരാതെയുള്ള മഴ. എങ്ങും മഴ വെള്ളം. ദിനംതോറും വെള്ളം കയറിക്കൊണ്ടേ ഇരുന്നു. ജനങ്ങൾ ഭീതിയിലായി. എന്നാൽ നമ്മുടെ തൊട്ടൂക്കര ഗ്രാമത്തിലോ? അവിടെയും മഴ തോരാതെ പെയ്യുന്നു. പക്ഷെ ആ ഗ്രാമത്തിലെ ജനങ്ങൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല. അപ്പോഴാണ് എല്ലാവരുടെയും ശ്രദ്ധ തൊട്ടൂക്കര ഗ്രാമത്തിലേക്ക് തിരിഞ്ഞത്. അധികാരികളും മറ്റുഗ്രാമത്തിലെ ജനങ്ങളും അത്ഭുതപ്പെട്ടത്.. എന്ത് കൊണ്ട് ഈ ഗ്രാമം മാത്രം ഇങ്ങനെ? അടുത്ത ദിവസത്തെ പത്രത്തിലെ പ്രധാന വാർത്തയും ചർച്ചയും ഇത് തന്നെ ആയിരുന്നു. എന്നാൽ ഗ്രാമവാസികൾ ഒന്നടങ്കം പറഞ്ഞു “ഞങ്ങളെ രക്ഷിച്ചത് മരങ്ങൾ ആണ്, പ്രകൃതിയെ സ്നേഹിച്ചാൽ നാളെ നമ്മളെ അത് സ്നേഹിക്കും.”

**നിദ മെഹറിൻ. പി. ടി**
4 സി
എ.യു.പി. സ്കൂൾ മലപ്പുറം
മലപ്പുറം ഉപജില്ല, മലപ്പുറം

# അഹങ്കാരത്തിനുള്ള തിരിച്ചടി

ബാലപുരം ഗ്രാമത്തിലെ ഒരു സാധാരണ കുടുംബത്തിലെ സഹോദരൻമാരായിരുന്നു രാമുവും രാജുവും. അവരുടെ ചെറുപ്പത്തിൽത്തന്നെ അച്ഛൻ നഷ്ടപ്പെട്ടതിനാൽ വളരെ കഷ്ടപ്പെട്ടാണ് അമ്മ അവരെ വളർത്തിയത്. കൂലിപ്പണിയെടുത്ത് അമ്മ രണ്ടുപേരേയും നന്നായി പഠിപ്പിച്ചു. രണ്ട് മക്കളും അമ്മയുടെ കഷ്ടപ്പാട് അറിഞ്ഞു തന്നെയാണ് വളർന്നത്. അങ്ങനയിരിക്കെ രാജുവിന് സർക്കാർ ജോലി കിട്ടി. ആദ്യമൊക്കെ അവരുടെ ജീവിതം സന്തോഷകരമായിരുന്നു. എന്നാൽ രാജുവിന് വരുമാനമായതോടെ അവൻ സാമ്പത്തികമായി വളരെ ഉന്നതിയിലുള്ള വീട്ടിലെ പെൺകുട്ടിയുമായി ഇഷ്ടത്തിലാവുകയും വിവാഹം കഴിക്കുകയും ചെയ്തു. സമ്പന്നതയുടെ മുകൾത്തട്ടിൽ ജീവിച്ച അവൾക്ക് ഭർത്താവിന്റെ വീട്ടിലെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ കഴിഞ്ഞില്ല. അവൾ ഭർത്താവിനേയും കൂട്ടി സ്വന്തം വീട്ടിൽ താമസമാക്കി. എന്നാൽ രാമുവിന് ജോലിയൊന്നും ആകാതിരുന്നതിനാൽ അമ്മയുടേയും മകന്റെയും അവസ്ഥ പഴയതു പോലെയായി. രാമു പല ജോലികളും അന്വേഷിച്ചു ഒന്നും ശരിയായില്ല. അങ്ങനെ രാമുവിദേശത്തേക്ക് പോകാൻ തീരുമാനിച്ചു.ചൈനയിലാണ് ജോലി ശരിയായത്. മലയാളികളെ ഏറെ ആകർഷിച്ചിരുന്ന പലതരം വസ്തുക്കൾ ഉണ്ടാക്കുന്ന കമ്പനിയിലാണ് ജോലി കിട്ടിയത്.നല്ല ശമ്പളമുണ്ടായിരുന്നു. രാമു പോയതോടെ അമ്മ തനിച്ചായി ഒരിക്കൽ പോലും അമ്മയെ ഒന്ന് തിരിഞ്ഞു നോക്കാൻ രാജുവോ ഭാര്യയോവന്നില്ല. അമ്മ രാമുവിന് വേണ്ടി പല നല്ല വീടുകളിൽ നിന്നും ആലോചനകൾ കൊണ്ടുവന്നു. എന്നാൽ തന്നേയും അമ്മയേയും സ്നേഹിക്കാൻ കഴിയുന്ന ഒരു സാധാരണ വീട്ടിലെ പെൺകുട്ടിയെ തനിക്ക് മതി എന്ന് രാമു പറഞ്ഞു. അങ്ങനെ മൂന്ന് മാസത്തെ അവധിക്ക് നാട്ടിലേക്ക് രാമു നാട്ടിലേക്ക് വന്നു. അവന്റെ ആഗ്രഹപ്രകാരം ഒരു സാധാരണ വീട്ടിലെ പെൺകുട്ടിയുമായി രാമുവിന്റെ വിവാഹം നടന്നു. വളരെ സന്തോഷകരമായ ജീവിതമായിരുന്നു അവരുടേത്.മൂന്ന് മാസം കടന്നു പോയതറിഞ്ഞില്ല. അവധി കഴിഞ്ഞ് രാമു ജോലി സ്ഥലത്തേക്ക് തിരികെ പോയി. ആ തിരിച്ചു പോകൽ രാമുവിന്റെ ജീവിതത്തെ തന്നെ മാറ്റിമറിച്ചു.ഈ സമയത്താണ് കൊറോണ എന്ന മാരകമായ വൈറസ് അവിടെ പടർന്നു പിടിക്കാൻ തുടങ്ങിയത്. പുറംനാടുകളിൽ നിന്ന് വന്നവരെയെല്ലാം തിരിച്ചയക്കാൻ തുടങ്ങി. അങ്ങനെ രാമു നാട്ടിലേക്ക് മടങ്ങി. നാട്ടിലും കൊറോണ വൈറസിന്റെ പ്രശ്നങ്ങൾ

തുടങ്ങിയിരുന്നു.പുറത്തു നിന്നു വരുന്നവരെ കുറച്ചു ദിവസം നിരീക്ഷണത്തിൽ വച്ചതിനു ശേഷം രോഗമില്ലെന്ന് ഉറപ്പു വരുത്തിയതിന് ശേഷമേ വീട്ടിലേക്ക് വിടുകയുള്ളൂ. രാമു ഇത് വീട്ടിൽ വിളിച്ചറിയിച്ചു. ഈ വാർത്ത ഭാര്യയേയും അമ്മയേയും വിഷമിപ്പിച്ചു.ഈ സമയത്ത് രാജുവും ഭാര്യയും വന്ന് എവിടെ നിന്നെങ്കിലും വല്ല മാറാരോഗവും കൊണ്ട് വന്നാൽ ഈ വീട്ടിൽ കയറാൻ ഞാൻ സമ്മതിക്കില്ല എന്ന് പറഞ്ഞ് നിലവിളിച്ചു. രാജുവിന്റെ ഭാര്യ കൂട്ടുകാരോടൊപ്പം ക്ലബുകളിലും മറ്റും കറങ്ങി നടക്കാറുണ്ട്. ഇത് രാജുവിന് ഇഷ്ടമല്ലെങ്കിലും അവൾ അത് കേൾക്കാറില്ല. അങ്ങനെയിരിക്കെ അവൾ പോകാറുള്ള ക്ലബിലെ ഒരാൾക്ക് കോവിഡ് സ്ഥിരീകരിച്ചു. അവരോടൊപ്പം ഇടപഴകിയ എല്ലാവരേയും നിരീക്ഷണത്തിലാക്കി. അധികം വൈകാതെത്തന്നെ രാജുവിന്റെ ഭാര്യക്കും സ്ഥിരീകരിച്ചു. എന്ത് ചെയ്യണമെന്നറിയാതെ രാജു ആകെ വിഷമത്തിലായി. അപ്പോഴേക്കും നിരീക്ഷണം കഴിഞ്ഞ് പരിശോധനാ ഫലം നെഗറ്റീവ് ആയതോടെ രാമു വീട്ടിൽ തിരിച്ചെത്തി. വിവരങ്ങളെല്ലാമറിഞ്ഞ രാമു രാജുവിനെ ആശ്വസിപ്പിച്ച് വീട്ടിലേക്ക് കൊണ്ടുവന്നു. ആഴ്ചകൾ കഴിഞ്ഞു രാജുവിന്റെ ഭാര്യയുടെ അസുഖമെല്ലാം മാറി സ്വന്തം വീട്ടിലേക്ക് തിരികെ വന്നപ്പോൾ ഏട്ടത്തിയമ്മ വീട്ടിൻ കയറ്റിയില്ല. ഇവിടെയുള്ളവരെക്കൂടി കൊലക്കു കൊടുക്കാൻ പൊയ്ക്കോ എങ്ങോട്ടെങ്കിലും എന്ന് പറഞ്ഞ് വാതിലടച്ചു. എന്നു ചെയ്യണമെന്നറിയാതെ വിഷമിച്ചു നിൽക്കുമ്പോൾ രാമുവും രാജുവും വന്ന് വീട്ടിലേക്ക് വിളിച്ചു കൊണ്ടുപോയി. അപ്പോഴാണ് താൻ ചെയ്തു കൂട്ടിയ തെറ്റുകളെക്കരിച്ച് അവൾ ഓർത്തത്.അമ്മ അവളെ ആശ്വസിപ്പിച്ചു. തന്റെ അഹങ്കാരത്തിനുള്ള ശിക്ഷയാണിതെന്ന് അവൾക്ക് മനസ്സായി. പിന്നീടുള്ള കാലം അവർ സന്തോഷത്തോടെ കഴിഞ്ഞു.

**വിസ്മയ വി എസ്**
4 എ
എ.യു.പി.എസ്.മാങ്കുറുശ്ശി, പാലക്കാട്, പറളി
പറളി ഉപജില്ല, പാലക്കാട്

# കണ്ടറിയാത്തവൻ കൊണ്ടറിയും

ഒരു ദിവസം രാധ വാർത്ത കാണുമ്പോൾ അതിൽ കോവിഡ് എന്ന രോഗത്തെ കുറിച്ചാണ് പറഞ്ഞു കൊണ്ടിരിക്കുന്നത്. അവൾ ചാനലൊന്ന് മാറ്റി നോക്കി അതിലും കോവിഡിനെ കുറിച്ചാണ് ചർച്ച .അതിൽ പറയുന്നത് എന്താണെന്ന് അവൾ ശ്രദ്ധിച്ചു കേൾക്കാൻ തുടങ്ങി .വാർത്തയിൽ പറയുന്നത് അത്യാവശ്യമെങ്കിൽ മാത്രം പുറത്തു പോകുക, പുറത്തു പോകുകയാണെങ്കിൽ മാസ്ക് ധരിക്കുക, ഇടയ്ക്കിടയ്ക്ക് കൈകൾ സാനിറ്റൈസർ ഉപയോഗിച്ച് കഴുകുക തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും വാർത്തയിൽ പറയുന്നത്.രാധയുടെ അനിയനായ രാജു ഇതൊന്നും കേൾക്കാതെ മുറ്റത്ത് കളിക്കുകയായിരുന്നു. രാജൂ... ഇവിടെ വരൂ ഈ വാർത്തകളൊക്കെയൊന്ന് കേട്ട് നോക്കൂ രാധ പറഞ്ഞു. ഹോ... വാർത്തകളാണെങ്കിൽ ഞാനില്ല അതിനെക്കാൾ നല്ലത് സിനിമ കാണുന്നതാ രാജു പറഞ്ഞു. രാജൂ... വാർത്തകൾ കണ്ടാൽ മാത്രമേ രാജ്യം ഇപ്പോൾ എങ്ങനെയുള്ള അവസ്ഥയിലാണെന്ന് നമുക്കറിയുകയൊള്ളൂ അവൾ പറഞ്ഞു. വാർത്തകൾ കേട്ടതിനു ശേഷം അവൾ എപ്പോഴും രണ്ടു മിനുട്ടുകൂടുമ്പോൾ കൈ കഴുകാൻ തുടങ്ങി. പക്ഷേ രാജു ഇതൊന്നും ചെവികൊണ്ടില്ല. അവൾ ഇപ്പോൾ വാർത്തകളും മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനവും കേൾക്കാറുണ്ട്. വികൃതിയായ രാജുവിന് പറമ്പിലും പാടത്തുമൊക്കെ വെറുതെ കറങ്ങി നടക്കലാണ് പതിവ്. കുറച്ചുദിവസം കഴിഞ്ഞപ്പോൾ അവന് ചെറുതായി പനി വന്നു. അവൻ ആശുപത്രിയിൽ പോയപ്പോൾ ഡോക്ടർ അവനോട് ചോദിച്ചു നീ എന്താ മാസ്ക് ധരിക്കാതിരുന്നത്. അവൻ ഒന്നും മിണ്ടിയില്ല. ഡോക്ടർ ചോദിച്ചു എന്താ തന്റെ അസുഖം. അവൻ പറഞ്ഞു പനി. ഡോക്ടർ മരുന്നുകുറിച്ചുകൊണ്ട് ചോദിച്ചു നീ കൈകൾ ഇടയ്ക്കിടയ്ക്ക് കഴുകാറുണ്ടോ? അവൻ ഇല്ലെന്ന് തലയാട്ടി. ഡോക്ടർ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കോവിഡിനെപ്പറ്റി വിശദമായി കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. പോകാൻ നേരത്ത് ഡോക്ടർ പറഞ്ഞു പനി മാറിയില്ലെങ്കിൽ വീണ്ടും വരണം. ഡോക്ടർ കൊറോണയെ പറ്റി പറഞ്ഞ കാര്യങ്ങൾ ഓർത്തപ്പോൾ അവന് ഭയങ്കര പേടി തോന്നി. തനിക്ക് ഇനി വല്ല കൊറോണയും വന്നോ എന്ന്. രാജു വീട്ടിലെത്തി കുളിച്ചു വൃത്തിയുള്ള വസ്ത്രം ധരിച്ച് ഭക്ഷണവും മരുന്നുകളും കഴിച്ചു. ഇടയ്ക്കിടയ്ക്ക് കൈകൾ കഴുകുകയും ചെയ്തു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ അവന്റ പനി മാറി. രാജുവിന് ആശ്വാസമായി.രാധ രാജുവിനെ അന്വേഷിച്ച് വീടിനകത്തു നടന്നു. അവൾ പറഞ്ഞു അവന്റെ അസുഖം പൂർണമായി മാറിയതാണല്ലോ അവൻ എവിടെ പോയി. രാധ പുറത്ത് വന്ന് പറമ്പിലേക്ക് നോക്കി അവൾ ആ കാഴ്ച്ച കണ്ട് അമ്പരന്നു പോയി. എന്താണന്നോ രാജു പറമ്പെല്ലാം വൃത്തിയാക്കി പച്ചക്കറി കൃഷി ചെയ്യുകയാണ്. രാധ സന്തോഷം കൊണ്ട് പച്ചക്കറി കൃഷിചെയ്യാൻ രാജുവിനെ സഹായിച്ചു.

**ആര്യ പി**
4 എ, പരിയാപുരം സെൻട്രൽ എ യു പി സ്കൂൾ
താനൂർ ഉപജില്ല, മലപ്പുറം

# വ്രണിതവിചാരങ്ങൾ

കക്ഷത്തിലിറുക്കിവച്ചിരുന്ന ചെറിയ കറുത്ത ഹാൻഡ്ബാഗ് രാഘവേട്ടൻ പുറത്തെടുത്തു. വിറയാർന്ന വാർധക്യത്തിന്റെ വിയർപ്പുതുള്ളികൾ അതിന്റെ കറുപ്പുനിറത്തെ ഭാഗികമായി ഭക്ഷിക്കുകയായിരുന്നു വർഷങ്ങളായി. അയാൾ മെല്ലെ സിബ്ബ് തുറന്ന്, തിരുകി വെച്ചിരുന്ന മാസ്ക് പുറത്തെടുത്തു. ഒരാഴ്ച മുമ്പ് ലോക്ക്ഡൌൺ തുടങ്ങിയപ്പോൾ വീട്ടിൽ സാധനങ്ങളുമായി വന്ന പോലീസുകാരൻ തന്നതാണ്. കുറേ കാലത്തിനുശേഷം പുറത്തിറങ്ങുന്നതാണ്. അതുകൊണ്ട് അപ്പോൾ തന്നെ ഉപയോഗിക്കാം എന്ന് കരുതിക്കാണും. ബാഗിലെ ഒരു മൂലയിൽ അടുക്കിവെച്ചിരിപ്പുണ്ടായിരുന്നു,പഴയ ലോട്ടറി ടിക്കറ്റുകൾ. കാലപ്പഴക്കത്തിന്റെ അടയാളമെന്നോണം ഒരു മഞ്ഞനിറം അവയെ പിടികൂടിയിട്ടുണ്ടായിരുന്നു. എല്ലാദിവസവും അതിരാവിലെ ആ മലയോര പ്പട്ടണത്തിന്റെ അടിവാരത്തിലുള്ള ഏജൻസിയിൽനിന്നും ടിക്കറ്റുകളെടുത്ത് നഗരവീഥികളിലൂടെ നടന്ന് വിൽപ്പന നടത്തിവരികയായിരുന്നു. അയാളുടെ പാദമുദ്ര പതിയാത്ത ഒരു മണൽത്തരി പോലും ആ കൊച്ചുനഗരത്തിൽ ഇല്ലായിരുന്നു.

പക്ഷേ ഇപ്പോൾ ദിവസങ്ങളായി ജോലിയില്ലാതായിട്ട്. രാജ്യത്ത് എല്ലാവരും വീട്ടിലിരിക്കുകയാണല്ലോ, കോവിഡ് എന്നുള്ള അസുഖം വരാതിരിക്കാനാണത്രേ. വല്ലപ്പോഴും മാത്രമേ രാഘവേട്ടൻ പത്രം വായിക്കാറുള്ളൂ. ലോകവിവരം ലഭിക്കുന്നതാകട്ടെ പരിചയക്കാരിൽനിന്നും. അയാൾ പുറത്തെടുത്ത മാസ്ക് ധരിച്ചു. പക്ഷേ ഒരു സുഖക്കേട്, മൂക്കും വായയുമൊക്കെ മൂടിക്കെട്ടുമ്പോൾ ആകെ മൊത്തം ഒരു അസ്വാസ്ഥ്യം. വാഹനങ്ങളൊഴിഞ്ഞ മലയോരനിരത്ത് അപൂർവ്വമായ ഒരു കാഴ്ചയാണ്. നഗരവീഥികളിലും ഊടുവഴികളിലുമെല്ലാം അഭൂതപൂർവ്വമായ ഒരു മൂകത തളം കെട്ടി നിൽക്കുന്നു.

പശ്ചിമഘട്ടത്തിന്റെ പരിപാവനതയെ പ്രതിഫലിപ്പിക്കുന്ന ആ കൊച്ചുപട്ടണ ത്തതിന് ശീതളഛായ പകരുന്ന വൃക്ഷത്തലപ്പുകൾ വാഹനങ്ങളുടെ വിഷപ്പുക കലരാത്ത ശുദ്ധവായു ശ്വസിച്ച് ഇളംകാറ്റിൽ തലയാട്ടുന്നു. അതിന്റെ ചില്ലകളിൽ അണ്ണാരക്കണ്ണന്മാർ ഓടിക്കളിക്കുന്നതു കണ്ടപ്പോൾ യവനികയ്ക്കു പിന്നിൽ മറഞ്ഞ പോയകാലത്തിന്റെ പോക്കുവെയിലോളങ്ങൾ നഗരവത്കരണത്തിന്റെ പുകമറ നീക്കി പുറത്തുവരുന്നതുപോലെ. ആ കൊച്ചുപട്ടണത്തിന്റെ മാറ്റങ്ങളെ സശ്രദ്ധം വീക്ഷിച്ചുകൊണ്ട് റോഡരികിൽ വഴിപോക്കർക്ക് തണലായി നിൽക്കുന്ന ആൽമരത്തിന്റെ ചുവട്ടിൽ രാഘവേട്ടൻ ഇരുന്നു. നഷ്ടപ്പെട്ടുപോയ എന്തോ ഒന്ന് അയാളുടെ ഉള്ളുണർത്തി. മനസ്സിന്റെ ഉദ്യാനത്തിൽ പൂത്തുലഞ്ഞുനിന്ന ഇലഞ്ഞിമരത്തിൽ നിന്നും ഒരു പൂവുതിർന്നുവീണു.

അതിന്റെ വാസനവ്രണിതമായ ചിന്തകൾക്ക് ആശ്വാസം പകർന്നു. മനസ്സിന്റെ ചുമരിൽ നെൽവയലുകൾ നിറഞ്ഞുനിൽക്കുന്ന ഗ്രാമചിത്രം തെളിഞ്ഞുവന്നു. സമൃദ്ധി കതിരിടുന്ന വയലുകൾ, അന്നം ദൈവമായിരുന്ന നാളുകൾ, പ്രകൃതി കനിഞ്ഞരുളിയ പ്രതീക്ഷയുടെ ദീപ്തനാളങ്ങൾ... എല്ലാം കൺമുന്നിൽ വന്നു മറയുന്ന പോലെ...

പക്ഷേ ഇരുമ്പുകരങ്ങൾ മണ്ണിന്റെ മാറിലേക്കാഴ്ന്നിറങ്ങിയപ്പോൾ രാഘവേട്ടനുൾപ്പെടെയുള്ള മണ്ണിന്റെ മക്കൾക്ക് മാതൃഭൂവിനെ വിട്ട് പോരേണ്ടിവന്നു. നാഗരികത നിഷ്പ്രഭമാക്കിയ സ്വപ്നങ്ങൾ സ്വരുക്കൂട്ടി അയാളെപ്പോലുള്ള ആയിരങ്ങൾക്ക് ചുരം കയറേണ്ടി വന്നു. എല്ലാം ഓർക്കുമ്പോൾ നോവിന്റെ കണികകൾ കൺകോണിൽ വന്നുനിറയുന്നു. പക്ഷേ പാവപ്പെട്ടവന്റെ വയറ്റിൽ ആളുന്ന അഗ്നിയേക്കാൾ തീക്ഷ്ണമല്ല ഏത് പണക്കാരന്റെയും സമ്പന്നത എന്ന കാര്യത്തിൽ അയാൾ വിശ്വസിച്ചിരുന്നു. നഗരജീവിതത്തിൽ ലയിക്കാൻ പ്രയാസമായിരുന്നു. പക്ഷേ ഇപ്പോഴും ഒഴുക്കിന് സമാന്തരമായി ഓരം ചേർന്ന് നടക്കുന്നു...

രാഘവേട്ടന് രണ്ട് മക്കളാണ്. ഇരുവരും വിദൂരനഗരത്തിലെ അറിയപ്പെടുന്ന ഡോക്ടർമാർ. പക്ഷേ മക്കൾ നല്ല നിലയിലായിട്ടും ലോട്ടറി വിൽപ്പന നിർത്താൻ രാഘവേട്ടന് ഭാവമില്ല. ഇപ്പോൾ രണ്ടുപേരും കൊറോണ രോഗികളെ ചികിത്സിക്കുന്ന ഡ്യൂട്ടിയിലാണ്. അതുകൊണ്ട് സദാസമയവും ആശുപത്രിയിലാണ്. ജീവിതത്തിനും മരണത്തിനും ഇടയിലുള്ള നേർത്ത ഇടനാഴിയിൽ പ്രാണൻ കവരുവാനായി പടരുന്ന കൊറോണ എന്ന ഇരുളിനെ ഇല്ലാതാക്കാൻ തീവ്രശ്രമത്തിലാണ് തന്റെ മക്കൾ എന്ന കാര്യത്തിൽ അയാൾക്ക് അഭിമാനമേ ഉണ്ടായിരുന്നുള്ളൂ. നഗരവീഥികളിൽ തളം കെട്ടി നിൽക്കുന്ന നിശബ്ദതയെ ഭേദിച്ചുകൊണ്ട് ഒരു പോലീസ് വാഹനം കടന്നുപോകുന്ന ശബ്ദം കേട്ട്, രാഘവേട്ടൻ പതുക്കെ എഴുന്നേറ്റ് വീട്ടിലേക്ക് തിരിച്ച് നടക്കാൻ തുടങ്ങി. അയാൾ മാസ്ക് താഴ്ത്തി, ആവുന്നത്ര ശുദ്ധവായു വലിച്ചെടുത്തു. മലിനമായ വായു മാത്രം ലഭിച്ചുകൊണ്ടിരുന്ന ശ്വാസകോശങ്ങൾക്ക് അതൊരു പുത്തനുണർവ്വായിരുന്നു. ലോക്ക്ഡൌണിന് ശേഷം പഴയ സ്ഥിതിയിലേക്ക് എപ്പോഴാണ് എത്തിച്ചേരുക എന്ന് അയാൾക്ക് അറിയില്ലായിരുന്നു. പക്ഷേ, അകലങ്ങളിലെവിടെയോ മണ്മറഞ്ഞുപോയ കാലത്തിന്റെ അവ്യക്തചിത്രങ്ങൾ പ്രത്യക്ഷമായി തുടങ്ങിയിരുന്നു... രാഘവേട്ടന് അത് അപ്പോൾ കാണാൻ കഴിയുന്നുണ്ടായിരുന്നു...

**രൂപക് വി.പി.**
9 ബി
എ.വി.എസ്.ജി.എച്ച്.എസ്.എസ് കരിവെള്ളൂർ
പയ്യന്നൂർ ഉപജില്ല, കണ്ണൂർ

# കർക്കിടകത്തിന്റെ ഓർമ്മയുണർത്തുന്ന ലോക്ഡൌൺ

കർക്കിടകത്തിന്റെ മണം, ചിലപ്പോൾ അത് കടഞ്ഞെടുത്ത പശുവിൻ നെയ്യുടെ ആയിരിക്കും അല്ലെങ്കിൽ കാച്ചിയ പാലിന്റെ, കഞ്ഞിപ്പശ മുക്കിയ മുണ്ടിന്റെ, തുണിപ്പെട്ടിയിലെ കർപ്പൂരത്തിന്റെ, പാറ്റാഗുളികയുടെ അതുമല്ലെങ്കിൽ തിരിച്ചറിയാൻ പറ്റാത്ത ഒരു പാട് ഗന്ധങ്ങളുടെ സമ്മിശ്രം. പക്ഷെ കർക്കിടക മാസത്തിനു മൂന്ന് മനം മയക്കുന്ന മണങ്ങളാണ് . ഒന്ന് എരിഞ്ഞെരിഞ്ഞു കത്തുന്ന വിറകടുപ്പിന്റെ പുകമണം. പിന്നൊന്നു മരുന്ന് കഞ്ഞിയുടെ കർക്കിടക കഞ്ഞിയുടെ മണം.

കർക്കിടകം പിറന്നാൽ  കർക്കിടകക്കഞ്ഞിയാണ് അച്ഛമ്മയുടെ പ്രധാന ഭക്ഷണം. ഉലുവയും ഉണക്കലരിയും വേവിച്ചു അതിലേക്ക് ശർക്കരയിട്ടു തിളപ്പിച്ച് തേങ്ങാപാൽ ഒഴിച്ച് നെയ് ചേർത്തിളക്കിയ കഞ്ഞി. മണമടിക്കുമ്പോൾ തന്നെ കഴിക്കാൻ തോന്നും. പക്ഷെ ഒരു തുള്ളി പോലും തരില്ല. അച്ഛമ്മെ... അച്ഛമ്മെ... എന്ന് ചൊല്ലി പിറകെ പറ്റികൂടുന്നത് കൊണ്ട് ഒരു സ്പൂൺ തരും വല്ലപ്പോഴും. ആ രുചി വായിൽ ഇപ്പോഴും ഉള്ളത് കൊണ്ട് ഞാനും കർക്കിടകം തകർക്കുമ്പോൾ ഉലുവ കഞ്ഞി വെക്കും. അന്ന് കഴിച്ച ഒരു  സ്പൂൺ കഞ്ഞിയുടെ രുചി ഒന്നുമില്ലെങ്കിലും ബാക്കിയാകുന്ന ഉലുവ ഗന്ധം ബാല്യത്തിന്റെ മധുരിക്കുന്ന ഓർമയിലെത്തിക്കും.

മഴയ്ക്കൊരു ശമനം കിട്ടുമ്പോൾ അമ്മ തൊടിയിലേക്കിറങ്ങും. കൊടിത്തൂവയുടെ തളിരിലകൾ നുള്ളിയെടുക്കും. അല്ലെങ്കിൽ കൈയിൽ ഒന്ന് തട്ടിയാൽ ചൊറിഞ്ഞു തടിക്കുന്ന തൂവ മഴക്കാലത്ത്, കർക്കിടകത്തിൽ ഉപദ്രവകാരിയല്ല. ചെറുതായരിഞ്ഞ തൂവ കാന്താരിമുളക്  ചെറിയ ഉള്ളി, വെളുത്തുള്ളി , തേങ്ങാ ചേർത്ത് തിരുമ്മി ഒന്ന് വഴറ്റി എടുക്കുന്നതിന്റെ രുചി അപാരമാണ്.  ഇതിന്റെ ഓർമ്മയിൽ ഒരിക്കൽ കൊടിത്തൂവ നുള്ളി തോരനുണ്ടാക്കി തൊണ്ടയുടെ ചൊറിച്ചിൽ സഹിക്കാൻ വയ്യാതെ  കയ്യിട്ടു മാന്തിയാലോ എന്ന് വരെ തോന്നിയിട്ടുണ്ട് .

മഴയത്തു മുളയ്ക്കുന്ന തകര പോലെ എന്ന് കേട്ടിട്ടില്ലേ. ആ തകരയുടെ തളിരിലകൾ കൊണ്ടുള്ള തോരൻ, കരിന്താളിന്റെ പുളിങ്കറി. കർക്കിടക രുചികൾ കുറെയുണ്ട്. കറുത്ത തണ്ടുള്ള ചേമ്പ്, അതിന്റെ തണ്ടു ചെറുതായി അരിഞ്ഞു വേവിച്ചു അതിലേക്ക് വാളൻപുളി പിഴിഞ്ഞൊഴിച്ചു, കാന്താരി മുളക് ചതച്ചു ചേർത്ത് നന്നായി തിളപ്പിച്ച് കുറുക്കി കുറച്ചു വെളിച്ചെണ്ണ ഒഴിച്ചെടുക്കും. അതും പപ്പടവും വടകും, ഏതെങ്കിലും ഇല കൊണ്ടുള്ള തോരനും കടുമാങ്ങ അച്ചാറും. എഴുതുമ്പോൾ തന്നെ വായിൽ വെള്ളം നിറയുന്നു ആ രുചിയോർത്തു.

ചക്ക, കപ്പ എന്നിവ ഉപ്പിട്ട് വേവിച്ചു നീളത്തിൽ അരിഞ്ഞത്, ചുണ്ടയ്ക്ക ഉപ്പിട്ട് വേവിച്ചത് ഇതെല്ലാം വെയിലിൽ ഉണക്കി വേനൽക്കാലത്തു ഉണ്ടാക്കി വെക്കുന്ന കൊണ്ടാട്ടങ്ങൾ . മത്തൻ , കുമ്പളങ്ങ , ചുണ്ടക്ക എന്നിവ വേവിച്ചു അരി വറുത്തു പൊടിച്ചു ചേർത്ത് കാന്താരിമുളക് ഉണക്കി പൊടിച്ചതു, കായം , വെളുത്തുള്ളി ചതച്ചത് , കറിവേപ്പില ചേർത്ത് കുഴച്ചുരുട്ടി ഉണക്കി വെച്ച പുളിയും , ഞങ്ങളുടെ സ്വന്തം രുചിക്കൂട്ട് . ഇതൊക്കെയാണ് മഴക്കാലത്തു ഉപവിഭവം ആയി വരുന്നത്.

ചക്കക്കുരു, മാങ്ങ, പപ്പായ പുളിങ്കറി, മത്തയില, തഴുതാമ ചേമ്പ് പുറത്തേക്കിറങ്ങാൻ വയ്യാത്ത പെരുമഴയിൽ വീടിനു ചുറ്റും കിട്ടുന്നതൊക്കെ ആണ് അടുക്കളയിൽ വേവുന്നത്. എന്തും കഴിക്കുന്ന വിശപ്പിന്റെ കാലം. നാട്ടിൽ ചക്ക പഴുക്കുന്നത് മഴക്കാലത്താണ്. മരത്തിൽ കയറാൻ പോലും പറ്റാതെ മഴവെള്ളം ഒലിച്ചു വഴുക്കായിട്ടുണ്ടാകും. ഇടക്കൊന്നു മഴ നിൽക്കുമ്പോൾ ഏതെങ്കിലും പണിക്കാരെ വിളിച്ചു ചക്ക താഴത്തിടുവിക്കും . പഴുക്കാത്ത ചക്ക കൊണ്ട് ചക്ക എരിശ്ശേരി. മഞ്ഞളും ചുവന്നമുളകും അരച്ച് ചേർത്ത് പുഴുങ്ങിയ ചക്കയിലേക്ക് തേങ്ങാ ജീരകം അരച്ച് ചേർത്ത് , തേങ്ങ വറുത്തിട്ടു എടുക്കുന്ന എരിശ്ശേരി കാണുമ്പോൾ തന്നെ വായിൽ വെള്ളമൂറും.

പഴുത്ത ചക്ക അപ്പമായും ചക്ക വരട്ടി ആയും മാറുന്നു. പഴം ചക്ക നൂലില്ലാതെ മുറത്തിലിട്ടുരച്ചു ചാറു പിഴിഞ്ഞെടുത്തു അതിലേക്ക് അരിപ്പൊടിയും ശർക്കരപ്പാവും ചേർത്തിളക്കി തേങ്ങാ കൊത്തിയരിഞ്ഞു നെയ്യിൽ വറുത്തതും ഏലക്കാപൊടിയും ചേർത്ത് നന്നായിളക്കി കുറച്ചു നേരം വെച്ചതിനു ശേഷം അപ്പച്ചെമ്പിലെ ഇലയിൽ ഒഴിച്ച് ആവിയിൽ വേവിച്ചു എടുക്കുന്ന ചക്കയപ്പം. ഇലയുടെ വാടിയ മണവും ചക്കയുടെ രുചിയും.വീടിനു മൊത്തം മധുരമണം ആയിരിക്കും അപ്പോൾ. വരിക്കച്ചക്ക ആണെങ്കിൽ അത് വേവിച്ചു അരച്ച് എടുത്താണ് അപ്പം ഉണ്ടാക്കുക. ഈ കാലത്തു നാട്ടിലെ ഏത് വീട്ടിൽ പോയാലും ഈ ഒരു പലഹാരം തീർച്ചയായും കിട്ടിയിരിക്കും.

മുതിര കഴിച്ചാൽ കുതിരശക്തി എന്നാണല്ലോ. മുതിര ഉപ്പിട്ട് പുഴുങ്ങി വെളിച്ചെണ്ണ ഒഴിച്ചതും കട്ടൻ കാപ്പിയും മഴക്കാലവൈകുന്നേരങ്ങളെ ചൂടുപിടിപ്പിക്കുന്നത് ഇതായിരുന്നു. കപ്പ പുഴുങ്ങിയതും കാന്താരി ഉടച്ചതും, കപ്പക്കടല ചേർത്തുള്ള പുഴുക്ക്, കഞ്ഞിയും ഉപ്പുമാങ്ങ ചമ്മന്തിയും. മഴക്കാല രുചികൾ അവസാനിക്കുന്നില്ല.

ഓർമ്മയിൽ രുചികൾ നിറയുമ്പോൾ അടുക്കള പരീക്ഷണശാല ആകാറുണ്ട്. ഈ കോറോണക്കാലം ഞാൻ അച്ഛമ്മയുടെ പാചക പരീക്ഷണങ്ങളിലൂടെ... അച്ഛമ്മക്കൊപ്പം...

**ശ്രേയ എസ്സ് നായർ**
9. ബി, എം.ജി.എം.എച്ച്.എസ്. പൂഴനാട്
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# കൊറോണയുടെ ഡയറിക്കുറിപ്പ്

എന്റെ പേര് കൊറോണ. ഞാൻ പക്ഷിമൃഗാദികളുടെ ശരീരത്തിൽ നിരുപദ്രവകാരിയായി ജീവിച്ചുപോരുകയായിരുന്നു. മനുഷ്യൻ അവയെ കൊന്നും തിന്നും തുടങ്ങിയപ്പോൾ ഞാൻ പതുക്കെ മനുഷ്യനിലേക്ക് കയറി. അപ്പോളാണ് എന്നെ എല്ലാവരും ശ്രദ്ധിക്കാൻ തുടങ്ങിയത്. മനുഷ്യശരീരത്തിന്റെ ഘടന എനിക്ക് വ്യാപിക്കാൻ അനുയോജ്യമായിരുന്നു. മനുഷ്യശരീരത്തിലെ സ്രവങ്ങളിൽ എനിക്ക് അതിജീവനം സാധ്യമാണ്. നിമിഷനേരം കൊണ്ട് എനിക്ക് ഒരാളിൽനിന്നും മറ്റൊരാളിലേക്ക് പകരാൻ സാധിക്കും. അങ്ങനെ ഈ വലിയ ലോകത്തെ തന്നെ നിശ്ചലമാക്കാൻ എനിക്ക് സാധിച്ചു. കുറച്ചുദിവസം കൊണ്ട് തന്നെ എല്ലാവരും എന്നെ പേടിക്കാൻ തുടങ്ങി. പക്ഷേ ലോകം തന്നെ നിശ്ചലമായപ്പോൾ എനിക്ക് പടരാൻ കഴിയാതെ വന്നിരിക്കുന്നു. ഞാൻ തോറ്റുപിൻമാറുകയാണ്. മനുഷ്യൻ ഒറ്റക്കെട്ടായി നിന്നാൽ ഒരു മഹാമാരിക്കും അവനെ തോൽപ്പിക്കാൻ കഴിയില്ലയെന്നു ഞാൻ മനസ്സിലാക്കുന്നു.

**സൂര്യതേജ്**
5 എ
എച്ച്.ഡി.പി.എസ്സ്.എച്ച്.എസ്സ്.എസ്സ്.എടതിരിഞ്ഞി
ഇരിഞ്ഞാലക്കുട ഉപജില്ല, തൃശ്ശൂർ

# ഭയം

വീട്ടുപടിക്കലൂടെ കാർ കടന്നുപോയപ്പോൾ ജനാലയിലൂടെ കാറിനുള്ളിലേക്ക് ഉറ്റുനോക്കുന്ന മക്കളുടെ ഭീതി നിഴലിച്ച കുഞ്ഞിക്കണ്ണുകൾ മാത്രമേ അയാൾക്ക് കാണുവാൻ സാധിച്ചിരുന്നുള്ളു. അവരെ വാരിപ്പുണരാൻ മനസ് വെമ്പുന്നുണ്ട്. പക്ഷെ വേണ്ട. തീപോലെ ആളിപ്പടരുന്ന ഈ മഹാമാരിയുടെ കാലത്ത് താൻ മാത്രം കരുതൽ പ്രവർത്തനങ്ങൾ ലംഘിക്കേണ്ട. കുറച്ചുദിവസങ്ങൾ കൂടി കാത്തിരിക്കാം...

മാറാല പിടിച്ച ഒറ്റമുറി വീട്ടിലേക്കു കയറുമ്പോൾ 100 മീറ്റർ അകലെയുള്ള മരുഭൂമിയിലെ വിയർപ്പു കൊണ്ടു പണിയിച്ച തന്റെ രണ്ടുനില ഭവനത്തിലേക്ക് അയാൾ പ്രതീക്ഷയോടെ നോക്കി. ആ നോട്ടത്തെ കീറിമുറിച്ചുകൊണ്ട് പൈസപോലും വാങ്ങാതെ ചീറിപ്പാഞ്ഞ ടാക്സി കാർ ജോസഫിന്റെ മനസിനെ അലട്ടാൻ തുടങ്ങി. ഹോ... ചിലപ്പോൾ അയാൾക്ക് എന്നെ ഭയമായിരിക്കും. മൂക്കിനെയും വായയെയും വരിഞ്ഞു മുറുക്കിയ മാസ്ക് എന്ന മുഖാവരണം എടുത്തു മാറ്റുന്നതിനിടയിൽ ജോസഫ് ചിന്തിച്ചു.

വല്ലാതെ വിശക്കുന്നു. അടുക്കളയിലേക്ക് പോയപ്പോൾ മൂടിവച്ചിരിക്കുന്ന ഭക്ഷണം അയാളുടെ ശ്രദ്ധയിൽപ്പെട്ടു. കൂടെ ഒരു എഴുത്തും. "വീടിനു പുറത്തേക്കു ഇറങ്ങരുത്. ഭക്ഷണം വേലക്കാരൻ സ്റ്റോർറൂമിൽ കൊണ്ടു വയ്ക്കും. കൂടെ വസ്ത്രങ്ങളും. എന്തെങ്കിലും ആവശ്യം ഉണ്ടെങ്കിൽ മാത്രം ഈ ഫോൺ ഉപയോഗിച്ച് വിളിക്കാം."

മേശക്ക് അരികിൽ വച്ചിരുന്ന ഒരു പഴയ മോഡൽ ഫോൺ അപ്പോഴാണ് അയാളുടെ ശ്രദ്ധയിൽപ്പെട്ടത്. അതൊന്നു ഓണാക്കാൻ ഒട്ടേറെ സമയമെടുത്തു. ഇത്തരത്തിലുള്ള ഫോൺ ഉപയോഗിച്ച കാലം മറന്നിരിക്കുന്നു...

ബാഗിൽ കരുതിയ സാനിറ്റൈസർ കൊണ്ടു കൈ കഴുകിയ ശേഷം ജോസഫ് ഭക്ഷണത്തിൽ മുഴുകി. ബാഗിലെ സാധനങ്ങൾ എല്ലാം ഒരു മൂലയിൽ കൂട്ടി വയ്ക്കുന്നതിനിടയിൽ ആണ് തന്റെ ഫോൺ അയാളുടെ ശ്രദ്ധയിൽപ്പെട്ടത്. അതു ചത്തിട്ട് രണ്ടു ദിവസം കഴിഞ്ഞിരിക്കുന്നു.

വീട്ടിൽ നിരീക്ഷണത്തിൽ ഇരിക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം എന്ന കാര്യങ്ങൾ അടങ്ങിയ ഒരു ബുക്ലെറ്റ് ബെഡ്റൂമിൽ ഉണ്ടായിരുന്നു. അതിലെ പ്രധാന കാര്യം വൈറസ് രോഗത്തിന്റെ ലക്ഷണങ്ങളായ

ചുമ,ശ്വാസംമുട്ടൽ, തൊണ്ടവേദന തുടങ്ങിയവ ഉണ്ടോയെന്നു ശ്രദ്ധിക്കുകയാണ്. അതില്ലെന്ന് ഉറപ്പാണ് എങ്കിലും.

ഇപ്പോൾ രാത്രിയാണ്. നല്ല ചൂടുണ്ട്. ഈ ചൂട് തനിക്കു പുത്തരിയല്ല. എങ്ങനെയൊക്കെയോ മൊബൈൽഫോൺ തുറന്നു. ചാർജ് തീരെയില്ല. ആദ്യം കണ്ടത് പുഞ്ചിരിച്ചു നിൽക്കുന്ന മക്കളുടെ ചിത്രമാണ്. ഉടൻ തന്നെ എഴുത്തിന്റെ കൂടെ തന്ന ഫോണുപയോഗിച്ചു അയാൾ വീട്ടിലേക്കു വിളിച്ചു. ഫോണെടുത്തത് വേലക്കാരനാണ്. ഫോൺ മക്കൾക്ക് കൊടുക്കൂ എന്നതിന്റെ ഉത്തരമായി അവർക്ക് ഭയമാണ് എന്ന് മാത്രമേ അവൻ പറഞ്ഞുള്ളു. അയാളുടെ തൊണ്ട വരണ്ടു പോയി. ശബ്ദം കുറഞ്ഞു. മറുത്തൊന്നും പറയാതെ അയാൾ ഫോൺ വച്ചു.

അടച്ചുപ്പൂട്ടിയ ആ വീടിന്റെ പൊടി നിറഞ്ഞ ജനവാതിലിലൂടെ അയാൾ സ്വന്തം ഭവനത്തെ നോക്കി. എങ്ങും ആരുമില്ല. അകലെ കൂട്ടിൽ കിടക്കുന്ന വളർത്തുപട്ടിയെ മാത്രം ശ്രദ്ധയിൽപ്പെട്ടു. ഒരുപാട് നേരം ജനവാതിലിലേക്ക് ഉറ്റുനോക്കിയ ശേഷം അതും കുറച്ചകലേക്ക് മാറി കിടന്നു.

ഈ പട്ടിക്കും എന്നെ ഭയമാണ്. അയാൾ തന്നത്താൻ പറഞ്ഞു. സമയത്തെ കൊല്ലാനായി എഴുത്തിനൊപ്പം തന്ന ഫോണിലെ കൊച്ചുകുട്ടികൾക്കുള്ള ഗെയിംപോലും അയാൾക്ക് കളിക്കേണ്ടി വന്നു. ഇഴഞ്ഞു നീങ്ങുന്ന സമയത്തെയും ആളിപ്പടരുന്ന രോഗത്തെയും അയാൾ പ്രാകിക്കൊണ്ടേയിരുന്നു.

ഏവർക്കും എന്നെ ഭയമാണ്. എന്നാൽ ഞാൻ എന്നെ ഭയക്കുന്നില്ല. ഭീതിയല്ല വേണ്ടത് കരുതലാണ്. എന്റെ ജന്മനാടിന്റെ സംരക്ഷണം എന്റെ കൂടി ഉത്തരവാദിത്വമാണ്. അതുകൊണ്ടുതന്നെ രോഗവാഹകനാകുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ഇത്രയും ചിന്തിച്ചുക്കൊണ്ട് അയാൾ ഫോണിലെ ഗെയിം തുടർന്നു കൊണ്ടേയിരുന്നു...

**ആതിര. വി**
8 അ
എച്ച്.എസ്. രാമനാട്ടുകര
കൊണ്ടോട്ടി ഉപജില്ല, മലപ്പുറം

# പ്രകൃതിയെസ്നേഹിക്കാം

ചെറിയ ചെറിയ കുറ്റിക്കാടുകളും പച്ചപ്പുല്ലും നിറഞ്ഞ വലിയ മൈതാനത്തിനടുത്താണ് അമ്മുവിന്റെ താമസം. ആ ഗ്രാമം അതി മനോഹരമായിരുന്നു. അമ്മുവിന്റെ അച്ഛനും അമ്മയും എല്ലാ ദിവസവും രാവിലെ ജോലിക്കായി പട്ടണത്തിലേക്ക് പോകും. അപ്പോൾ അവിടെ അമ്മു ഒറ്റയ്ക്കാണ്. ആ ഗ്രാമത്തിൽ അമ്മു ഒറ്റയ്ക്കായിരുന്നു. ആ ഗ്രാമത്തിൽ അമ്മുവിന്റെ കുഞ്ഞു വീട് മാത്രമേ ഉണ്ടായിരുന്നുള്ളു. അവിടെ കുഞ്ഞുപൂക്കളും തണലായി നിൽക്കുന്ന ആടിയുലയുന്ന മരങ്ങളും കളകളം പാടുന്ന കുഞ്ഞരുവികളും തേൻ നുകരാൻ വരുന്ന പൂമ്പാറ്റകളും മൂളിപ്പാട്ടുമായി വരുന്ന വണ്ടുകളും. ഹായ് എന്തു രസം! ഇവരൊക്കെയായിരുന്നു അമ്മുവിന്റെ കൂട്ടുകാർ. അവൾക്ക് ചെടി നടാൻ വളരെ ഇഷ്ടമാണ്. ആ ഗ്രാമം പ്രകൃതി രമണീയമായിരുന്നു. അങ്ങനെയിരിക്കെ അമ്മുവിന്റെ അച്ഛനും അമ്മയും ഒരു റോസാപ്പൂവിന്റെ ചെടി നൽകി. അവൾ അതിനെ വളരെയധികം പരിപാലിച്ചു. ആ ഗ്രാമത്തിലെ പൂക്കളും പൂമ്പാറ്റകളും അവളുടെ ഉറ്റ സുഹൃത്തുക്കളായിരുന്നു. അവൾ എപ്പോഴും പക്ഷികളുടെ കലപില ശബ്ദങ്ങൾ കേട്ടാണ് ഉണരുന്നത്. ഇന്നും പതിവ് പോലെ പക്ഷികളുടെ കലപില ശബ്ദങ്ങൾ കേട്ടാണ് ഉണർന്നത്. എന്നും എഴുന്നേൽക്കുന്നത് പോലെ ഇന്നും എഴുന്നേൽക്കാൻ അവൾ ശ്രമിച്ചു. കുഞ്ഞുപുതപ്പിലെ ആർദ്രമായ തണുപ്പ് അവളെ സ്വപ്നത്തിലേക്ക് കൊണ്ടുപോയി. മനസ്സില്ലാമനസ്സോടെ അവൾ എഴുന്നേറ്റു. ഉമ്മറത്തിലെ വാതിൽ തുറന്ന് അവൾ പൂന്തോട്ടത്തിലേക്ക് പോയി. പൂക്കൾ അവളെ നോക്കി ചിരിച്ചു. അവൾ പുഞ്ചിരി വിടർത്തി നിൽക്കുന്ന തന്റെ ഏറ്റവും പ്രിയങ്കരിയായ റോസാപ്പൂവിന്റെ അടുത്തേക്ക് മന്ദം മന്ദം നടന്നു നീങ്ങി. റോസാച്ചെടിയുടെ മുള്ള് അവളെ നോവിച്ചു. ഇതൊന്നും നോക്കാതെ കുഞ്ഞിക്കൈ വിരൽ കൊണ്ട് തലോടി. അപ്പോൾ അടുക്കളയിൽ നിന്ന് അമ്മ വിളിച്ചു പറഞ്ഞു.

“മോളേ മഴ കൊള്ളല്ലേ പനിപിടിക്കും”. അപ്പോഴാണ് അവൾ ഓർത്തത് മഴ പെയ്യുന്നുണ്ടെന്ന്. അപ്പോഴും മഴ പെയ്തു കൊണ്ടിരിക്കുക യായിരുന്നു. ശക്തമായ കാറ്റിലും മഴയിലും റോസാച്ചെടി ഒടിഞ്ഞു

പോയി. തൊടിയിലെ മഴവെള്ളം ചെടിയെയും വലിച്ച് യാത്രയാകുന്ന ആ കാഴ്ച കണ്ണീർ വാർത്ത് കൊണ്ട് അവൾ നോക്കി നിന്നു. അവളുടെ സങ്കടത്തിൽ അവളുടെ കൂട്ടുകാരും ചേർന്നു. അവരെ തലോടി അവൾ വീട്ടിലേക്ക് ഓടിപ്പോയി. അവളുടെ സങ്കടം കണ്ട് അവളുടെ അമ്മ വളരെയധികം വിഷമിച്ചു. പിറ്റേന്ന് അവളുടെ പിറന്നാൾ ആയിരുന്നു. അങ്ങനെ അവളുടെ പിറന്നാളെത്തി. അന്ന് അവൾ റോസാച്ചെടിയെ ഓർത്ത് വളരെയധികം സങ്കടത്തിൽ ആയിരുന്നു. അവളുടെ സങ്കടം കണ്ട് അവളുടെ അമ്മ അവൾക്ക് പിറന്നാൾ സമ്മാനമായി ഒരു കുഞ്ഞ് റോസാച്ചെടി നൽകി. അവൾ വളരെയധികം സന്തോഷവതിയായിരുന്നു. അവൾ ആ റോസാപ്പൂവിനെ ചുംബിച്ചു. അവൾ ആ റോസാപ്പൂവിനെ തലോടിയും പരിപാലിച്ചും അതിനെ വളർത്തി. അവൾ അങ്ങനെ സന്തോഷമായി ജീവിച്ചു.

ശ്രേയ. പി
5 സി
എസികെഎൻഎസ് ജിയുപിഎസ് മേലാങ്കോട്ട്
ഹോസ്ദുർഗ്ഗ് ഉപജില്ല, കാസർഗോഡ്

# അവധിക്കാലം

കൊല്ലപ്പരീക്ഷയിൽ നല്ല മാർക്ക് വാങ്ങിക്കണമെന്ന അമ്മയുടെ ഉപദേശത്തെ മാനിച്ച് റിവിഷനായി ഓരോ പാഠം ഭാഗവും നന്നായിത്തന്നെ പഠിച്ച് തലച്ചോറിലേക്ക് കയറ്റി. വാർഷികപ്പരീക്ഷയുടെ ടൈംടേബിൾ കിട്ടിയതോടെ അവന്റെ മനസിനെ പരീക്ഷപ്പേടി പിടികൂടി...

അന്ന് അപ്പു സ്കൂൾ വിട്ടു വന്നത് ഒരു സന്തോഷവാർത്ത യോടെയായിരുന്നു. "ഈ വർഷം പരീക്ഷയില്ല ഇന്നു മുതൽ വേനലവധി ആരംഭിച്ചിരിക്കുന്നു.'' എന്നാൽ അമ്മയുടെ മുഖത്ത് യാതൊരു ഭാവമാറ്റവും കണ്ടില്ല. ഉം... എന്നൊരു മൂളലും അത് കൊറോണയായതു കൊണ്ടാണെന്നും പറഞ്ഞ് തിടുക്കത്തിൽ അടുക്കളയിലേക്ക് പോയി. പതിവായി നടത്താറുള്ള സ്കൂളിലെ വിശേഷങ്ങളൊന്നും തന്നെ അമ്മ ചോദിച്ചില്ല എന്റെ ബാഗും വാങ്ങിച്ചു വച്ചില്ല അമ്മ എന്തിനേയോ ഭയപ്പെടുന്നതു പോലെ എനിക്കു തോന്നി. അതിനോട് എനിക്ക് ചെറിയ പരിഭവമുണ്ടായെങ്കിലും അതൊക്കെ മാറ്റിവച്ച് വേഗം തന്നെ ബാഗ് മേശപ്പുറത്തു വച്ച് കൈയ്യും മുഖവും കഴുകി. അപ്പോഴാണ് ഹാൻഡ് വാഷിന്റെ അടുത്തായി ഹാൻഡ്‌വാഷും സോപ്പും കണ്ടത്. വിരുന്നുകാരെത്തുമ്പോഴാണ് ഇവ രണ്ടും ഒരതിഥിയെപ്പോലെ ഇവിടെ സ്ഥാനം പിടിക്കാറ്. ഇന്ന് ഇവിടെ വിരുന്നുകാരുണ്ടോ? എന്ന് എന്റെ മനസ് മന്ത്രിച്ചു. അപ്പോൾ അംഗൻവാടിയിൽ പഠിക്കുന്ന അനുജൻ ഇടയ്ക്കിടെ പറയുന്നുണ്ടായിരുന്നു, കൊറോണ... കൊറോണ... ഹാൻഡ്‌വാഷ് ഉപയോഗിച്ച് അങ്ങനെ... ഇങ്ങനെ... തിരുമ്മി കൈകഴുകണം." ഇതു കേട്ട ഞാൻ അന്തംവിട്ടുനിന്നു. അങ്ങ് ചൈനയിൽ വുഹാനിലാടാ കൊറോണ എന്നും പറഞ്ഞ് അവന്റെ തലയ്ക്കിട്ടൊരു കിഴുക്കും കൊടുത്ത് അടുക്കളയിലേക്ക് ഓടിച്ചെന്നു. അപ്പോൾ അമ്മയുടെ ചോദ്യം കൈയ്യ് സോപ്പിട്ട് നന്നായി കഴുകിയോ? കൊറോണ എന്ന മഹാമാരി നമ്മുടെ നാടിനെയും പിടികൂടിയിരിക്കുന്നു. പുറത്തെവിടെപോയാലും തിരിച്ചു വന്നയുടൻ കൈയ്യും മുഖവും സോപ്പിട്ട് നന്നായി കഴുകണം. അമ്മ വാചാലയാകുന്നത് ഞാൻ ശ്രദ്ധിച്ചു. അമ്മ പറഞ്ഞ കാര്യം ഗ്രഹിച്ചു കൊണ്ടുതന്നെ യൂണിഫോം അഴിച്ചു വച്ച് സോപ്പു തേച്ച് ഒരു കുളി തന്നെ പാസാക്കി. മൂന്നാം ക്ലാസിൽ പരിസരപഠനത്തിൽ പഠിച്ച വ്യക്തി ശുചിത്വത്തിന്റേയും പരിസരശുചിത്വത്തിനേയും കാര്യം ഞാൻ ഓർത്തു. ചായ കുടിയും കഴിഞ്ഞ് ടി.വി.ഓൺ ചെയ്തു. അപ്പോഴതാ അതിലും



കൊറോണയുടെ വാർത്ത തന്നെ. ഓരോ സെക്കൻറിലും മിനുട്ടിലും മണിക്കൂറിലും എത്ര പേരാണ് മരിക്കുന്നത്. ഇത്രയും വലിയ മഹാമാരിയെ ചികിത്സിക്കുന്ന ഡോക്ടറും നഴ്സും ദൈവം തന്നെയാണെന്ന് ഞാൻ ഉറപ്പിച്ചു. പതിവിലും ഒരു പാട് സാധനങ്ങളുമായാണ് അന്ന് അച്ഛന്റെ വരവ്. കൂട്ടത്തിൽ ബിസ്ക്കറ്റുകളും പഴങ്ങളും കണ്ട ഞാനും അനുജനും തുള്ളിച്ചാടി. നാളെ മുതൽ പണിക്കു പോകണ്ടാന്നും ലോക്ഡൗൺ ആണെന്നും അല്പം നെടുവീർപ്പോടെ അച്ഛൻ അമ്മയോടു പറയുന്നത് കേട്ടു. അച്ഛന്റെ ശബ്ദം അല്പം ഇടറിയതായി എനിക്ക് തോന്നി.പിന്നെ ഞങ്ങൾ വീട്ടിനുള്ളിൽ അടച്ചിരിപ്പായി. "സ്വാതന്ത്ര്യമുണ്ടായിട്ടും കൂട്ടിലടക്കപ്പെട്ട പക്ഷിയെപ്പോലെയായി". വീട്ടിൽ അടച്ചിരിക്കുമ്പോഴാണ് വിശപ്പു കൂടുന്നതെന്ന സത്യം മനസിലായി. ദിനങ്ങൾ ഓരോന്നായി കഴിഞ്ഞു. അതു പോലെ സാധനങ്ങളും. എന്റെയും അനുജന്റെയും പലഹാരക്കൊതി കൂടിക്കൂടി വന്നു. അതിനായി അച്ഛനും അമ്മയും ഒരുപായം കണ്ടെത്തി, റേഷനരി വറുത്തു പൊടിച്ച് തേങ്ങയും ശർക്കരയും ചേർത്ത് ഉണ്ടയാക്കി ഒരു ചില്ലു പാത്രത്തിൽ നിറച്ചു വച്ചു. ഇപ്പോൾ വിശക്കുന്നൂന്ന് പറയുമ്പോൾ അറിയാതെ തന്നെ ഏവരുടേയും വിരലുകൾ ചില്ലു പാത്രത്തിലേക്ക് ചൂണ്ടുന്നതായി കാണാം. ഇപ്പോൾ ചില്ലുപാത്രവും ഞാനും നല്ലൊരു കൂട്ടുകാരായി മാറി. ചിലപ്പോൾ ഞാനവളെ നോക്കി ചിരിക്കും ചില സമയങ്ങളിൽ പിണങ്ങാറുമുണ്ട്. അടച്ചിരിക്കാനിഷ്ടമില്ലാത്ത അച്ഛൻ പറമ്പിൽ കിളക്കാൻ തുടങ്ങി. അവിട വിടായി പച്ചക്കറിവിത്തുകൾ ഇട്ടു, ഇപ്പോൾ അവ എന്നെക്കാളും വളർന്നു പൂവിട്ടു, കായ്ച്ചു പിന്നീടുള്ള ഊണിന് നാം നട്ടുവളർത്തിയ പച്ചക്കറികൾ തന്നെ വിഭവങ്ങളായെത്തി. പൂരവും വിഷുവും ആഘോഷങ്ങളില്ലാതെ കടന്നു പോയി. ഒരു ദിവസം പച്ചക്കറികൾക് വെള്ളം നനയ്ക്കുന്നതിനിടയിലാണ് അമ്മയുടെ കണ്ണ് പറമ്പിലെ പ്ലാവിൻ മുകളിലേക് പോയത്. ചക്ക മൂത്തു നിൽക്കുന്നു. അപ്പോൾ തന്നെ തോട്ടിയെടുത്ത് ചക്ക പറിച്ച് നിലത്തിട്ടു. ചക്ക കൊണ്ട് ഇത്രയുമധികം വിഭവങ്ങൾ ഉണ്ടാക്കാം എന്ന അമ്മയുടെ കഴിവിനെ അച്ഛനും ഞാനും പ്രശംസിച്ചു. "ചക്കവിശേഷം ചക്ക ഒരു കേമൻ തന്നെ" ചക്കയുടെ ഒരു കഷ്ണമെടുത്ത് അമ്മ അടുത്ത വീട്ടിലേക്ക് പോകുന്നതു കണ്ടു അവിടുന്ന്

ഒരു പിടി മുരിങ്ങയില ഇങ്ങോട്ടും. അടുത്ത ദിവസം പരിപ്പും മുരിങ്ങയിലയും കറിയും പിന്നെ മുരിങ്ങയില തോരനും. ഇറച്ചിയും മീനും തിന്നാൻ കൊതിച്ചിരുന്ന എന്റെ മുഖം ചുളിഞ്ഞു... ഇതൊക്കെയാ കഴിക്കേണ്ടത് നമ്മുടെ നാട്ടിൽ കിട്ടുന്ന പഴങ്ങളും പച്ചക്കറികളും ഇലക്കറികളും കഴിക്കണം എന്നാലേ രോഗപ്രതിരോധശേഷി ഉണ്ടാകൂ.. എന്നാല് കൊറോണ എന്നല്ല ഏത് രോഗവും ഈ പടി പോലും കടന്നു വരില്ല ഒരു കൊറോണ... ആരോടെന്നില്ലാതെ അമ്മ പിറുപിറുക്കുന്നു ണ്ടായിരുന്നു. അപ്പോഴും കൊറോണയെക്കുറിച്ചുള്ള announcement കേൾക്കാമായിരുന്നു... ഒന്നും തന്നെ മനസിലാകാതെ അനുജൻ ഹാൻഡ് വാഷ് ഉപയോഗിച്ച് കൈ കഴുകിക്കൊണ്ടേയിരുന്നു. കൊറോണ... കൊറോണ... ഇങ്ങനെ... അങ്ങനെ... തിരുമ്മി...

**ആദിദേവ് മനോജ്**
ക്ലാസ് 4, എസ്.എൻ.വി.എൽ.പി.സ്കൂൾ, ചേപ്പറമ്പ്
ഇരിക്കൂർ ഉപജില്ല, കണ്ണൂർ

# ഉണർവുകാലം

"രാവിലെ ഒച്ചപ്പാടൊന്നും കേൾക്കുന്നില്ലല്ലോ?" കരിയിലപ്പിട റോഡരുകിലെ നാട്ടുമാവിലിരുന്ന് താഴേക്ക് നോക്കി. "ഓഹോ, പോലീസുകാർ മാത്രമേ റോഡിലുള്ളല്ലോ, ഇതെന്തുപറ്റി?" "നീയൊന്നുമറിഞ്ഞില്ലേ?" അണ്ണാറക്കണ്ണൻ കരിയിലപ്പിടയോട് ചോദിച്ചു.

"മനുഷ്യർക്കിടയിൽ ഏതോ ഒരു രോഗം പടർന്നിട്ടുണ്ടത്രെ, എല്ലാവരും വീട്ടിൽ ഇരിക്കണം പോലും. ഒരു വൈറസ് ആണ് രോഗം പരത്തുന്നത്, എന്താ അതിന്റെ പേര്..." "ഡാ അണ്ണാറക്കണ്ണാ, കൊറോണ വൈറസ്, നിനക്കിതൊന്നുമറിയില്ലേ" അങ്ങോട്ടു പറന്നുവന്ന കാക്കച്ചി ചിരിച്ചുകൊണ്ട് പരിഹസിച്ചു. "ങാ, അങ്ങനെയേതാണ്ടാ... ഞാനെങ്ങനെയറിയാനാ, ഈ ജനങ്ങളെ പേടിച്ച് ഞങ്ങളൊക്കെ പൊത്തിനുള്ളിൽ തന്നെയല്ലായിരുന്നോ." "ശരിയാ ഇപ്പോൾ അണ്ണാന്മാരെ കാണാനേയില്ല. പണ്ടൊക്കെ എത്രയായിരുന്നു."

ഇതൊക്കെ കേട്ടിരുന്ന് ഓലേഞ്ഞാലി പതിയെ ഓർമകൾ അയവിറക്കി. "ഇവർക്കപ്പോൾ വീട്ടിലിരിക്കാൻ അറിയാമല്ലേ. എന്തായിരുന്നു അഹങ്കാരം, കാറിലും മറ്റു വണ്ടിയിലും ചീറിപ്പാഞ്ഞുള്ള പോക്ക്... നമുക്കൊന്ന് പുറത്തിറങ്ങാൻ പറ്റുമായിരുന്നോ. നോക്ക് അന്തരീക്ഷം എത്ര സുന്ദരമായിരിക്കുന്നു. നമുക്കൊന്ന് പാറിപ്പറന്നാലോ' ഇരട്ടത്തലച്ചിക്ക് ഒരു മോഹം. 'ശരിയാ, നമുക്കാ പഞ്ചവർണക്കിളിയേയും ഒപ്പം കൂട്ടാം, അവളും കാണട്ടെ നമ്മുടെ നാട്."

**ശ്രീനിധി**
3 എ
എസ്.വി.എ.യു.പി.സ്കൂൾ പരിക്കളം
ഇരിക്കൂർ ഉപജില്ല, കണ്ണൂർ

# കിങ്ങിണിക്കാട് സുന്ദരിക്കാട്

ഒരു ദിവസം മീനു തന്റെ അച്ഛന്റെ കൂടെ തന്റെ ഇഷ്ടപ്പെട്ട സ്ഥലമായ കിങ്ങിണിക്കാടിലേക്ക് പോവുകയായിരുന്നു. അവിടെ ഒരുപാട് തവണ പോയിട്ടുണ്ടെങ്കിലും ഓരോ തവണ പോകുമ്പോഴും വല്ലാത്ത ആകാംക്ഷയാണ് മനസ്സിൽ. പുഴയും മലയും കുന്നും മരങ്ങളും പൂക്കളും നിറഞ്ഞ ആ കാട്ടിലേക്ക് പോകാൻ ആരും കൊതിക്കും. അങ്ങനെ അവിടെ എത്തി പുഴയിൽ നീന്തിയും മലകൾ കയറിയിറങ്ങിയും അവർ അവർ ആസ്വദിച്ച് അവിടെ നിന്നും മടങ്ങി.

ഇത്തവണ മീനു കിങ്ങിണിക്കാടിനെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കി. അടുത്ത ദിവസം സ്കൂളിൽ എത്തിയ മീനു അധ്യാപകരോടും കൂട്ടുകാരോടും കാടിനെപ്പറ്റി പറഞ്ഞു. അവൾ എഴുതിയ കുറിപ്പ് അവരെ കാണിച്ചു. കുറിപ്പ് കണ്ട പ്രഥമാധ്യാപകൻ ഈ വർഷത്തെ പഠനയാത്ര അങ്ങോട്ടേക്ക് തീരുമാനിച്ചു. മീനുവിന് സന്തോഷമായി. അങ്ങനെ ആ ദിവസം എത്തി അവർ കിങ്ങിണിക്കാട്ടിലേക്ക് യാത്രതിരിച്ചു. പാട്ടും കളിയുമായി അവർ സന്തോഷത്തോടെ യാത്രയിൽ മുഴുകി. ഒടുവിൽ കിങ്ങിണിക്കാടെത്തി.

അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച അവരെ ഞെട്ടിച്ചു, അവളുടെ കണ്ണു നനയിച്ചു. ഒരു തരിശുഭൂമിയാണ് അവൾ അവിടെ കണ്ടത്. അവിടെ ഇവിടെ പുഴയില്ല മരങ്ങളില്ല പൂക്കളില്ല വരണ്ട ഭൂമി മാത്രം. അപ്പോഴാണ് അതുവഴി വന്ന ഒരാൾ ആൾ പറഞ്ഞത് "ഇത് രണ്ടു ദിവസം മുമ്പാണ് ഇവിടെ മുഴുവൻ ഇടിച്ചുനിരത്തിയത്, ഏതോ പുതിയ ഫാക്ടറിക്ക് വേണ്ടിയാണ്." മീനുവും കൂട്ടുകാരും ആകെ വിഷമത്തിലായി. സങ്കടത്തോടെ അവർ അവിടെ നിന്നും മടങ്ങി. ഇങ്ങനെ ഒരുപാട് കാടുകൾ നമ്മുടെ കൺവെട്ടത്തുനിന്നും മറയുന്നു, ഇതിനെതിരെ നമുക്ക് പോരാടണം അവർ മനസ്സിൽ ഉറപ്പിച്ചു.

**ആമി എസ്. തമ്പി**
7 എഫ്
എസ്.എൻ.എച്ച്.എസ്.എസ്. ഉഴമലയ്ക്കൽ
നെടുമങ്ങാട് ഉപജില്ല, തിരുവനന്തപുരം

# നല്ല ചിന്തകൾ

അപ്പൂ... കുട്ടൻ ഉറക്കെ വിളിച്ചു.

അപ്പു തിരിഞ്ഞു നോക്കിയെങ്കിലും ഒന്നും മിണ്ടിയില്ല. എന്തുപറ്റി നീ പിണങ്ങിയിരിക്കുവാണോ? അതിനും അവൻ മറുപടി പറഞ്ഞില്ല. അപ്പൂനു എന്ത് പറ്റി അമ്മേ അവൻ മിണ്ടുന്നില്ല. അമ്മ പുറത്തേക്കു നോക്കി അതെ അപ്പു അപ്പുറത്ത് ചാമ്പ ചുവട്ടിൽ മിണ്ടാതെ ഇരിക്കുന്നു. അമ്മയ്ക്ക് കാര്യം മനസ്സിലായി. കുട്ടാ... അപ്പൂന്റെ അമ്മ ആശുപത്രിയിൽ അല്ലേ ജോലി ചെയ്യുന്നത്. ഇനി കുറെ നാൾ കഴിഞ്ഞേ വരൂ. അമ്മയെ കാണാത്ത വിഷമത്തിലാണ് അവൻ. അതെന്താ അങ്ങനെ. കുട്ടന് സംശയം തീർന്നില്ല. അത് മോനെ അവന്റ അമ്മ നേഴ്സ് അല്ലേ. ഒത്തിരി രോഗികളെ നോക്കേണ്ടേ. ഇപ്പോൾ കൊറോണ രോഗികളും ഉണ്ട്. അതുകൊണ്ട് അവർക്ക് ഇടയ്ക്ക് പുറത്തിറങ്ങാൻ പറ്റില്ല. അയ്യോ പാവം അപ്പു. കുട്ടന് സങ്കടം ആയി. അവൻ ഓടിപ്പോയി അവനു ഏറ്റവും ഇഷ്ടപ്പെട്ട കളിവണ്ടി എടുത്ത് അപ്പൂനെ വിളിച്ചു. നീ ഇത് കൊണ്ട് പോയി കളിച്ചോ. അപ്പൂനു വിശ്വാസം വന്നില്ല. ഈയിടയ്ക്ക് ഈ വണ്ടിയുടെ കാര്യം പറഞ്ഞ് രണ്ടാളും വഴക്ക് കൂടിയതാണ്. അപ്പു വണ്ടിയും കെട്ടിപ്പിടിച്ചു സന്തോഷത്തോടെ പോയി. അമ്മ പറഞ്ഞു. നന്നായി മോനെ നിനക്ക് ചെയ്യാൻ പറ്റുന്ന നല്ല കാര്യം നീയും ചെയ്യണം. അപ്പൂന്റെ അമ്മ നമുക്കും കൂടി വേണ്ടിയാ കഷ്ടപ്പെടുന്നത്. അപ്പോൾ അവരുടെ മോനെ സന്തോഷിപ്പിക്കേണ്ടതു നമ്മുടെയും കൂടി കടമ അല്ലേ...

അതെ എന്ന് കുട്ടൻ തല കുലുക്കി.

**അലൻ ജൂഡ് ബിജു**
1 സി
ശ്രീ നാരായണ എൽ പി സ്കൂൾ കൊട്ടിയൂർ
ഇരിട്ടി ഉപജില്ല, കണ്ണൂർ

# രോഗപ്രതിരോധവും പരിസ്ഥിതിയും

പ്രഭാതത്തിന്റെ പട്ടുപോലുള്ള ഇളം കാറ്റു വീശിയപ്പോൾ മാമ്പൂക്കളും അതിനൊത്ത് നല്ല മാധുര്യമൂറുന്ന മാമ്പഴങ്ങളും ആടിക്കളിച്ചു. പ്രഭാതസൂര്യന്റെ ഇളം ചൂടുള്ള മഞ്ഞുകിരണങ്ങളെ നോക്കി അഭിവാദനമർപ്പിച്ചു. വളരെ ശാന്തമായ നിദ്രയിലായിരുന്ന ഭൂമിയുടെ നെറുകയിലെ മലകൾക്കിടയിലൂടെ എത്തിനോക്കി പുഞ്ചിരിച്ചുകൊണ്ട് സൂര്യൻ കടന്നു വന്നു. വർണകണങ്ങളായ പൂക്കളും, പക്ഷിപറവാദികളും ആർത്തുല്ലസിച്ചും ചൂളം വിളിച്ചും ആടിക്കളിച്ചും സൂര്യന്റെ വരവിനെ സ്വാഗതം ചെയ്തു. പൂമ്പാറ്റകൾ ഓരോന്നോരോന്നായി വന്നെത്തി. പൂക്കളെ വലംവെക്കുകയും മധുവുണ്ട് ദൂരത്തേയ്ക്ക് അണയുകയും ചെയ്തു. അപ്പോഴാണ് ഇളം ചുവപ്പ് ചുണ്ടുകളും കുഞ്ഞിക്കണ്ണും ദുഃഖമാർന്ന മുഖവുമായി ചിന്നുത്തത്തമ്മ മാവിൻ കൊമ്പിലെത്തിയത്. എന്താ ചിന്നു നിന്റെ മുഖത്തൊരു വല്ലായ്മ? മാവ് ചോദിച്ചു. അറിഞ്ഞില്ലേ കൊറോണ എന്ന മഹാമാരി ലോകത്താകെ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ലക്ഷക്കണക്കിന് മനുഷ്യർ വൈറസ് പിടിപെട്ട് ദിനംപ്രതി മരിച്ചു കൊണ്ടിരിക്കുന്നു. “ആ... അവർക്ക് അതുതന്നെ വേണം. പ്രകൃതിയോട് ചെയ്ത ക്രൂരതയുടെ ഫലമാണ് ഇന്നവർ അനുഭവിയ്ക്കുന്നത്.” മാവ് തുടർന്നു. മനുഷ്യന് ദൈവം കൊടുത്ത ബുദ്ധിയും, ശക്തിയും, വൈഭവങ്ങളും ഉപയോഗിച്ച് മനുഷ്യനെതന്നെ നശിപ്പിക്കാനുള്ള കണ്ടുപിടിത്തങ്ങൾക്ക് വിനിയോഗിച്ചു. അവൻ മാരകമായ മിസൈലുകളെയും ബോംബുകളെയും വൈറസുകളെയും നിർമ്മിച്ചു. അതിൽ അവർ ഊറ്റം കൊള്ളുകയും ചെയ്തു. അത് മാത്രമല്ല. അവർ ഈ സൃഷ്ടികളെക്കൊണ്ട് ആയിരക്കണക്കിന് മനുഷ്യരെയും കുരുന്നുജീവനുകളെയും കൊന്നൊടുക്കി. അതിൽ അവൻ ആനന്ദം കണ്ടു. മാത്രമല്ല നൂതനമായ സാങ്കേതികവിദ്യകൾ കണ്ടുപിടിക്കുകയും അതുവഴി ഭൂമിയുടെ മാറിടം കുത്തിപ്പിളർത്തുകയും, കുന്നുകളും മലകളും ഇടിച്ചു നിരത്തുകയും നീരുറവകളെ നശിപ്പിക്കുകയും അംബര ചുംബികളായ കെട്ടിടങ്ങൾ പടുത്തുയർത്തുകയും, ഉപയോഗശൂന്യമായ പാഴ്വസ്തുക്കളെ വലിച്ചെറിഞ്ഞ് മണ്ണിനെയും ജലാശയങ്ങളെയും മലീമസമാക്കുകയും ചെയ്തു. ഭൂമിയോട് ചെയ്ത ക്രൂരതകൾക്ക് കണക്കില്ല. അതിന് നീ എന്തിനാ വിഷമിക്കുന്നത്? ചിലപ്പോൾ ഇതൊക്കെ നമ്മളെയും കൂടി ബാധിക്കുമോ എന്നോർത്താണ് ഞാൻ... ഒും... എല്ലാം ശരിയാവും, മാവ്

പറഞ്ഞു. ''ദേ,അങ്ങോട്ട് നോക്കിയേ! അണ്ണാറക്കണ്ണൻ വരുന്നു.'' ചിന്നുത്തത്തമ്മ പറഞ്ഞു. "എന്താ അണ്ണാറക്കണ്ണാ ഇങ്ങോട്ടൊന്നും കാണാറില്ലല്ലോ. ഈ വഴിയൊക്കെ മറന്നോ?" "ഏയ്... അങ്ങനെയങ്ങു മറക്കുമോ ഞാൻ'' അണ്ണാറക്കണ്ണൻ പറഞ്ഞു.അല്ല, നിങ്ങൾ രണ്ടുപേരുംകൂടി എന്താ കാലത്തുതന്നെ ഒരു ചർച്ച. ഞങ്ങൾ കൊറോണയെപ്പറ്റി സംസാരിച്ചതാ. അപ്പോൾ നിങ്ങളറിഞ്ഞില്ലേ? ലോകമാകെ വൈറസിനെ നേരിടാൻ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുക്കയാ. ചിന്നുത്തത്തമ്മ അപ്പോഴേക്കും കുരങ്ങച്ചന്മാരെ തിരക്കി. കുരങ്ങച്ചന്മാരുടെ കാര്യം കഷ്ടത്തിലാ. ലോക്ഡൗൺ ആയതിനാൽ കുരങ്ങന്മാർക്ക് പഴയതുപോലെ ഭക്ഷണം കിട്ടുന്നില്ല, പാവം... മാവ് പറഞ്ഞു. ആര് പറഞ്ഞു. കുരങ്ങന്മാർക്കിപ്പോഴാ നല്ലത്. അവർക്ക് ചില സന്നദ്ധസംഘടനകൾ വഴി വിഭവസമ്പന്നമായ ആഹാരങ്ങൾ ലഭിക്കുന്നുണ്ട്. ആ സമയത്താണ് മാവ് അതു ശ്രദ്ധിച്ചത്. അവിടെ ചില മദ്യപാനികൾ കൂട്ടംകൂടി നിൽക്കുന്നു. ചിന്നുതത്തമ്മ പറഞ്ഞു. ഈ സാഹചര്യത്തിൽ ആൾക്കാർ കൂട്ടംകൂടി നിൽക്കുന്നത് ശിക്ഷാർഹമല്ലേ? ആൾക്കാർ തമ്മിൽ ഒരു മീറ്റർ അകലമെങ്കിലും പാലിക്കേണ്ടേ? ഈ അവസ്ഥയാണെങ്കിൽ രോഗശമനത്തിനു പകരം രോഗവർധനവാണുണ്ടാവുക. നമുക്ക് ഉടനെതന്നെ ഇൻസ്പെക്ടർ ബാലുക്കരടിയെ വിവരമറിയിക്കാം. അദ്ദേഹം വന്ന് ഇവർക്ക് നല്ല ശിക്ഷ കൊടുക്കട്ടെ. ബാലുക്കരടി വന്ന് മദ്യപാനികൾക്ക് നിർദേശം നൽകുകയും പിഴ ഈടാക്കുകയും ചെയ്തു. ബാലുക്കരടിയുടെ നിർദേശങ്ങൾ ഇതൊക്കെയായിരുന്നു. "ആശങ്കയല്ല വേണ്ടത് ജാഗ്രതയാണ്,അതിനാൽ നമുക്കെല്ലാവർക്കും ഒരുമിച്ചു പോരാടണം. കൈകൾ ഇടയ്ക്കിടെ സോപ്പുപയോഗിച്ചു നന്നായി കഴുകണം.പുറത്തു പോകുമ്പോൾ മാസ്ക് ധരിക്കണം. രണ്ടു നേരം കുളിക്കണം. ആഴ്ചയിലൊരിക്കൽ നഖം വെട്ടണം. വീട്ടിൽത്തന്നെ ഭക്ഷണം പാകംചെയ്തു കഴിക്കണം. ധാരാളം വെള്ളം കുടിക്കണം. കാരണം അതിലൂടെ രോഗപ്രതിരോധശേഷി വർദ്ധിക്കും. ഈ നിർദേശങ്ങളെല്ലാം പാലിച്ചുകൊണ്ട് നമുക്കൊരു നല്ല നാളേയ്ക്ക് വേണ്ടി പോരാടാം കൂട്ടരേ."

**ഫർഹാന.യു.എ**
8 ജി
എസ്.എൻ.വി.എച്ച്.എസ്.എസ്,ആനാട്
നെടുമങ്ങാട് ഉപജില്ല, തിരുവനന്തപുരം

# ശല്യമില്ലാത്ത നാട്

മഹാദേഷ്യക്കാരനായൊരു കൃഷിക്കാരൻ ആയിരുന്നു കേശു. എല്ലാ ദിവസവും പലതരത്തിൽ ഉള്ള ജീവികൾ അയാളുടെ കൃഷിയിടത്തിൽ വരുമ്പോൾ അയാൾ അവയെ ദേഷ്യത്തോടെ ആട്ടി പായിക്കുമായിരുന്നു.

ഒരു ദിവസം രാവിലെ കേശു കൃഷി സ്ഥലത്ത് എത്തിയപ്പോൾ അതാ അവിടെ കുറേ പക്ഷികളും കുരങ്ങുകളും. കേശു പതിവ് പോലെ ഉറക്കെ ശകാരിക്കാൻ തുടങ്ങി: "ഹോ! എന്തെല്ലാം ശല്യങ്ങളാണ്! കിളികൾ, പ്രാണികൾ, കുരങ്ങന്മാർ... ഇതൊന്നുമില്ലാത്ത ഒരു നാട്ടിൽ പോകാൻ പറ്റുമായിരുന്നെങ്കിൽ!" "ഉണ്ട്... അങ്ങനൊരു നാടുണ്ട്... പോരുന്നോ..." ചോദ്യം കേട്ട് കേശു തിരിഞ്ഞു നോക്കി.

ഹെന്റമ്മോ! അതാ ഒരു വമ്പൻ പക്ഷി! സാധാരണ പക്ഷികളേക്കാൾ പതിൻമടങ്ങ് വലുപ്പം ഉണ്ടായിരുന്നു ആ പക്ഷിക്ക്!

എന്തെങ്കിലും പറയാൻ സമയം കിട്ടും മുൻപേ പക്ഷി കേശുവിനെ റാഞ്ചിയെടുത്തു പറന്നു! പേടിച്ചുപോയ കേശു കണ്ണടച്ചുകൊണ്ട് പക്ഷിയുടെ കാലിൽ മുറുകെ പിടിച്ചുകിടന്നു. കണ്ണുതുറന്നപ്പോൾ കേശു ഒരു ദ്വീപിൽ ആണ്.

"ഇത് ഒരു ഒറ്റപ്പെട്ട ദ്വീപാണ്, ഇവിടെ യാതൊരു ശല്യങ്ങളുമില്ല, ഇനി മുതൽ നിങ്ങൾക്ക് ഇവിടെ കഴിയാം." പക്ഷി പറഞ്ഞു.

കേശു ചുറ്റും നോക്കി. ഈച്ച പോലുമില്ലാത്ത ഒരു ദ്വീപ്. കിളികളോ ശലഭങ്ങളോ ഒന്നുമില്ല. മരങ്ങൾപോലും അനങ്ങുന്നില്ല! പേടിപ്പിക്കുന്ന നിശബ്ദത മാത്രം! "ഇതാ... താങ്കൾ ആഗ്രഹിച്ച സ്ഥലം..." "ശേരി, ഞാനും പോവുകയാണ്. ഇനി ശല്യങ്ങൾ ഇല്ലാത്ത ഈ നാട്ടിൽ നിങ്ങൾ മാത്രം!" പക്ഷി പറഞ്ഞു.

കേശു പേടിച്ചു വിറച്ചുപോയി. "ദൈവമേ, ഈ പക്ഷി കൂടി പോയാൽ പിന്നെ ഞാൻ പേടിച്ചു മരിച്ചത് തന്നെ!" "ഹയ്യയ്യോ! എന്നെ ഒറ്റയ്ക്കാക്കി പോകല്ലേ! എന്നെ എന്റെ നാട്ടിൽ കൊണ്ട് വിടണേ..." കേശു ഉറക്കെ കരയാൻ തുടങ്ങി. ഇത് കേട്ടപ്പോൾ പക്ഷിക്ക് അയാളോട് ദയ തോന്നി. ദയ തോന്നിയ പക്ഷി കേശുവിനെ തിരികെ അയാളുടെ കൃഷി സ്ഥലത്തു കൊണ്ടാക്കി. തന്റെ കൃഷി സ്ഥലത്തു തിരിച്ചിറങ്ങിയപ്പോഴേ കേശുവിന് സമാധാനമായുള്ളു.

അപ്പോൾ പക്ഷി പറഞ്ഞു: "കേശു, ഈ ഭൂമിയിൽ ഉള്ളതൊന്നും ശല്യമല്ല. ഉറുമ്പും കിളികളും പൂക്കളും ഒക്കെ ഉള്ളത് കൊണ്ടാണ് ഈ ഭൂമി നമുക്ക് ഒരിക്കലും മടുക്കാത്തത്..." ഇത് പറഞ്ഞു കൊണ്ട് പക്ഷി പറന്നുപോയി...

**പ്രണേഷ്‌രാജ്**
9 എസ് .കെ .വി.എച്ച്.എസ് .എസ് .നന്ദിയോട്
പാലോട് ഉപജില്ല, തിരുവനന്തപുരം

# മാറാത്ത നൊമ്പരം

ഓരോ ദിവസവും ചക്രവാളത്തിൽ സൂര്യൻ അസ്തമിക്കുന്നതും നോക്കി അവൾ നിന്നു. നിലാവുള്ള രാവ് ഒരുക്കിയ നിശബ്ദതയിൽ അവൾ രാത്രിയുടെ സൗന്ദര്യം ആസ്വദിച്ചു എപ്പോഴോ അവൾ ഉറങ്ങിപ്പോയി

മനോഹരമായ ഒരു അവധിക്കാലം, റോഡിലും പാടവരമ്പത്തും പുഴയോരങ്ങളിലും കുട്ടികൾ തിമിർത്തു കളിക്കുന്നു. വീട്ടിലെ നാട്ടുമാവിന്റെ കൊമ്പിൽ നിറയെ മാമ്പഴം, അതിന്റെ ചില്ലയിൽ ഒരു ഊഞ്ഞാല്. തൊട്ടപ്പുറത്തെ ഒരു കളിവീട്, കൂട്ടുകാർ, വെയിലറിയാതെ ഇണക്കങ്ങളും പിണക്കങ്ങളുമായി കളിച്ചുകൊണ്ടിരിക്കുന്നു. അവരുടെ കൂട്ടത്തിൽ ഞാനും എന്റെ അനുജനും

"ഉണ്ണിമായേ എഴുന്നേൽക്ക്," അടുക്കളയിൽ നിന്ന് അമ്മ ഉറക്കെ വിളിച്ചു. അവൾ ഉണർന്നു. ജനൽച്ചില്ലിലൂടെ സൂര്യപ്രകാശം അവളെ സ്പർശിച്ചു. ഞാൻ സ്വപ്നം കണ്ടതാണോ? ചായയും കുടിച്ച് ഒരു ചാരുകസേരയിൽ പത്രം വായിച്ചു കൊണ്ടിരിക്കുകയായിരുന്നു അച്ഛൻ. ഉണ്ണിമായ എണിറ്റു വരുന്നത് കണ്ട അച്ഛൻ പറഞ്ഞു, "പുറത്തെങ്ങും പോയി കളിക്കരുത് ട്ടോ മോളെ".

അവൾ ആലോചിച്ചു കഴിഞ്ഞ അവധിക്കാലം എന്ത് രസമായിരുന്നു , വേനലവധി പൂരത്തിന്റെ കാലം കൂടിയാണ്, പിന്നെ വിഷു, എല്ലാവരും ചേർന്നു പൂരത്തിന് പോകുന്നതും വിഷുക്കണി ഒരുക്കുന്നതും, പടക്കം കമ്പിത്തിരി, തറവാട്ടിനു കൊണ്ടുവരുന്ന പഞ്ചാര മാങ്ങ, യാത്രകൾ അങ്ങനെ എന്ത് സന്തോഷമായിരുന്നു, കൂടാതെ കിഴക്കേലെ കാവിലെ വിഷുപ്പൂരം. പൂരത്തിന് വരുന്ന ആനയെ ഞങ്ങടെ പറമ്പിൽ തളയ്ക്കുമ്പോൾ മാറിനിന്ന് കാണാറുള്ളത് . അന്ന് വീട്ടിലിരുന്നാൽ തന്നെ പൂരത്തിന്റെ കൊട്ട് കേൾക്കാം, പിന്നെ പൂരം കാണാൻ വരുന്ന എന്റെയും അനിയന്റെയും കൂട്ടുകാർ ബന്ധുക്കൾ അങ്ങനെ എവിടെയും സന്തോഷം അലതല്ലിയ നാളുകൾ... എന്നാൽ ഈ അവധികം ഉണ്ണിമായക്ക് നൽകിയത് ജയിൽ വാസത്തിന്റെ പ്രതീതിയായിരുന്നു.

ഇപ്പോൾ വല്ലാത്ത നിശബ്ദത എല്ലായിടത്തും താളം കെട്ടി നില്കുന്നു. നാല് ചുവരുകൾക്കുള്ളിൽ ലോക്ക്ഡൗൺ ആകേണ്ടി വന്ന നാളുകൾ. പുറത്തിറങ്ങാൻ വയ്യ, കൂട്ടുകാരോടൊത്തു കളിയ്ക്കാൻ വയ്യ, പൂരത്തിന്റെ ബഹളവുമില്ല മുറ്റത്തും വീട്ടിലുമായി കഴിച്ചു കൂട്ടേണ്ടിവന്ന ഒരവധിക്കാലം അവൾ കൊറോണയല്ലാതെ മറ്റൊന്നും ആർക്കും സംസാരിക്കാനുമില്ല. ഇങ്ങനെ ഒരു അവസ്ഥ അവളുടെ സ്വപ്നങ്ങളിൽ പോലുമില്ലായിരുന്നു. എങ്കിലും ഈ മഹാമാരി താൻമൂലം മറ്റൊരാളിലേക്ക് പകരരുത് എന്ന് അവൾക്കു ബോധ്യമുണ്ടായിരുന്നു

എന്നിരുന്നാലും വളരെ വ്യത്യസ്തമായ ഈ അവധിക്കാലം നൊമ്പരപ്പെടുത്തുന്ന ഒരു ഓർമയായി അവൾ എന്നും ഓർത്തിരിക്കും.

**ദേവിക രമേശ്**
7 ഇ, ശ്രീകൃഷ്ണ ഹയർ സെക്കണ്ടറി സ്കൂൾ ആനന്ദപുരം
ഇരിഞ്ഞാലക്കുട ഉപജില്ല, തൃശ്ശൂർ

# ഇനിയെത്ര കാലം

ഞാനൊരു നാട്ടുമാവ് ആണ്. ആരോ കഴിച്ചിട്ട വിത്തിൽ നിന്ന് ഉണ്ടായതാണ് ഞാൻ. ഒരുപാടൊരുപാട് മഴക്കാലവും മഞ്ഞുകാലവും വേനൽക്കാലവും ഒക്കെ കണ്ടു ഞാൻ. മാമ്പഴ കാലങ്ങളെല്ലാം എനിക്ക് ഏറെ സന്തോഷകരമാണ്.കാരണം മഴ പെയ്തുതീർന്നു കഴിയുമ്പോൾ ഉള്ള ആകാശം കാണാൻ വളരെ മനോഹരമായിരിക്കും. ചിലപ്പോൾ മഴവില്ല് കാണാം. എന്തു ഭംഗിയാണ് മഴവില്ല്. പിന്നെ പാടങ്ങളിലെ നെൽച്ചെടിയുടെ ഇലകളിൽ എല്ലാം മുത്തുകൾപോലെ സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്ന മഴത്തുള്ളികൾ. ഇതു രണ്ടും കാണുമ്പോൾ എന്തു ഭംഗിയാണ്. ഓരോ മഴത്തുള്ളി വീഴുമ്പോഴും എന്റെ ദേഹം തണുത്തു വിറയ്ക്കും. പക്ഷേ എനിക്ക് അത് ഏറെ ഇഷ്ടമാണ്. കുട്ടികൾ കളിക്കുന്ന ഓരോ കളിയിലും ഞാനും കൂടാറുണ്ട്. ആടിയുലഞ്ഞ് ഞാൻ അവരോടൊപ്പം കളിക്കും. അവർ എറിയുന്ന ഓരോ ഏറും എന്റെ ദേഹത്ത് കൊള്ളുമ്പോൾ എനിക്ക് വേദനിക്കാറെ ഇല്ല. കുട്ടികൾ എൻറെ ദേഹത്ത് കയറി തൂങ്ങി കളിക്കുമായിരുന്നു. കാറ്റടിക്കുമ്പോൾ ആടി ഉലയുന്ന എന്റെ ശാഖകൾ എല്ലാം കുട്ടികൾക്ക് തണലേകി. വേനലവധിക്കാലം ആകുമ്പോൾ കുട്ടികൾ എല്ലാം എൻറെ ദേഹത്ത് കയറലും മാങ്ങ പറിക്കലും എന്റെ തണലിൽ ഇരുന്ന് കഥകൾ പറയലും പലപല കളികളുമായി പൊടിപൊടിക്കും. എന്റെ തണലിൽ ഇരുന്ന് കളിക്കുന്ന കുട്ടികൾ ഒരിക്കലും തളരാറില്ല. ഓരോ കളിക്ക് ശേഷവും അവർ മാങ്ങ പറിച്ചു തിന്നും. പക്ഷേ ഇന്ന് കാലം മാറി. ശാസ്ത്രം വളർന്നു. ആർക്കും ഒന്നിനും സമയമില്ല. കുട്ടികൾ കമ്പ്യൂട്ടറിന്റെയും മൊബൈൽഫോണിന്റെയും അടിമയായി. എന്റെ കൂടെ കളിക്കാനും മാങ്ങ പറിക്കാനും ആരുമില്ല. വയലുകൾ നികത്തി, നാട്ടിൻപുറത്തെ മൺപാത എല്ലാം കോൺക്രീറ്റ് പാതകളാക്കി. പ്രകൃതിയുടെ മനോഹാരിത ഇന്ന് നഷ്ടമായിരിക്കുന്നു. എങ്ങും ബഹുനിലക്കെട്ടിടങ്ങൾ. പുകയും പൊടിപടലങ്ങളും കൊണ്ട് അന്തരീക്ഷം മലിനമായിരിക്കുന്നു. കുട്ടികൾ എന്റെ അടുത്തേക്ക് വരുന്നില്ല. മാതാപിതാക്കൾ അവരെ പുറത്തേക്ക് വിടുന്നില്ല. ചുറ്റുപാടുകളിൽ ഒരുപാട് മാറ്റം വന്നു. വാഹനങ്ങളുടെ എണ്ണം കൂടി . കാളവണ്ടിയും സൈക്കിളും ഒക്കെ കണ്ടു വളർന്നതാണ് ഞാൻ. ഇപ്പോൾ പലതരം കാറുകൾ ബൈക്കുകൾ. അതെല്ലാം സഹിക്കാം അവയിൽനിന്നുള്ള പുക അതെന്നെ ശ്വാസം മുട്ടിക്കുന്നു. ആരും എന്നെ ശ്രദ്ധിക്കുന്നില്ല. എനിക്കും പ്രായമേറെ ആയിരിക്കുന്നു. എന്റെ മനസ്സും മരവിച്ചു പോയിരിക്കുന്നു. ഇനിയെത്ര കാലം...

**മാളവിക ജെ എം**
ക്ലാസ് 5, എൻ.എസ്.എസ്.എച്ച്.എസ്.എസ് മടവൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# നന്മയുടെ കണിക്കൊന്ന

എല്ലാവരും കാത്തിരുന്ന ആ കണിക്കൊന്നയുടെ കാലം ആഗതമായി. പക്ഷെ കൊറോണ എന്ന മഹാമാരി വന്നു കേരളം ആകെ ലോക്ക്ഡൗൺ ആയി. ഒരു ചെറിയ ഗ്രാമത്തിലെ കുറേ കുട്ടികൾ, അവർ എന്നും ഒന്നിച്ചു കളിക്കുമായിരുന്നു. പക്ഷെ ഈ മഹാമാരിയെ തുരത്താൻ അവർ ഒരു തീരുമാനം എടുത്തു. ഇനി സർക്കാർ എന്ന് പുറത്തിറങ്ങാൻ പറയുന്നോ അന്ന് നമ്മൾ ഒരുമിച്ചിരുന്നു കളിതുടങ്ങും. ആ കുട്ടികൾ എല്ലാവരും അടുത്തടുത്ത വീടുകളിൽ ആയിരുന്നു താമസം. അവർ ജനാലകളിലൂടെ തമ്മിൽ തമ്മിൽ സംസാരിക്കുമായിരുന്നു. പക്ഷെ അതിൽ ഒരു കുട്ടിമാത്രം എന്നും സംസാരിക്കുമ്പോൾ സങ്കടപെട്ടാണ് ഇരിക്കുന്നത്. മറ്റു കൂട്ടുകാർ അതിനെപ്പറ്റിയായി ചർച്ച. ജനലുകൾ വഴിയായിരുന്നു അവരുടെ ചർച്ച. ഒരാൾ മറ്റൊരാളോട് അയാൾ അടുത്തയാളോട് അങ്ങനെ. ഒരു ദിവസം വീട്ടിൽ നിന്ന് ഒരു അയൽക്കാരി സങ്കടപ്പെട്ടിരിക്കുന്ന കുട്ടിയുടെ അമ്മയോട് ചോദിച്ചു.

"എന്തുപറ്റി മോൻ സങ്കടപ്പെട്ടിരിക്കുന്നത്?"

ആ കുട്ടിയുടെ അമ്മ പറഞ്ഞു, "ഞങ്ങൾ എന്നും ദിവസക്കൂലിക്ക് അല്ലേ ജോലിചെയ്യുന്നത്. കൂലികിട്ടാത്തതിനാൽ വീട്ടിലെ അടുക്കളയിൽ ഒന്നുമില്ല. അവൻ ഇന്ന് ഒന്നും കഴിച്ചിട്ടില്ല".

ഇത് അയൽക്കാരി അവരുടെ കുട്ടികളോട് പറഞ്ഞു. അങ്ങനെ ആ കൂട്ടുകാർ എല്ലാവർക്കും കാര്യം മനസിലായി. അവരുടെ ആ കളിക്കൂട്ടത്തിൽ ആ കുട്ടി ഒഴികെ എല്ലാവർക്കും രണ്ടുമൂന്നു മാസം കഴിയാനുള്ള പണം കയ്യിലുണ്ടായിരുന്നു. ആ കൂട്ടുകാർ തങ്ങളുടെ സുഹൃത്തിനെയും കുടുംബത്തെയും സഹായിക്കാൻ തീരുമാനിച്ചു. അവരുടെ അമ്മമാരിൽ മിക്കവർക്കും തയ്യൽ അറിയാമായിരുന്നു. മാത്രമല്ല അവരുടെ വീടുകളിൽ തയ്യൽ മെഷീനും ഉണ്ടായിരുന്നു. അവർ പഴയ തുണികൾ കഴുകി വൃത്തിയാക്കി അതുപയോഗിച്ചു ഒരുപാട് മാസ്കുകൾ തയ്ച്ചെടുത്തു. രണ്ടുപേർ വീതം ഓരോദിവസവും ആയി അതുമുഴുവൻ വിറ്റഴിച്ചു. അങ്ങനെ കിട്ടിയ പണം ഉപയോഗിച്ച് ആ സുഹൃത്തിന്റെ വീട്ടിലേക്ക് അത്യാവശ്യ സാധനങ്ങൾ വാങ്ങി നൽകി. അതുകൂടാതെ, വിഷുനാളിൽ ആ കൂട്ടുകാർ തങ്ങൾക്ക് കിട്ടിയ കൈനീട്ടം എല്ലാം കൂട്ടിവച്ച് തങ്ങളുടെ പ്രിയപ്പെട്ട കൂട്ടുകാരന്റെ വീട്ടിലേക്ക് ആവശ്യമായ സാധനങ്ങൾ എല്ലാം വാങ്ങി കൊടുത്തു.

അങ്ങനെ ഈ കൊറോണ കാലത്തും തമ്മിൽ തമ്മിൽ സഹായിക്കുന്ന ആ കൂട്ടുകാർ നമുക്ക് എല്ലാവർക്കും ഒരു ഉത്തമ മാതൃകയായി.

**ശ്രീലക്ഷ്മി എസ്**
6 സി, എൻ എസ് എസ് എച്ച് എസ് എസ് കിടങ്ങൂർ
ഏറ്റുമാനൂർ ഉപജില്ല, കോട്ടയം

# അശ്രദ്ധ

രാഹുൽ 20 വയസ്സുള്ള ചെറുപ്പക്കാരനാണ്. അദ്ദേഹം പ്ലസ് ടു പഠനത്തിനുശേഷം കൂട്ടുകാരോടൊപ്പം തൻറെ ജീവിതം ആഘോഷിക്കുകയാണ്. തൊഴിൽരഹിതൻ ആണ് . താൻ തന്നെ ശരി എന്ന മട്ടും ചിന്തയുമാണ്അയാൾക്ക് . മറ്റാരുടെയും അഭിപ്രായങ്ങൾക്ക് അയാൾ യാതൊരു വിലയും കൽപ്പിക്കാറില്ല. രാഹുലിനെ ഒരു ചേച്ചിയുണ്ട് രേവതി. രേവതി വിവാഹിതയാണ്. രേവതിയുടെ ഭർത്താവ് മിലിറ്ററിയിലാണ്. അതുകൊണ്ട് രേവതി, അവളുടെ ഒമ്പതുമാസം പ്രായമുള്ള കുഞ്ഞിനെയും കൊണ്ട് അവളുടെ വീട്ടിൽ ആണ് താമസം. രാഹുലിന് ആ കുഞ്ഞിനെ ജീവനാണ്.അങ്ങനെയിരിക്കെയാണ് സർക്കാർ 21 ദിവസത്തെ ലോക്ക് ഡൗൺ പ്രഖ്യാപിച്ചത് . ആദ്യത്തെ രണ്ടു ദിവസം രാഹുൽ വളരെ കഷ്ടപ്പെട്ട് വീട്ടിൽ കഴിഞ്ഞു കൂടി. മൊബൈലും, ഉറക്കവും, തീറ്റയും, കുടിയും മാത്രം . ഭ്രാന്ത്പിടിച്ച അവസ്ഥ. ഒന്ന് പുറത്തിറങ്ങാൻ അവന് വെമ്പൽ ആയി. അങ്ങനെയിരിക്കെ രാഹുലിനെ കൂട്ടുകാരനായ ആനന്ദിനെ അവൻ വീട്ടിൽ വിളിച്ചുവരുത്തി. എന്നിട്ട് അവർ പുറത്തു പോകാൻ ആലോചിച്ചു. ഇത് കണ്ട് രാഹുലിന്റെ അച്ഛനും അമ്മയും അവനെ തടഞ്ഞു. അവർ അവരോടുള്ള വാശി കൊണ്ട് വേഗം ബൈക്കെടുത്ത് പുറത്തു പോയി.

അങ്ങനെ അവർ സ്ഥിരം പോകാറുള്ള ബസ് സ്റ്റോപ്പിൽ എത്തി. രാഹുൽ ഇറങ്ങി ബസ്സ്റ്റോപ്പിൽ ഇരുന്നു. കുറേ മണിക്കൂറുകൾ അവർ അവിടെ ചിലവഴിച്ചു. ‘‘എന്തൊരാശ്വാസം, മനസ്സിന്റെ വിങ്ങൽ മാറി, എത്ര എന്നുവച്ചാ അടച്ചിട്ടിരിക്കുക‘അവൻ പറഞ്ഞു. എന്നിട്ട് തിരിച്ച് വീട്ടിലെത്തി. രേവതി പറഞ്ഞു, പോയി ഹാൻഡ് വാഷ് ഉപയോഗിച്ച് കൈകഴുകൂ”. അവൻ ഒട്ടും കൂസാതെ കട്ടിലിൽ കൈകാൽ ഇട്ടു കളിക്കുന്ന മുഖത്തു നോക്കി ചിരിക്കുന്ന കുഞ്ഞുവാവയെ എടുത്തു, നെറുകയിലൊരു മുത്തം നൽകി.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ കുഞ്ഞുവാവയ്ക്ക് ചുമയും പനിയും. അവർ പെട്ടെന്ന് കുഞ്ഞുവാവയെ ഹോസ്പിറ്റലിൽ എത്തിച്ചു. ഈ ലക്ഷണങ്ങൾ കണ്ടപ്പോൾ അവർ കോവിഡ് ആണോ എന്ന് തെളിയിക്കാനുള്ള ടെസ്റ്റുകൾ നടത്തി എത്തി. ഒരാഴ്ച കഴിഞ്ഞു റിസൾട്ട് വന്നു, കുഞ്ഞുവാവയ്ക്ക് കോവിഡ് സ്ഥിരീകരിച്ചു. ആരെയും കാണാതെ, ഒരു തെറ്റും ചെയ്യാത്ത കുഞ്ഞുവാവ ഐസൊലേഷൻ വാർഡിൽ ആയി. ഇത് എവിടെ നിന്ന് വന്നു എന്ന് അന്വേഷിച്ചപ്പോഴാണ് അറിയുന്നത്. രാഹുൽ നേരത്തെ ഇരുന്ന ബസ്റ്റോപ്പിൽ ഒരു കോവിഡ് രോഗി വന്നിരുന്നു. രാഹുലിന് തൻറെ തെറ്റ് മനസ്സിലായി. അവൻ ഐസൊലേഷൻ വാർഡിൽ കിടന്നു ഇങ്ങനെ ചിന്തിച്ചു. താൻ പുറത്തുപോകാതെ ഇരുന്നെങ്കിൽ ... അല്ലെങ്കിൽ കൈ ഹാൻഡ് വാഷ് ഇട്ടു കഴുകി ഇരുന്നെങ്കിൽ...

**ആദിത്യ ജി എൽ**
10 എൻ.കെ.എം.ജി.എച്ച്.എസ്.എസ് ധനുവച്ചപുരം
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# അപ്പുവിന്റെ അവധിക്കാലം

ഡോറയുടെ കുര കേട്ടാണ് അപ്പു ഉണർന്നത് . അപ്പുറത്തെ വീട്ടിലെ അമ്മാളുവിന്റെ പട്ടികുട്ടിയാണ് ഡോറ, നല്ല ഭംഗിയുള്ള ഒരു പഗ്ഗ് .

അപ്പുവുണർന്നു ചുറ്റും നോക്കി. അവന് വല്ലാത്ത സങ്കടം തോന്നി.ഇന്നലെയും അച്ഛൻ വന്നില്ല. ഒരാഴ്ചയിലേറെയായി അച്ഛൻ ആശുപത്രിയിലാണ് താമസം. നഗരത്തിലെ ആശുപത്രിയിലെ ഡോക്ടറാണ് അപ്പുവിന്റെ അച്ഛൻ.

അപ്പു അടുക്കളയിലേക്കു ചെന്നു.അമ്മ അടുക്കളയിൽ ജോലിത്തിരക്കിലാണ്. “അമ്മേ അച്ഛൻ ഇന്നും എന്താണ് വരാത്തത്”. അവൻ ചിണുങ്ങി. അമ്മ അവനെ ചേർത്തുപിടിച്ച് നെറുകയിൽ ഉമ്മ വെച്ചുകൊണ്ട് പറഞ്ഞു. “ആശുപത്രിയിൽ ഒരുപാട് രോഗികൾ ഉണ്ട്. കോവിഡ് എന്ന മാരകമായ രോഗം ബാധിച്ച് ഒരുപാട് പേർ മരണത്തോട് മല്ലടിക്കുകയാണ്. അവരുടെയെല്ലാം ജീവൻ രക്ഷിക്കേണ്ടത് അപ്പൂന്റെ അച്ഛന്റെ കടമയാണ്”.

കോവിഡെന്നാൽ എന്താണമ്മേ? ആ അസുഖം എങ്ങനെയാണ് വരുന്നത്? അവന്റെ കുഞ്ഞു മനസ്സിൽ നിറയെ സംശയങ്ങളായിരുന്നു. അമ്മ അവനെയും വിളിച്ചുകൊണ്ടു ഉമ്മറത്തു വന്നിരുന്നു. തൊടിയിലെ പ്ലാവിൽ ചക്ക പഴുത്തിരിക്കുന്നു. രണ്ടു അണ്ണാറക്കണ്ണന്മാർ “ചിൽ ചിൽ” എന്ന് ചിലച്ചുകൊണ്ട് ചാടി നടക്കുന്നു. ചക്കപ്പഴം തിന്നാനുള്ള വരവാണ്. എത്ര കിളികളാണ്. അടക്കാ കുരുവിയും മൈനയും മാടതത്തയും ഇരട്ടത്തലയനും ഒക്കെയായി ഒരുപാടു കിളികൾ. ഉമ്മറത്തിരുന്ന് ആ കാഴ്ചകളൊക്കെ കാണുന്നത് അപ്പൂന് വലിയ ഇഷ്ടമാണ്.

വൈകുന്നേരം അപ്പുറത്തെ വാസുവേട്ടന്റെ പാടത്തു ക്രിക്കറ്റ് കളിക്കാൻ പോകാറുണ്ട്. ഉണ്ണിയും പക്രുവും അമ്മാളുവും അനുകുട്ടിയും ഒക്കെ കളിക്കാൻ വരാറുണ്ട്. പക്ഷേ ഇത്തവണ സ്കൂൾ അടച്ചിട്ട് ആരെയും കളിക്കാൻ കണ്ടില്ല. കൊറോണയെ പേടിച്ച് വീട്ടിലിരിക്കുകയാണത്രെ. “അമ്മേ എന്താണീ കൊറോണ” അപ്പു വീണ്ടും ചോദിച്ചു. “മോനേ ആർക്കും കാണാൻപറ്റാത്ത ഒരു ഇത്തിരിക്കുഞ്ഞൻ വൈറസാണത്. അത് നമ്മുടെ ശരീരത്തിൽ കടന്നാൽ മരണം വരെ സംഭവിക്കാവുന്ന മാരകമായ അസുഖമായിത്തീരും. ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് ഈ രോഗം വളരെ

വേഗം പകരുകയും ചെയ്യും. ഈ രോഗം വന്നിട്ട് ഒരുപാടുപേർ ആശുപത്രിയിൽ എത്തിയിട്ടുണ്ട്. അവരെയൊക്കെ രക്ഷിക്കുന്ന ജോലിയാണ് അപ്പുവിന്റെ അച്ഛൻ ചെയ്യുന്നത്". അതു കേട്ടപ്പോൾ അപ്പുവിന് വലിയ സന്തോഷമായി. "ദൈവങ്ങളല്ലേ എല്ലാരേയും രക്ഷിക്കുന്നത്. അപ്പോൾ അപ്പൂന്റെ അച്ഛനും ദൈവമാണല്ലേ", അവൻ ചോദിച്ചു. "പക്ഷേ അച്ഛനും ഈ അസുഖം വരുമോ അമ്മേ?" അവൻ വിഷമത്തോടെ ചോദിച്ചു. അമ്മ അവനെ ചേർത്തുപിടിച്ചുകൊണ്ട് പറഞ്ഞു. "അച്ഛന് ഒരുപാടുപേരുടെ ജീവൻ രക്ഷിക്കേണ്ടതല്ലേ. അച്ഛന് ആ അസുഖം വരാതിരിക്കാൻ നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. ദൈവം മനുഷ്യർക്കും ഭൂമിയിലെ ജീവജാലങ്ങൾക്കുമായി ഒരുപാട് നന്മകൾ തന്നിട്ടുണ്ട് . ദുരാഗ്രഹിയായ മനുഷ്യൻ പ്രകൃതിയിലെ നന്മകളെല്ലാം നശിപ്പിച്ച് എല്ലാം തനിക്കു മാത്രമായി വെട്ടിപിടിക്കാൻ ശ്രമിച്ചു. പുഴയും വനങ്ങളും പാടവും ഇവിടുത്തെ ജീവജാലങ്ങളെയും എല്ലാം നശിപ്പിച്ച് പ്രകൃതിയെ താറുമാറാക്കിയപ്പോൾ ദൈവം തന്ന ശിക്ഷയാണ് ഈ അസുഖം. ചൈനയിലെ ഒരു വനത്തിൽ നിന്ന് ഏതോ കാട്ടുമൃഗത്തെ വേട്ടയാടി പിടിച്ചുതിന്ന മനുഷ്യനാണ് ഈ അസുഖം ആദ്യം വന്നത്. അയാളിൽ നിന്ന് ഒന്നൊന്നായി ലോകം മുഴുവൻ ഈ രോഗം പടർന്നു. ഇന്ന് ഭൂമിയിൽ മുഴുവൻ ഈ രോഗം നിറഞ്ഞിരിക്കുകയാണ്. ആർക്കും പുറത്തേക്കിറങ്ങാൻ പറ്റാതെ വീട്ടിൽ തന്നെ ഇരിക്കുന്നു. പുറത്തിറങ്ങിയാൽ നമ്മളിലേക്കും ഈ രോഗം പകരും." അപ്പുവിന് കൊറോണ എന്ന കുഞ്ഞൻ വൈറസ് പരത്തുന്ന കോവിഡ് എന്ന രോഗത്തെ കുറിച്ച് കുറെ കാര്യങ്ങൾ മനസിലായി. "നമുക്ക് അസുഖം വരാതിരിക്കാൻ എന്ത് ചെയ്യണം അമ്മേ?" അവൻ ചോദിച്ചു. "നമ്മൾ വ്യക്തിശുചിത്വം പാലിച്ചാൽ മതി അപ്പു. വൃത്തിയായി കുളിക്കുക, ഇടയ്ക്കിടക്ക് സോപ്പ് ഉപയോഗിച്ച് നന്നായി കൈ കഴുകുക, പുറത്തിറങ്ങരുതെന്ന് സർക്കാർ പറഞ്ഞിരിക്കുന്ന ലോക്ഡൗൺ കാലത്ത് വീട്ടിൽ തന്നെ കഴിയുക. ഇത്രയും ചെയ്താൽ മതി മോനേ". "ശരി അമ്മേ അപ്പു കുളിച്ചിട്ട് വരാം. എന്നിട്ട് അച്ഛനെ വിളിക്കാം". ഇതും പറഞ്ഞവൻ കുളിമുറിയിലേക്കോടി...

**വൈഷ്ണവ് വി നായർ**
8 ബി
കാർഡിനൽ എച്ച് എസ് തൃക്കാക്കര
ആലുവ ഉപജില്ല, എറണാകുളം



# ഒന്നിച്ചുപൊരുതാം, കീഴടക്കാം

“അമ്മു... മോളേ അമ്മു...” മുത്തശ്ശി എന്നെ ചോറുണ്ണാൻ വിളിക്കുകയാണ്. വിളികേട്ട് ഞാൻ വരാന്തയിൽ നിന്ന് അകത്തേക്ക് ചെന്നു ചോദിച്ചു: “എന്താ മുത്തശ്ശി?” “അമ്മൂന് ചോറു കഴിക്കണ്ടേ... വാ, മോൾക്ക് മുത്തശ്ശി വാരി തരാം.” “അമ്മൂന് ചോറ് വേണ്ട. എനിക്ക് അമ്മയെ കാണണം. ചോറ് അമ്മ വാരി തന്നാൽ മതി.” “അതിന് അമ്മ ഇവിടെ ഇല്ലല്ലോ മോളെ... മോൾ ഇങ്ങ് വന്നേ, മോൾക്ക് മുത്തശ്ശി ചോറ് വാരി തരാം.” “വേണ്ട, അതു പറ്റില്ല. എനിക്കിപ്പോൾ തന്നെ അമ്മയെ കാണണം.” “അതിന് അമ്മ ജോലിക്ക് പോയിരിക്കുക അല്ലേ മോളേ.” “എത്ര ദിവസമായി അമ്മ പോയിട്ട്. എന്നിട്ട് ഇതുവരെ വന്നില്ലല്ലോ.” “അമ്മയ്ക്ക് ജോലിത്തിരക്ക് ആയതുകൊണ്ടല്ലേ മോളെ. അമ്മയുടെ ജോലിയൊക്കെ കഴിഞ്ഞാ അമ്മ അമ്മുവിന്റെ അടുത്തവരില്ലേ.” “അങ്ങനെ പറഞ്ഞാൽ പറ്റില്ല. അമ്മു അമ്മേനെ കണ്ടിട്ട് എത്ര നാളായി. അമ്മ പോയശേഷം ആകെ കണ്ടത് അന്ന് ഞാനും അച്ഛനും കൂടി ബൈക്കിൽ അമ്മയെ കാണാൻ പോയപ്പോഴാ. അന്നും അമ്മയെ ശരിക്ക് കാണാൻ പറ്റിയില്ല. ദൂരെ നിന്ന് ഒന്ന് നോക്കാനേ പറ്റിയുള്ളൂ. അമ്മയുടെ അടുത്ത് പോവാനോ അമ്മേ കെട്ടിപ്പിടിക്കാനോ ഉമ്മ കൊടുക്കാനോ ഒന്നും പറ്റിയില്ല. അമ്മേം അമ്മൂനെ ദൂരെനിന്ന് നോക്കിയേ ഉള്ളൂ. അടുത്തൊന്നും വന്നില്ല.” “അതു സാരമില്ല മോളെ... അമ്മ ഇവിടെ വന്നാ മോൾക്ക് അമ്മയെ കാണാലോ... മോൾ ആദ്യം ഈ ആഹാരം കഴിക്ക്.” “ഇല്ല. എനിക്ക് ചോറ് വേണ്ട എനിക്ക് അമ്മയെ കാണണം. മുത്തശ്ശി എന്നെ അമ്മേടെ അടുത്തേക്ക് കൊണ്ടുപോകുമോ... പ്ലീസ് മുത്തശ്ശി... ഞാൻ മുത്തശ്ശി പറയുന്നതൊക്കെ കേൾക്കാറില്ലേ... മുത്തശ്ശി എന്നോട് ഇടയ്ക്കിടെ കൈ കഴുകണം എന്ന് പറയാറില്ലേ, ഞാനത് ചെയ്യാറില്ലേ... പിന്നെ പുറത്തിറങ്ങി കളിക്കരുത് എന്നും എവിടെയും പോകരുത് എന്നും പറയാറില്ലേ, ഞാൻ അതും ചെയ്യാറില്ലേ... അങ്ങനെ മുത്തശ്ശി പറയുന്നതൊക്കെ ഞാൻ കേൾക്കാറില്ലേ...” “അതിന് മോളെ ഇതൊന്നും മുത്തശ്ശി പറയുന്നതല്ല. നമുക്കെല്ലാവർക്കും രോഗങ്ങളൊന്നും വരാതിരിക്കാനായി കഷ്ടപ്പെടുന്ന മോൾടെ അമ്മയെപോലുള്ള അനേകം പേരുണ്ട്. അവരൊക്കെ ചേർന്ന ഒരു മേഖലയാണ് ആരോഗ്യവകുപ്പ്. അവർ നമുക്ക് നൽകുന്ന നിർദ്ദേശങ്ങൾ ആണ് ഇതൊക്കെ.” “മുത്തശ്ശി എന്നെ അമ്മയുടെ അടുത്ത് കൊണ്ടുപോകുമോ എന്ന് പറ.” “ശരി കൊണ്ടുപോകാം. പക്ഷേ ആദ്യം മോൾ ഈ ചോറ് കഴിക്ക്. എന്നിട്ട് കൊണ്ടുപോകാം.'' ‘‘കഴിച്ചാ മുത്തശ്ശി കൊണ്ടുപോകുമോ.” “കൊണ്ടുപോകാം”. “ഉറപ്പാണോ”, “ഉറപ്പ്. സത്യായിട്ടും കൊണ്ടുപോകാം.” “എന്നാൽ ഞാൻ ചോറുണ്ണാം.” “ശരി. മോളു ഈ ചോറ് കഴിക്ക്. മുത്തശ്ശി അടുക്കളയിലേക്ക് പോട്ടെ.” മുത്തശ്ശി അടുക്കളയിലേക്ക് പോയി. ഞാൻ ചോറു മുഴുവൻ ഉണ്ട് കൈ കഴുകിയ ശേഷം മുത്തശ്ശിയെ വിളിച്ചു. മുത്തശ്ശി

വരാന്തയിലേക്ക് വന്നു. ഞാൻ ചോദിച്ചു: "മുത്തശ്ശി, ഞാൻ ചോറ് കഴിച്ചു കഴിച്ചു നമുക്കിനി അമ്മേ കാണാൻ പോകാം." "മുത്തശ്ശി മോൾക്ക് ഒരു കഥ പറഞ്ഞു തരട്ടെ..." "അപ്പോ അമ്മയെ കാണാൻ പോകുന്നില്ലേ." "അമ്മയെ കാണാൻ കഥ പറഞ്ഞിട്ട് പോകാം." "എന്നാൽ ശരി കഥ പറഞ്ഞോ." "ഒരിടത്ത് ഒരു ചെറുപ്പക്കാരൻ ഉണ്ടായിരുന്നു. ഒരു ദിവസം അവൻ അടുത്തുള്ള കാട്ടിലേക്ക് പോയി ഒരു പന്നിയെ കൊന്നു കൊണ്ടുവന്നു. ആ പന്നിയുടെ ശരീരത്തിൽ ഒരു മാരകരോഗം പടർത്തുന്ന രോഗാണുക്കൾ ജീവിച്ചിരുന്നു. ഈ ചെറുപ്പക്കാരൻ ആ പന്നിയെ കൊണ്ടുവന്നു വെട്ടിനുറുക്കി ആളുകൾക്ക് വിറ്റു. ഇതിനിടയിൽ ആ രോഗാണുക്കൾ അവന്റെ ശരീരത്തിലേക്ക് കയറിപ്പറ്റി. അവൻ കഴിച്ച ആഹാരം വഴി അവ അവന്റെ ശരീരത്തിൽ കയറിപ്പറ്റി അവന്റെ ശരീരം മുഴുവൻ രോഗം പടർത്താൻ തുടങ്ങി. കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ അവന് ശക്തമായ പനി അനുഭവപ്പെട്ടു. അതറിഞ്ഞ് അവന്റെ അയൽവാസികളും ബന്ധുക്കളും അവനെ കാണാനെത്തി. അവനെ തൊടുകയും പരിചരിക്കുകയും ചെയ്ത അവരിലേക്ക് ഒക്കെ ഈ രോഗാണുക്കൾ കയറിപ്പറ്റി. അവരെയൊക്കെ രോഗബാധിതർ ആക്കി മാറ്റി. ഇവരുമായി സമ്പർക്കം പുലർത്തിയ ആളുകളിലേക്കും ഈ രോഗം പടർന്നു. അങ്ങനെ ആ നാട്ടിലെ ഒട്ടുമുക്കാൽ പേരും രോഗബാധിതരായ മാറി. അവിടെ നിന്നും നമ്മുടെ നാട്ടിലേക്ക് വന്നവർ വഴി ഇവിടെയുള്ളവർക്കും ഈ രോഗം പിടിപെട്ടു. ഇത് അനേകം പേരുടെ മരണത്തിനിടയാക്കി. ഈ രോഗത്തെ നേരിടാൻ നമ്മുടെ ആരോഗ്യവകുപ്പ് കഠിനമായി പ്രയത്നിച്ചുകൊണ്ടിരിക്കുകയാണ്. മോളുടെ അമ്മ അടക്കം ഒട്ടേറെപ്പേർ രാപ്പകലില്ലാതെ കൃത്യമായി ആഹാരംപോലും കഴിക്കാതെ ഈ രോഗത്തെ പ്രതിരോധിക്കാൻ കഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്." "ഈ രോഗത്തെ എങ്ങനെയാ മുത്തശ്ശി പ്രതിരോധിക്കുന്നത്?" "മോൾ ചെയ്യുന്നതുപോലെ ഇടയ്ക്കിടെ കൈ കഴുകുകയും പുറത്തിറങ്ങാതെ ഇരിക്കുകയും ഒക്കെ ചെയ്താൽ ഈ രോഗത്തെ പ്രതിരോധിക്കാം. വ്യക്തി ശുചിത്വവും സാമൂഹിക അകലം പാലിക്കലും ആണ് ഇതിനുള്ള പ്രതിരോധ മാർഗം." "കൈ കഴുകിയാൽ എങ്ങനെയാണ് രോഗപ്രതിരോധം നടക്കുന്നത്?" "നമ്മൾ ഇടയ്ക്കിടെ സോപ്പും വെള്ളവും ഉപയോഗിച്ച് കൈ കഴുകുമ്പോൾ ഈ രോഗാണുക്കൾ നമ്മുടെ കയ്യിലുണ്ടെങ്കിൽ അവൻ നശിച്ചുപോകുന്നു." "ഞാനിനി അമ്മയെ കാണാൻവേണ്ടി വാശിപിടിക്കില്ല മുത്തശ്ശി... എനിക്ക് രോഗം വരാതിരിക്കാൻ വേണ്ടിയല്ലേ അമ്മ എന്റെ അടുത്ത് വരാതിരിക്കുന്നത്. മാത്രമല്ല, ഞാനിനി ഇടയ്ക്കിടെ കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയാക്കുകയും ചെയ്യും." "മിടുക്കി കുട്ടി..."

**ദിനയ**
7 സി, കൂത്തുപറമ്പ് .യു.പി.സ്കൂൾ
കൂത്തുപറമ്പ് ഉപജില്ല, കണ്ണൂർ

# പ്രതിരോധത്തിന്റെ നാളുകൾ

"എടീ സൗദാമിനിയേ ഈ കുട്യോളോട് ടിവി ഓഫാക്കാൻ പറഞ്ഞോടി. ഈ ടിവി കണ്ടിട്ട് കണ്ണും ചെവിയും ഇല്ലാതായി." മുത്തശ്ശിയുടെ വിളികേട്ട് സൗദാമിനി പുറത്തേക്ക് വന്നു. ''ഞാൻ അടുക്കളേന്ന് നെല്ല് പുഴുങ്ങുകയാണമ്മേ. പണിക്കൊന്നും പോകാത്തതുകൊണ്ട് പൈസയൊന്നും കിട്ടുന്നില്ല. എന്തിനാണമ്മേ വിളിച്ചത്?" "നിന്റെ മക്കൾക്ക് ഈ ടിവിയൊന്ന് ഓഫാകീട്ട് കളിച്ചൂടെ?" മീനുവും അപ്പുവും അപ്പോഴാണ് പുറത്തേക്ക് വന്നത്. ''മുത്തശ്ശി ഇപ്പോൾ പണ്ടത്തേതുപോലെ പുറത്തിറങ്ങാനൊന്നും കഴിയില്ല. കൊറോണവൈറസ് മൂലമുണ്ടാകുന്ന കോവിഡ് 19 കേരളത്തിലും പിടിപെട്ടു." "ഏും.. അയൽവക്കത്തേക്ക് പോകുമ്പോൾ കൊറോണ പിടിപെടുകയൊന്നുമില്ലല്ലോ? എന്റെ ഹൃദ്രോഗത്തിന്റെ ഗുളിക കഴിഞ്ഞു. പുകയില തിന്നാഞ്ഞിട്ട് എനിക്ക് എന്തൊക്കെയോ ആകുന്നു. ഞാൻ പോയി ദാമുവിന്റെ കടയിൽനിന്ന് പുകയില വാങ്ങീട്ട് വരാം." "മുത്തശ്ശി ഇപ്പോൾ അനാവശ്യമായി പുറത്തിറങ്ങുന്നവരെ പോലീസ് പിടിച്ചിട്ട് പിഴ ഈടാക്കുന്നുണ്ട്." "ഞാൻ പണ്ട് മുതലേ പോലീസിനെയൊക്കെ കാണാൻ തുടങ്ങിയതാ അപ്പു. നിന്റെ മുത്തശ്ശൻ പട്ടാളത്തിൽ ആയിരുന്ന കാലത്തുപോലും എനിക്ക് അങ്ങേരെ ഒരു പേടിയും ഉണ്ടായിരുന്നില്ല. പിന്നെയല്ലേ ഇപ്പോൾ ഒരു പോലീസും കൊറോണയും!" "കൊറോണയ്ക്കെതിരെ ഭയമില്ല ജാഗ്രതയാണ് വേണ്ടത്. നമുക്ക് രോഗം വരാതെ നാടിനെ സംരക്ഷിക്കാൻ പോലീസും ആരോഗ്യപ്രവർത്തകരുമൊക്കെ അധ്വാനിക്കുന്നുണ്ട്, അതെ മുത്തശ്ശി, കൂടാതെ കൊറോണ വരാതിരിക്കാൻ ഇടയ്ക്കിടെ സോപ്പോ ഹാൻഡ്‌വാഷോ ഉപയോഗിച്ച് കൈ കഴുകുകയും പൊതുസ്ഥലങ്ങളിൽ പോകുമ്പോൾ മാസ്ക് ധരിക്കുകയും ചെയ്യാം. പ്രതിരോധശക്തി വർധിപ്പിക്കാൻ ഉറക്കവും നല്ല ഭക്ഷണവും ആവശ്യമാണ്." "ദാമുവിന്റെ കട ഇതിന്റെ അടുത്താണ്. അവിടത്തേക്ക് പോകുമ്പോൾ കൊറോണ വരില്ല." "മുത്തശ്ശി കടയിലേക്ക് പോകുമ്പോൾ മാസ്ക് ധരിക്കണം." "ഇല്ല! അപ്പോൾ ശ്വാസം കിട്ടില്ല."

പറഞ്ഞത് കേൾക്കാതെ മുത്തശ്ശി കടയിൽനിന്ന് സാധനങ്ങളും വാങ്ങി വീട്ടിലെത്തി. "സൗദാമിനി, ഞാൻ കടയിൽ നിൽകുമ്പോൾ ഉജാല വിൽക്കാൻ ഒരു മഹാരാഷ്ട്രക്കാരൻ വന്നിരുന്നു. വില കുറവായതുകൊണ്ട് ഞാൻ ഒരു കുപ്പി വാങ്ങി."

രണ്ടാഴ്ചയ്ക്ക് ശേഷം രാവിലെ മുത്തശ്ശിയുടെ വിളികേട്ട് സൗദാമിനി അടുത്തേക്ക് പോയി. “മോളെ, എനിക്ക് തീരെ വയ്യ. ജലദോഷവും ചുമയും ഉണ്ട്. ചെറിയ പനിയും തോന്നുന്നുണ്ട്. നമുക്ക് ഒന്ന് ആശുപത്രിയിൽ പോയി വരം.” സൗദാമിനി അമ്മയെയും കൂടി ആശുപത്രിയിലേക്ക് പോയി. അവർ ഡോക്ടറെ കണ്ടു. “എന്താ അമ്മേയ്ക്ക് അസുഖം?” “തീരെ വയ്യ മോനെ. ജലദോഷവും ചുമയും ഉണ്ട്.'' ''അമ്മ പുറത്തെവിടെയെങ്കിലും പോയിരുന്നോ?” ഡോക്ടർ സൗദാമിനിയോട് ചോദിച്ചു. “അമ്മ കുറച്ചു ദിവസം മുമ്പ് കടയിൽ പോയിരുന്നു.” “വിശദമായ ഒരു ടെസ്റ്റിന് ശേഷം ബാക്കി അറിയിക്കാം.” “അമ്മയെ നിരീക്ഷണത്തിലാക്കണം. ആരേയും മുറിയിലേക്ക് കടത്തിവിടരുത്.” സൗദാമിനി അമ്മയെയുംകൂട്ടി വീട്ടിലേക്ക് പോയി. അമ്മയെ തനിച്ച് ഒരു മുറിയിൽ ആക്കി. എന്തിനാടി എന്നെ ഈ മുറിയിൽ ആകിയതെന്ന് മുത്തശ്ശി എപ്പോഴും ശകാരിക്കുമായിരുന്നു. രണ്ട് ദിവസത്തിന് ശേഷം ഡോക്ടർ വിളിച്ചു. “മുത്തശ്ശിക്ക് കൊറോണ പോസറ്റീവ് ആണ്. നിങ്ങളെല്ലാവരും ഐസൊലേഷനിലേക്ക് പ്രവേശിക്കേണ്ടതാണ്.'' അപ്പോഴാണ് മുത്തശ്ശി ഓർത്തത്. അന്ന്റെ കൊച്ചുമക്കൾ പറഞ്ഞത് കേട്ടിരുന്നെങ്കിൽ ഇന്ന് എനിക്കും കുടുംബത്തിനും ഈ ഗതി വരില്ലായിരുന്നു.

**അനാമിക പി**
ക്ലാസ് 4, പറമ്പത്ത് ഭഗവതി ക്ഷേത്രം എൽ.പി. സ്കൂൾ, കുണിയൻ
(കെ കെ ആർ നായർ മെമ്മോറിയൽ എൽ പി സ്കൂൾ കരിവെള്ളൂർ)
പയ്യന്നൂർ ഉപജില്ല, കണ്ണൂർ

# ശുചിത്വം ജാഗ്രത

വേനലവധിക്കാലം, കുട്ടികൾ ഒരുപാട് സന്തോഷത്തിലായിരുന്നു. മനുവും, ദിനുവും, രവിയും, ജിഷ്ണുവും ചേർന്ന് വീടിനടുത്തുള്ള പറമ്പിൽ കളിക്കുകയാണ്. സന്ധ്യയായാലും വീട്ടിലേക്ക് പോവാൻ അവർക്ക് മടിയാണ്. അപ്പോഴാണ് ദിനുവിന്റെ അമ്മയുടെ വിളി കേട്ടത്. "മോനേ, സന്ധ്യയായി വേഗം വായോ..." "ദേ, അമ്മ വിളിക്കുന്നു, ഞാൻ പോവുകയാണ്. ഇനിയും വൈകിയാൽ അമ്മ വഴക്ക് പറയും. ഞാൻ പോവുന്നു." ദിനു കൂട്ടുകാരോട് പറഞ്ഞ് വീട്ടിലേക്ക് ഓടി. അവൻ നേരെ പോയത് അടുക്കളയിലേക്കാണ്.അമ്മ ചായയും പലഹാരവും ഉണ്ടാക്കി വച്ചത് എടുത്ത് ടിവിയുടെ മുന്നിലിരുന്ന് അത് കഴിക്കാൻ തുടങ്ങിയ തും, "മോനേ കൈയും, മുഖവും കഴുകിയതാണോ" എന്ന് ഉച്ചത്തിൽ അമ്മ ചോദിച്ചു. "ഇല്ല അമ്മേ, ചായ കുടിക്കട്ടെ." "വേണ്ട വേണ്ട ഇങ്ങു വന്നേ, ഞാൻ കഴുകി തരാം. കുളിച്ചുവരുമ്പോൾ അമ്മ പറഞ്ഞു, "കൈ കഴുകാതെ ഭക്ഷണം കഴിച്ചാൽ അഴുക്ക് മുഴുവൻ വയറിനകത്ത് ചെന്ന്, വയറിളക്കം, വയറുവേദന പോലെ മറ്റുപല രോഗങ്ങളും വരും. അതു കൊണ്ട് എന്നും വൃത്തിയായി ഇരിക്കണം."

ദിവസങ്ങൾ കടന്നുപോയി. കൂട്ടുകാരുമൊത്ത് പറമ്പിൽ കളിക്കാനായി രാവിലെതന്നെ ദിനു പോയി. അവിടെ ചെന്നപ്പോൾ രവി വന്നിട്ടില്ല. എന്താ കാര്യം എന്ന് അവൻ ജിഷ്ണുവിനോട് അന്വേഷിച്ചപ്പോഴാണ് രവിക്ക് വയറിളക്കമാണെന്ന് അറിഞ്ഞത്. അനുസരണയില്ലാത്ത കുട്ടിയായിരുന്നു രവി. കൈ കഴുകാതെയാണ് അവൻ ഭക്ഷണം കഴിക്കാറ്. അമ്മ പറഞ്ഞാൽ അവൻ അനുസരിക്കില്ല. അച്ഛനില്ലാത്ത കുട്ടിയായതുകൊണ്ട് അവനെ കൊഞ്ചിച്ച് കൊഞ്ചിച്ച് അവനെ വഷളാക്കി. അമ്മ പറഞ്ഞത് ദിനു ഓർത്തു. ദിനരാത്രങ്ങൾ കടന്നു പോയി. അമ്മയുടെ ഉച്ചത്തിലുള്ള വിളി കേട്ട് ദിനു ഞെട്ടി എഴുന്നേറ്റു. "എന്താ അമ്മേ" "നമ്മുടെ രവി ..." "രവിക്കെന്തു പറ്റി?" "അവൻ പോയി... മോനേ..." ദിനു ഷോക്കേറ്റപോലെ കസേരയിൽ വന്നിരുന്നു. വർഷങ്ങൾ കടന്നുപോയി. പതിവുപോലെ അമ്മയുടെ വിളി. "ദിനൂ... എഴുന്നേൽക്ക് നേരം എന്തായി..." രവിയേയും പഴയകാലത്തേയും സ്വപ്നം കണ്ട് കിടന്നിരുന്ന ദിനു കൺതുറന്നു. "എന്താ അമ്മേ? കുറച്ചുകൂടി

കിടന്നോട്ടെ, എഴുന്നേറ്റിട്ട് എന്തു ചെയ്യാനാ?" അപ്പോഴാണ് റോഡിൽ നിന്നും മൈക്ക് അനൗൺസ്മെന്റ്, "ശുചിത്വം പാലിക്കുക, കൈകൾ സോപ്പ് ഉപയോഗിച്ച് 20 സെക്കൻഡ് ഇടയ്ക്കിടെ കഴുകുക, മാസ്ക് ധരിക്കുക, സാമൂഹിക അകലം പാലിക്കുക. കോവിഡിനെ ആരും ഭയക്കരുത്. ഭയമല്ല ജാഗ്രതയാണ് വേണ്ടത്." ദിനു കിടക്കയിൽ തന്നെ കിടന്നു. അതെ അന്ന് രവി ശുചിത്വം പാലിച്ചിരുന്നെങ്കിൽ അവനെ നഷ്ടമാവില്ലായിരുന്നു. ഇന്ന് കോവിഡിനെ പ്രതിരോധിക്കാൻ ആരോഗ്യ വകുപ്പും, ഗവൺമെന്റും പറയുന്ന കാര്യങ്ങൾ ജനങ്ങൾ അനുസരിച്ചെങ്കിൽ കുറേ പേരെയെങ്കിലും നമുക്ക് നഷ്ടമാവാതെ ഇരുന്നേനെ. "ദിനുവിന്റെ ഹൃദയം ഒന്ന് പിടഞ്ഞു. കാരണം അവന്റെ അച്ഛൻ വിദേശത്താണ്." "ഭഗവാനെ""അവൻ അറിയാതെ വിളിച്ചു പോയി...

**അൽക്ക എം**
7 എ
കെ. വി. എം. യു. പി. എസ് പൊൽപ്പുള്ളി
ചിറ്റൂർ ഉപജില്ല, പാലക്കാട്

# പരിസ്ഥിതി മലിനീകരണം; നമുക്ക് തന്നെ ആപത്ത്

ശോഭയും രാജനും ഊണ് കഴിക്കുമ്പോഴായിരുന്നു വീടിനു മുന്നിലൂടെ പരിചിതമല്ലാത്ത ഒരു ബൈക്ക് കടന്നുപോകുന്ന ശബ്ദം കേട്ട്. രാജന് വിളമ്പുന്നതിനിടെ ജനാലയിലൂടെ കർട്ടൻ നീക്കി ശോഭ പുറത്തേക്കു നോക്കി പറഞ്ഞു "അത് രവിയാണല്ലോ രാജേട്ടാ, അവനിപ്പോ ബൈക്കിലായോ കറക്കം".

"ഏത് കോർപറേഷനിലെ രവിയോ?" രാജൻ ചോദിച്ചു "അത് തന്നെ" ശോഭ പറഞ്ഞു എന്തോ ഓർത്തെടുത്തു രാജൻ പറഞ്ഞു "കഴിഞ്ഞയാഴ്ച രവിയുടെ ചേട്ടൻ ബാബു പറഞ്ഞിരുന്നു രവിക്ക് സ്വർണമോ മറ്റോ കിട്ടിയെന്നു". "സ്വർണമോ" ശോഭ ആശ്ചര്യത്തോടുകൂടി ചോദിച്ചു "പ്ലാസ്റ്റിക്കും വേസ്റ്റും കൊണ്ടുപോകുന്ന അവനെവിടുന്നു സ്വർണം കിട്ടാനാ?" ഊണ് കഴിച്ചു രാജൻ എഴുന്നേറ്റു. സാധാരണ മരുന്നും വെള്ളവുമായി എത്തുന്ന ശോഭ പതിവില്ലാതെ മേശയ്ക്കരികിൽ തന്നെ എന്തോ ചിന്തിച്ചിരിപ്പാണ്. തന്റെ നീരസം പ്രകടിപ്പിക്കാതെ രാജൻ തന്നെ മരുന്നെടുത്തു കഴിച്ചു. ഉച്ചനേരത്തെ പതിവുറക്കം രാജൻ എഴുന്നേറ്റപ്പോഴും ശോഭ ആ ചിന്തയിൽ നിന്ന് പിൻമാറിയില്ല. കാര്യം തിരക്കിയപ്പോൾ മടിച്ചു മടിച്ചു ശോഭ പറഞ്ഞു "എന്റെ അനിയത്തിയുടെ കല്യാണത്തിന് നിങ്ങൾ വാങ്ങിച്ചുതന്ന വള എന്റെ കയ്യിന്നു കളഞ്ഞു പോയി രാജേട്ടാ. കല്യാണവീട്ടിൽ ഉണ്ടാകുമെന്നു കരുതി അനിയത്തിയോട് അവിടെ അന്വേഷിച്ചു നോക്കാൻ പറഞ്ഞിട്ടാണ് അന്ന് ഞാൻ വീട്ടിൽ തിരിച്ചു വന്നത്". രാജന് അരിശം കയറി, ശോഭയുടെ ശ്രദ്ധയില്ലായ്മയെ അയാൾ കുറെ കുറ്റപ്പെടുത്തി. അപ്പോൾ ശോഭ തുടർന്നു "അന്ന് കല്യാണത്തിന് പോകും വഴി ആ ഗ്രൗണ്ടിന്റെ പുറകിൽ നമ്മൾ കളഞ്ഞ വേസ്റ്റിലെങ്ങാനും നഷ്ടപെട്ടിരുന്നോ എന്നാ എന്റെ പേടി." "രവിക്ക് കിട്ടിയത് നിന്റെ വളയായിരിക്കുമോ?" രാജൻ സംശയം പ്രകടിപ്പിച്ചു. സ്ഥിരം വേസ്റ്റ് കൊണ്ടുപോയി കളയുന്നത് താനായത് കൊണ്ട് ഇതിൽ താനും ഉത്തരവാദിയാണെന്നു രാജനു തോന്നി. രവിയോട് വള തിരിച്ചു ചോദിക്കണമെങ്കിൽ വേസ്റ്റ് കൊണ്ടിടുന്നത് തങ്ങളാണെന്ന് സമ്മതിക്കേണ്ടിവരുമോ എന്ന് അവർക്ക് തോന്നി. "ഇത് നമുക്ക് കിട്ടണമെടി പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നത് തെറ്റാണെന്ന് അറിഞ്ഞിട്ടും നമ്മൾ അത് ചെയ്തു. അതിനു ദൈവം തന്ന ശിക്ഷയാണെന്നു കരുതിക്കോ." രാജൻ പറഞ്ഞു. "ശരിയാ രാജേട്ടാ ഇനിയെങ്കിലും നമുക്ക് പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കാതെ വീട്ടിൽ തന്നെ സംസ്കരിക്കാം, അതും പ്രകൃതി മലിനീകരണം ഉണ്ടാക്കാതെ" ശോഭ പറഞ്ഞു.

"മാലിന്യംകൊണ്ട് നിറയേണ്ടതല്ല നമ്മുടെ ഈ സുന്ദരമായ ഭൂമി. നമുക്ക് ഒറ്റക്കെട്ടായി ഈ ഭൂമിയെ മാലിന്യ വിമുക്തമാക്കാം".

**ശിഖ. വി.എം**
9 ഉ, കെ.ആർ.എച്ച് .എസ്.പാതിരിയാട്
തലശ്ശേരി നോർത്ത് ഉപജില്ല, കണ്ണൂർ

# കനിവിന്റെ കണി

“ഉണ്ണീ, കണ്ണു തുറന്നോളൂ”. അമ്മ കൈകൾ പതുക്കെ മാറ്റി. നിലവിളക്കിന്റെ വെളിച്ചത്തിൽ ഓടക്കുഴലൂതി നിൽക്കുന്ന ഉണ്ണിക്കണ്ണന്റെ രൂപം. പൊന്നരഞ്ഞാണം പോലെ തിളങ്ങിനിൽക്കുന്ന കണിക്കൊന്നപ്പൂക്കൾ. തേച്ചുമിനുക്കിയ ഉരുളിയിൽ സ്വർണനിറമാർന്ന കണിവെള്ളരി, പലതരം പഴവർഗങ്ങൾ, സ്വർണം. എല്ലാം കണികണ്ട് തൊഴുകൈയോടെ ഉണ്ണി ഇരുന്നു. പെട്ടെന്നു ഠോ... എന്നൊരു ശബ്ദം. ഉണ്ണി ഞെട്ടി ഉണർന്നു. എല്ലാം ഉണ്ണിയുടെ സ്വപ്നം മാത്രമായിരുന്നു. പിന്നീട് അമ്മ ഉണ്ണിയെ കണികാണിച്ചു. കണികണ്ടതും ഉണ്ണി ആകാംക്ഷയോടെ മുറ്റത്തേക്കോടി. സാധാരണ വിഷുക്കണി കണ്ടു കഴിഞ്ഞാൽ പടക്കം പൊട്ടിക്കലിന്റെ ഒരു ബഹളമാണ്. മാലപ്പടക്കം പൊട്ടിക്കലും, പൂത്തിരി കത്തിക്കലും, നിലച്ചക്രം കറക്കലും ആകെ ഒരു ബഹളമയം. ഇന്നെന്താ ആകെ നിശബ്ദത? എവിടെ നിന്നും പടക്കത്തിന്റെ ഒച്ച കേൾക്കാനില്ല. അച്ഛനെന്താ ഇപ്രാവിശ്യം പടക്കമൊന്നും വാങ്ങിയില്ലേ? ഉണ്ണിയുടെ കണ്ണു നിറഞ്ഞു. അതുകണ്ടു അമ്മ അവനെ ചേർത്തുപിടിച്ചു. ‘‘മോനേ... നിനക്കു പടക്കമല്ലേ കിട്ടാത്തതുള്ളൂ, കോവിഡ് 19 എന്ന മഹാവ്യാധികാരണം ഒരു നേരത്തെ ഭക്ഷണത്തിനുപോലും വകയില്ലാത്ത എത്രയോ കുഞ്ഞുങ്ങൾ നമ്മുടെ ചുറ്റുമുണ്ട്’’. അതുകേട്ടപ്പോൾ ഉണ്ണിയുടെ കുഞ്ഞുമനസ്സ് വേദനിച്ചു. അവനൊരു തീരുമാനമെടുത്തു ഇതുവരെ സ്വരുക്കൂട്ടിവച്ച കൈനീട്ടമെല്ലാം ദുരിതമനുഭവിക്കുന്നവർക്ക് കൊടുക്കും. ഉണ്ണിയുടെ കുഞ്ഞുമനസ്സിന്റെ നന്മക്ക് അമ്മ ഒരുമ്മ കൊടുത്തു.

**അപർണ.സി.എസ്**
3 സി
കെ.എ.എൽ.പി.എസ് അലനല്ലൂർ
മണ്ണാർക്കാട് ഉപജില്ല, പാലക്കാട്

## WHAT'S IN THE BIRD'S MIND?

Yes I am a bird. You may be thinking what I'm going to talk about. Do you think I am going to talk about my lost song, my loneliness, my lovely chicks or about the world itself?

I myself will tell you what's in my mind. While I sit alone on the branch, I wonder what has happened to the world. It is much more different from the usual world. No whistling trains, no crowded buses and no speeding cars.

The world is just silent and still. The air which always suffocated me is smelling sweet. Now I can chirp freely on the branches, and my song no longer sinks in the loud horns of vehicles. The hustle and bustle of the city no longer frightens me.

Now I am able to drink the Crystal Clear Water to my fullest. I can see the little waves in the river, dances with joy since the water has become less polluted .When the world gets back to its usual pace I fear I would lose all these blessings.

As they say these changes are due to the Covid outbreak, it's bad. I pray to God that things must come back to normal. But, I don't want the human to change this comfortable atmosphere when they come back to their normal life.

**നിവേദിത സുരേഷ്**
7 എ
ക്രൈസ്റ്റ് നഗർ ഇ.എച്ച്.എസ്. എസ്
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# തിരിച്ചറിവ്

“ഇതുതന്നെ പറ്റിയ അവസരം” റോഡരികിൽ കരിയിൽ കുളിച്ചുനിന്ന തുമ്പച്ചെടി മെല്ലെമെല്ലെ തല ഉയർത്തി. “ആരെയും കാണുന്നില്ലല്ലോ!” അപ്പോഴാണ് ഓർത്തത്, ഇന്നലെ റോഡിൽ മൈക്ക് അനൗൺസ്മെന്റ്, ചൈനയിൽനിന്ന് ഏതോ ഒരു രോഗം വന്നതും അത് നാടാകെ പരന്നതും ‘കൊറോണ’ എന്നാണ് ആ രോഗത്തിന്റെ പേരെന്നും. പ്രധാനമന്ത്രി ലോക്ഡൗൺ പ്രഖ്യാപിച്ചത്രേ... “ഓ... അതാ ആരും പുറത്തിറങ്ങാത്തത് അല്ലേ... പുകയില്ലാത്ത ശുദ്ധവായു, ഹായ്!” കുറുന്തോട്ടി തലയാട്ടി. ഇന്നലെ ആരുടെയോ ചെരുപ്പിനടിയിൽ ഞെരുങ്ങി ഉണങ്ങിയ തൊട്ടാവാടി തല ഉയർത്തി... ങേ! ഇവിടെങ്ങും ആരും ഇല്ലല്ലോ. എങ്ങും ശൂന്യത. വാഹനങ്ങളുടെ ശബ്ദമോ കാൽനടയാത്രക്കാരുടെ കലപില ശബ്ദമോ ഇല്ല. എങ്ങും കനത്ത നിശ്ശബ്ദത മാത്രം. വലിയ വലിയ ഹോട്ടലുകളിലോ ആശുപത്രികളിലോ പോലും ആരും ഇല്ല. “ഇന്നലെവരെ തങ്ങളുടെ അവസ്ഥ എന്തായിരുന്നു അല്ലേ?” ഒരു ദീർഘനിശ്വാസത്തോടെ തുമ്പ പറഞ്ഞു. “ഒന്നു തല ഉയർത്തി നിൽക്കാൻ പോലും കഴിയാതെ... ചെരുപ്പുകൊണ്ട് ചവിട്ടിയും വാഹനങ്ങളുടെ ടയർ കൊണ്ട് മേലാസകലം പരിക്ക്... വെള്ളമൊഴിച്ച് കുളിച്ചാൽപോലും പോകാത്ത അത്രയും അഴുക്ക്... പിന്നെ വഴിയെ പോകുന്ന ആൾക്കാരുടെ കാർക്കിച്ചുത്തുപ്പലും. ചെറിയ പിള്ളേരാണെങ്കിൽ നമ്മെ കണ്ടാൽ ചുമ്മാ ഒടിച്ചിടുകയും ചെയ്യും. പക്ഷേ, ഒന്നോർക്കുമ്പോൾ വിഷമമുണ്ട്, ലക്ഷക്കണക്കിനാളുകളാണ് മരിച്ചുവീഴുന്നത്, തൊട്ടാൽ വാടും എന്നറിഞ്ഞുകൊണ്ടുതന്നെ എത്ര മനുഷ്യർ എന്നെ പേരു വിളിച്ചു കളിയാക്കി തൊട്ടു നോക്കാറുണ്ട് എന്നറിയോ ചങ്ങാതികളേ! ഇപ്പോൾ അവർ നന്നായി പഠിച്ചു.” തൊട്ടാവാടി പറഞ്ഞു. “ഹാ... ഇത്രയേ ഉള്ളൂ മനുഷ്യരുടെയും അവസ്ഥ! ‘കൊറോണ’ എന്ന രോഗം എല്ലാ മനുഷ്യർക്കുമുള്ള ഒരു തിരിച്ചറിവാണ്, നാം എന്താണ് എന്നുള്ള തിരിച്ചറിവ്.” കൊന്നമരം ആശ്വസിപ്പിച്ചു.

**ദേവനാഥ്**
ക്ലാസ് 5
ഗവ. യു.പി. സ്കൂൾ, താവക്കര
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ



# കാക്കപ്പെണ്ണും ഡ്രോണും

അണ്ണാറക്കണ്ണാ... അണ്ണാറക്കണ്ണാ... കാക്കപ്പെണ്ണ് മരക്കൊമ്പിലിരുന്ന് അലറിവിളിച്ചു. വിളികേട്ട് അണ്ണാറക്കണ്ണൻ പുറത്തേക്കു വന്നു. “എന്താ? എന്തു പറ്റി?” കാക്കപ്പെണ്ണ് പേടിയോടെ പറഞ്ഞു... “നീ കണ്ടോ? ഭീകരൻപക്ഷി എവിടെ?” അണ്ണാറക്കണ്ണൻ ചോദിച്ചു. “ആ... നീയിവിടെ മാമ്പഴവും തിന്നിരുന്നോ... അതു വന്ന് നിന്നെ പിടിക്കുമ്പോഴേ അറിയൂ.” “നീ ആരെയാ കണ്ടത്? എവിടെയാ കണ്ടത്?” പാതി കടിച്ച മാമ്പഴം താഴെവച്ച് കൊണ്ട് അണ്ണാറക്കണ്ണൻ ചോദിച്ചു. “ഞാൻ പറഞ്ഞില്ലേ, ഒരു ഭീകരൻപക്ഷി, ഒറ്റക്കണ്ണനാ... നാലു ചിറകുകളും! അത് വട്ടത്തിൽ കറങ്ങും... ഉം... ഉം... എന്നു മൂളിക്കൊണ്ട് തെക്കേ പാടത്തിന്റെ അരികത്തെ റോഡിനു മുകളിലൂടെ പറന്നുവന്നു. വഴിയരികിൽനിന്ന ആളുകളൊക്കെ അതിനെ കണ്ടതും ഓടിയൊളിച്ചു. ഒരാൾ ചെളിക്കുണ്ടിലും വീണു. എന്റെ കുഞ്ഞുങ്ങൾക്കു തീറ്റയുമായി വന്ന ഞാൻ കഷ്ടിച്ചാണ് രക്ഷപ്പെട്ടത്.” കാക്കപ്പെണ്ണ് കിതച്ചുകൊണ്ട് പറഞ്ഞു. “ഹ! ഹ! ഹ! ഇതാണോ കാര്യം.” അണ്ണാറക്കണ്ണൻ ചിരിച്ചു. “അതുശരി, പേടിക്കണ്ട, കാര്യം പറഞ്ഞപ്പോൾ ചിരിക്കുന്നോ? നിനക്കു വട്ടായോ അണ്ണാറക്കണ്ണാ!” കാക്കപ്പെണ്ണു വഴക്കിട്ടു. “അയ്യേ... കാക്കപ്പെണ്ണേ, നീ പറയുംപോലെ അതു ഭീകരൻപക്ഷി ഒന്നുമല്ല. അതു ഡ്രോണാ... ഡ്രോണോ! അതെന്തു ജീവിയാ?” കാക്കപ്പെണ്ണിനു സംശയമായി. “ജീവിയൊന്നുമല്ല, അതൊരു യന്ത്രമാണ്. അതിനു ചിത്രങ്ങളെടുക്കാൻ കഴിയും. അതിനെ പോലീസുകാർ പറത്തിവിടുന്നതാ. അനാവശ്യമായി കറങ്ങിനടക്കുന്നവരുടെ ചിത്രമെടുക്കാൻ. ഇപ്പോൾ കൊറോണ ക്കാലമല്ലേ?” “നീ എന്തൊക്കെയാ അണ്ണാറക്കണ്ണാ പറയുന്നത്? ആദ്യം പറഞ്ഞത് ഡ്രോൺ! ഇപ്പോ കൊറോണ! ഇതൊക്കെ എന്താ?” കാക്കപ്പെണ്ണ് ചോദിച്ചു. “കാക്കപ്പെണ്ണേ, നീ ഇവിടെ നടക്കുന്നതൊന്നും അറിയുന്നില്ലേ?” അണ്ണാൻ ചോദിച്ചു. “ഞാനെന്തറിയാനാ? മുട്ടകൾക്ക് അടയിരുന്ന് കുഞ്ഞുങ്ങളെ വിരിയിക്കുകയല്ലായിരുന്നോ? എന്റെ കൂട്ടുകാരികളെപ്പോലും കണ്ടിട്ട് എത്ര നാളായി...” കാക്കപ്പെണ്ണ് പറഞ്ഞു. “ആ.. അതു ശരിയാണല്ലോ...” “എന്നാൽ കേട്ടോ...” അണ്ണാറക്കണ്ണൻ പറഞ്ഞു തുടങ്ങി. “കുറച്ച് നാളുകളായി നമ്മുടെ നാട്ടിൽ ഒരു

മഹാവ്യാധി പടർന്നുപിടിച്ചിട്ടുണ്ട്. കൊറോണ എന്നും കോവിഡ് 19 എന്നൊക്കെ പേരു പറയും. അതൊരു വൈറസ് ആണത്രേ! ഈ വൈറസ് ബാധിച്ചാൽ പനിയും ചുമയും ശ്വാസംമുട്ടലും ഒക്കെ വരും. സൂക്ഷിച്ചില്ലെങ്കിൽ മരണം വരെ സംഭവിക്കാം. ഇതിപ്പോൾ മനുഷ്യർക്കിടയിൽ പടർന്നുപിടിക്കുകയാണ്. വൈറസ് ബാധിക്കാതിരിക്കാൻ വൃത്തിയായി നടക്കുകയും ആളുകൾ തമ്മിൽ അകലം പാലിക്കുകയും ചെയ്യണം. ഈ സമയത്ത് കൂട്ടം കൂടി നിൽക്കാൻ പാടില്ല എന്നും ഓർഡർ ഇട്ടിട്ടുണ്ട്. എന്നാലും ചിലർ കൂട്ടംകൂടി നടക്കുന്നുണ്ട്. അവരെ കണ്ടുപിടിക്കാനാണ് ഡ്രോൺ ഉപയോഗിക്കുന്നത്. അതുകൊണ്ടാണ് ആളുകൾ ഓടി ഒളിക്കുന്നത്. ഇപ്പോൾ മനസ്സിലായോ കാക്കപ്പെണ്ണേ..." "ഓ! അപ്പോൾ അതാണല്ലേ കാര്യം. എന്നാൽ പിന്നെ ഡ്രോൺ പറക്കട്ടേ. കൊവിഡ്19 തോൽക്കട്ടെ... വൃത്തിയായിരിക്കാം, അകലം പാലിക്കാം...'' കാക്കപ്പെണ്ണും അണ്ണാറക്കണ്ണനും ഒരുപോലെ പറഞ്ഞു.

**സ്റ്റിയ മേരി മെജോഷ്**
4 ബി
ജി.എച്ച്.എസ്. ഇരുളത്ത്
സുൽത്താൻ ബത്തേരി ഉപജില്ല, വയനാട്

# സ്വപ്നയാത്ര

നീനു ഒരു മിടുക്കിയാണ്. വാർഷികപ്പരീക്ഷാ തയ്യാറെടുപ്പിലാണ് അവൾ. അടുത്തദിവസത്തെ പരീക്ഷയ്ക്ക് പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് അവൾ ആ വാർത്ത കേട്ടത്. നാളെ മുതൽ സ്കൂൾ ഇല്ല എന്ന്. ലോകമാകെ കൊറോണ പടർന്നുപിടിച്ചിരിക്കുന്നു. ലോകം മുഴുവൻ അടച്ചിടാൻ തീരുമാനിച്ചിരിക്കുകയാണ്. മദ്രസകളും സ്കൂളുകളും

ഇനി പ്രവർത്തിക്കുകയില്ല, ലോകമെമ്പാടും ലോക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്നു. "ഹോ, ഈ അവധിക്കാലം മുഴുവൻ വീട്ടിനുള്ളിൽ ഇരിക്കണമല്ലോ?"

"ഞാനെങ്ങനെ എന്റെ കൂട്ടുകാരെ കാണാതിരിക്കും."

നീനു പിറുപിറുത്തു.

"സ്കൂൾ അടിച്ചിട്ട് വിരുന്നുപോകാം എന്ന് വിചാരിച്ചതാ അതും കഴിയില്ല."

കുറച്ചുദിവസം ഇരുന്നപ്പോൾ തന്നെ മീനുവിന് മടുപ്പ് തോന്നിത്തുടങ്ങി. പക്ഷേ, കൊറോണയെ തുരത്തിയല്ലേ പറ്റൂ. ഇടയ്ക്കിടയ്ക്ക് കൈകൾ സോപ്പിട്ട് കഴുകാനും ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും വായ തൂവാലകൊണ്ട് മൂടാനും നീനു മറന്നില്ല. രാവിലെ പത്രം വായിക്കാനും വീടും പരിസരവും വൃത്തിയായി സൂക്ഷിക്കാനും അവൾ സമയം കണ്ടെത്തി. ഒരു ദിവസം അടുക്കളയിൽ അമ്മയെ സഹായിച്ചുകൊണ്ടിരിക്കുമ്പോഴാണ് അമ്മ ആ കാര്യം പറഞ്ഞത്.

"മോളേ, അവധിക്കാലത്തെ നിങ്ങളുടെ കഴിവുകൾ അളക്കാൻ വേണ്ടി നിങ്ങൾക്കായി ഓൺലൈനായി രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു" എന്ന്.

"എനിക്കും എന്തായാലും മത്സരത്തിൽ പങ്കെടുക്കണം"- അവൾ ചിന്തിച്ചു

വൈകുന്നേരം അച്ഛന്റെ കൂടെ പച്ചക്കറികൾ നനച്ചുകൊണ്ടിരുന്നപ്പോൾ അവൾ അച്ഛനോട് പറഞ്ഞു:

"അച്ഛാ, ഞാനും ഓൺലൈൻ രചനാമത്സരത്തിൽ പങ്കെടുത്തോട്ടേ?"

"അതിനെന്താ മോളേ, പങ്കെടുത്തോ, നല്ലതല്ലേ." അച്ഛൻ പറഞ്ഞു.

അന്നുരാത്രി തന്നെ അവൾ ഒരു കഥയെഴുതി തന്റെ ക്ലാസ്ടീച്ചറുടെ വാട്സാപ്പിൽ അയച്ചുകൊടുത്തതിനു ശേഷമാണ് ഉറങ്ങാൻ കിടന്നത്.

"ഓ, ഞാൻ എന്താ ഈ കാണുന്നത്?"

എല്ലാം ശാന്തമാണ്. കൊറോണ എന്ന പേര് പോലും കേൾക്കാനില്ല. ജനജീവിതം സാധാരണ നിലയിലേക്ക് മാറിയിരിക്കുന്നു.

ഒന്നാംക്ലാസിലെ കുട്ടികൾ കലപിലശബ്ദങ്ങൾ ഉണ്ടാക്കുന്നു. നീണ്ട ഇടവേളയ്ക്കു ശേഷം കണ്ട കൂട്ടുകാർക്കൊപ്പം അവൾ അടുത്ത സുഹൃത്തായ പൊന്നുവിനെ കണ്ടു. അവർ തമ്മിൽ സംസാരിച്ചു കൊണ്ടിരുന്നപ്പോൾ അസംബ്ലിക്ക് ഉള്ള ബെല്ല് മുഴങ്ങി. എല്ലാവരും അണിനിരന്നു. ഹെഡ്മാസ്റ്റർ ഓൺലൈൻമത്സരങ്ങളുടെ ഫലങ്ങൾ പ്രഖ്യാപിച്ചു.

"കഥാരചന ഒന്നാംസ്ഥാനം നീനു പി.കെ, മൂന്നാംക്ലാസ്."

നീനുവിന് കേട്ടത് വിശ്വസിക്കാൻ ആയില്ല.

"എന്തായിരിക്കും എനിക്കുള്ള സമ്മാനം." അവൾ ചിന്തിച്ചു

"മീനുവിനും കുടുംബത്തിനും ചൈനയിലേക്ക് ഒരു വിദേശയാത്ര, അതാണ് സമ്മാനം"– ഹെഡ്മാസ്റ്റർ അറിയിച്ചു

നീനയും കുടുംബവും ചൈനയിലേക്ക് യാത്രപുറപ്പെട്ടു. യാത്രയ്ക്കിടയിൽ അവൾ ചിന്തിച്ചു:

"കൊറോണ എന്ന പുതിയ വൈറസ് കണ്ടെത്തിയ ചൈനയിലെ വുഹാൻ എന്ന നഗരം കാണണം."

ചൈനയിലെത്തി. പഴയ രീതിയിലേക്ക് മടങ്ങിയെത്തിയ വുഹാൻനഗരം അവളെ ഏറെ സന്തോഷിപ്പിച്ചു.

അതിനുശേഷം അവർ ചൈനയിലെ വൻമതിൽ കാണാൻ പോയി. കാഴ്ചകൾ കണ്ട് നീനു അച്ഛന്റെയും അമ്മയുടെയും അടുത്തുനിന്ന് വളരെ ദൂരെ എത്തി.

"മോളേ?"

അമ്മ ഉച്ചത്തിൽ വിളിക്കുന്നു.

നീനു ഞെട്ടിയുണർന്നു.

**മിൻഹാ ഫാത്തിമ**
ക്ലാസ് 3,
ഗവ. എച്ച്.എസ്. തേറ്റമല
മാനന്തവാടി ഉപജില്ല, വയനാട്

# മാലാഖമാർ

കണ്ണിൽ വെയിൽ തട്ടിയപ്പോൾ തുളച്ചുകയറുന്നതുപോലെ തോന്നി. കാലിനു നല്ല വേദന. ആഴത്തിലുള്ള മുറിവ് വീർത്തിരിക്കുന്നു. രാത്രി നന്നായി പേടിച്ചു, പനി വന്നാലോ? അത്രയ്ക്കു നല്ല വീഴ്ചയായിരുന്നു. കൊറോണ സീസൺ ആണല്ലോ. പക്ഷേ, മറ്റ് കുഴപ്പമൊന്നുമുണ്ടായില്ല. അമ്മയെ ഒന്നു കണ്ടെങ്കിൽ മതിയായിരുന്നു. എൻെറ വേദനയെല്ലാം പമ്പകടന്നേനെ. എഴുന്നേറ്റ് അടുക്കളയിൽ ചെന്ന് നോക്കാം. അമ്മ വന്നിട്ട് ചിലപ്പോൾ എനിക്കിഷ്ടമുള്ള പലഹാരമെന്തെങ്കിലും ഉണ്ടാക്കുകയായിരിക്കും.

ങാ! “അടുക്കളയിൽ ആരോ ഉണ്ട്, അമ്മ അമ്മ വന്നോ?” “അമ്മ വന്നില്ല മോനേ,” അച്ഛമ്മയുടെ ശബ്ദം. “മോനെന്തിനാ മുറിവുംവെച്ച് എഴുന്നേറ്റ് വന്നത്? അച്ഛമ്മയെ വിളിച്ചാൽ പോരായിരുന്നോ?”

“അമ്മയെ കണ്ടിട്ട് എത്ര ദിവസമായി. അമ്മയ്ക്ക് മോനോട് ഒട്ടും സ്നേഹമില്ല. അല്ലെങ്കിൽ ഞാൻ വീണെന്നറിഞ്ഞിട്ടും എന്നെ കാണാൻ വരാതിരിക്കുമോ? എനിക്കു സങ്കടം സഹിക്കാൻ കഴിഞ്ഞില്ല.” “അങ്ങനെ പറയരുത് മോനേ, അമ്മ എത്ര തവണ മോനോട് ഫോണിൽ സംസാരിച്ചു.” അച്ഛമ്മ ആശ്വസിപ്പിക്കാൻ നോക്കി. അച്ഛമ്മ അടുത്ത് വന്ന് തലോടി കവിളിൽ ഒരുമ്മ തന്നപ്പോൾ അമ്മ അടുത്തുള്ളതുപോലെ തോന്നി...

“മോനേ, അമ്മ ഒരു നഴ്സല്ലേ. അറിയില്ലേ, കൊറോണ എന്ന മഹാമാരി ലോകത്തിലെ ജനങ്ങളെയെല്ലാം കൊന്നൊടുക്കിക്കൊണ്ടിരിക്കുമ്പോൾ അമ്മയെപ്പോലുള്ള അനേകം ആളുകൾ ലോകത്തിന്റെ നൻമയ്ക്കായി സ്വന്തം ജീവൻപോലും വകവയ്ക്കാതെ കഷ്ടപ്പെടുകയാണ്. അവരെയെല്ലാം മാലാഖമാരുടെ സ്ഥാനത്താ എല്ലാവരും കാണുന്നത്.”

“അപ്പോൾ എൻെറ അമ്മയും മാലാഖയാണല്ലേ?” “അതെ.” അച്ഛമ്മയുടെ മറുപടി കേട്ടപ്പോൾ നെഞ്ചിനകത്ത് വലിയ വെളിച്ചം പോലെ തോന്നി.

അച്ഛമ്മയുടെ മടിയിൽ തലവച്ചു കണ്ണടച്ചു കിടന്നപ്പോൾ ഞാൻ കണ്ടു, എൻെറ അമ്മയെയും മറ്റനേകം മാലാഖമാരെയും. ദൈവമേ, ഞങ്ങളുടെ മാലാഖമാരെയും കാത്തുകൊള്ളണേ.

**ജാനകി ആർ.**
5 എ
ഗവ. എൽ.പി.എസ്. കരിയം
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# കൊറോണയെ പറ്റിച്ചേ...

സമയം അർധരാത്രി. വിമാനം വഴി വന്ന കൊറോണ കൂട്ടം കൂട്ടമായി നടന്നുവന്നു. അവർ തമ്മിൽ പറഞ്ഞു:

“ഇത് കേരളമാണ്, ആളുകൾ തിങ്ങിത്താമസിക്കുന്ന സ്ഥലം. ഒരാളെ പിടിച്ചാൽ പെട്ടെന്ന് തന്നെ അടുത്ത ആളെയും പിടിക്കാൻ പറ്റിയ സ്ഥലം. നമുക്ക് നല്ല കോള് തന്നെ. ചൈനയിലെയും ഇറ്റലിയിലെയും പോലെ നമുക്കും ഇവിടെ അടിച്ചുപൊളിക്കാം. പിന്നെ നമ്മൾ മാത്രമേ ഇവിടെ കാണൂ.”

നേരം വെളുത്തു. “ആരെയും കാണാനില്ലല്ലോ?” കൊറോണകൾ തമ്മിൽ പറഞ്ഞു.

ഇരയെ കാത്തിരുന്ന് കൊറോണ മടുത്തു. “ഇത് എന്ത് പറ്റി?”

അപ്പോഴാണ് അടുത്ത വീട്ടിൽനിന്നു ടി.വിയിലൂടെ വാർത്ത കേട്ടത്, “കേരളത്തിൽ ലോക്ഡൗൺ.”

“അയ്യോ, ലോക്ഡൗൺ ആയാൽ ആളുകൾ ഇറങ്ങിനടക്കില്ല. അവർ സാമൂഹിക അകലം പാലിക്കുകയും ചെയ്യുമല്ലോ? നമുക്ക് ഇരയെയും കിട്ടില്ല. റോഡിൽ അത്യാവശ്യത്തിനുവരുന്ന ആൾക്കാർ എല്ലാവരും മാസ്ക് ധരിക്കുകയും ചെയ്യുന്നു. എല്ലാവരും സോപ്പും ഹാൻഡ്‌വാഷും ഉപയോഗിക്കുന്നു. നമുക്ക് ആരെയും പിടിക്കാൻ സാധിക്കില്ല. അതിനാൽ ഇവിടെ ഇനി നിന്നിട്ട് ഒരു രക്ഷയുമില്ല.’’ ഇതും പറഞ്ഞ് കൊറോണക്കൂട്ടങ്ങൾ ഓടെടാ ഓട്ടം.

**ദിയ ഫാത്തിമ**
3 ഡി
ഗവ. എൽ.പി.എസ്. തോന്നക്കൽ
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# സഹതാപം

അയാൾ പിന്നെയും പുഴയിലേക്കിറങ്ങി, പിക്കാസും തൂമ്പയുമേന്തി. പുഴയുടെ ഹൃദയം മാന്തിക്കൊണ്ടേയിരുന്നു. സ്വന്തം കുഴിയാണ് തോണ്ടുന്നതെന്നത് അയാൾക്ക് കാര്യമല്ലായിരുന്നു. പിന്നെ കിട്ടിയത് സഞ്ചിയിലാക്കി അയാൾ നടന്നകന്നു. അയാളൊന്ന് തിരിഞ്ഞു നോക്കിയപ്പോൾ പുഴ നെടുവീർപ്പിടുന്നതു കേട്ടു.

**നാജിയ തസ്നീം വി.**
8 സി
ഗവ. എച്ച് .എസ്.എസ്. ആറളം
ഇരിട്ടി ഉപജില്ല
കണ്ണൂർ

# പുതുയുഗം

ഒരിക്കൽ കാറ്റ് പുഴയോട് പറഞ്ഞു: “അവർ എന്നെ Uninstall ചെയ്യാൻ പോകുന്നു.” അതുകേട്ട് പുഴ തന്റെ കുഞ്ഞുങ്ങളോട് പറഞ്ഞു: “അവർ എന്നെയും Upload ചെയ്യാൻ പോകുന്നു.” മീൻ കുഞ്ഞുങ്ങൾ അലറിവിളിച്ചു. നിലവിളിച്ചുകൊണ്ട് കാട് പറഞ്ഞു: “അവർ എന്നെയും Delete ചെയ്യാൻ പോകുന്നു.” കുന്നു കയറിക്കൊണ്ടിരിക്കെ കുന്നു പറഞ്ഞു: “അവർ എന്നെ Remove ചെയ്തുകൊണ്ടിരിക്കുന്നു.” ഇതുകണ്ട പ്രകൃതി നിർദാക്ഷിണ്യം അവരെ നോക്കിക്കൊണ്ട് പുലമ്പി: “നാളെ ഞാൻ നിങ്ങളെയും shutdown ചെയ്യാൻ പോകുന്നു.”

**കൃഷ്ണപ്രിയ എം.**
10 ഇ
ജി.എച്ച്.എസ്.എസ്. ഉളിക്കൽ
ഇരിക്കൂർ ഉപജില്ല, കണ്ണൂർ